■ സുരേഷ് വെള്ളിമംഗലം



**സൗകര്യങ്ങൾ കുറയ്ക്കാതെ, പ്രകൃതിയുടെ സന്തുലനാവസ്ഥയ്ക്ക് കോട്ടം തട്ടാതെ, അനാശ്യച്ചെലവുകൾ ഒഴിവാക്കി പാർപ്പിടമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള വഴി കാട്ടുകയാണ് ലേഖകൻ.**

# പ്രകൃതി സൗഹൃദ ഭവനങ്ങൾ; നമുക്കും നാടിനും

വീട് ഏതൊരു വ്യക്തിയുടെയും ജീവിതസ്വപ്നമാണ്; അടിസ്ഥാനാവശ്യങ്ങളിൽ ഒന്നും. മനുഷ്യന്റെ ആഗ്രഹങ്ങൾക്ക് ഒരു പരിധിയുമില്ല. എന്നാൽ, പരിധിയില്ലാത്ത ആഗ്രഹങ്ങളെ കടിഞ്ഞാണിട്ടു നിയന്ത്രിക്കുന്നിടത്താണ് നമ്മുടെ വിജയം തുടങ്ങുന്നത്. വീടുപണിക്കും ഈ ലോകസത്യം ബാധകമാണ്. ആവശ്യവും അത്യാവശ്യവും തിരിച്ചറിയാനുള്ള വിവേകം ഉദിക്കുന്നിടത്തുനിന്നുവേണം വീടുപണി തുടങ്ങാൻ. അതു സമയബന്ധിതമായി പൂർത്തിയാക്കുന്നതുവരെ ആ വിവേകം ഉണ്ടായിരിക്കുകയുംവേണം.

പ്രകൃതിയുടെ സുസ്ഥിരതയ്ക്കു പരിക്കേല്പിക്കാതെ നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റും വിധം എങ്ങനെ വീടു പണിയാം എന്നത് വീടുപണിയുന്ന ഓരോരുത്തരും ആലോചിക്കേണ്ട ഒന്നാണ്. ഇല്ലെങ്കിൽ വീടുപണിതുകഴിയുമ്പോൾ നാടു തകരുന്ന അവസ്ഥയാകും; നമ്മുടെ കാശും ആരോഗ്യവും നഷ്ടപ്പെടുകയും ചെയ്യും. മണലിന്റെ കാര്യം തന്നെയെടുക്കാം. ഇപ്പോൾ മണൽ ദുർലഭവസ്തുവാണ്. ഇപ്പോഴത്തെ ആവശ്യം നിറവേറ്റാൻ നദികളിൽ നിന്നും മറ്റും മൊത്തം മണലും ഊറ്റിയെടുക്കാം. പക്ഷേ അപ്പോൾ രണ്ടപകടങ്ങൾ പറ്റും. ഒന്ന്, മണലെടുപ്പ് നദിയെ അപകടപ്പെടുത്തും. ഓരോ പുഴയും ഒരോ ആവാസവ്യവസ്ഥയാണ്. അതിൽനിന്നും എടുക്കാവുന്ന മണലിന് ഒരു നിശ്ചിത അളവുണ്ട്. അതിൽക്കൂടുതലായാൽ ഇരുകരയും ഇടിയും. നദിയുടെ ആഴം കുറയും. ക്രമേണ നികന്ന് നദിതന്നെ ഇല്ലാതാകും. അമിതമായി മണലെടുത്താൽ മണൽ തീർന്ന് ഭാവി ആവശ്യത്തിന് ഒട്ടും കിട്ടാത്ത അവസ്ഥയും വരാം. അപ്പോൾ പിന്നെ എന്താണു വഴി? ഒന്നേയുള്ളു. ഉള്ള മണൽ വിവേകപൂർവം ഉപയോഗിക്കുക. ഒരു വീടുവയ്ക്കുന്നവർക്കും, ആഡംബരത്തിനല്ലാതെ ആവശ്യം കണക്കാക്കി വീടുവയ്ക്കുന്നവർക്കുമൊക്കെ മുൻഗണന നല്കുക. നാലുപേരുള്ള കുടുംബത്തിനായി നാലായിരം ചതുരശ്ര അടി വീട് തന്നെ അനാവശ്യമാണ്. അപ്പോൾപ്പിന്നെ പതിനായിരം ചതുരശ്ര അടിയുടെ കാര്യം പറയാനുണ്ടോ? അത്തരം ആഡംബരക്കാർക്ക് മണൽ നല്കി മറ്റുള്ളവരുടെ ആവശ്യത്തിനുപോലും ഇല്ലാത്ത സ്ഥിതിയിലെത്തിക്കാതിരിക്കുക. മണൽ കുറച്ചുപയോഗിക്കുന്ന നിർമാണരീതി ഉപയോഗിക്കുകയാണ് മറ്റൊരു വഴി. പൂശ് ഒഴിവാക്കിയുള്ള ഇഷ്ടികച്ചുമരുകൾ, നാല്പതു ശതമാനം കമ്പിയും സിമെന്റും ചെലവും ലാഭിക്കുമ്പോഴും ആവശ്യത്തിന് ഉറപ്പ് നല്കുന്ന ഓടു വച്ചുള്ള കോൺക്രീറ്റിങ്, ചുമരുകൾക്ക് ഇന്റർലോക്കിങ് ബ്രിക്കുകളും മൺകട്ടകളും (സിമെന്റ് ചേർത്ത് ഉറപ്പുകൂട്ടിയിട്ടുള്ള മഡ്ബ്ലോക്കുകളുപയോഗിച്ച് ഇപ്പോൾ വൻ ബഹുനിലക്കെട്ടിടങ്ങൾ വരെ നിർമിക്കുന്നുണ്ട്.) തുടങ്ങിയ മാർഗങ്ങൾ ഉപയോഗിച്ചാൽ മണലിന്റെ ഉപയോഗം കുറയ്ക്കാം. പാറപ്പൊടി അല്പം മണലും ചേർത്ത് നിർമാണം നടത്തുന്നതും ഇന്നു പ്രചാരത്തിലുള്ള രീതിയാണ്.

ഇപ്രകാരം, പ്രകൃതി വിഭവങ്ങളുടെ ഉപയോഗം പരമാവധി ലഘൂകരിച്ചും ചെലവ് ശാസ്ത്രീയമാക്കിയും എന്നാൽ ഭംഗിയും സൗന്ദര്യവും ഉറപ്പും നമ്മുടെ സൗകര്യങ്ങളും കുറയ്ക്കാതെയും മികച്ച വീടുകൾ വയ്ക്കുന്നതിന് നിരവധി മാതൃകകളും കേന്ദ്രങ്ങളും സംസ്ഥാനത്തു നിലവിലുണ്ട്. അത്തരം സുസ്ഥിരവീടുകൾ ഒരു സംസ്കാരമായി മാറേണ്ടിയിരിക്കുന്നു. അതു ചെയ്യുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

പാർപ്പിടനിർമാണം ഒരു കലയാണെന്ന് വീടുനിർമാണവിദഗ്ദ്ധർ പറയാറുണ്ട്. മൂന്നു സുപ്രധാന ഘടകങ്ങൾ യഥാർഥ ചേരുവയിൽ അതിനാവശ്യമാണ്- വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ, ഗുണമേന്മയുള്ള സാധനസാമഗ്രികൾ, വീടുനിർമിക്കാൻ എടുക്കുന്ന സമയം. ഗുണമേന്മയുള്ളതും ചെലവുകുറഞ്ഞതുമായ പ്ലാനാണ് ഏറ്റവും പ്രധാനം. കലയുടെയും ശാസ്ത്രത്തിന്റെയും ഒരു സങ്കലനമാണ് ആർക്കിടെക്ചർ. ഉപയോഗക്ഷമതയ്ക്കാണിവടെ മുൻതൂക്കം. അതുകൊണ്ടു പ്ലാനിങ് തന്നെ



പരമപ്രധാനം.

അലസമായിരുന്ന് ആകാശക്കാഴ്ചകൾ ആസ്വദിക്കാനും ദിവാസ്വപ്നങ്ങൾ കാണാനും, അതുമല്ലെങ്കിൽ കൊച്ചുവർത്തമാനം പറഞ്ഞിരിക്കാനുമൊക്കെയായി മട്ടുപ്പാവുകൾ നൽകുന്ന സൗകര്യങ്ങൾ പലതാണ്. പരമ്പരാഗത വീടുകളിൽ മുകളിലത്തെ കിളിവാതിലിലൂടെയായിരുന്നു കാഴ്ചകൾ കണ്ടിരുന്നത്. കാലം മാറിയപ്പോൾ കിളിവാതിലുകൾ പാടേ അപ്രത്യക്ഷമായി. പകരം ഇരിക്കാനുള്ള ഉയർന്ന പടികളും മരത്തിന്റെ കൈവരികളും ഉള്ള, പുറത്തേയ്ക്കു തള്ളിനിൽക്കുള്ള ബാൽക്കണികളായി ട്രെന്റ്. ഇത്തരം ബാൽക്കണികളും മട്ടുപ്പാവുകളും വീടിനു ഭംഗി കൂട്ടുമെങ്കിലും ചെലവ് കുതിച്ചുയരുന്നതിനു കാരണമാകും. ഇതു വീടുനിർമാണത്തിന്റെ ആസൂത്രണത്തെത്തന്നെ ബാധിക്കും.

വീടിന്റെ രൂപകൽപനയനുസരിച്ച് ആർക്കിടെക്റ്റുമായി ഒരു തുറന്ന സംസാരം ഉണ്ടാകുക പ്രധാനമാണ്. ആകാശംമുട്ടേയുള്ള സ്വപ്നങ്ങൾ എല്ലാം നടപ്പാക്കിയാൽ ചെലവ് വാനോളമുയരും. അത് നമ്മുടെ കൈപ്പിടിയിലൊതുങ്ങാതാകും. ഫണ്ട് മുൻകൂട്ടിക്കണ്ടുകൊണ്ട് സങ്കൽപങ്ങളെ യാഥാർഥ്യമാക്കാനാണ് ശ്രമിക്കേണ്ടത്. വീടുപണി തുടങ്ങിക്കഴിഞ്ഞാൽ പ്ലാൻ മാറ്റാൻ ശ്രമിക്കുകയുമരുത്.

വീടിന്റെ വലുപ്പമാണ് ഒരു പ്രധാന സംഗതി. തറവിസ്തീർണം കൂടുന്നതനുസരിച്ച് ചെലവുകൂടും. ഒരു ചെറിയകുടുംബത്തിനുള്ള വീടിനു താഴത്തെനിലയും മുകളിലത്തെ നിലയും ഏകദേശം 750 അടിയായിരിക്കുന്നതാണ് നല്ലത്. തറവിസ്തീർണം കുറയ്ക്കുകവഴി മൊത്തം ചെലവ് കുറയ്ക്കാൻ സാധിക്കും.

ലോകപ്രശസ്ത വാസ്തുശിൽപി ലാറിബേക്കർ വീടിനെക്കുറിച്ച് ചോദിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: 'ആവശ്യവും അനാവശ്യവും തമ്മിലുള്ള തിരിച്ചറിവിൽനിന്നാണ് ചെലവു കുറയുന്നത്. അടിത്തറ തൊട്ട് ചുവരുകൾ, വാതിലുകൾ, ജനാലകൾ, മേൽക്കൂര, അവസാന മിനുക്കുപണി വരെയുള്ള ജോലികളിൽ അസംസ്കൃത വസ്തുക്കളും മനുഷ്യാധ്വാനവും ലാഭിക്കാൻ നിരവധി മാർഗങ്ങളുണ്ട്. പരമ്പരാഗതമായി ഉപയോഗിച്ചുവന്ന കല്ലും ചെങ്കല്ലും മണ്ണും ഇഷ്ടികയും തടിയും തന്നെയാണ് ഇന്നും കെട്ടിടനിർമാണ വസ്തുക്കൾ. അവിടെ സിമന്റ് ഇപ്പോൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ഒപ്പം സ്റ്റീലും ആസ്ബറ്റോസും അലുമിനിയവും ഗ്ലാസും പ്ലാസ്റ്റിക്കും ഒക്കെയുണ്ട്. പണ്ട് ഇവയൊന്നും ഉപയോഗിച്ചിരുന്നില്ല. ഇടയ്ക്കുകയറി വന്ന ഇവയെക്കൂടാതെ പണിതാൽ ആ വീടുകൾ മോശമാണെന്നും ഉറപ്പില്ലാത്തതാണെന്നും ഭാഷ്യം ചമയ്ക്കുന്നു'. ഇന്റർലോക്കിങ് ബ്രിക്കുകൾ ചെലവും മണലിന്റെ ഉപയോഗവും കുറയ്ക്കും. പക്ഷേ ഇതു പല കോൺട്രാക്ടർമാരും മേസ്തിരിമാരും ശുപാർശചെയ്യാറില്ല, കാരണം അവർക്കു പണി കുറയുമെന്നതുതന്നെ. ഇത്തരം സ്ഥാപിതതാത്പര്യക്കാരുടെ ഉപദേശം വീടുപണിയിൽ തേടുമ്പോൾ സൂക്ഷിക്കുക.

ഇതുതന്നെയാണ് ഇന്നത്തെ കേരളത്തിന്റെ ദുര്യോഗവും. നാം പരസ്യഭാഷ്യങ്ങളിൽ

# ലാറിബേക്കർ



**ഒരു** കെട്ടിടം പണി ഏറ്റെടുത്താൽ വെറുമൊരു ആർക്കിടെക്റ്റായി മാറിനിൽക്കുക എന്നതായിരുന്നില്ല ഇയിടെ അന്തരിച്ച ലാറി ബേക്കറിന്റെ രീതി. കെട്ടുകാരനായും ചുമട്ടുകാരനായും തേപ്പുകാനായും കമ്പികെട്ടുകാരനായും ചാന്തുകൂട്ടുകാരനായും മണ്ണുവെട്ടുകാരനായും ഈ ലോകപ്രശസ്ത വാസ്തുശിൽപി അധ്വാനിക്കുന്നതു മലയാളികൾ ഒരിക്കലും മറക്കില്ല. തിരുവനന്തപുരത്തെ സിഡിഎസ് സമുച്ചയം, കേരള ലൈവ് സ്റ്റോക് ഡവലപ്മെന്റ് ബോർഡ് കെട്ടിടം, സംസ്ഥാന ഫോറസ്ട്രി ബിൽഡിങ്, ലഖ്നൗവിലെ സൈക്യാട്രി സെന്റർ, കോയമ്പത്തൂരിനടുത്തുള്ള സലിം അലി സെന്റർ, കൊല്ലം, ആലപ്പുഴ ജില്ലാ പഞ്ചായത്ത് മന്ദിരങ്ങൾ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആലപ്പുഴയിലെ കോംപ്ലക്സ് തുടങ്ങിയവ ബേക്കർ പ്രതിഭയുടെ ഉദാത്ത മാതൃകകളാണ്. ബേക്കറിന്റെ ഔന്നത്യം വിളിച്ചോതുന്ന ആയിരക്കണക്കായ വീടുകൾ കേരളത്തിലുണ്ട്.



തമ്പാനൂർ കോഫീ ഹൗസിന്റെ ഉൾവശം : ഒരു ദൃശ്യം

ആശുപത്രികൾ, അനാഥാലയങ്ങൾ, സ്കൂളുകൾ, കോളേജുകൾ, അംഗൻവാടികൾ, കുട്ടികളുടെ ഗ്രാമം, ആശ്രമങ്ങൾ, ദേവാലയങ്ങൾ, ആദിവാസി വീടുകൾ, മത്സ്യത്തൊഴിലാളി ഭവനങ്ങൾ, ഫാക്ടറികൾ മുതലായവ അതിൽപ്പെടുന്നു.

ലാറി ബേക്കറിന്റെ മഹത്വം വിളിച്ചോതുന്ന നിരവധി കെട്ടിടങ്ങളിലൊന്നാണ് തിരുവനന്തപുരത്തെ തമ്പാനൂരുള്ള ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം. മൂന്നുനില ഉയരവും ധാരാളം ഇരിപ്പിടവുമുള്ള ഈ കെട്ടിടത്തിന് ഒറ്റ ഗോവണിപോലുമില്ലെന്നതാണ് ഏറ്റവും ആകർഷകമായ പ്രത്യേകത. സിമന്റ് തേയ്ക്കാതെ, ഇഷ്ടിക വാർണീഷ് ചെയ്യാതെ, സൺഷേഡോ ജനാലകളോ ഇല്ലാതെ നിർമിച്ചിരിക്കുന്ന ഈ കെട്ടിടം നമ്മുടെ ആർകിടെക്റ്റുമാരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. ഇതിനുള്ളിലിരുന്നാൽ സുഖശീതളമായ കാറ്റ് നമ്മെ തൊട്ടുതലോടി കടന്നുപോകും. ഫാനിന്റെ ആവശ്യമേയില്ല. ജാളികൾക്കിടയിലൂടെ പുറംലോകം കാണാമെന്ന പ്രത്യേകതയുമുണ്ട്.

ലാറി ബേക്കറിന്റെ പ്രവർത്തനങ്ങൾ മരണശേഷം ഏറ്റെടുത്തു മുന്നോട്ടുകൊണ്ടു പോകുന്നത് അദ്ദേഹം സ്ഥാപിച്ച കോസ്റ്റ്ഫോർഡ് എന്ന സ്ഥാപനമാണ്. പ്രകൃതിസൗഹൃദഭവനങ്ങൾ സംബന്ധിച്ച ഉപദേശവും പ്ലാൻതയാറാക്കലും നിർമാണവുമൊക്കെ അവർ ഏറ്റെടുക്കുന്നുണ്ട്.

കോസ്റ്റ്ഫോർഡ് ഫോൺ നമ്പർ: 94465 40230, 0471-2530031.

വീണുപോയിരിക്കുന്നു. വീട് എങ്ങിനെവേണമെന്ന് ആർക്കിടെക്റ്റും എഞ്ചിനിയറും കോൺട്രാക്ടറും തീരുമാനിക്കുന്നു. മൊത്തം നിർമാണച്ചെലവിന്റെ നിശ്ചിതശതമാനം കൊടുക്കാനും തയ്യാർ.

ചെയ്തുതീർക്കാൻ കഴിയുന്ന ന്യായമായ കാര്യങ്ങൾ മാത്രം പ്ലാനിൽ ഉൾപ്പെടുത്തുക. പൊങ്ങച്ചവും അമിതവ്യയവും ഉൾക്കൊള്ളുന്ന ജോലികൾ ഏറ്റെടുക്കാതെ നിരുത്സാഹപ്പെടുത്തുകയുംവേണം. നിർമാണം ആരംഭിക്കുന്നതിനുമുമ്പ് സ്ഥലത്തെ വെള്ളം, മണ്ണ്, പ്രകൃതിജന്യവും മനുഷ്യനിർമിതവുമായ സവിശേഷതകൾ, കാലാവസ്ഥ, അന്തരീക്ഷം എല്ലാം പഠിച്ചിരിക്കണം. ജോലിസ്ഥലത്ത് വെള്ളം, ഡ്രെയിനേജ്, ഗതാഗത സൗകര്യം, ടെലിഫോൺ, ഇന്ധനം തുടങ്ങിയ അനുകൂല ഘടകങ്ങൾ ലഭ്യമാണോയെന്ന് പരിശോധിക്കുക. ഇല്ലെങ്കിൽ അവ ഉറപ്പുവരുത്തുക.

നിർമാണത്തിനാവശ്യമായ പ്രാദേശിക വസ്തുക്കളുടെ ലഭ്യത, ഗുണമേന്മ, വില, സാങ്കേതികത, പണിയറിയുന്ന തൊഴിലാളികൾ എന്നീ കാര്യത്തേക്കുറിച്ച് മുൻകൂട്ടിയുള്ള ധാരണയുണ്ടാകണം.

നിർമാണത്തിന്റെ എല്ലാ ഘട്ടത്തിലും വൈദ്യുതിയുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുക. ഡിസൈനിലും അസംസ്കൃത സാധനങ്ങളുടെ ഉപയോഗത്തിലും വിലയിലും നിർമാണത്തിലും സത്യസന്ധതയും വിശ്വാസ്യതയും പുലർത്തണം . ദൃഢമായ നിഗമനങ്ങളിൽ വിശ്വസിക്കുക. അതിലുറച്ചു നിൽക്കുക, അതേസമയം മറ്റുള്ളവരുടെ അഭിപ്രായം മാനിക്കുകയും വേണം. പറയുന്നതുതന്നെ പ്രവർത്തിക്കാനുള്ള ആർജവം കാണിക്കണം. എല്ലാത്തിനുമുപരിയായി സാമാന്യബുദ്ധി ഉപയോഗിച്ചാലേ മുടക്കുമുതൽ വീടിനുവേണ്ടി കൃത്യമായി ഉപയുക്തമാകുകയുള്ളൂ.

ഓരോ കെട്ടിടവും അതുല്യമായിരിക്കണം. രണ്ട് അംഗങ്ങൾ മാത്രമുള്ളവർക്കുവേണ്ടി പണിയുമ്പോഴും കൂടുതൽ അംഗങ്ങളുള്ളവർക്കുവേണ്ടി പണിയുമ്പോഴും വീട് ഒരുപോലെയായിരിക്കാൻ പാടില്ല. അണുകുടുംബാവസ്ഥയിലേയ്ക്ക് നമ്മുടെ സമൂഹം മാറിയെങ്കിലും തന്റെ കഴിവിനും സമ്പത്തിനും ഭാവനയ്ക്കുമൊത്ത് കൂറ്റൻ ബംഗ്ലാവുകളാണ് അനുദിനമുയരുന്നത്. ഇതു പ്രകൃതിയെ തകർക്കുകമാത്രമല്ല കടത്തിന്റെ പരമകോടിയിലേയ്ക്ക് ആളുകളെ എത്തിക്കുകയുംചെയ്യുന്നു.

പ്രകൃതിദത്തവായു കടന്നുവരാൻ സൗകര്യമുള്ള തരത്തിൽവേണം ജനാലകളും മറ്റും സംവിധാനം ചെയ്യാൻ. തുറസ്സായ സ്ഥലം കൂടുതൽ ലഭ്യമാകത്തക്കവണ്ണം വേണം മുറികളുടെ വാതിലുകൾ സംവിധാനംചെയ്യാൻ. നാട്ടിൽ സുലഭവും വിലയിൽ കുറവുള്ളതുമായ നിർമാണവസ്തുക്കൾ കഴിയുന്നതും ഉപയോഗിക്കണം. ഭാവിയിൽ അറ്റകുറ്റപ്പണികൾ പരമാവധി കുറയ്ക്കുന്ന തരത്തിൽവേണം കെട്ടിടം രൂപകൽപന ചെയ്യാനും പണിയാനും.

പാർപ്പിടം എന്ന സ്വപ്നം യാഥാർഥ്യമാക്കുന്നവർ പ്രകൃതിനിയമങ്ങളെയും പ്രകൃതിശക്തികളെയും അനുസരിച്ചുതന്നെ നീങ്ങണം. കുളവും കിണറും കാവുകളും തൊടികളും വെളിമ്പ്രദേശങ്ങളും വെട്ടിനിരപ്പാക്കി കോൺക്രീറ്റ് വനങ്ങളാക്കി പാർപ്പിടമാക്കാൻ ശ്രമിക്കുന്നവർ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടംമറിക്കുകയാണ്. അവർക്ക് ശിൽപഭംഗിയുള്ള മനോഹരമായ വീട് മരീചികയായിരിക്കും ■

## നിർമ്മിതി കേന്ദ്രം

അനാവശ്യച്ചെലവുകൾ ഒഴിവാക്കിയുള്ള സുസ്ഥിരവീടുകൾക്ക് സാങ്കേതിക സഹായവും നിർമ്മാണ നിർവ്വഹണവും നടത്തുന്ന സർക്കാർ ഏജൻസിയാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 15 റീജയണൽ സെന്ററുകൾ കേരളത്തിലുണ്ട്. കൂടാതെ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുമുണ്ട്.

ബന്ധപ്പെടാവുന്ന നമ്പർ : 0471-2360559, 2360208.
www.nirmithi.kerala.gov.in

# മൺവീടുകൾ

കേരളത്തിന്റെ ഗൃഹനിർമാണത്തിന്റെ പ്രതീകമായിരുന്നു മണ്ണുകൊണ്ടുള്ള വീടുകൾ. എല്ലാ രാജ്യത്തും മൺവീടുകളുണ്ട്. ചൈനയിൽ 1000 വർഷം പഴക്കമുള്ള മൺവീടുകൾ കാണാം. തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തങ്ങളിൽ ഇന്നും മൺകട്ടകൊണ്ട് നിർമിച്ച് ഓലമേഞ്ഞ നിരവധി വീടുകളുണ്ട്. തിരുവനന്തപുരത്തിലെ അഗ്രഹാരങ്ങളിൽ ഒട്ടുമിക്കതും നിർമിച്ചിട്ടുള്ളത് മൺകട്ടകൾ കൊണ്ടാണ്. തിരുവനന്തപുരത്തുതന്നെ 16,000 ചതുരശ്രഅടിയിൽ മൺകട്ട കൊണ്ടുനിർമിച്ച സ്റ്റുഡിയോ ഉണ്ട്. പുതിയ കാലത്ത് ആശ്രയിക്കവുന്ന സുരക്ഷിതമായ നിർമാണവിദ്യ മൺവീടുകൾക്കുണ്ടെന്ന് പ്രമുഖ ഗൃഹനിർമാണ വിദഗ്ദ്ധനായ യൂജിൻ പണ്ടാല അഭിപ്രായപ്പെടുന്നു. പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായവയാണ് ഇത്തരത്തിൽ നിർമിക്കുന്ന വീടുകൾ. മണ്ണിന്റെ രണ്ടു പ്രശ്നങ്ങൾ ചിതൽ പിടിക്കുന്നതും നനവുതട്ടിയാൽ കുതിർന്നുപോകുന്നതുമാണ്. ഇവ രണ്ടും ഒഴിവാക്കാൻ ഇന്നു മാർഗങ്ങളുണ്ട്-ആർക്കിടെക്റ്റ് ശങ്കറും കോസ്റ്റ്ഫോർഡ് സാജനും പറയുന്നു. മണലിന് ഏറ്റവും ദൗർലഭ്യം അനുഭവപ്പെടുന്ന ഇക്കാലത്ത് നമുക്ക് നല്ല ഉറപ്പോടുകൂടി ആശ്രയിക്കാവുന്നതാണ് മൺകട്ടകൊണ്ടുള്ള നിർമാണം. രണ്ടുനിലയുള്ള വീടുകൾ ഒരു സംശയവുംകൂടാതെ മൺകട്ടകൊണ്ട് പണിയാം. ഭിത്തിതേയ്ക്കാൻ മാത്രമേ മണലിന്റെ ആവശ്യം വരുന്നുള്ളൂ.



നിർമ്മാണത്തിലിരിക്കുന്ന ഒരു മൺവീട്

മണ്ണുകുഴച്ച് കട്ടയുണ്ടാക്കുന്നതിനെ കോബ് ടെക്നോളജിയെന്നാണ് പറയുന്നത്. ഇന്ന് കോബ് ടെക്നോളജിയിൽ ചില മാറ്റങ്ങൾ വന്നുകഴിഞ്ഞു. 20 ശതമാനം ചെളിയുള്ള മണ്ണിൽ 5 ശതമാനം സിമന്റുകൂടി ചേർത്ത് കട്ട നിർമിക്കുന്നതാണത്. കൂടുതൽ ഉറപ്പുകിട്ടുന്നതിനുവേണ്ടിയാണ് സിമന്റുചേർക്കുന്നത്. കംപ്രെസ്ഡ് മഡ് ബ്ലോക്ക്, ഇന്റർലോക്കിങ് മഡ് ബ്ലോക്ക് എന്നിവയും ഈ ചേരുവയിലാണ് ഇപ്പോൾ നിർമിക്കുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ കട്ട ഉണ്ടാക്കുന്നതിന് ബാംഗ്ലൂർ ഐഐടി പുതിയ മെഷീൻ കണ്ടുപിടിച്ചിട്ടുണ്ട്. വെട്ടുകല്ല് വെട്ടിയെടുക്കുന്നത് പരിസ്ഥിതിപ്രശ്നത്തിനു കാരണമാകുന്നതിനാൽ കൂടുതൽ ഫലപ്രദം മൺകട്ടകൊണ്ടുള്ള നിർമാണം തന്നെയാണ്. സിമന്റിന്റെയും മറ്റും ഉപയോഗവും കുറയ്ക്കാനാകും.

■ **ജി. ശങ്കർ**

# കാറ്റും വെളിച്ചവും കുറച്ച് ആരോഗ്യചിന്തകളും

**പണവും വിഭവങ്ങളും ഏറെ ചെലവാക്കി നിർമിച്ച വീടാവണമെന്നില്ല ഏറ്റവും സംതൃപ്തി തരുന്ന വീട്.**

കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ചുള്ള ഭീതിജനകമായ വാർത്തകൾകൊണ്ട് എല്ലാ മാധ്യമങ്ങളും നിറഞ്ഞിരിക്കുന്നു. ഇതെഴുതുന്ന നേരത്ത്, ആശങ്കാകുലരായ ലോകരാഷ്ട്രങ്ങളുടെ സമ്മേളനം കോപ്പൻഹേഗനിൽ പരാജയപ്പെട്ടു എന്ന റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

പണ്ട് പുരാണങ്ങളിൽ പറയുന്നത് പോലെ, ഇത് കലികാലമാണെന്ന് തോന്നുന്നു.

വടക്ക് മഞ്ഞുപാളികൾ ഉരുകിത്തുടങ്ങിയത്രേ! മലയാളികൾക്കും ഉറക്കം കെടുക്കേണ്ട കാര്യമാണിത്. മഞ്ഞുരുകമ്പോൾ സമുദ്രവിതാനം ഉയരും. ഓരോ വർഷവും കഴിയുമ്പോൾ നമ്മുടെ തീരദേശ നഗരങ്ങൾ പതുക്കെപ്പതുക്കെ മുങ്ങിത്തുടങ്ങും. ഒന്നു രണ്ടു നൂറ്റാണ്ടുകൾ കഴിയുമ്പോൾ കൊച്ചിയും ആലപ്പുഴയുമൊക്കെ സ്മൃതിപഥങ്ങളിലൊടുങ്ങും.

നമ്മുടെ കഷ്ടകാലം തുടങ്ങുന്നതേയുള്ളൂ!

കാലാവസ്ഥാവ്യതിയാനങ്ങൾ നാം പ്രത്യക്ഷത്തിൽ അനുഭവിക്കുന്നതും തിരിച്ചറിയുന്നതും വാസഗൃഹങ്ങളുടെ ഉൾത്തളങ്ങളിലാണ്. ജീവിതത്തെ ദുസ്സഹമാക്കും വിധം ഉഷ്ണം ക്രമേണ വർധിച്ചുവരുന്നു. കോൺക്രീറ്റ് കൂരകൾക്ക് താഴെ ഉരുകിയൊലിച്ചു കഴിയുമ്പോൾ, നാടൻ കെട്ടിടങ്ങളിൽ അനുഭവിച്ചിരുന്ന സുഖം ഗൃഹാതുരത്വം ചുരത്തുന്നു.

ഇന്ന് നമുക്ക് വേണ്ടത്, കാറ്റും വെളിച്ചവും ഇഷ്ടം പോലെ കിട്ടുന്ന, തണുപ്പുള്ള വീടുകളാണ്.

ഗൃഹനിർമാണവിദ്യയുടെ അടിസ്ഥാന നിർവചനം തന്നെ 'ഇടം' അല്ലെങ്കിൽ സ്ഥലവുമായി ബന്ധപ്പെട്ടതാണ്. ഇടം എന്ന ചുരുങ്ങിയ പരിസരം മനുഷ്യന്റെ സുഖവാസവുമായി പൊരുത്തപ്പെടുത്തിയെടുക്കാം എന്നതാണ് ശില്പിയുടെ ചിന്ത. വായുസഞ്ചാരവും വെളിച്ചവും മാത്രമല്ല അന്തരീക്ഷത്തിലെ ഈർപ്പവും ഭൂമിയുടെ കിടപ്പുമൊക്കെ രൂപകൽപ്പനയുടെ നിർണായക ഘട്ടങ്ങളാകുന്നു. സൂര്യന്റെ ഗതി, കാറ്റിന്റെ ദിശ തുടങ്ങിയവയെല്ലാം ഗൃഹനിർമാണത്തിന് മുൻപ് പരിശോധിക്കപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്. കേരളത്തിന് ഊറ്റംകൊള്ളുവാൻ ഒട്ടനവധി കാര്യങ്ങളുണ്ട്. നമ്മുടെ ഊർജസ്വലനായ സൂര്യനും സുഗന്ധവാഹിയായ കാറ്റും മിതശീതോഷ്ണ കാലാവസ്ഥയും ആരോഗ്യത്തെ നിലനിർത്തുന്ന ജീവനമന്ത്രങ്ങളാണല്ലോ. മറ്റു രാജ്യങ്ങളിൽ ചന്ദ്രനെപ്പോലെ തണ്ണെയിരിക്കുന്ന തണുത്ത സൂര്യനും വിറങ്ങലിക്കുന്ന അന്തരീക്ഷവും നാം കാണുന്നതേയില്ലല്ലോ.

വീടിന്റെ ഉറപ്പും ബലവും നിലനിർത്തുവാൻ മുൻകരുതലുകൾ എടുക്കുന്നത് പോലെ തന്നെ പ്രാധാന്യമുള്ളതാണ് ആ വീട്ടിൽ താമസിക്കുന്നവരുടെ ആരോഗ്യപരിരക്ഷ. പലപ്പോഴും രൂപകല്പനയിൽ വരുത്തുന്ന പിഴവുകൾ വീട്ടുകാരെ രോഗാവസ്ഥയിലെത്തിക്കുന്നു എന്നത് സത്യമാണ്. നമ്മുടെ ചുറ്റും അനവധി ഉദാഹരണങ്ങൾ ചിതറിക്കിടക്കന്നു. അതുകൊണ്ട് തന്നെ വീട്ടുകാരുടെ ആരോഗ്യം നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ വാസ്തുവിദ്യയെ ക്രമപ്പെടുത്തേണ്ടതുണ്ട്.



കാക്കയെപ്പോലെ, തക്കം പാർക്കുന്ന, കൗശലക്കാരനാണ് കാറ്റ്. ഇറങ്ങിപ്പോകാനുള്ള വഴി ഉറപ്പാക്കിയിട്ട് മാത്രമേ കാക്ക വീട്ടിനകത്തേക്ക് പ്രവേശിക്കാറുള്ളൂ. അതേപോലെ ഗമന-നിർഗമന മാർഗങ്ങൾ തുറന്നു കൊടുത്തില്ലെങ്കിൽ കാറ്റും നമ്മുടെ വീടുകളിൽ കയറുകയില്ല. വാസമുറികളുടെ രണ്ട് ഭിത്തിയെങ്കിലും പുറംചുമരുകളായാൽ സംഗതി എളുപ്പമായി. അവിടെ ജനാലകൾ പിടിപ്പിക്കുകയാണെങ്കിൽ യഥേഷ്ടം വായുസഞ്ചാരം നടക്കും. ജനാലകളുടെ ഉയരത്തിലും വാതിലുകളുടെ വിന്യാസത്തിലും ശ്രദ്ധ പതിയേണ്ടതാണ്. സാധാരണ അവഗണിക്കപ്പെടുന്ന രണ്ട് മുറികളാണ് അടുക്കളയും ശൗചമുറികളും. ഇവിടെ കാറ്റ് കയറില്ലെങ്കിൽ വളരെ അനാരോഗ്യകരമായ പരിസരം ബാക്കി നിൽക്കും. അത് ക്രമേണ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കും എന്ന് എത്ര അനുഭവങ്ങൾ! ടോയ്‌ലറ്റുകളിൽ തുറക്കുവാനാവാത്ത വെന്റിലേറ്ററുകൾ സ്ഥാപിക്കുന്നത് ചിരപരിചിതമായ കാഴ്ചയാണ്. അതിനുപകരം തുറക്കുവാനൊക്കുന്ന ചെറിയ ജനാലകളും എക്സ് സോസ്റ്റ് ഫാൻ മുതലായ സംവിധാനങ്ങളും അത്യാന്തപേക്ഷിതമാണ്. തറ ഉണങ്ങണമെങ്കിൽ കാറ്റ് യഥേഷ്ടം അകത്ത് കയറിയേ തീരൂ.

നനവുള്ള ഭൂമിയിൽ വീട് വയ്ക്കരുതെന്നും, കാറ്റിന്റെ ദിശയനുസരിച്ച് മുറികളിൽ വിന്യാസമൊരുക്കണമെന്നും പഴയ കെട്ടിടനിർമാണശാസ്ത്രം നിഷ്കർഷിച്ചിരുന്നു. അകത്തളങ്ങളിലുള്ള ഈർപ്പം കാലക്രമേണ ശ്വാസകോശജന്യമായ രോഗങ്ങൾ വളർത്തുവാൻ ഇടയാക്കും. പക്ഷേ പല കാരണങ്ങളാലും നനവുള്ള ഭൂമി നമുക്ക് ഒഴിവാക്കുവാനാവുന്നില്ല. അത്തരം ഭൂമിയിൽ കെട്ടിടം ഉയർത്തിതന്നെ പണിയണം. കേരളത്തിൽ കാറ്റ് വരുന്ന വഴി പ്രധാനമായും കടലിന്റെ ഭാഗത്ത് നിന്നാണ്. അതായത് പടിഞ്ഞാറൻ കാറ്റിനാണ് പ്രാമുഖ്യം.

വീടിന്റെ പടിഞ്ഞാറ് ഭാഗത്ത് അടുക്കള വരുമ്പോൾ പുകയും പാകം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗന്ധവും മറ്റു മുറികളിലേക്ക് അടിച്ചുകയറുവാൻ സാധ്യതയേറും. പ്രഭാതസൂര്യനിൽ നിന്നാണ് ആരോഗ്യദായകവും അണുനാശിനിയുമായ ഇൻഫ്രാറെഡ് രശ്മികൾ വരുന്നത്. കിഴക്കുള്ള പാതകത്തിൽ ഈ രശ്മികൾ പതിക്കുമ്പോൾ അടുക്കളയുടെ അന്തരീക്ഷം തന്നെ വൃത്തിയാകുന്നു.

ചൂടിനെയും തണുപ്പിനെയും ഒരേപോലെ പ്രതിരോധിക്കുന്ന നിർമാണ വസ്തുക്കൾക്ക് പ്രാധാന്യം നൽകി ഒരു പരിധിവരെ കാലാവസ്ഥയെ നമുക്ക് വരുതിയിലാക്കാം. ഓടും അതിനിടയിലുള്ള നിരപ്പലകകൾ കൊണ്ടുള്ള തട്ടും ഫലപ്രദമായി ചൂടിനെ, പണ്ട് കാലത്ത് നിയന്ത്രിച്ചിരുന്നു. മേൽക്കൂരയുടെ ഇറക്കവും ചരിവുമൊക്കെ ഒരു പരിധി വരെ ഇതിന് സഹായകരമായിരിക്കുന്നു. സൂര്യപ്രകാശം നേരിട്ട് ചുവരിൽ പതിക്കാതിരിക്കുവാൻ ഈ സംവിധാനം ഉപകരിച്ചിരുന്നു. നടുമുറ്റവും തടി പ്രധാനമായും ഉപയോഗിച്ചുകൊണ്ടുള്ള നിർമാണരീതികളും ചൂടിനെ തടുത്തു നിർത്തിയിരുന്നു. ഇന്ന് നാം വ്യാപകമായി ഉപയോഗിക്കുന്ന ഗ്ലാസും കമ്പിയും സിമന്റുമെല്ലാം ചൂടിനെ കടത്തിവിടുന്ന നിർമാണ വസ്തുക്കളാണ്. വിലയുടെ ആനുകൂല്യം കാരണം ഇവയെ ഒഴിവാക്കാനാവുന്നില്ല. കമ്പിയുടെ അളവ് കുറച്ചും, ഓടുവച്ച് വാർത്തും മറ്റും ചെലവ് കുറഞ്ഞതും അതേസമയം ഉറപ്പുള്ളതുമായ സാങ്കേതികവിദ്യകൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. എലിക്കെണിക്കെട്ട് പോലെയുള്ള നിർമാണ വിദ്യകൾക്ക് പ്രകടമായ പ്രതിരോധശേഷിയുണ്ടെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

കാറ്റു നന്നായി കടക്കുന്ന രീതിയിലാവണം കിടപ്പുമുറികൾ നിർമിക്കേണ്ടത്. തറയ്ക്ക് തിരഞ്ഞെടുക്കേണ്ടത് തറയോടുകൾ തന്നെയാകണം. സാധാരണ ഉപയോഗിക്കപ്പെടുന്ന ഗ്രാനൈറ്റും മാർബിളും ഗുരുതരമായ ശാരീരികഅവശതകൾ ഉണ്ടാക്കുമെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നുണ്ട്. സർവോപരി ചുറ്റും ചെടികളും മരങ്ങളും ധാരാളമുണ്ടാകുമ്പോൾ അവയുടെ തണലിൽ പ്രകൃതിയോടു സല്ലപിച്ച് കഴിയാം. ഏപ്പോഴും നവോൻമേഷത്തോടെ, പ്രസരിപ്പോടെ കഴിയാൻ അതു വഴിയൊരുക്കും.

ഈ കുറിപ്പ് അപൂർണമായി അവസാനിപ്പിക്കുമ്പോൾ എടുത്തെഴുതേണ്ട ഒരു കാര്യമുണ്ട്.

പണ്ടാരോ പറഞ്ഞത് പോലെ ആരോഗ്യമുള്ള ഒരു വീടിന്റെ പരിസരത്ത് മാത്രമേ ഉദാത്തമായ ചിന്തകൾ പോലും ഉണ്ടാവുകയുള്ളൂ എന്ന് ■

പി. ബി. സാജൻ

# നാം നിർമ്മിക്കുന്ന പരിസരം

**വീടും ചുറ്റുപാടും തമ്മിലുള്ള ബന്ധം ഏതുതരമായിരിക്കണം? അപ്രകാരമാണോ നിങ്ങളുടെ വീട്? ഒന്നു പരിശോധിക്കൂ.**



സ്വാഭാവിക പ്രകൃതിയെ നമ്മുടെ സൗകര്യങ്ങൾക്കായി രൂപാന്തരപ്പെടുത്തി നാം സൃഷ്ടിക്കുന്ന ഒരു പരിസരമുണ്ട്. അതാണ് നിർമിത ചുറ്റുപാടുകൾ. വലിയ നഗരങ്ങൾ മുതൽ ചെറിയ വീടുകൾ വരെ അതിന്റെ ഭാഗമാണ്. പാതകളും കെട്ടിടങ്ങളും കളിസ്ഥലങ്ങളും തെരുവുകളും പാർക്കുകളും പാർക്കിങ് സ്ഥലങ്ങളും കൃഷിയിടങ്ങളുമെല്ലാം അതിൽപ്പെടും.

വീടിനുള്ളിലും പുറത്തുമുള്ള ഈ ഭൗതികാന്തരീക്ഷവും സാമൂഹികാന്തരീക്ഷവുമാണ് നമ്മുടെ ആരോഗ്യത്തെയും ജീവിതസംതൃപ്തിയെയും ബാധിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് എന്നുള്ളത് ഇന്ന് കൂടുതൽ വ്യക്തമായി വരികയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് ശാരീരികവും മാനസികവും സാമൂഹികവുമായ ഘടകങ്ങൾപോലെ പ്രധാനപ്പെട്ട ഒന്നായി പാരിസ്ഥിതിക ഘടകങ്ങളെയും ഇന്നു പരിഗണിക്കുന്നുണ്ട്.

എർഗോണോമിക്സ് എന്നൊരു പദം ഇന്ന കെട്ടിടനിർമാണവ്യവസ്ഥയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. ജോലിസ്ഥലവും ഉപകരണങ്ങളും ജോലിയും എങ്ങനെ തൊഴിലാളിയുടെ ശാരീരിക പ്രയാസങ്ങളും രോഗങ്ങളും ഒഴിവാക്കാൻ കഴിയും വിധം ഡിസൈൻ ചെയ്യാം എന്നതാണ് ഈ പദം കൊണ്ട് വിവക്ഷിക്കുന്നത്. ഉദാഹരണത്തിന് കംപ്യൂട്ടർ മേശയും കസേരയും ശരിയായി ഡിസൈൻ ചെയ്തില്ലെങ്കിൽ നടുവേദന മുതൽ കാഴ്ചത്തകരാർ വരെ വരാം. അതൊഴിവാക്കാൻ എർഗോണോമിക്സ് ഡിസൈൻ വേണ്ടിവരും. ഇതു നിങ്ങളുടെ വീടിനും ബാധകമാണ്. പല കെട്ടിടങ്ങൾക്കും ഇന്ന് ലിഫ്റ്റ് പ്രധാന ആകർഷണമായും ഗോവണി ശ്രദ്ധയാകർഷിക്കാത്തതരത്തിലും രൂപകല്പന ചെയ്തിരിക്കും. ഇതുവഴി വ്യായാമത്തിനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തുന്നതോടൊപ്പം ഊർജവും നഷ്ടപ്പെടുത്തുകയാണ് നാം ചെയ്യുന്നത്. വ്യായാമരഹിതമായ ജീവിതശൈലിക്കും ദോഷകരമായ അന്തരീക്ഷത്തിനും വഴിയൊരുക്കുന്ന നിർമിതാന്തരീക്ഷവും കെട്ടിടങ്ങളും അതുകൊണ്ടുതന്നെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഉയർത്തുന്നത്. വികസിത

രാജ്യങ്ങളിൽ ഒരു വ്യക്തി ശരാശരി ജീവിതത്തിന്റെ 85 ശതമാനവും ഏതെങ്കിലും കെട്ടിടത്തിനുള്ളിലോ അടച്ചുമൂടിയ വാഹനങ്ങൾക്കുള്ളിലോ ആണ് ചെലവഴിക്കുന്നതെന്നാണ് വിലയിരുത്തുന്നത്. എന്നാൽ നമ്മുടെ ഭൂരിപക്ഷം ഓഫീസുകളും സ്കൂളുകളും വീടുകളുമൊക്കെ ഈ സാഹചര്യങ്ങളെ കണക്കിലെടുത്ത് ആരോഗ്യപൂർണവും സുസ്ഥിരവുമായ ഒരു ജീവിതശൈലിക്കിണങ്ങും വിധം രൂപപ്പെടുത്തിയതല്ല.

സുസ്ഥിരവും ആരോഗ്യപൂർണവുമായ ജീവിതത്തിന് ഒരു വീടിനുള്ളിൽ പരിഗണിക്കേണ്ട ചില പ്രധാന ഘടകങ്ങളുണ്ട്. വായുവിന്റെ ഗുണമേന്മ, ചൂട്, ഈർപ്പം, ശബ്ദം, പ്രകാശം, സുരക്ഷ, ഇടം, കയറാനും ഇറങ്ങാനും ഉള്ളിൽ സഞ്ചരിക്കാനുമുള്ള ആയാസരാഹിത്യം, ചുറ്റുപാട്, ചുറ്റുമുള്ള പ്രദേശത്തിന്റെ സവിശേഷതകൾ എന്നിവയാണവ. ലോകാരോഗ്യസംഘടന ഇവയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. വായുവിലെ പൊടിപടലങ്ങൾ, ഈർപ്പം, റഡോൺ പോലുള്ള റേഡിയോ ആക്ടീവ് വാതകങ്ങൾ, പുക, കരി, ചില നിർമാണ വസ്തുക്കളിൽ നിന്നും വീട്ടു സാധനങ്ങളിൽ നിന്നും സാധാരണ ചൂടിൽ തന്നെ ബഹിർഗമിക്കുന്ന വിഷവാതകങ്ങൾ എന്നിവയൊക്കെ വായുവിനെ മലിനപ്പെടുത്തുന്നു. തിരക്കേറിയ തെരുവുകളിലാണ് വീടെങ്കിൽ വാഹനപ്പുകയും മറ്റു മാലിന്യങ്ങളും വായുവിലുണ്ടാകും. ആസ്ബസ്റ്റോസ് പോലുള്ള വായുവിൽ തങ്ങി നിൽക്കുന്ന നിരവധി വാതകങ്ങളും പ്രശ്നമാണ്. പലപ്പോഴും നല്ല വായുസഞ്ചാരമില്ലായ്മ വീടിനുള്ളിലുണ്ടാക്കുന്ന പ്രശ്നങ്ങൾ പലരും വേണ്ടത്ര അറിയാറില്ല.

വീട്ടിലെ താപനിലയാണ് മറ്റൊരു പ്രശ്നം. കോൺക്രീറ്റ് വീടുകളും ചൂടുകൂടുന്ന നിർമാണ സാമഗ്രികളും നമ്മുടെ വീടുകളെ ചൂളകളാക്കുകയാണ്. വീട്ടിനുള്ളിലെ അപകടങ്ങൾ കൂടാനും പകർച്ചവ്യാധികൾ പെരുകാനും നമ്മുടെ പ്രവർത്തനശേഷി കുറയ്ക്കാനുമൊക്കെ അമിത ചൂട് കാരണമാകുന്നു. ഈർപ്പം തങ്ങി നിൽക്കുന്ന വീടും അതുപോലെ അപകടം തന്നെ. ക്ഷീണം, തലവേദന, അകാലാനര എന്നിവയൊക്കെയാവും ഇതിന്റെ ഫലം. അമിത ശബ്ദവും ആരോഗ്യത്തിന് ഹാനികരമാണ്. പ്രത്യേകിച്ചും രാത്രികാലങ്ങളിലേത്. ആവശ്യത്തിന് പ്രകാശം കിട്ടാതായാൽ പകരം വൈദ്യുതി ഊർജം കൂടുതലാവുകയോ പ്രവർത്തനത്തിനു ബുദ്ധിമുട്ടുകൾ വരികയോ ചെയ്യാം. സുരക്ഷയാണ് മറ്റൊരു പ്രശ്നം. പ്രത്യേകിച്ചും കുട്ടികളുടേയും മുതിർന്നവരുടെയും. അശാസ്ത്രീയമായ നിർമിതികൾ മൂലം കുട്ടികളും വായസ്സായവരും നിരവധി അപകടങ്ങൾക്കിരയാവുകയാണ് നമ്മുടെ വീടുകളിൽ. വീഴ്ച, പൊള്ളൽ എന്നിവയാണ് ഇവയിൽ ഏറ്റവും സാധാരണം.

ഇടുങ്ങിയ ഇടങ്ങൾ പൊതുവേ നല്ലതല്ല. ഉള്ള സ്ഥലത്തുതന്നെ പലതും വാരിനിറയ്ക്കുന്നത് ശരിയായ പ്രവണതയുമല്ല. ഓരോ മുറിയിലും പ്രവർത്തനത്തിനാവശ്യമായ ഇടം ഒരു നല്ല വീടിന്റെ ലക്ഷണമാണ്. വലിപ്പം കൂട്ടണമെന്നല്ല, മറിച്ച് ശരിയായ സ്പെയ്സ് മാനേജ്മെന്റ് നിർമിതിയിൽ വേണമെന്നാണ് സൂചിപ്പിക്കുന്നത്. അതുപോലെ വീട്ടിൽ നിന്നും റോഡിലേക്കിറങ്ങാനുള്ള സൗകര്യം ഗൃഹനിർമിതിയുടെ ഒരു പ്രധാന അളവുകോലമാണല്ലോ. സുഗമമായ മാർഗം അതിനുണ്ടാകാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ നിരവധിയാണ്.

സുസ്ഥിരവും ആരോഗ്യപൂർണവുമായ ജീവിതത്തിന് ഒരു വീടിനുള്ളിൽ പരിഗണിക്കേണ്ട ചില പ്രധാന ഘടകങ്ങളുണ്ട്.

ഒരു വീട് മാനസികോല്ലാസവും തരണം. *വടക്കുനോക്കിയന്ത്രം* സിനിമയിൽ ജനാലയ്ക്കപ്പുറം വിദൂരതയിലേക്കു നോക്കാൻ ആവശ്യപ്പെടുമ്പോൾ ദിനേശൻ (ശ്രീനിവാസൻ) പറയുന്ന ഡയലോഗുണ്ടല്ലോ– ജനാലയ്ക്കപ്പുറം വിദൂരതയല്ല. മതിലാണെന്ന്. നല്ല പുറം കാഴ്ചകൾ ഒരു വീടിന്റെ പ്രധാന ഗുണമാണ്. വീടുകളുടെ പൂമുഖങ്ങൾ പരമാവധി ആളുകളുമായി ഒത്തിടപഴകാൻ കഴിയും വിധമായാൽ നന്ന്. ഫ്ളാറ്റുകളിലും മറ്റും ഇത് പരസ്പരം അഭിമുഖമാകാതെ ഒറ്റയൊറ്റയാക്കുന്ന പ്രവണത നല്ലതല്ല. അവശ്യസേവനങ്ങൾ അടുത്തു കിട്ടുന്ന ഒരു സ്ഥലത്താണ് വീടെങ്കിൽ ശാരീരികമായും മാനസികമായും ഏറെ ആശ്വാസം അത് നൽകും. വീടിനായി അമിതമായി പണം ചെലവാക്കി കടത്തിലാക്കുന്നത്. മാനസികപ്രശ്നം മാത്രമല്ല, ശാരീരികാരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുമെന്ന് പലരും തിരിച്ചറിയുന്നില്ല.

### സിക്ക് ബിൽഡിംഗ് സിൻഡ്രോം

വീട്, ഓഫീസ് തുടങ്ങിയ കെട്ടിടങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ വഴിയുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെയാണ് ഈ പദം സൂചിപ്പിക്കുന്നത്. മുകളിൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഇതിലേക്ക് സംഭാവന ചെയ്യുന്നു. ഇത്തരമൊരു അവസ്ഥ ഭാഗികമായോ പൂർണമായോ നമ്മുടെ വീടുകളിൽ പലതിലും നിലനിൽക്കുന്നുണ്ടെന്ന് പലരും തിരിച്ചറിയുന്നുണ്ടാവില്ല. അൽപം ശ്രമിച്ചാൽ നിർമിച്ചു കഴിഞ്ഞ വീടുകളിൽ പോലും ഇവയിൽ പലതും ഒഴിവാക്കാമെന്നതും പലരും അറിയാത്ത സംഗതിയാണ്. ചുറ്റും ധാരാളം മരങ്ങൾ നട്ടുപിടിപ്പിക്കുകയും ജനാലകൾ തുറന്നിടുകയും നല്ല വെന്റിലേഷൻ മുകൾത്തലങ്ങളിൽ ലഭ്യമാക്കുകയും ശരിയായ ശുചിത്വം പാലിക്കുകയും ജലം വേണ്ടും വണ്ണം ഉപയോഗിക്കുകയും മാലിന്യങ്ങൾ ശരിയാംവിധം സംസ്കരിക്കുകയും ഒരു പ്രദേശത്തെ വീടുകൾ ഒന്നിച്ചു ചേർന്ന് കൂട്ടായി ചില പരിഹാരപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്താൽ ഏതു പ്രദേശത്തും സുസ്ഥിരവും ആരോഗ്യപൂർണവുമായ വാസസ്ഥലങ്ങൾ നമ്മുക്ക് സൃഷ്ടിക്കാവുന്നതേയുള്ളൂ. പക്ഷേ നമ്മൾ വിചാരിച്ചാലേ അതിനു കഴിയുകയുള്ളൂ



പ്രൊഫ. വി. കെ. ദാമോദരൻ



# നമുക്കു വേണ്ടത് 'പച്ച' കെട്ടിടങ്ങൾ

## കെട്ടിടനിർമാണത്തിലെ പുതിയ ട്രെൻഡായ ഗ്രീൻ ബിൽഡിങ്ങുകളെപ്പറ്റി...

ഊർജസംരക്ഷണശീലം തുടങ്ങേണ്ടത് വീട്ടിൽ നിന്നുതന്നെ എന്ന് നമ്മുടെ സ്കൂൾ കുട്ടികൾക്കുപോലുമറിയാം. എന്നാൽ പലർക്കും അറിയാത്ത ഒരു കാര്യം അത് വീടുകളുടെ പ്ലാനിങ്ങും നിർമാണവും മുതൽ തുടങ്ങേണ്ട ഒന്നാണ് എന്നതാണ്. തക്കതായ പ്രാദേശിക പദാർഥങ്ങൾ ഉപയോഗിക്കുന്നതുവഴി കെട്ടിടങ്ങളുടെ നിർമാണത്തിനും ഉപയോഗത്തിനും ആവശ്യമായ ഊർജം വളരെ ഏറെ കുറയ്ക്കാനാവും. വാതിലുകളും ജനാലകളും വെയിൽ വീഴ്ച, കാറ്റിന്റെ ദിശ ഇവയെക്കുറിച്ച് പഠിച്ചശേഷം ഏതു ഭാഗത്തായിരിക്കണം എന്നു നിശ്ചയിക്കുന്നതും അവയുടെ ഉപയോഗക്കാലം മുഴുവനും ഊർജലാഭത്തിനും ജീവിത സുഖത്തിനും സഹായിക്കും. ഈ കാര്യം നമ്മുടെ പിതാമഹന്മാർക്കറിയാമായിരുന്നു. അങ്ങനെയാണ് അടുക്കള ഏതു കോണിലാവണം എന്ന് അവർ നിഷ്കർഷിച്ചിരുന്നത്.

അടുത്തിടെ യെമനിലെ, സനാ എന്ന നഗരത്തിൽ 800 വർഷം പഴക്കമുള്ള കളിമൺവീടുകൾ ലോകശ്രദ്ധ ആകർഷിക്കുകയുണ്ടായി. മരുഭൂമി പ്രദേശത്ത് നാലും അഞ്ചും നിലയുള്ള 6000ത്തോളം വീടുകൾ സ്വമേധയാ ഏയർ കണ്ടീഷൺ പ്രതീതി ഉളവാക്കുന്നവയാണ്. തണുപ്പുകാലത്ത് ചൂടും ചൂടുകാലത്ത് തണുപ്പും പ്രദാനം ചെയ്യുന്നവ. നാടൻ കല്ലുകളും കളിമൺ തേപ്പും ഒക്കെ വെയിലിന്റെ ചൂട് ആവാഹിച്ച് സൂക്ഷിച്ച് തണുപ്പുള്ളപ്പോൾ ഉൾഭാഗം സുഖകരമാക്കാൻ സഹായിക്കുകയാണ്. ഇപ്പോൾ യുനെസ്കോ ഇതൊരു ഹെറിറ്റേജ് പ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നു.

'ഗ്രീൻ ബിൽഡിങ്സ്' എന്ന പേരിൽ ഇന്നു ഏറെ ശ്രദ്ധിക്കപ്പെടുന്ന നിർമാണരീതിയുടെ പ്രാഥമിക തത്വങ്ങൾ ഇവയാണ്.

- നിർമാണവസ്തുക്കൾ കൂടുതൽ ഊർജം ഉൾക്കൊണ്ട് നിർമിച്ചതാവരുത്.
- പദാർഥങ്ങൾ അകലെ നിന്ന് വരുത്തുകവഴി അവയുടെ കടത്തു പ്രക്രിയയിൽ ഊർജം പരമാവധി ഒഴിവാക്കുക. പ്രാദേശിക വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
- കൃത്രിമ പദാർഥങ്ങളുടെ ഉപയോഗം പരമാവധി ഒഴിവാക്കുക.
- നല്ല വെളിച്ചവും കാറ്റോട്ടവും ഉറപ്പുവരുത്തി, ഫാൻ, വിളക്കുകൾ, ചൂടാക്കൽ/തണുപ്പിക്കൽ പ്രക്രിയകൾക്കുവേണ്ട ഊർജം കഴിയുന്നത്ര കുറയ്ക്കുക.
- പൊള്ളക്കെട്ട്, പൊള്ള ഇഷ്ടിക/ബ്ലോക്കുകൾ ഉപയോഗിക്കുക.
- തേപ്പും ചായം തേക്കലും പരമാവധി കുറയ്ക്കുക.
- വൈദ്യുതിയും മറ്റു ഊർജരൂപങ്ങളുടെയും ഉപയോഗം അങ്ങനെ പരമാവധി കുറയ്ക്കുക.

വാടകവീട്ടിൽ താമസിക്കുന്നവർക്കും ഇതൊക്കെ അറിയുന്നതിനു മുമ്പ് വീട് നിർമിച്ചവർക്കും എന്തു ചെയ്യുവാനാവും? തീർച്ചയായും, ചുറ്റുപാടും ചെടികൾ നട്ട് ചുമരിൽ വെയിൽ നേരിട്ടു പതിക്കുന്നത് കുറയ്ക്കാം (നമ്മുടെ നാട്ടിൽ). കതകുകൾ തുറന്നിട്ട് ആവശ്യമായ സമയങ്ങളിൽ ഊർജക്ഷമതയുള്ള വിളക്കുകളും ഫാനുകളും മാത്രം ഉപയോഗിക്കാം. ചൂടുവെള്ളത്തിന് വൈദ്യുതിയും എണ്ണയും വിറകും ഉപയോഗിക്കാതെ, സൗരോർജം ഉപയോഗിക്കുവാൻ വഴിയുണ്ടാക്കുക. മഴക്കാലത്തും ഇവ (മൊത്തം 10 ദിവസത്തിലൊഴിച്ച്) ഫലപ്രദമായി പ്രവർത്തിക്കുമെന്ന് പലർക്കും അറിവില്ല.


യെമനിലെ സനാ നഗരം

കേരളത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഏതാണ്ട് പകുതിയും ഗാർഹികരംഗത്താണ്. അതുകൊണ്ടുതന്നെ നാശോന്മുഖമായിരിക്കുന്ന ഇത്തരം ആശയങ്ങൾക്ക് പുതുജീവൻ നൽകുന്നത് ഓരോ വീട്ടിനും സാമ്പത്തിക ലാഭവും വീട്ടുകാർക്ക് കൂടുതൽ ശാരീരിക സുഖവും നൽകുമെന്നുമാത്രമല്ല പകർച്ച വ്യാധികളിൽ നിന്ന് പരമാവധി ഒഴിഞ്ഞുമാറാനും സഹായിക്കും.

* വൈസ് ചെയർമാൻ, എനർജി മാനേജ്മെന്റ് സെന്റർ- കേരളം

# ‘ഹരിത’ ദീപ്തിയുടെ കുളിരിൽ

ഗ്രീൻ ഹോമുകളുടെ നിർമിതിയും കെട്ടിടങ്ങൾക്കുള്ള ഗ്രീൻ സർട്ടിഫിക്കേഷനും സംബന്ധിച്ച വിശദാംശങ്ങൾ ഇതാ...

■ മനോജ് കെ. പുതിയവിള

രണ്ടു പതിറ്റാണ്ടിനിപ്പുറം നമ്മുടെ കെട്ടിട നിർമാണ സങ്കല്പങ്ങൾ മാറിമറിഞ്ഞിരിക്കുന്നു. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും ജല-ഊർജപരിമിതിയും പരിസ്ഥിതിത്തകർച്ചയുമൊക്കെ ലോകമാകെയുള്ള നിർമാണവ്യവസായത്തെ മാറ്റിമറിച്ചിരിക്കുന്നു. ഇത്തരം ആധുനിക സങ്കേതങ്ങൾ പല രാജ്യങ്ങളും നിർബന്ധമാക്കുകപോലും ചെയ്തിരിക്കുന്നു.

ഒരു ഉദാഹരണത്തിലൂടെ ഇതു വ്യക്തമാക്കാം. നമ്മുടെ നിയമസഭാ മന്ദിരത്തിന്റെ സഭ ചേരുന്ന ഹാൾ പോലൊരു വലിയ ഹാൾ മനസിലോർക്കുക. അതിന്റെ ഉയരം ആറേഴു നിലയുള്ള ആ കെട്ടിടത്തിന്റെ അത്രയാണ്. അത്തരമൊരു ഹാളിന്റെ ഉയരത്തിന്റെ ഇരുപതിലൊന്നോ ഇരുപത്തഞ്ചിലൊന്നോ പോലും വരില്ല ആളുകൾ ഇരിക്കുകയും പെരുമാറുകയും ചെയ്യുന്ന മേഖല. പക്ഷെ, ആ മേഖല തണുക്കണമെങ്കിൽ കെട്ടിടം മുഴുവൻ തണുക്കണം. ഇതിനു ചെലവാകുന്ന വൈദ്യുതി എത്ര ഭീമമാണെന്നു ചിന്തിക്കുക. മുമ്പ് അതൊഴിവാക്കാൻ വഴിയില്ലായിരുന്നു. ഇന്ന് ഇതിന്റെ തുച്ഛമായ അംശം വൈദ്യുതി കൊണ്ട് അത്തരമൊരു ഹാളിലുള്ളവർക്കെല്ലാം ശീതീകരണസൗകര്യം ലഭ്യമാക്കാവുന്ന സാങ്കേതികവിദ്യ വന്നിരിക്കുന്നു; അതും ആവശ്യമുള്ളവർക്ക് ആവശ്യമുള്ളപ്പോൾ മാത്രം.

പരിസ്ഥിതിസൗഹൃദപരവും ഊർജക്ഷമവുമായ നവസാങ്കേതിക വിദ്യകളും നിർമ്മാണ ശൈലികളും ലോകത്താകെ ഇത്തരം വിപ്ലവങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു സംസ്ഥാന സർക്കാരും ഈ നയം സ്വീകരിച്ചിരിക്കുന്നു. വീടുകളിൽ സി.എഫ്. ലാമ്പുകൾ നല്കുന്നതടക്കമുള്ള പുതിയ പദ്ധതികൾ ഇതിന്റെ ഭാഗമാണ്. എങ്കിലും കെട്ടിടനിർമാണത്തിന്റെ കാര്യത്തിൽ ഇതൊരു പൊതു സമീപനമായി ഇവിടെ ഇനിയും വളർന്നിട്ടില്ല. വൻകിടനിർമാണങ്ങൾ നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളും ഈ സംസ്കാരത്തിലേക്കു മാറിയിട്ടില്ല.

എന്നാൽ, ഇത്തരം പ്രവണതകൾ ശക്തമായി രൂപപ്പെട്ടു തുടങ്ങിയിരിക്കുന്നു. പരിസ്ഥിതിചങ്ങാത്തം പുലർത്തുന്ന, ‘ഗ്രീൻ’ എന്ന് ഇംഗ്ലീഷിൽ വ്യവഹരിക്കുന്നതരം നിർമാണശൈലി സ്വീകരിച്ച ഏതാനും നിർമിതികൾ സംസ്ഥാനത്ത് ഉയർന്നുകഴിഞ്ഞു. ദേശീയതലത്തിൽ ഇതിനുള്ള സർട്ടിഫിക്കറ്റുകളും ഇവർ നേടിയിരിക്കുന്നു.

ചുറ്റുപാടുകൾ സസ്യസമൃദ്ധവും ശുചിയുമാക്കി പരിപാലിക്കുന്നതിനു പുറമെ, ശുദ്ധവായുവും പ്രകൃതിസഹജമായ വെളിച്ചവും പരമാവധി ലഭ്യമാക്കുക, വെയിലിന്റെ ചൂട് ഉള്ളിലേക്കു പ്രസരിക്കുന്നതു ക്രമീകരിക്കുക, വെയിലിനെ ഊർജാവശ്യങ്ങൾക്കു പരമാവധി പ്രയോജനപ്പെടുത്തുക, ഊർജ-ജലച്ചെലവു പരമാവധി കുറയ്ക്കുക തുടങ്ങിയവയാണ് ഇത്തരം നിർമാണശൈലികളുടെ പ്രധാനസവിശേഷതകൾ എന്നു ലളിതമായി പറയാം. ചുറ്റുപാടുമുള്ള സാമഗ്രികൾതന്നെ കഴിവതും നിർമാണത്തിനുപയോഗിക്കുക, മാലിന്യങ്ങളും നിർഗമങ്ങളും പരമാവധി കുറയ്ക്കുക എന്നിവയും ഗ്രീൻ നിർമാണത്തിന്റെ നിർവചനത്തിൽപ്പെടുന്നു. ചുരുക്കത്തിൽ ആരോഗ്യകരമായ ഒരു ഇടം.

ഇന്ത്യയിൽ ഈ ആശയം പ്രചരിപ്പിക്കുന്ന ദൗത്യം ഏറ്റെടുത്തിരിക്കുന്നത് രണ്ടു സ്ഥാപനങ്ങളാണ്.

ഹൈദരബാദിലെ ഇന്ത്യൻ ഗ്രീൻ ബിൽഡിങ് കൗൺസിലും www.igbc.in ദില്ലിയിലെ ദി എനർജി ആൻഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടും www.teriin.org.

ചേമ്പർ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിസിന്റെ ഊർജക്ഷമതയ്ക്കു വേണ്ടിയുള്ള മികവിന്റെ കേന്ദ്രമാണ് സി.ഐ.ഐ സൊറാബ്ജിഗോദ്റജ് ഗ്രീൻ ബിസിനസ് സെന്റർ. ഈ സ്ഥാപനത്തിന്റെ ഭാഗമായാണ് ഐ.ജി.ബി.സി. പ്രവർത്തിക്കുന്നത്. കോർപ്പറേറ്റുകളും സർക്കാരും നോഡൽ ഏജൻസികളും വാസ്തുശില്പികളും ഉത്പന്ന നിർമ്മാതാക്കളും സ്ഥാപനങ്ങളുമെല്ലാം



മുംബയിലെ *ഗ്രീൻ ടവർ ഇന്ത്യ*

അംഗങ്ങളായുണ്ട്. സിൽവർ, ഗോൾഡ്, പ്ലാറ്റിനം എന്നിങ്ങനെയാണ് ഇവരുടെ ഹരിത റേറ്റിങ്.

വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സ്ഥാപനമായ *ടെറി*യുടെ ഭാഗമായ ഗ്രീൻ റേറ്റിങ് ഫോർ ഇന്റർഗ്രേറ്റഡ് ഹാബിറ്റാറ്റ് അസെസ്സ്മെന്റ് (GRIHA) എന്ന സ്ഥാപനമാണ് മറ്റൊരു റേറ്റിങ് ഏജൻസി. സൈറ്റ് തെരഞ്ഞെടുക്കുന്നതു മുതലുള്ള ഓരോ ഘട്ടവും റേറ്റിങ്ങിനുള്ള മാനദണ്ഡങ്ങളായി ഇവർ എടുക്കുന്നു. ഇവർ ഒന്നു മുതൽ അഞ്ചുവരെയുള്ള സ്റ്റാർ പദവികളാണ് സർട്ടിഫിക്കറ്റായി നല്കുക. ഇന്ത്യയെ 2010-ഓടെ ലോകത്തെ ഹരിത നിർമാണങ്ങളുടെ മുൻനിര രാജ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾക്ക് അഭിമാനിക്കാവുന്ന തരത്തിലാണിതിന്റെ പ്രവർത്തന പുരോഗതി.

ധാരാളം വ്യവസായികളും അപ്പാർട്ട്മെന്റ്-വില്ല നിർമാതാക്കളും ഒറ്റ വീട് വയ്ക്കുന്നവരുമൊക്കെ പുതിയനിർമാണങ്ങൾക്ക് ഗ്രീൻസർട്ടിഫിക്കേഷനുവേണ്ടി സമീപിച്ചുകൊണ്ടിരിക്കുന്നതായി വ്യക്തമാക്കുന്നു.

ഊർജോപയോഗം 20-30 ശതമാനവും ജലഉപയോഗം 30-50 ശതമാനവും കുറയ്ക്കുക എന്നതാണ് ഹരിത ഭവനങ്ങളുടെ ഏറ്റവും പ്രധാനമെച്ചം. വായുവിന്റെ ഗുണമേന്മ ഉയർത്തുക, മികച്ച പകൽവെളിച്ചം, ഉള്ളിൽ കഴിയുന്നവരുടെ ആരോഗ്യവും സുസ്ഥിതിയും, ക്ഷയോന്മുഖമായ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, ഇവയെല്ലാം വഴി നിർമാണത്തിനു ലഭിക്കുന്ന വിപണനമെച്ചം എന്നിവയാണു മറ്റുമെച്ചങ്ങൾ.

ഇത്തരം കാര്യങ്ങൾ വിലയിരുത്താൻ വ്യക്തമായ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. പല രാജ്യങ്ങളിലും ഇത്തരം മാനദണ്ഡങ്ങളും ഏജൻസികളുമുണ്ട്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ അമേരിക്കയിലെ യു.എസ്.ഗ്രീൻ ബിൽഡിങ് കൗൺസിൽ ആവിഷ്കരിച്ച ലീഡർഷിപ്പ് ഇൻ എനർജി ആൻഡ് എൻവയറൻമെന്റൽ ഡിസൈനും ഇംഗ്ലണ്ടിലെ ബിൽഡിങ് റിസർച്ച് എസ്റ്റാബ്ലിഷ്മെന്റിന്റെ എൻവയറൻമെന്റൽ അസസ്മെന്റ് മെത്തേഡും ആണ്. ഇത്തരത്തിലുള്ള ഇന്ത്യൻ മാതൃകകളാണ് നേരത്തേ പറഞ്ഞ ഐജിബിസിയും ടെറിയുടെ ഗൃഹയും

ലീഡ്, ബ്രീം സർട്ടിഫിക്കേഷനുകളും ഇവിടുത്തെ കെട്ടിടങ്ങൾക്കു ലഭിക്കാം. ലീഡിന്റെ മാനദണ്ഡങ്ങളും മാതൃകയും പിൻതുടരുന്ന ഐജിബിസിയാണ് ഇവിടെ ലീഡ് സർട്ടിഫിക്കേഷന്റെ കാര്യങ്ങൾക്കും ചുമതലപ്പെട്ടിരിക്കുന്നത്. ലീഡിന്റെ സർട്ടിഫിക്കേഷൻ മാതൃകയാണ് പ്ലാറ്റിനം, ഗോൾഡ്, സിൽവർ എന്നത്. അമേരിക്ക കഴിഞ്ഞാൽ ഏറ്റവുമധികം കെട്ടിടങ്ങൾക്കു ലീഡ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത് ഇന്ത്യയിലാണ്.

വീടുകൾക്കു വേണ്ടിയുള്ള ഐജിബിസിയുടെ മാനദണ്ഡങ്ങൾക്ക് ഐജിബിസി ഗ്രീൻഹോംസ് റേറ്റിങ് എന്നാണുപേര്. ഇതുപോലെ ഫാക്ടറിബിൽഡിങ് റേറ്റിങ് സിസ്റ്റവുമുണ്ട്. നിലവിലുള്ള ഭവനങ്ങൾ ഹരിത സർട്ടിഫിക്കേഷനുവേണ്ടി ധാരാളമായി നവീകരിക്കപ്പെടുന്നുമുണ്ട്. പാട്ടത്തിനെടുത്ത സ്ഥലങ്ങളിൽ നിർമിക്കുന്ന കെട്ടിടങ്ങൾക്കും പ്രത്യേക വ്യവസ്ഥകളുണ്ട്. കോർ ആൻഡ് ഷെൽ എന്നാണ് ഈ വിഭാഗത്തിനു പറയുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിർമാണങ്ങൾ ഈ വിഭാഗത്തിൽപ്പെടും. ഇവയ്ക്ക് പ്രാഥമിക ഡിസൈൻ രേഖകളുടെ അടിസ്ഥാനത്തിൽ മുൻകൂർ സർട്ടിഫിക്കേഷനും നല്കാറുണ്ട്. ഇത് ഇത്തരം സൗധങ്ങളിലെ അപ്പാർട്ട്മെന്റുകൾക്കും ബിസിനസ്സ്ഥലങ്ങൾക്കും മുൻകൂട്ടി മെച്ചപ്പെട്ട ഇടപാടുകാരെ കണ്ടെത്താൻ സഹായിക്കും.

ഈ സമ്പ്രദായങ്ങൾക്കൊപ്പം നിരവധി നൂതന സാങ്കേതികവിദ്യകളും ഇവ നിർവ്വഹിക്കുന്ന കമ്പനികളും ലോകമെമ്പാടും വികസിച്ചുവരികയാണ്. ഊർജനിയന്ത്രണത്തിലാണ് ഇത്തരം നൂതനപരീക്ഷണങ്ങൾ ഏറെയും നടക്കുന്നത്. ചില ഉദാഹരണങ്ങൾകൂടി കാണുക.

ശുദ്ധവായു കുറവും പല കാരണങ്ങളാൽ അന്തരീക്ഷതാപം കൂടുതലുമുള്ള നഗരങ്ങളിലാണ് കെട്ടിടനിർമാണം കൂടുതലും നടക്കുന്നത് എന്നതിനാൽ എയർകണ്ടീഷനിങ് ഒഴിവാക്കാനാകാത്തതും ഊർജച്ചെലവ് ഉയർത്തുന്നതുമായ ഘടകമാണ്. ഈ രംഗത്തെ നൂതനാശയങ്ങളിൽ ഒന്നാണ് തുടക്കത്തിൽ സൂചിപ്പിച്ച നിയന്ത്രിത എ.സി.




*ടെക്നോ പോളിസ്, കൊൽക്കത്ത*

തറവഴിയുള്ള വായുപ്രവാഹം (Under Floor Air Distribution) എന്നതാണ് ഇതിന്റെ സാങ്കേതിക നാമം. ഗ്രീക്കുകാർ പണ്ടു ധാന്യം ഉണക്കാൻ വികസിപ്പിച്ച രീതിയുടെ ഈ ആധുനിക മാതൃക ഇന്ന് അമേരിക്കയിലെ 60 ശതമാനം പുതിയ നിർമ്മാണങ്ങളിലും ഉപയോഗിക്കുന്നു.

ഒരു സാധാരണ കെട്ടിടത്തിൽ ഇതുപയോഗിച്ചാൽ ഊർജം 20-30 ശതമാനം ലാഭിക്കാനാകുമെന്ന് ഏഷ്യയിൽ ഈ സാങ്കേതികവിദ്യ വ്യാപിപ്പിക്കുന്നതിൽ ഗണ്യമായ പങ്കുവഹിക്കുന്ന യുഎഇ കമ്പനിയായ ഇക്കോസിസ്റ്റത്തിന്റെ ഡയറക്ടറും മലയാളിയുമായ സുനിൽ രാമകൃഷ്ണൻ പറയുന്നു. കൂടാതെ ഗുണമേന്മയുള്ള വായു ഉറപ്പാക്കാനും കെട്ടിടം പണിയുടെ സമയത്തിലും പാഴാക്കുന്ന സാമഗ്രികളിലും ഗണ്യമായ കുറവു നേടാനും ഇതുസഹായിക്കും, അദ്ദേഹം കൂട്ടിച്ചേർക്കുന്നു.



**ഗ്രീൻ ബിൽഡിങ്ങിലെ എ.സി. പ്രവർത്തനം**

അല്പം ഉയർത്തിയ ഒരു കൃതിമ തറയ്ക്കടിയിലൂടെയാണു ചൂടുക്രമീകരിച്ച വായു പ്രവഹിക്കുക. ഓഫീസുകളിലും മറ്റുമാണെങ്കിൽ ഇരിപ്പിടങ്ങൾക്കടുത്തു സ്ഥാപിക്കുന്ന ചെറിയ ജാലകങ്ങളിലൂടെ ഇതു മുറിയിലേക്കൊഴുകും. ചൂടുവായുവിനെ തള്ളിഉയർത്തി താഴെ തണുപ്പുപകർന്ന് ഇതു വ്യാപിക്കും. മലിനമായ ചൂടുവായുവിനെ മുകളിൽ നിന്നു വലിച്ചെടുത്തുകളയുകയും ചെയ്യും.

സാധാരണ എസി മുറിയിലെ വായുവിനെത്തന്നെ പിടിച്ചെടുത്തു തണുപ്പിച്ചു തിരികെ തരുമ്പോൾ ഇവിടെ പ്രകൃതിയിൽ നിന്നെടുത്തു ശുദ്ധീകരിച്ച വായുവാണു മുറിയിലെത്തുന്നത്. ഓരോ ആൾക്കും അടുത്തുള്ള ചെറുജാലകം തുറന്നും അടച്ചും ചൂടു നിയന്ത്രിക്കാം. ആളുകളുടെ ഉയരത്തിനനുസരിച്ച് 1.8 മീറ്റർവരെയേ മുറി തണുപ്പിക്കേണ്ടതുള്ളൂ. ചൂടുകുറയ്ക്കാനെന്ന പേരിൽ കെട്ടിടത്തിന്റെ ഉയരം കൂട്ടേണ്ടതുമില്ല.

ഓഫീസ് ക്രമീകരണം മാറ്റുന്നതിനനുസരിച്ച് എസിയുടെ ക്രമീകരണങ്ങൾ മാറ്റാനും വളരെ എളുപ്പമാണ്. കൃത്രിമതറയിലെ കഷണങ്ങൾ പുനഃക്രമീകരിക്കുകയേവേണ്ടൂ. നിർമാണച്ചെലവിലെ കുറവടക്കം മെച്ചങ്ങൾ നിരവധി!

എൽഇ.ഡി വിളക്കുകളും സൗരോർജോപകരണങ്ങളുമാണ് ഈ രംഗത്തെ മറ്റു ചില പ്രധാന വിപ്ലവങ്ങൾ. കാര്യക്ഷമത ഏറിയ ഉപകരണങ്ങൾ വികസിപ്പിക്കാനുള്ള ഗവേഷണങ്ങൾ തകൃതിയായി നടന്നുവരികയാണെന്ന് ഈ രംഗത്തെ പ്രമുഖസ്ഥാപനമായ ദുബൈയിലെ ഗ്ലോബൽ എൻജിനീയറിങ് ഉടമ അരുൺ ശേഖർ ചൂണ്ടിക്കാട്ടുന്നു.

“മൂവായിരം ചതുരശ്രയടി സ്ഥലമുണ്ടെങ്കിൽ 50 ലക്ഷം രൂപയ്ക്ക് 20 കിലോ വാട്ട്

ശേഷിയുള്ള ഒരു നിലയം തുടങ്ങാം. ദിനം പ്രതി 30,000 യൂണിറ്റു വൈദ്യുതി. യൂണിറ്റിന് ഏഴര രൂപവച്ചു വിറ്റാൽ 2.2ലക്ഷം രൂപ വാർഷിക വരുമാനം കിട്ടും. 30 ശതമാനം സർക്കാർ സബ്സിഡിയുമുണ്ട്. ഇതു 15 ലക്ഷം രൂപ വരും. ആദ്യ രണ്ടു വർഷങ്ങളിലെ നികുതിയിളവ് 16 ലക്ഷവും ബാക്കി നിക്ഷേപം 19 ലക്ഷം രൂപ മാത്രമാണ്. മുടക്കുമുതൽ 7-8 കൊല്ലം കൊണ്ടു തീരും. തുടർന്നുള്ള 12-15 കൊല്ലം വാർഷികവരുമാനം നമുക്കുസ്വന്തം"- സൗരവൈദ്യുതി നിലയത്തിന്റെ സാമ്പത്തിക ശാസ്ത്രം അരുൺ ശേഖർ വിശദീകരിക്കുന്നു.

കേരളത്തിൽ സൗരോർജോപകരണങ്ങൾക്കുള്ള സാദ്ധ്യത വളരെയേറെയാണെന്ന് യുവ എൻജിനീയറായ ദീപു ചൂണ്ടിക്കാട്ടുന്നു. ധാരാളം യുവാക്കൾ ഈ രംഗത്തേക്കു തിരിയുകയാണിന്ന്. യുവാക്കളുടെ ഇത്തരം കേരളീയ സംരംഭങ്ങളിൽ അതിവേഗം ശ്രദ്ധേയമാകുന്ന ഒന്നാണ് ഇക്കോസ്പെക്ട്രം. (www.eco-spectrum.com) തിരുവനന്തപുരത്തെ അമ്മിണി സോളാർസ് അടക്കമുള്ള സ്ഥാപനങ്ങൾ ഈ രംഗത്തെ ആദ്യ പഥികരാണ്.

ഏതായാലും നിർമാണരംഗത്തു പുതിയ ചിന്തകളും സമീപനങ്ങളും സംസ്കാരവും അവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുമെല്ലാം വികസിച്ചു വരികയാണ്. അധികൃതരുടെയും കെട്ടിടനിർമാണവ്യവസായത്തിലുള്ളവരുടെയും പരിസ്ഥിതി-ഊർജസംബന്ധിയായ രംഗത്തുള്ളവരുടെയുമൊക്കെ സമീപനങ്ങളിൽ നല്ല മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

അടുത്ത ദശാബ്ദം പുതിയ നിർമ്മാണ രീതികളുടേതാകും ■

*വ്യവസായ കേരളം മാസികയുടെ എഡിറ്ററാണു ലേഖകൻ*

ടി. പി. സുധാകരൻ



# ഈ വീടും ഞങ്ങളുടെ ജീവിതവും

**സുസ്ഥിരരീതികൾ അനുവർത്തിച്ചാൽ സൗകര്യങ്ങൾ കൂട്ടാം, കാശും ലാഭിക്കാം. ഒരു അനുഭവസാക്ഷ്യം...**

സ്വന്തമായി വീടു നിർമ്മിക്കുമ്പോൾ അതു പരമാവധി പരിസ്ഥിതി സഹൃദപരവും സുസ്ഥിരവുമായിരിക്കണമെന്ന് ഞങ്ങൾ ഉറപ്പിച്ചിരുന്നു. തിരുവനന്തപുരം നഗരസഭയുടെ തൊട്ടുകിടക്കുന്ന വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ മങ്കാട്ടുകടവ് സെന്റ് ജൂഡ് നഗറിൽ ഒരു വീട് നിർമ്മിക്കാൻ തുടങ്ങുമ്പോൾ അല്പം ബുദ്ധിമുട്ടിയാണെങ്കിലും ആ അഗ്രഹം കുറേയൊക്കെ നിറവേറ്റാനായി.

കരമനയാറ്റിന്റെ തീരത്ത് നിർമ്മിച്ച ഈ വീട് നിർമ്മാണത്തിന് വിഭവങ്ങൾ പരിമിതപ്പെടുത്തി. തദ്ദേശീയമായ സാമഗ്രികൾ കഴിയുന്നതും ഉപയോഗിച്ചു. കോസ്റ്റ്ഫോർഡ് നിർമ്മിച്ച ഈ വീടിന്റെ ആർക്കിടെക്ട് പി.ബി. സാജനാണ്. കെട്ടിടത്തിന്റെ ഡിസൈൻ പ്ലാൻ ചെയ്യുന്നതു മുതൽ പൂർത്തികരിക്കുന്നതുവരെയും ഞാനും റോജയും (ഭാര്യ) ശ്രീരാഗുമായും ശ്രുതിലയയു (മക്കൾ) മായും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

നാലു സെന്റിൽ 1150 ചതുരശ്ര അടി വിസ്തൃതിയിൽ പണിത വീടിന്റെ പിൻവശം അല്പം പച്ചക്കറികൾ നട്ടുവളർത്താനും മുൻവശം ചെറിയൊരു പൂന്തോട്ടം നിർമ്മിക്കുന്നതിനുമുള്ള സ്ഥലം കൂടിയുണ്ട്. ഭൂമിയുടെ കിടപ്പനുസരിച്ച് എൻട്രൻസിൽ നിന്നും താഴോട്ടും മേലോട്ടും പോകുന്ന തരത്തിൽ കോവണി നിർമ്മിച്ച് രണ്ട് ഇഷ്ടികയിൽ നിർമ്മിച്ച വീടിന്റെ തറയിലേക്കാവശ്യമായ കല്ലുകൾ തൊട്ടടുത്ത പാറമടയിൽ നിന്നും ഇഷ്ടിക തമിഴ്നാട്ടിൽ നിന്നുമാണ് കൊണ്ടുവന്നത്. തറ സിറാമിക് ടൈലും ടെറാകോട്ടയും കൊണ്ട് നിർമ്മിച്ചു. ഓടു കൊണ്ടുള്ള കോൺക്രീറ്റിങ് രീതി മേൽകൂരയിൽ ഉപയോഗിച്ചു. കാറ്റും വെളിച്ചവും കടക്കാൻ പറ്റുന്ന രീതിയിൽ ജാലികകൾ, പുഴയ്ക്കഭിമുഖമായി ബാൽക്കണി എന്നിവ വഴി ധാരാളം കാറ്റും വെളിച്ചവും വീടിനകത്ത് ലഭിക്കുന്നു, ഫാൻ ഉപയോഗം വളരെ കുറവാണ്. ബെഡ്റൂമിന്റെ ചുമരുകൾ മണ്ണ്, കുമ്മായം, മണൽ എന്നിവ ചേർന്ന മിശ്രിതം കൊണ്ടു തേച്ചു പിടിപ്പിച്ചതാണ്. ഇതും ചൂട് കുറയ്ക്കാൻ വളരെയേറെ സഹായിക്കുന്നുണ്ട്.

വീട്ടിൽ വൈദ്യുതി കണക്ഷൻ ഉണ്ടെങ്കിലും എല്ലാം മുറിയിലും വരാന്തയിലും സോളാർ ലൈറ്റുകൾ സ്ഥാപിച്ചത്. രാത്രിയിൽ സോളാർ വെളിച്ചമാണ് ഉപയോഗിക്കുന്നത്. വായിക്കുന്ന സമയത്ത് മാത്രം കൂടുതൽ വെളിച്ചത്തിനായി വാട്ടേജ് കൂടിയ സി. എഫ് എൽ ലാമ്പ് ഉപയോഗിക്കാറുണ്ട്. വീട്ടിൽ ലൈറ്റുകളെല്ലാം സി എഫ് എൽ ലാമ്പാണ്. ഇതുവഴി വൈദ്യുതി ഉപഭോഗം കുറയ്ക്കാമെന്ന് മാത്രമല്ല, വൈദ്യുതി ഇല്ലാത്ത സമയത്തു പോലും വെളിച്ചത്തിന് ഒരു പ്രശ്നവും ഉണ്ടാകുന്നുമില്ല.

മാലിന്യനിർമ്മാർജ്ജനത്തിനും പാചകത്തിനുമായി ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നുണ്ട്. ടോയ്‌ലറ്റിൽ നിന്നുള്ള വിസർജ്യം ബയോഗ്യാസ് പ്ലാന്റിലാണ് നിക്ഷേപിക്കുന്നത്. അടുക്കളയിൽ നിന്നുള്ള മാലിന്യങ്ങളും ഇതിൽ നിക്ഷേപിക്കുന്നു. ഈ ബയോഗ്യാസ് തികയാതെ വരുമ്പോൾ മാത്രമാണ് പാചകഗ്യാസ് ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ശരാശരി 4 മാസക്കാലം 1 ഗ്യാസ് സിലിണ്ടർ ഉപയോഗിക്കുന്നുണ്ട്. ഭൂമിക്കടിയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതു കാരണം കൊതുകശല്യവുമില്ല. കടലാസ്, ചെറിയ പ്ലാസ്റ്റിക്കു കവറുകൾ തുടങ്ങിയവ പ്രത്യേകം ശേഖരിച്ച് കത്തിച്ചുകളയുകയാണ് ചെയ്യുന്നത്.

ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സബ്സിഡിയോടെയാണ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. സോളാർ വാട്ടർ ഹീറ്ററിൽ നിന്നും ലഭിക്കുന്ന ചൂടുവെള്ളം ഉപയോഗിച്ചാണ് പാചകം ചെയ്യുന്നത്. ഇതിനായി 200 ലിറ്റർ ശേഷിയുള്ള സോളാർ വാട്ടർ ഹീറ്റർ ടെറസ്സിൽ സ്ഥാപിച്ചിട്ടുണ്ട്. 2 കുളിമുറികളിലും അടുക്കളയിലും വെള്ളം ശേഖരിക്കാൻ സൗകര്യമുണ്ട്. പാതിവെന്ത ഭക്ഷണ സാധനങ്ങൾ പൂർണ്ണമായി വേവുന്നതിനായി പരിഷത്തിന്റെ ചൂടാറാപ്പെട്ടിയും ഉപയോഗിക്കുന്നുണ്ട്. ഈ രീതിയിൽ പാചകത്തിനുള്ള ഇന്ധനവും ചൂടും നിലനിർത്തുന്നതിന് പ്രത്യേക സൗകര്യവുമുണ്ട്.

അടുക്കളയിൽത്തന്നെ ഇൻബിൽറ്റായി നിർമ്മിച്ച ഡൈനിങ് ടേബിൾ ഭക്ഷണം കഴിക്കുന്നതിനിടയിൽ ചർച്ച ചെയ്യുന്നതിനും അല്ലാത്ത സമയം വായിക്കാനും എഴുതാനും സൗകര്യമാവുന്ന തരത്തിലുള്ളതാണ്. വീടിന്റെ പിൻവശത്ത് ചെറിയൊരു അടുക്കളത്തോട്ടം ഉണ്ടാക്കികൊണ്ടിരിക്കുന്നു. നിത്യവഴുതന, കോവയ്ക്ക, പാവയ്ക്ക, കുരുമുളക്, മുരിങ്ങ, ചേന, വാഴ എന്നിവ ഇതിനകം നട്ടുവളർത്തിയിട്ടുണ്ട്. മീനുകളെ വളർത്തുന്നുണ്ട്. ഇതിലുള്ള ഗപ്പിമത്സ്യം കൊതുകുകളെ തുരത്തുന്നു. വീടിനു ചുറ്റുമുള്ള കുട്ടികൾക്ക് കളിക്കാനൊരിടമാണ് ഈ സ്ഥലം.

പുതിയ വീട്ടിൽ താമസിക്കുമ്പോൾ കാര്യമായ യാതൊരു ഫർണിച്ചറുകളും വാങ്ങിയിട്ടില്ല. ഇരിക്കാൻ സൗകര്യമായ ബേവിന്റോ കിടക്കാനും വായിക്കാനും കാറ്റുകൊണ്ടുറങ്ങാനും കൂടി സൗകര്യപ്രദമാണ്.

tpsudhakaran@gmail.com

എം. ദിലീപ്കുമാർ

**സുസ്ഥിര വീടുകൾ എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി വീടുകളിലുണ്ടാകുന്ന മാലിന്യങ്ങൾ മറ്റുള്ളവർക്കും നമുക്കും ശല്യമാകാതെ ഒഴിവാക്കാനും അവയെ സമ്പത്താക്കി മാറ്റാനും നിരവധി മാർഗങ്ങളുണ്ട്. ഏതാനും രീതികൾ ഇതാ...**



# മാലിന്യങ്ങളും നമ്മുടെ വീടും

കേരളത്തിൽ ഏകദേശം 60 ലക്ഷം കുടുംബങ്ങളാണുള്ളത്. ജനസംഖ്യ ഉയരുന്നതും സ്ഥലപരിമിതിയും പുതിയ പല വസ്തുക്കളും ദിനംപ്രതി ദൈനംദിന ജീവിതത്തിൽ ഇടംനേടുന്നതും ഉപഭോഗ സംസ്കാരം വളർന്നുവരുന്നതും കാരണം നാട്ടിൻപുറങ്ങളിൽപ്പോലും മാലിന്യ നിർമ്മാർജ്ജനം ഒരു പ്രശ്നമായി മാറുന്നു. ജലവും മറ്റ് ഖരരൂപത്തിലുള്ള വിഭവങ്ങളും നമുക്ക് ആവശ്യമുള്ളത് എടുത്തിട്ട് തിരിച്ച് പ്രകൃതിയിലേക്ക് കൊടുക്കേണ്ട രീതിയിലാണ് പ്രകൃതിഘടകങ്ങൾ നിലവിലുള്ളത്. പ്രകൃതിയിലെ മണ്ണിനും സസ്യലതാദികൾക്കും ജന്തുജാലങ്ങൾക്കും അവ ആവശ്യമുണ്ട്. നാം അതിന് തടസ്സമാകുന്ന തരത്തിലാണ് ഇപ്പോൾ ഖര-ദ്രവമാലിന്യങ്ങളെ കൈകാര്യം ചെയ്തുവരുന്നത്. ഇതിനൊരു മാറ്റം ആവശ്യമല്ലേ? പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ മാലിന്യത്തിനെ അതിന്റെ ഉത്ഭവസ്ഥാനമായ വീടുകളിൽത്തന്നെ നമുക്ക് കൈകാര്യം ചെയ്യാൻ കഴിയില്ലേ? തീർച്ചയായും കഴിയും. നമ്മുടെ പരിസ്ഥിതി ബോധം ഉണർന്നാൽ. മാലിന്യം ഒരു സമ്പത്താണെന്ന തിരിച്ചറിവുണ്ടായാൽ.

## വീടുകളിലെ ഖര-ദ്രവമാലിന്യങ്ങളും അവ ഒഴിവാക്കലും

പഠനങ്ങൾ പ്രകാരം നമ്മുടെ നാട്ടിലെ ആകെ മാലിന്യത്തിന്റെ ഏകദേശം 60 ശതമാനവും വീടുകളിലാണ് ഉണ്ടാകുന്നത്. ഇവിടെയാണ് വീടുകളിലെ മാലിന്യങ്ങൾ അവിടങ്ങളിൽത്തന്നെ കൈകാര്യം ചെയ്യേണ്ടതിന്റെ പ്രസക്തി. വീടുകളിൽ ഉണ്ടാകുന്ന മാലിന്യത്തെ പ്രധാനമായി മൂന്നായി തരംതിരിക്കാം. മനുഷ്യവിസർജ്ജ്യം അടങ്ങുന്ന, ബ്ലാക്ക് വാട്ടർ അഥവാ സീവേജ് പ്രധാനമായും കക്കൂസിൽ നിന്നുള്ള മാലിന്യമാണ്. ഇത് വീട്ടിലുണ്ടാകുന്ന മലിനജലത്തിന്റെ ഏകദേശം 30 ശതമാനത്തോളം വരും. അടുക്കള, കുളിമുറി, വസ്ത്രം കഴുകൽ തുടങ്ങിയവയിൽ നിന്നും ഉണ്ടാകുന്ന മലിനജലത്തെ ഗ്രേ വാട്ടർ അഥവാ സള്ളേജ് എന്ന പേരിലാണറിയപ്പെടുന്നത്. ഇത് വീടുകളിലുണ്ടാകുന്ന ആകെ മലിനജലത്തിന്റെ ഏകദേശം 70 ശതമാനം വരും. നഗരപ്രദേശത്ത് ഏകദേശം 120 ലിറ്റർ മലിനജലം ഒരാൾ ഒരു ദിവസം ഉണ്ടാക്കുന്നുവൊണ് കണക്കാക്കിയിട്ടുള്ളത്. ഉപയോഗിക്കുന്ന ജലത്തിന്റെ ഏകദേശം 80 ശതമാനവും മലിനജലമായി പുറത്തുവരുന്നു.

ഖരമാലിന്യത്തിന്റെ കാര്യത്തിൽ കേരളത്തിലെ പഠനങ്ങൾ വെളിവാക്കുന്നത് നഗരപ്രദേശത്ത് വസിക്കുന്ന ഒരാൾ പ്രതിദിനം 400 ഗ്രാം ഖരമാലിന്യം പുറന്തള്ളുന്നുവെന്നാണ്. നാട്ടിൻപുറങ്ങളിൽ ഇത് ഏകദേശം 250 ഗ്രാമും. അതായത്, അഞ്ചുപേരടങ്ങുന്ന ഒരു കുടുംബത്തിൽ നിന്നും പ്രതിദിനം 1.5 കിലോ മുതൽ 2 കിലോ വരെ ഖരമാലിന്യം ഉണ്ടാകുന്നുണ്ടെന്നർത്ഥം.

> പഠനങ്ങൾ വെളിവാക്കുന്നത് അഞ്ചു പേരടങ്ങുന്ന ഒരു കുടുംബത്തിൽ നിന്നും പ്രതിദിനം 1.5 കിലോ മുതൽ 2 കിലോ വരെ ഖരമാലിന്യം ഉണ്ടാകുന്നുവെന്നാണ്

ഇവ എങ്ങനെ സംസ്കരിക്കും? വീടുകൾ നിലനിൽക്കുന്ന സ്ഥലത്തുതന്നെ ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി സംസ്കരിക്കുക എന്നതാണ് കരണീയം.

## ഖരമാലിന്യസംസ്കരണത്തിന് ലളിത മാർഗങ്ങൾ

ചപ്പുചവറുകൾ അഥവാ ഖരമാലിന്യം വീടുകളിലായാലും സ്ഥാപനങ്ങളിലായാലും ഉണ്ടാകുന്ന സ്ഥലത്തുതന്നെ തരംതിരിച്ച് സംഭരിക്കുക എതാണ് ഏറ്റവും പ്രധാനപ്പെട്ട നടപടി. ചുരുങ്ങിയത് രണ്ടായിട്ട് ചപ്പുചവറുകളെ തരംതിരിക്കാൻ നമുക്ക് കഴിയണം. വേഗത്തിൽ ചീഞ്ഞളിയുന്നവ ഒരു സംഭരണിയിലും ചീഞ്ഞളിയാത്ത അഥവാ ജൈവ ജീർണ്ണനം നടക്കാത്തവ മറ്റൊന്നിലും തരംതിരിച്ച് സംഭരിക്കുന്നതാണ് ഉത്തമം.

വേഗം ചീഞ്ഞളിയുന്ന മാലിന്യങ്ങളാണ് ദുർഗ്ഗന്ധം പരത്താനും ഈച്ച, കൊതുക് എന്നിവ പെരുകാനും തദ്വാരാ പരിസര മലിനീകരണത്തിനിടയാക്കുന്നത്. അത്തരത്തി

ലുള്ള മാലിന്യങ്ങൾ ഉണ്ടാകുന്ന സ്ഥലത്തു തന്നെ ജൈവപ്രക്രിയകളായ കമ്പോസ്റ്റിങ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ ഉപയോഗിച്ച് അവയിൽ നിന്നും വിഭവങ്ങൾ വീണ്ടെടുക്കാവുന്നതാണ്. ചെലവുകുറഞ്ഞ ലളിതമാർഗ്ഗങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം.

വീടുകളിൽ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് വിവിധ തരത്തിലുള്ള കമ്പോസ്റ്റിങ് രീതികൾ ഉപയുക്തമാക്കാം. നമ്മൾ പരമ്പരാഗതമായി ചെയ്തുവരുന്ന ലളിതമായ കുഴി കമ്പോസ്റ്റിങ് രീതിയോ കോൺക്രീറ്റ് റിങ്ങുകൾ ഉപയോഗിച്ചുള്ള റിങ് കമ്പോസ്റ്റിങ് രീതിയോ ഉപയുക്തമാക്കാം. വായുസാന്നിദ്ധ്യം ഇല്ലാതുള്ള ഇത്തരത്തിലുള്ള ലഘുവായ കമ്പോസ്റ്റിങ് പ്രക്രിയ മൂന്നു മുതൽ ആറു വരെ മാസം കൊണ്ട് പൂർത്തിയാകും. ഇത്തരത്തിൽ ലഭിക്കുന്ന കമ്പോസ്റ്റ് വീട്ടുവളപ്പിൽ തന്നെ കൃഷിക്ക് ഉപയുക്തമാക്കാം. സ്ഥലസൗകര്യം കുറഞ്ഞ വീടുകളിലും ഫ്ളാറ്റുകളിലും വെർമി കമ്പോസ്റ്റിങ് രീതി അനുവർത്തിച്ച ഭക്ഷ്യാവശിഷ്ടങ്ങളും അടുക്കള അവശിഷ്ടങ്ങളും കമ്പോസ്റ്റാക്കി മാറ്റാൻ കഴിയും.

സ്ഥല സൗകര്യമുള്ളതും തൊട്ടടുത്ത് കുടിവെള്ള സ്രോതസ്സ് ഇല്ലാത്തതുമായ വീടുകളിൽ ചെറിയ കുഴി കമ്പോസ്റ്റിങ് നടത്താനായി ഒരു മീറ്റർ നീളവും ഒരു മീറ്റർ താഴ്ചയും ഉള്ള രണ്ട് കുഴികൾ ഉണ്ടാക്കി കുഴിയുടെ അടിഭാഗം ഇഷ്ടിക പാകി നിരപ്പാക്കി ഉപയോഗപ്പെടുത്താം. ആദ്യം ഒരു കുഴി മാലിന്യ നിക്ഷേപത്തിനായി ഉപയോഗിക്കാം. ഇടയ്ക്കിടക്ക് മാലിന്യനിക്ഷേപത്തിനുശേഷം മണ്ണ് വിതറുന്നത് ഈച്ച, കൊതുക്, തുടങ്ങിയവ പരക്കാതിരിക്കാനും ദുർഗന്ധം വമിക്കാതിരിക്കാനും സഹായിക്കും. ആദ്യത്തെ കുഴി നിറയുമ്പോൾ അത് മണ്ണിട്ട് മൂടിയിട്ട് രണ്ടാമത്തെ കുഴി ഉപയോഗിക്കാം. രണ്ടാമത്തെ കുഴി നിറയുമ്പോൾ ആദ്യത്തെ കുഴിയിലെ മാലിന്യം കമ്പോസ്റ്റായി മാറിയിരിക്കും. ഇതിന് പരമാവധി 400 രൂപയുടെ ചെലവേ ഉണ്ടാകൂ.

ഇതേ രീതിയിൽ തന്നെ രണ്ട് കോൺക്രീറ്റ് റിങ്ങുകൾ (ഫെറോ സിമന്റ് റിംഗുകളുമാകാം) ഉപയോഗപ്പെടുത്തി സാധാരണ കമ്പോസ്റ്റിങ് നടത്താം. ഒരു മീറ്റർ വ്യാസവും 70 സെന്റീമീറ്റർ പൊക്കത്തിലും മൂടിയോടുകൂടിയ രണ്ട് കോൺക്രീറ്റ് റിങ്ങുകൾ സിമന്റിട്ട പ്രതലത്തിൽ വെച്ച് കമ്പോസ്റ്റിങ് നടത്തുതാണ് റിങ് കമ്പോസ്റ്റിങ് രീതി. സ്ഥലസൗകര്യം കുറഞ്ഞ നഗരപ്രദേശത്തെ വീടുകൾക്ക് ഇത് യോജിച്ചതാണ്. രണ്ട് റിങ്ങുകൾക്കും അത് മൂടി വെയ്ക്കാനുള്ള സ്ലാബുൾപ്പെടെ ഏകദേശം 1200 രൂപയേ ചെലവ് വരുകയുള്ളൂ.

മണ്ണിര കമ്പോസ്റ്റിങ് രീതിയും നമുക്ക് ഉപയോഗപ്പെടുത്താം. പക്ഷേ അവ ശ്രദ്ധയോടെ നടത്തുവാൻ കഴിയുന്നവർക്കാണ് കൂടുതൽ പ്രായോഗികം. 25 ലിറ്റർ ശേഷിയുള്ള രണ്ട് പ്ലാസ്റ്റിക് അല്ലെങ്കിൽ ചെളി കൊണ്ട് നിർമ്മിച്ച ബിന്നുകളിൽ (ചട്ടികളിലും) അവയുടെ താഴ്ഭാഗം വെള്ളം വാർന്നുപോകാൻ പാകത്തിൽ സുഷിരങ്ങളിട്ട് മണലും ചകിരിയും കൊണ്ട് ബെഡ് ഉണ്ടാക്കി കമ്പോസ്റ്റിങ്ങിനായി ഉപയോഗപ്പെടുത്താം. ഒരു ബിന്നിൽ ഏകദേശം 200 മണ്ണിരകളെ ഇട്ട് നടത്തുന്ന ഇത്തരത്തിലുള്ള കമ്പോസ്റ്റിങ് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്താൽ വളരെ മൂല്യമുള്ള മണ്ണിര വളം ലഭിക്കും എന്നതാണ് മെച്ചം. ഇത്തരത്തിൽ രണ്ട് ബിന്നുകൾ തയ്യാറാക്കാൻ ഏകദേശം 800 രൂപയേ ചെലവ് വരൂ.

ഗാർഹിക തലത്തിൽ അനുവർത്തിക്കാവുന്ന മറ്റൊരു ഖരമാലിന്യ സംസ്കരണ രീതിയാണ് ബയോഗ്യാസ് പ്ലാന്റുകൾ. വേഗത്തിൽ ചീഞ്ഞളിയുന്ന ഭക്ഷ്യ-അടുക്കള അവശിഷ്ടങ്ങളും ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗപ്പെടുത്തി സംസ്കരിക്കാം. ഇതിനോടൊപ്പം മനുഷ്യവിസർജ്ജ്യം കൂടി കലർത്തിയാൽ ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുകയും ബയോഗ്യാസ് കൂടുതലായി കിട്ടുമെന്നും കാണാൻ കഴിഞ്ഞിട്ടുണ്ട്. വീടുകളിൽ സാധാരണ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി 1/2 ക്യൂബിക് മീറ്ററോ പരമാവധി ഒരു ക്യൂബിക് മീറ്ററോ ആണ്. ഇതിൽ പ്രതിദിനം 2.5 കിലോ മുതൽ 7.5 കിലോ വരുന്ന ഖരമാലിന്യവും അത്രതന്നെ ദ്രവമാലിന്യവും സംസ്കരിക്കാൻ കഴിയും. 1/2 ക്യൂബിക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് പ്ലാസ്റ്റിക് ടാങ്ക് ഉപയോഗിച്ച് നിർമ്മിച്ച് അതിനുള്ള സ്റ്റൗ, മറ്റ് അനുബന്ധ സാമഗ്രികളുമായി ഏകദേശം 3000 രൂപയാണ് സ്ഥാപനച്ചെലവായി വേണ്ടുന്നത്. 1 ക്യൂബിക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് കോൺക്രീറ്റിൽ ദഹന അറയും ഫൈബർ ഗ്യാസ് ഹോൾഡറുമായി നിർമ്മിക്കുന്നതിന് ഏകദേശം 10,000 രൂപ സ്ഥാപന ചെലവ് വേണ്ടി വരും. 1/2 ക്യൂബിക് മീറ്റർ ശേഷിയുള്ള പ്ലാന്റായാൽ ഒരു സ്റ്റൗ ഏകദേശം 1 1/2 മണിക്കൂർ കത്തിക്കാനും 1 ക്യൂബിക് മീറ്റർ ശേഷിയുള്ള പ്ലാന്റിൽ നിന്നും ഏകദേശം 2-3 മണിക്കൂർ കത്തിക്കാനുള്ള ബയോഗ്യാസും ലഭിക്കും. വീടുകളിൽ വ്യാപകമായി ഉപയോഗപ്പെടുത്താവുന്ന ഒരു സാങ്കേതിക വിദ്യയാണ് ബയോഗ്യാസ് പ്ലാന്റ് എന്നു ചുരുക്കം.




ബയോഗ്യാസ് പ്ലാൻറ്

> കേരളത്തിലെ നഗരപ്രദേശത്ത് വസിക്കുന്ന ഒരാൾ പ്രതിദിനം 400 ഗ്രാം ഖരമാലിന്യം പുറന്തള്ളുന്നു. നാട്ടിൻപുറങ്ങളിൽ ഏകദേശം 250 ഗ്രാമും. അഞ്ചുപേരടങ്ങുന്ന ഒരു കുടുംബത്തിൽ നിന്നും പ്രതിദിനം 1.5 കിലോ മുതൽ 2 കിലോവരെ ഖരമാലിന്യം ഉണ്ടാകുന്നു.

### അജൈവമോ അപകടകാരികളായതോ ആയ മാലിന്യങ്ങൾ

അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്, ലോഹങ്ങൾ, ഗ്ലാസ്സ് തുടങ്ങിയ പാഴ്വസ്തുക്കൾ വീടുകളിൽ ഉണ്ടാകുന്നത് സംഭരിച്ച് വെയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കുക എന്നതാണ് പ്രധാന കാര്യം. പ്ലാസ്റ്റിക് വസ്തുക്കൾ, വിശേഷിച്ച് ക്യാരിബാഗുകൾ വിവിധ തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ക്യാരിബാഗുകൾ 30 മൈക്രോണിൽ താഴെ കട്ടിയുള്ളത് നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും പൂർണ്ണമായും ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുക, പേപ്പർ,

ചണം, തുണി തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുള്ള സഞ്ചികൾ ഉപയോഗിക്കുക, പ്ലാസ്റ്റിക് സഞ്ചികൾ കഴുകി വീണ്ടും ഉപയോഗിക്കുക തുടങ്ങിയവയാണ് ചെയ്യാവുന്നത്. ഉപയോഗശേഷം അഴുക്കാക്കാതെ സംഭരിച്ച് വെച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ നമുക്ക് കഴിയണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിസോഴ്സ് റിക്കവറി സെന്ററുകൾ ആരംഭിച്ച് ഇത്തരത്തിലുള്ള റീസൈക്ലിങ് സാദ്ധ്യതയുള്ള വസ്തുക്കൾ ഒന്നായി ശേഖരിച്ച് അവ റീസൈക്ലിങ് നടത്തുന്ന വ്യവസായ ശാലകൾക്ക് കൈമാറാൻ കഴിയും. ശേഖരിക്കാനും റീസൈക്ലിങ് യൂണിറ്റ് കണ്ടെത്താനോ പഞ്ചായത്തിൽ ഒരെണ്ണം സ്ഥാപിക്കാനോ തയാറാകണമെന്നുമാത്രം.

വിവിധതരത്തിലുള്ള അപകടകാരികളായ പാഴ് വസ്തുക്കളും നാം വീടുകളിൽ നിന്നും പുറന്തള്ളുന്നുണ്ട്. ഫ്യൂസായ ബൾബ്, റ്റ്യൂബ് ലൈറ്റുകൾ, സി.എഫ്. എൽ.ലാമ്പുകൾ, ബാറ്ററി, മരുന്നിന്റെയും കീടനാശിനിയുടെയും അവശിഷ്ടങ്ങൾ, തുടങ്ങിയവ മറ്റ് മാലിന്യങ്ങളുമായി കലരാതെ തദ്ദേശസ്വയംഭരണ തലത്തിൽ സംഭരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതാണുത്തമം. ഇതിനുള്ള സഹായം നൽകാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനും ഏജൻസികളെ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### ഒന്നു പരീക്ഷിച്ചാലോ?

സംഗതി കൊള്ളാം, എന്നാൽ ഇതൊക്കെ ഒന്നു പരീക്ഷിച്ചുകളയാമെന്നു വിചാരിച്ചാൽ പല പ്രശ്നങ്ങളും പൊന്തിവരില്ലേ എന്ന് നമ്മൾ ചോദിച്ചേക്കാം. ഇതിനൊക്കെയുള്ള സാങ്കേതികസഹായങ്ങൾ എവിടുന്നു കിട്ടും എന്നാവും ആദ്യ സംശയം. മനസുവച്ചാൽ എല്ലാത്തിനും വഴിയുണ്ട്. വിവിധ കമ്പോസ്റ്റിങ് രീതികൾ, ബയോഗ്യാസ് പ്ലാന്റ് എന്നീ സാങ്കേതികവിദ്യകൾ വീടുകൾ, സ്ഥാപനങ്ങൾ,

**വീട്ടിൽ അനുവർത്തിക്കാവുന്ന മറ്റൊരു ഖരമാലിന്യ സംസ്കരണ രീതിയാണ് ബയോഗ്യാസ് പ്ലാന്റുകൾ.**

പട്ടണങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുമ്പോൾ പ്ലാന്റുകൾക്ക് ഉണ്ടാകേണ്ട ഗുണനിലവാര മാർഗ്ഗരേഖ, പ്രവർത്തിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മതിപ്പ് ചെലവ് തുടങ്ങിയവ ഉൾക്കൊള്ളിച്ച് സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് 2008ഫെബ്രുവരി 11ന് മാർഗ്ഗരേഖ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ (www.lsg.kerala.gov.in) നിന്നും ലഭ്യമാകും.

പൊതുജനങ്ങൾക്കും സ്ഥാപന ഉടമകൾക്കും ഈ മാർഗ്ഗരേഖ ഉപയോഗപ്പെടുത്തി സാങ്കേതിക വിദ്യയുടെ വിശദവിവരങ്ങൾ മനസ്സിലാക്കി പ്രാവർത്തികമാക്കാം. വീടുകൾക്കും സ്ഥാപനങ്ങൾക്കും കമ്പോസ്റ്റ് സംവിധാനമോ ബയോഗ്യാസ് പ്ലാന്റോ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം സബ്സിഡി ആയി നൽകാനും പ്രസ്തുത വിജ്ഞാപനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു പഞ്ചായത്തിലെ ഏതാനും



ലഘു ബയോഗ്യാസ് പ്ലാന്റ്

വാർഡുകൾ തെരഞ്ഞെടുത്ത് അതിനെ മാലിന്യമുക്തവാർഡുകളായി മാറ്റുന്നതിന് എല്ലാ വീടുകളിലും ഏതെങ്കിലും രീതിയിലുള്ള കമ്പോസ്റ്റിങ് രീതിയും ബയോഗ്യാസ് പ്ലാന്റുകളും സാമ്പത്തിക സ്ഥിതി അനുസരിച്ച് തെരഞ്ഞെടുത്ത് ഏർപ്പെടുത്താൻ സമഗ്ര പദ്ധതി പഞ്ചായത്തുകൾക്ക് തയ്യാറാക്കാവുന്നതാണ്.

ബയോഗ്യാസ് പ്ലാന്റ് എവിടെ കിട്ടും, സോക്പിറ്റ് നിർമാണവും കക്കൂസ് നിർമാണവും എങ്ങനെ വേണം തുടങ്ങിയ നിവവധി കാര്യങ്ങളിൽ കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിന് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ ശുചിത്വ മിഷന്റെ ജില്ലാതല ഓഫീസുകളുമായോ ബന്ധപ്പെടാവുന്നതാണ്.

ശുചിത്വമിഷൻ ജില്ലാ ഓഫീസുകളുടെ ഫോൺ നമ്പർ :

| | | |
|---|---|---|
| തിരുവനന്തപുരം | - | 0471-2304505 |
| കൊല്ലം | - | 0474-2791910 |
| പത്തനംതിട്ട | - | 0468-2322014 |
| ആലപ്പുഴ | - | 0477-2253020 |
| കോട്ടയം | - | 0481-2573606 |
| എറണാകുളം | - | 0484-2428701 |
| ഇടുക്കി | - | 0486-2232295 |
| തൃശ്ശൂർ | - | 0487-2360154 |
| പാലക്കാട് | - | 0491-25055710 |
| മലപ്പുറം | - | 0483-2738001 |
| കോഴിക്കോട് | - | 0495-2370677 |
| വയനാട് | - | 04936-203223 |
| കണ്ണൂർ | - | 0497-2700078 |
| കാസർകോഡ് | - | 04994-255350 |

*ശുചിത്വമിഷൻ ഡയറക്ടറാണ് ലേഖകൻ*



മണ്ണിര കമ്പോസ്റ്റ്

**ബി. സജിത്ത് / ഡി.എസ്. ഷൈനി**



**വീട്ടിനുള്ളിലെ പൊതു ശുചിത്വവും ജലസംരക്ഷണവും മലിനജലം ഒഴിവാക്കലും ശ്രദ്ധവച്ചാൽ ഏറെ മെച്ചപ്പെടുത്താം. അതിനുള്ള എളുപ്പമാർഗങ്ങൾ...**

# ജലം കൈകാര്യം കരുതലോടെ

ശുചിത്വം പാലിക്കൽ എന്നത് മലയാളിയെ സംബന്ധിച്ചു പുതിയ ഒരു ജീവിത രീതി അല്ല. അത് പാരമ്പര്യമായി സിദ്ധിച്ചതാണ്. വ്യക്തിശുചിത്വം പാലിക്കുക എന്നത് നമ്മുടെ മുൻ തല മുറകൾ കണിശമായിട്ട് അനുവർത്തിച്ചുപോന്ന ഒരു ശീലമായി രുന്നു. വ്യക്തിശുചിത്വം പോലെ തന്നെ നമ്മുടെ ഓരോ വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതും നാം വളരെ ശ്രദ്ധിച്ചിരുന്ന കാര്യമായിരുന്നു.

ഇന്ന് ജനസംഖ്യ വർദ്ധന, സ്ഥല പരിമിതി, നഗരവത്കരണം, തുടങ്ങിയവയുടെ ഭാഗമായി മലയാളിയുടെ കാഴ്ചപ്പാടിൽ വളരെ അധികം പരിണാമം ഉണ്ടായിട്ടുണ്ട്. ഇക്കാരണത്താൽ തന്നെ നാം കാത്തു സൂക്ഷിച്ചിരുന്ന ഗൃഹശുചിത്വം നമ്മിൽ നിന്നും അകന്നു പോയതായി കാണാം. സ്ഥലപരിമിതി മൂലം മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുന്നത് നാം വേണ്ടത്ര പരിഗണന നൽകാതെ പോകുന്നു. ഒരു കക്കൂസ് വീട്ടിൽ ഉണ്ടായാൽ ശുചിത്വം ആയി എന്ന ബോധമാണ് നമ്മിൽ പലരിലും കാണുന്നത്. മറിച്ച്, ഗൃഹശുചിത്വം എന്നത് കക്കൂസിനുമപ്പുറം വീട്ടിൽ ഓരോരുത്തരിലും പ്രത്യേക പരിഗണന നൽകി ശീലമാക്കേണ്ട മറ്റു ചില കാര്യങ്ങൾ കൂടിയാണ് എന്ന ബോധ്യം നമ്മിൽ ഉണ്ടാകേണ്ടതുണ്ട്. ഇവ ഏതാണ് എന്ന് പരിശോ ധിക്കാം.

ശുചിത്വം തുടങ്ങേണ്ടത് അടുക്കളയിൽ നിന്നുതന്നെ. അടുക്കളയിൽ പാത്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് കോൺക്രീറ്റ് അല്ലെങ്കിൽ പലകകൾ കൊണ്ടോ ചെലവ് കുറഞ്ഞ രീതിയിൽ സ്ളാബുകൾ വേണ്ടതുണ്ട്. പാത്രങ്ങളും മറ്റും കഴുകുന്നതിനുള്ള സൗകര്യം ലഭ്യമാക്കി പാഴ് വെള്ളം സോക് പിറ്റിലേക്ക് ഒഴുക്കണം. കുടിവെള്ളം സംഭരിച്ച് അത് തിളപ്പിച്ചശേഷം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. പാകം ചെയ്ത് ഭക്ഷണ സാധനങ്ങൾ അടച്ചു സൂക്ഷിക്കണം. പുകശല്യമില്ലാത്ത അടുപ്പ് പരമാവധി പ്രയോജന പ്പെടുത്തേണ്ടതാണ്. കേരളം ഏറ്റവും കൂടുതൽ വിറകിനെ ആശ്രയിക്കുന്ന ഒരു സംസ്ഥാനമാണ്. സാധാരണ ഇന്ന് നാം ഉപയോഗിക്കുന്ന നാടൻ അടുപ്പുകളെക്കാൾ പുകയില്ലാ അടുപ്പുകളുടെ ഇന്ധനശേഷി മൂന്നിരട്ടിയാണ്. അടുക്കളയിൽ മണിക്കൂറുകളോളം കഴിയുന്ന സ്ത്രീകൾക്ക് അടുപ്പ് ഉപയോഗിക്കുക മൂലം ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ഉണ്ടാകാറുണ്ട്. ആരോഗ്യ സംരക്ഷണം പോലെ തന്നെ പുകയില്ലാത്ത അടുപ്പ് ഉപയോഗിക്കുമ്പോൾ അടുക്കള കരിപിടിച്ച് വൃത്തികേടാകില്ല. മാത്രമല്ല സമയലാഭവും ഇന്ധന ലാഭവും ഉണ്ടാകുന്നു.

എല്ലാ മുറികളിലേയും ജന്നലുകൾ തുറന്നു ധാരാളം വായുവും വെളിച്ചവും കടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താം. കുട്ടികളുടെ കളിക്കോപ്പ്, പത്രങ്ങൾ, വസ്ത്രങ്ങൾ, കൂടുകൾ, മാസികകൾ ഒഴിഞ്ഞ കവറുകൾ, സി.ഡി. കവറുകൾ എന്നിവ അതത് സ്ഥലങ്ങളിൽ അടുക്കി വയ്ക്കുന്ന പ്രവണത നമ്മളിൽ പ്രത്യേകിച്ച് കുട്ടികളിൽ ശീലിപ്പിക്കേണ്ടതാണ്. എല്ലാ മുറികളും അടിച്ചു വൃത്തിയാക്കണം. പല വീടുകളിലും ഉത്തരത്തിൽ മാറാല കാണാം. ഇത് സമയാസമയങ്ങളിൽ വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. ജൈവാശിഷ്ടങ്ങൾ വലിച്ചെറിയാതെ കമ്പോസ്റ്റ് ചെയ്യുകയാണ് വേണ്ടത്. തൊഴുത്തുകൾ ഉണ്ടെങ്കിൽ വീട്ടിൽ നിന്ന് ദൂരെ മാറി വേണം നിർമ്മിക്കാൻ. കൂടാതെ ചാണകം,ഫലപ്രദമായി ഉപയോഗിക്കുന്നതിന് വീട്ടിൽ തന്നെ പച്ച ക്കറിത്തോട്ടം

തുടങ്ങാവുന്നതാണ്. കിണറിന്റെ ചുറ്റുപാട് വൃത്തിയായി സൂക്ഷിച്ചിരിക്കണം.

വീടിന്റെ ചുറ്റുപാടും ചിരട്ട, പ്ളാസ്റ്റിക്, ആവശ്യമില്ലാത്ത ഒഴിഞ്ഞ കുപ്പികൾ, കുഴികൾ തുടങ്ങി വെള്ളം കെട്ടിക്കിടന്ന് കൊതുകിന് മുട്ടയിടാൻ സൗകര്യം ഉണ്ടാകുന്ന ഒരു സാദ്ധ്യതയും അനുവദിക്കരുത്. കുപ്പി, തകരം, പ്ളാസ്റ്റിക് എന്നിവ പ്രത്യേകം ശേഖരിച്ച് ആക്രി വാങ്ങുന്നവർക്ക് വില്ക്കണം. മുഷിഞ്ഞ വസ്ത്രങ്ങൾ ഒരിക്കലും അലക്കിയ വസ്ത്രങ്ങളോടൊപ്പം സൂക്ഷിക്കരുത്. കക്കൂസ്, കുളിമുറി എന്നിവ ദിവസവും കഴുകി വൃത്തിയാക്കണം. വിഷ-രാസ വസ്തുക്കൾ കുട്ടികളുടെ കൈയ്യെത്താത്ത ഇടങ്ങളിൽ സൂക്ഷിച്ചു വയ്ക്കുക. തിളപ്പിച്ച് ആറ്റിയ വെള്ളം മാത്രം കുടിക്കുന്നതിന് ഉപയോഗിക്കുക.

സ്ഥലം ലഭ്യമായ വീടുകളിൽ പരമാവധി പൂച്ചെടികൾ, ഔഷധചെടികൾ, പച്ചക്കറികൾ എന്നിവ നട്ടുപിടിപ്പിക്കുക. വീടിന്റെ അതിർത്തിയോടു ചേർന്ന് വാഴ, മാവ്, പ്ളാവ്, തേക്ക്, മറ്റു ഫലവൃക്ഷങ്ങളായ പേര, ചാമ്പ, ലവലോലി, ആപ്പിൾ തുടങ്ങിയവ നട്ടുപിടിപ്പിക്കാവുന്നതാണ്. പൂച്ചെടികൾ, ഔഷധച്ചെടികൾ പച്ചക്കറി എന്നിവ വീട്ടിലെ ടെറസ്സിലും നട്ടുപിടിപ്പിക്കാവുന്നതാണ്.

## ദ്രവമാലിന്യ സംസ്കരണം

വീടുകളിൽ ഉണ്ടാകുന്ന മലിനജലത്തിന്റെ ഏകദേശം 2/3 ഭാഗം അടുക്കള, കുളിമുറി, വസ്ത്രം കഴുകൽ തുടങ്ങിയവയിൽ നിന്നുള്ള സള്ളേജ് എന്നറിയപ്പെടുന്ന മലിനജലമാണ്. ഇതിനെ മനുഷ്യവിസർജ്ജ്യങ്ങളുമായി കലരാതെ പ്രത്യേകം ശേഖരിച്ച് ലഘുവായ ശുദ്ധീകരണത്തിനു ശേഷം വീടുകളിൽ ചെടികൾ നനയ്ക്കാനും കാർഷിക ആവശ്യങ്ങൾക്കായും ഭൂഗർഭജല പോഷണത്തിനുമായി ഉപയുക്തമാക്കാം. സ്ഥലസൗകര്യമുള്ള വീടുകളിൽ അവ വീട്ടുപരിസരത്ത് കെട്ടിക്കിടന്ന് ഈച്ചയും കൊതുകും പരത്താത്ത തരത്തിൽ നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. എണ്ണ മെഴുക്ക് മാറ്റാനായി ഒരു ചെറിയ ടാങ്കും മലിനജലത്തിൽ അടങ്ങിയിട്ടുള്ള ഖരപദാർത്ഥങ്ങൾ അലിയിച്ചുമാറ്റാനുള്ള ചെറിയ ടാങ്കും നിർമ്മിച്ച് അവയിലൂടെ ഒഴുക്കി ശുദ്ധീകരിച്ച ശേഷം വീട്ടുവളപ്പിലെ കൃഷിക്കോ, വൃക്ഷത്തിന്റെ ചുവട്ടിലേക്കോ ഒഴുക്കി കളയാം. സ്ഥലസൗകര്യം കുറഞ്ഞ വീടുകളിൽ സോക്ക്പിറ്റുകൾ നിർമ്മിച്ച് സള്ളേജ് (മലിനജലം) നിർമ്മാർജ്ജനം ചെയ്യുന്നത് ആ പ്രദേശത്തെ ഭൂഗർഭ ജലപോഷണത്തിന് സഹായകമാകും. ഇത്തരത്തിൽ പാഴ്ജലം നമുക്ക് പ്രകൃതിക്ക് ഇണങ്ങുന്നതരത്തിൽ നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. വീടുകളിൽ ഉണ്ടാകുന്ന മലിനജലം, ശുദ്ധീകരിച്ചതാണെങ്കിൽക്കൂടി, റോഡ് വക്കിലുള്ള ഓടയിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കിവിടരുത്. റോഡുവക്കിലെ ഓട മഴവെള്ളം ഒഴുക്കിക്കളയാനുള്ളതാണ്, മലിനജലം ഒഴുക്കാനുള്ളതല്ല എന്ന ബോധം നമുക്കുണ്ടാകണം. ഇത്തരത്തിൽ ലഘുവായ രീതികൾ അവലംബിച്ച് ഗാർഹിക മലിനജലം നമുക്ക് പ്രകൃതിക്ക് ഇണങ്ങിയ രീതിയിൽ വിനിയോഗിക്കാൻ കഴിയില്ലേ?

> വീടുകളിൽ ഉണ്ടാകുന്ന മലിനജലത്തിന്റെ ഏകദേശം 2/3 ഭാഗം അടുക്കള, കുളിമുറി, വസ്ത്രം കഴുകൽ തുടങ്ങിയവയിൽ നിന്നുള്ള സള്ളേജ് എന്നറിയപ്പെടുന്ന മലിനജലമാണ്.



## സോക്ക്പിറ്റ് നിർമ്മാണവും പ്രവർത്തനവും

കുളിമുറി, അടുക്കള, കിണർ മുതലായ സൗകര്യങ്ങളിൽ നിന്ന് മലിനജലം ഒഴുക്കി സോക്ക് പിറ്റിലെ വിവിധ തട്ടുകളിലൂടെ കടത്തി വിട്ട്, ഏതാണ്ട് മാലിന്യ രഹിതമാക്കി, മണ്ണിലേക്ക് താഴ്ത്തുകയാണ് സോക്ക് പിറ്റ് സംവിധാനത്തിലൂടെ ചെയ്യുന്നത്.

ഗ്രേവാട്ടർ സോക്പിറ്റ്







സോക്പിറ്റ് ഡയഗ്രം

ആദ്യമായി സൗകര്യപ്രദമായ സ്ഥലത്ത് (വീടിന്റെ അരികിൽ തന്നെ) ഒരു മീറ്റർ നീളം, വീതി ആഴത്തിൽ ഒരു കുഴി എടുക്കണം. ഭിത്തി തേനീച്ച കൂട് മാതൃ കയിൽ ചെറിയ കള്ളികളോടെ കെട്ടുക. (മണ്ണിടിഞ്ഞു വീഴാതിരിക്കാൻ) കുഴിയുടെ മുകൾ ഭാഗത്തെ 20 സെന്റിമീറ്ററിൽ ഇപ്രകാരം കെട്ടേണ്ട ആവശ്യമില്ല. കുഴിയെ നാലു തട്ടുകളായി തിരിക്കണം. ഏറ്റവും താഴത്തെ ഭാഗത്ത് വലിപ്പമുള്ള ഇഷ്ടിക ക്കഷണങ്ങൾ നിറയ്ക്കണം. അതിനു മുകളിൽ കുറെ കൂടി ചെറിയ ഇഷ്ടികക്കഷണങ്ങൾ നിറയ്ക്കണം. മൂന്നാമത്തെ ഭാഗത്ത് ഇതിലും ചെറിയ പാറക്കഷണങ്ങൾ നിറയ്ക്കണം. നാലാമത്തെ ഭാഗത്ത് (ഏറ്റവും മുകളിൽ) പകുതി ഭാഗത്ത് തരിമണലും (താഴെ) ബാക്കി പകുതിയിൽ ചെറിയ മണ്ണും കൊണ്ട് നിറയ്ക്കണം. മണലിനു മുകളിൽ തേങ്ങയുടെ തൊണ്ട് നിരത്തുന്നത് നല്ലതാണ്. അതിന് മുകൾ വശം ചാക്ക് കൊണ്ട് മൂടുകയും ചെയ്യുന്നത് നല്ലതാണ്.

തൊണ്ട് മാറ്റി പുതിയ തൊണ്ട് വയ്ക്കുകയും ചാക്കിൽ വന്ന് നിൽക്കുന്ന തരികൾ വല്ലപ്പോഴും നീക്കം ചെയ്യുകയും ചെയ്യേണ്ട താണ്.

മലിനജലം വലിച്ചെടുക്കാൻ സാധിക്കാത്ത വെള്ളക്കെട്ടു പ്രദേശത്തും പാറക്കെട്ട് പ്രദേശത്തും സോക്ക് പിറ്റുകൾ പ്രയോജനകരമല്ല എന്നു മാത്രമല്ല അത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഏതാണ്ട് 5 വർഷത്തോളം ഒരു കുഴി ഉപയോഗിക്കാം

## മറ്റു മാർഗങ്ങൾ

പച്ചക്കറിത്തോട്ടം നനയ്ക്കാൻ മലിനജലം ഉപയോഗിക്കാം. ചെറിയ ചതുര (ആഴം കുറഞ്ഞ) ക്കുഴികളിൽ പാഴ്ച്ചെടികൾ വളർത്തി അവിടേക്ക് മലിനജലം ഒഴുക്കിവിടുന്നത് വളരെ വിജയകരമായി പരീക്ഷിച്ച് വിജയി ച്ചിട്ടുണ്ട്. ഒരു വീട്ടിൽ ഉത്പാദിപ്പിക്ക പ്പെടുന്ന മലിനജലത്തിന്റെ അളവ് ഇപ്രകാരം സംസ്കരിക്കാൻ പാകത്തിലു ള്ളതാണ്.

വെള്ളത്തിന് ക്ഷാമമുള്ള സ്ഥലങ്ങളിൽ (നമ്മുടെ സംസ്ഥാനവും മെല്ലെ മെല്ലെ അക്കൂട്ടത്തിൽ പെട്ടേക്കാം) മലിന ജലം



ബയോഡൈജസ്റ്റർ

പ്രധാനപ്പെട്ട ഒരു ജലസ്രോതസ്സായി മാറുകയാണ്. നമ്മുടെ രാജ്യത്ത് ഇത്തരത്തിലുള്ള പുനരുപയോഗം പൊതുജനങ്ങൾക്ക് പൊതുവെ സ്വീകാര്യമല്ലാത്തതിനാൽ ഇതിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. പല രാജ്യങ്ങളിലും മലിനജലപുനരുപയോഗത്തിന് വളരെയേറെ പ്രചാരം ലഭിച്ചിട്ടുണ്ട്.

### കക്കൂസിൽ നിന്നുള്ള മാലിന്യനിർമ്മാർജ്ജനം

കക്കൂസിൽ നിന്നുള്ള മാലിന്യസംസ്കരണത്തിനായി സ്ഥലം കൂടുതലുള്ള വീടുകളിലും സ്ഥാപനങ്ങളിലും തൊട്ടടുത്ത് കുടിവെള്ള സ്രോതസ്സ് ഇല്ലാതുള്ള സ്ഥലങ്ങളിൽ ചെലവുകുറഞ്ഞ ഇരട്ടക്കുഴി കക്കൂസുകൾ സ്ഥാപിക്കാവുന്നതാണ്. എന്നാൽ സ്ഥലസൗകര്യം കുറഞ്ഞതും തൊട്ടടുത്ത് കുടിവെള്ള സ്രോതസ്സ് ഉള്ളതുമായ സ്ഥലങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ ഉണ്ടാക്കിയിട്ടുള്ള സെപ്റ്റിക്ടാങ്കും സോക്ക്പിറ്റും ഉണ്ടാക്കി മനുഷ്യവിസർജ്ജ്യം അടങ്ങിയ മലിനജല സംസ്കരണം നടത്തുന്നതാണ് അഭികാമ്യം. സോക്ക്പിറ്റാണ് മലിനജലം മണ്ണിലേക്ക് വാർന്നുപോകാൻ സഹായിക്കുന്നത്. നിയമം അനുശാസിക്കുന്ന ദൂരപരിധി കുറഞ്ഞത് 7.5 മീറ്റർ ആണെങ്കിലും സോക്ക്പിറ്റും കുടിവെള്ള സ്രോതസ്സും തമ്മിലുള്ള അകലം കുറഞ്ഞത് 15 മീറ്റർ ആയിരിക്കുന്നതാണ് കോളിഫോം ബാക്ടീരിയ നിമിത്തമുള്ള ജലമലിനീകരണം തടയാനുത്തമം. 15 മീറ്റർ ദൂരപരിധി പാലിക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേകം തയ്യാറാക്കുന്ന ചുറ്റിലും 45 സെന്റീമീറ്റർ കനത്തിൽ മണൽ നിറച്ച് സോക്ക്പിറ്റുകൾ നിർമ്മിക്കാവുന്നതാണ്. ഇത്തരത്തിലുള്ള സോക്ക്പിറ്റ് വഴി മാലിന്യം അരിച്ച് ഒഴുകുന്നത് കാരണം രോഗാണുക്കൾ അരിച്ച് ഒഴുകാൻ അവസരമുണ്ടാകും. മനുഷ്യനും മൃഗങ്ങളും പ്രാണികളും ബന്ധപ്പെടാത്ത തരത്തിൽ മനുഷ്യവിസർജ്ജ്യം സംസ്കരിക്കാൻ ശ്രദ്ധിച്ചാൽ പകർച്ച വ്യാധികളുടെ വ്യാപനം ഒരളവുവരെ തടയാൻ സഹായകമാകും. മനുഷ്യവിസർജ്ജ്യവുമായി ബന്ധപ്പെട്ട മലിനജലം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

### കിണറുകൾ എങ്ങനെ പരിപാലിക്കാം?

നമ്മുടെ നാട്ടിൽ കുടിവെള്ളം പൈപ്പു വഴി വന്നു തുടങ്ങിയതോടെ കിണറുകൾ അവഗണിക്കപ്പെടുകയോ, മൂടപ്പെടുകയോ ചെയ്തു എന്നാൽ ഇന്ന് ഈ രീതിക്ക് ഒരു മാറ്റം വന്നുകൊണ്ടിരിക്കുന്നത് ആശ്വാസകരമാണ്.

ഒരു ചതുരശ്ര കിലോ മീറ്ററിനുള്ളിൽ ശരാശരി 100 ൽ അധികം കിണറുകൾ ഉള്ള കേരളം ലോകത്തിലേക്കും കൂടുതൽ കിണർ സാന്ദ്രത ഉള്ള ഭൂവിഭാഗമാണ്. മാത്രമല്ല, ഇവിടത്തെ ജനങ്ങളിൽ ഭൂരിഭാഗവും കുടിക്കാനും പാചകം ചെയ്യാനുമുള്ള വെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയുമാണ്. പക്ഷേ കിണറുകൾ ശരിയായ രീതിയിൽ ഉപയോഗിക്കുക എന്നത് വളരെ പ്രധാനമാണ്. ജനസാന്ദ്രത കൂടിയ പ്രദേശമായതിനാലും മറ്റു കാരണങ്ങളാലും കിണറുകൾ മലിനപ്പെടാനും രോഗകാരിയായ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ കൂടാനും സാധ്യതയുള്ളതിനാൽ തിളപ്പിച്ചുമാത്രമേ വെള്ളം കുടിക്കാവൂ. അതോടൊപ്പം കിണർ ശരിയായി ഉപയോഗിക്കുകയും വേണം. ഒരു സാനിട്ടറി കിണറിന് ഇനിപ്പറയുന്ന ഘടകങ്ങൾ ആവശ്യമാണ്. തിട്ടയിലൂടെ മലിനജലം അകത്ത് കടക്കാതിരിക്കാൻ തറനിരപ്പിൽ നിന്ന് രണ്ടര അടി ഉയരത്തിൽ ചുറ്റുമതിൽ നിർമ്മിക്കണം. കിണറിനു ചുറ്റും 3 അടി വീതിയിൽ സിമന്റ് കോൺക്രീറ്റിൽ പുറത്തേക്ക് ചരിവുള്ള പ്ളാറ്റ്ഫോം നിർമ്മിക്കണം. ഓവു ചാൽ കെട്ടണം, ഇതിലൂടൊഴുകി പോകുന്ന വെള്ളം സുരക്ഷിതമായ അകലത്തിൽ പണി തിരിക്കുന്ന സോക്ക് പിറ്റിൽ താഴണം. തുറസ്സായ കിണർ അപകടകാരിയായതിനാൽ സുരക്ഷിതമായി മൂടിയിടണം. കിണറിന്റെ ഉൾവശം രണ്ട് റിങ് (തൊടി) സിമന്റ് പ്ളാസ്റ്റർ ചെയ്യണം, വെള്ളം ചുറ്റുപാടിൽ നിന്നും ഒലിച്ചിറങ്ങാതിരിക്കാനാണിത്. ശുചിത്വാവശ്യങ്ങൾക്കായി നിർമ്മിക്കുന്ന കക്കൂസ് കുഴികൾ കിണറിൽ നിന്നും സുരക്ഷിതമായ അകലത്തിൽ (3 മീ. - 10 മീ. വരെ) നിർമ്മിക്കണം. കിണറിനുചുറ്റുമുള്ള പരിസരത്ത് കുളിക്കാനോ, വിസർജനത്തിനോ വസ്ത്രം കഴുകാനോ, മൃഗങ്ങളെ കുളിപ്പിക്കാനോ ഉപയോഗിക്കരുത്. ആണ്ടിലൊരിക്കൽ കിണർ ഇറച്ചു വൃത്തിയാക്കണം. തൊട്ടിയും കയറും നിലത്ത് വീണ് മലിനമാകാതെ വയ്ക്കാൻ സംവിധാനം വേണം.

### ക്ലോറിനേഷൻ

ജൈവ മാലിന്യം പരിഹരിക്കാൻ ക്ളോറിനേഷൻ വളരെ പ്രയോജനകരമാണ് ആഴ്ചയിലൊരിക്കൽ ക്ളോറിനേഷൻ നടത്തിയാലേ പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂ. 100 ക്യൂബിക് മീറ്റർ വെള്ളത്തിന് 2.5 ഗ്രാം ബ്ളീച്ചിങ് പൗഡർ എന്ന കണക്കിലാണ് ചേർക്കേണ്ടത്. (ഒരു തൊടിക്ക് ഒരു തീപ്പെട്ടിക്കൂട് ബ്ളീച്ചിങ് പൗഡർ എന്ന നാടൻ കണക്ക്)

ബ്ളീച്ചിങ് പൗഡർ ഒരു ബക്കറ്റിൽ ഇട്ട് കുറച്ചു വെള്ളം ചേർത്ത് കുഴമ്പ് രൂപത്തിലാക്കുക. പിന്നീട് കൂടുതൽ വെള്ളം ചേർത്ത് നന്നായി കലക്കുക 10 മിനിട്ട് വയ്ക്കുക. തെളിഞ്ഞ ഭാഗം തൊട്ടിയിൽ പകർന്ന് കിണറിലൊഴിക്കുക, ശക്തിയായി ഉയർത്തുകയും താഴ്ത്തുകയും ചെയ്യുക. ഒരു മണിക്കൂറിനുശേഷം വെള്ളം ഉപയോഗിക്കാം.

കിണർ, ടാപ്പ് എന്നിവയ്ക്ക് പ്ളാറ്റ്ഫോമും, ഓടയും സോക്ക് പിറ്റും, ഉണ്ടാക്കുകയും അതിന്റെ സമീപത്തുള്ള കുളി, അലക്ക് എന്നിവ ഒഴിവാക്കുകയും കേടുപാടുകളില്ലാതെ സംരക്ഷിക്കുകയും വേണം.

### ശേഖരണം

വെള്ളം ശേഖരിക്കുന്നത് പലപ്പോഴും ശരിയായ വിധത്തിലായില്ലെങ്കിൽ അതുമതി രോഗങ്ങൾ കടന്നുവരാൻ. വൃത്തിയുള്ള പാത്രത്തിൽ ശേഖരിക്കണം. ശേഖരിക്കുന്നതിന് മുമ്പ് കൈ വൃത്തിയായി കഴുകിയിരിക്കണം. ടാപ്പാണെങ്കിൽ ചുറ്റുപാട് വൃത്തിയുള്ളതായിരിക്കണം.

ശേഖരിക്കുന്ന പാത്രങ്ങളുടെ മേൽ പാത്രങ്ങൾ വയ്ക്കരുത്. കൈവിരലും വസ്ത്രങ്ങളും വെള്ളത്തിൽ മുട്ടാൻ ഇടയാകരുത്. വെള്ളം വൃത്തിയുള്ള അടപ്പുകൊണ്ട് അടയ്ക്കണം

ഉയർന്ന വൃത്തിയുള്ള സ്ഥലത്ത് വെള്ളം അടച്ചു വയ്ക്കണം. വളർത്തുമൃഗങ്ങളും, പക്ഷികളും മൂലം മലിനപ്പെടുത്താതെ സംരക്ഷിക്കണം. സൂക്ഷിക്കുന്ന പാത്ര ങ്ങൾ ദിവസവും കഴുകി വൃത്തിയാക്കണം കൊച്ചു കുട്ടികൾ എത്തിപ്പിടിക്കാത്ത സ്ഥലത്ത് സൂക്ഷിക്കാൻ ശ്രദ്ധിക്കണം. വെള്ളം ഉപയോഗിക്കുമ്പോഴും ശ്രദ്ധിക്കണം. പിടിയുള്ള പാത്രം ഉപയോഗിച്ച് വെള്ളം കോരിയെടുക്കണം. വൃത്തിയുള്ള പാത്രത്തിൽ പകർന്ന് ഉപയോഗിക്കണം. ഉപയോഗശേഷം പാത്രം അടച്ചു വയ്ക്കണം. വെള്ളം തിളപ്പിച്ച് ഉപയോ ഗിക്കണം.

*സംസ്ഥാന ശുചിത്വമിഷനിൽ പ്രോഗ്രാം ഓഫീസർമാരാണ് ലേഖകർ*



■ കെ. എം. ധരേശൻ ഉണ്ണിത്താൻ

# ഊർജലാഭം നമുക്കും നാടിനും

**വൈദ്യുതി പാഴാക്കാതെ കാര്യക്ഷമത കൈവരിക്കാൻ സഹായിക്കുന്ന നിരവധി ഉത്പന്നങ്ങളും രീതികളും നിലവിൽ വന്നുകഴിഞ്ഞു.**

ഇരുപത് ശതമാനം വൈദ്യുതി ലാഭിച്ചാൽ മുപ്പത് ശതമാനം വൈദ്യുതി ബിൽ കുറയ്ക്കാം

സംരക്ഷണമാർഗങ്ങൾ നടപ്പാക്കിയാൽ കുറഞ്ഞത് 20 ശതമാനമെങ്കിലും വൈദ്യുതി ലാഭിക്കാനാകും. ഉപയോഗത്തിൽ 20 ശതമാനം കുറവു വന്നാൽ കറണ്ടു ബില്ലിലെ കുറവ് 30 ശതമാനത്തോളമാവും. ഏറ്റവും കുറച്ചു വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഏറ്റവും കുറഞ്ഞ താരിഫ് നിരക്കാണ് നിലവിലുള്ളത്. എന്നാൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സ്ലാബുകൾ കഴിയുംതോറും നിരക്കു കൂടിക്കൂടി വരുന്നതിനാൽ സംരക്ഷിക്കപ്പെടുന്ന വൈദ്യുതി കൂടിയ നിരക്കിലുള്ളവ ആയിരിക്കും.

കേരളത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് വീട്ടാവശ്യത്തിനാണ്. വീടുകളിൽ വൈദ്യുതി കാര്യക്ഷമതയോടെ ഉപയോഗിക്കുന്നതിലൂടെ ഏതാണ്ട് 400 മെഗാവാട്ട് വൈദ്യുതി ലാഭിക്കാനാകും. അതിന്റെ ഫലമായി വൈകുന്നേരം 6 മണിമുതൽ രാത്രി 10 മണിവരെ അനുഭവപ്പെടുന്ന വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കാനാകും.

അതിനുള്ള വഴികൾ വളരെ ലളിതം.

- സാധാരണ ബൾബുകൾക്ക് പകരം നിലവാരമുള്ള സി.എഫ്.ലാമ്പുകളും, ട്യൂബ് ലൈറ്റുകളും ഉപയോഗിക്കുക. നിലവിലുള്ള ഒരു 60 വാട്ടിന്റെ ബൾബ് മാറ്റി പകരം 11 വാട്ടിന്റെ സി.എഫ്.എൽ ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ പ്രവർത്തന കാലാവധിയിൽ (10000 മണിക്കൂർ) 490 യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. അഥവാ യൂണിറ്റിന് 3 രൂപ വച്ച് 1470 രൂപയുടെ വൈദ്യുതി ലാഭം. ട്യൂബ് ലൈറ്റുകൾക്ക് നിലവാരമുള്ള ഇലക്ട്രോണിക് ചോക്ക്, 36 വാട്ടിന്റെ സ്ലിം ട്യൂബ് എന്നിവ ഉപയോഗിക്കുകയാണെങ്കിൽ 30 ശതമാനത്തോളം വൈദ്യുതി ലാഭിക്കാനാകും.

പഠനമുറി, അടുക്കള എന്നിവിടങ്ങളിൽ ആവശ്യമായ സ്ഥലത്തേക്ക് മാത്രമായി പ്രകാശം കേന്ദ്രീകരിച്ചു നൽകുന്ന റിഫ്ളക്ടറോടു കൂടിയ കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ (Task Light) അടുത്തു സ്ഥാപിച്ചുകൊണ്ട് വൈദ്യുതി ഉപയോഗം 75 ശതമാനത്തോളം ലാഭിക്കാൻ ആകും. ഒരാൾക്കുമാത്രം പഠിക്കുവാനും ഒരിടത്തു നിന്നുകൊണ്ട് പ്രവർത്തിക്കുവാനും ഒരു മുറി മുഴുവൻ പ്രകാശിപ്പിക്കേണ്ട ആവശ്യമില്ലല്ലോ!

- സീറോ വാൾട്ട് ബൾബ് എന്ന് മിക്കവാറും ധരിച്ചു വച്ചിരിക്കുന്ന കളർ ലാമ്പുകളുടെ യഥാർഥ വാട്ടേജ് 15 മുതൽ 28 വരെയാണ്. 15 വാട്ടിന്റെ ഒരു കളർ ബൾബ്, ഒരു ദിവസം മുഴുവൻ കത്തിച്ചിടുകയാണെങ്കിൽ രണ്ടുമാസത്തേക്ക് 21.6 യൂണിറ്റ് വൈദ്യുതി ചെലവാകും. എന്നാൽ ഇതിനുപകരം ഒരു വാട്ടിന്റെ LED ലാമ്പ് ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതി ഉപയോഗം ഒന്നര യൂണിറ്റായി കുറയ്ക്കാനാകും.
- ഉപയോഗം കഴിഞ്ഞാൽ ഉടൻ തന്നെ ലൈറ്റും ഫാനും ടി.വിയും മറ്റുപകരണങ്ങളും സ്വിച്ച് ഓഫ് ചെയ്യുക.
- ബൾബുകളും റ്റ്യൂബുകളും ഷെയ്ഡുകളും ഇടയ്ക്കിടെ തുടച്ചു വൃത്തിയാക്കുക വഴി കൂടുതൽ പ്രകാശം ലഭിക്കും.
- പ്രകൃതിദത്തമായ വെളിച്ചവും കാറ്റും ലഭിക്കത്തക്ക വിധം ജനാലകൾ തുറന്നിടുക.
- രാത്രി കാലങ്ങളിൽ വീടിനു പുറത്തുള്ള ലൈറ്റുകൾ ആവശ്യത്തിനുമാത്രം ഉപയോഗിക്കുക.
- വീടിനകത്തെ ചുമരുകളിലും തട്ടുകളിലും ഇളം നിറത്തിലുള്ളതോ വെളുത്തതോ ആയ പെയിന്റുപയോഗിച്ചാൽ മുറിക്കകത്ത് കൂടുതൽ പ്രകാശം ലഭിക്കും.

ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പകുതിയിൽ കൂടുതൽ ഗാർഹിക-വാണിജ്യ മേഖലയിലാണ് ഉപയോഗിക്കുന്നത്. തന്മൂലം വൈകുന്നേരം 6 മുതൽ 10 മണിവരെ വളരെയധികം ഊർജം ഉപയോഗിക്കപ്പെടുന്നു. ഈ സമയത്ത് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന വെറ്റ് ഗ്രൈൻഡർ, മിക്സി, വാഷിങ് മെഷിൻ, ഇസ്തിരിപ്പെട്ടി, ഹോട്ട് പ്ളേറ്റ്, വാട്ടർ ഹീറ്റർ, വാട്ടർ പമ്പ് എന്നിവ ഉപയോഗിക്കാതിരിക്കുക. ഇത്തരം സമയങ്ങളിൽ വോൾട്ടേജ് കുറവായതിനാൽ നിർദേശിച്ചിരിക്കുന്ന ശക്തിക്കുവേണ്ടി കൂടുതൽ കറണ്ട് എടുക്കുന്നതിനാൽ വൈദ്യുതോപകരണങ്ങൾ പെട്ടെന്ന് കേടാകുവാൻ സാധ്യതയുണ്ട്.

## സി.എഫ്.എൽ



ഫ്ളൂറസെന്റ് ലാമ്പുകൾക്ക് 60-70 ശതമാനം വരെയും കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾക്ക് 60-80 ശതമാനം വരെയും കാര്യക്ഷമതയുണ്ട്. 60 വാട്ട് സാധാരണ ബൾബ് തരുന്ന പ്രകാശം നമുക്ക് ലഭിക്കുവാൻ 11 വാട്ട് മാത്രം ശേഷിയുള്ള സി.എഫ്.എൽ മതിയാകും. സാധാരണ 5 മുതൽ 18 വരെയും അതിൽക്കൂടുതലും വാട്ട് ശക്തിയുള്ള പല ആകൃതിയിലും വലിപ്പത്തിലുമുള്ള കോംപ്ക്ട് ഫ്ളൂറസെന്റ് വിളക്കുകൾ ഇന്ന് ലഭ്യമാണ്. ദീർഘ കാലത്തെ ഊർജ ഉപയോഗവും ബൾബുകളുടെ വിലയും കണക്കു കൂട്ടിയാൽ സി.എഫ്.എൽ കൊണ്ട് നമുക്ക് എത്രരൂപ ലാഭിക്കുവാൻ കഴിയുന്നു എന്ന് മനസ്സിലാക്കാം. 60 വാട്ട് സാധാരണ ബൾബിന്റെയും 11 വാട്ട് സി.എഫ്.എല്ലിന്റെയും ഊർജക്ഷമതയും വിലയും ഇതോടൊപ്പമുള്ള പട്ടികയിൽ നോക്കുക.

തുടർച്ചയായി 'ON' 'OFF' ചെയ്യുന്ന സ്ഥലങ്ങളിൽ സാധാരണ ബൾബുകളാണ് അഭികാമ്യം. വാട്ടേജ് കുറവും, നിരന്തരമായി സ്വിച്ച് ഓൺ, ഓഫ് ചെയ്താൽ സി.എഫ്.എൽന്റെ ആയുസ്സ് വളരെയധികം കുറയും.

| | 60 വാട്ട്സ്<br>സാധാരണ ബൾബ് | 11 വാട്ട്<br>സി.എഫ്.എൽ |
|---|---|---|
| പ്രവർത്തന കാലം<br>8000 മണിക്കൂറിന് വേണ്ട ബൾബുകളുടെ എണ്ണം<br>വില | 1000 മണിക്കൂർ<br>8<br>8 x 12=96 | 8000 മണിക്കൂർ<br>1<br>1 x 150=150 |
| 8000 മണിക്കൂർ പ്രവർത്തിക്കുന്നതിനുള്ള ഊർജം | (8000x60)/1000<br>480 വാട്ട്സ് | (8000x11)/1000<br>88 വാട്ട്സ് |
| ഊർജത്തിന്റെ വില യൂണിറ്റിന് 2 രൂപ 40 പൈസ | 1152 | 212 |
| ബൾബിന്റെയും+ഉപയോഗിക്കുന്ന ഊർജത്തിന്റെയും വില | 1248 | 362 |

## ട്യൂബ് ലൈറ്റുകൾ

ട്യൂബ് ലൈറ്റുകൾക്ക് ഇലക്ട്രോണിക് ചോക്ക് ഘടിപ്പിക്കുന്നതുകൊണ്ട് വൈദ്യുതി ലാഭം നേടാമെന്ന് ഇന്നു പലർക്കും അറിയാം. ചില അധികവിവരങ്ങൾ കൂടി അറിയുന്നത് ഊർജ ഉപയോഗം കുറയ്ക്കാനും പ്രവർത്തനം മെച്ചപ്പെടുത്താനും സഹായിക്കും. കൂടാതെ കുറഞ്ഞ വോൾട്ടേജിൽ ട്യൂബ് ലൈറ്റുകൾ കത്തിക്കുകയും ചെയ്യാം. ഇപ്പോൾ പല വലിപ്പത്തിലും പല വാട്ടേജിലുമുള്ള ട്യൂബ് ലൈറ്റുകൾ വിപണികളിൽ ലഭ്യമാണ്. 40 വാട്ട്സ്, 36 വാട്ട്സ്, 28 വാട്ട്സ് എന്നിങ്ങനെ. സ്ലിം ട്യൂബുകൾ എന്നറിയപ്പെടുന്ന T5, T8 എന്നിവ കാര്യക്ഷമത കൂടിയവയാണ്. ട്യൂബ് ലൈറ്റുകളുടെ കാര്യക്ഷമത അറിയുന്നതിന് ബി.ഇ.ഇ. (ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി) ലേബലുകൾ നിലവിൽ വന്നിട്ടുണ്ട്. പവർ സേവിങ് ഗൈഡ് എന്നറിയപ്പെടുന്ന ഈ ലേബൽ നോക്കി വാട്ടേജുകളും കിട്ടുന്ന പ്രകാശത്തിന്റെ അളവും താരതമ്യം ചെയ്ത് മേന്മ കൂടിയവ തെരഞ്ഞെടുക്കണം. പച്ച പ്രതലത്തിലുള്ള നക്ഷത്രങ്ങളാണ് കാര്യക്ഷമതയെ കാണിക്കുന്നത്. 5 നക്ഷത്രങ്ങൾ കൂടുതൽ കാര്യക്ഷമതയെയും ഒരു നക്ഷത്രം കുറഞ്ഞ കാര്യക്ഷമതയെയും കാണിക്കുന്നു.

## എൽ.ഇ.ഡി. (LED ലൈറ്റ് എമിറ്റിങ് ഡയോഡ്സ്)

ഇലക്ട്രോണിക് ഉപകരണങ്ങളിലും ട്രാഫിക് സിഗ്നലുകളിലും മറ്റും ഉപയോഗിച്ചു വരുന്ന ലൈറ്റ് എമിറ്റിങ് ഡയോഡ്സ് ഇപ്പോൾ വിളക്കുകളുടെ രൂപത്തിലും ലഭ്യമായി തുടങ്ങിയിരിക്കുന്നു. സാധാരണ ബൾബുകളേക്കാളും, സി.എഫ്.എൽകളേക്കാളും പതിന്മടങ്ങ് ആയുർദൈർഘ്യമാണ് ഇവയ്ക്കുള്ളത്. ഏകദേശം 50,000 മുതൽ 60,000 മണിക്കൂർ വരെ. ഒരു വാട്ട് ബൾബ് എന്നു നാം വിളിക്കുന്നതും 15 മുതല് 28 വാട്ട്സ് ശേഷിയുള്ള, പൂജാ മുറികളിലും മറ്റും ദിവസവും മുഴുവൻ തെളിയിച്ചിടുന്നതുമായ ബൾബുകൾക്കു പകരം LED ഉപയോഗിക്കാം. 15 വാട്ടിന്റെ ബൾബ് ഒരു ദിവസം 10 യൂണിറ്റ് ഉപയോഗിക്കുമ്പോൾ ഒരു വാട്ടിന്റെ LED മുക്കാൽ യൂണിറ്റ് മാത്രമെ ഉപയോഗിക്കുന്നുള്ളൂ. ഇപ്പോൾ തെരുവു വിളക്ക്, എമർജൻസി ലാമ്പുകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് ധാരാളമായി ഉപയോഗിക്കുന്ന തരത്തിൽ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. അധികം വൈകാതെ അവ നമ്മുടെ വീടുകളിൽ എത്തുമെന്ന് പ്രതീക്ഷിക്കാം.



## സൗരോർജ വിളക്കുകൾ

വൈദ്യുതി പ്രതിസന്ധിയുടെ ഇക്കാലത്ത് വിളക്കുകൾ തെളിയിക്കുന്നതിന് സൗരോർജം ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത നാം ചിന്തിക്കേണ്ടിയിരിക്കുന്നു. സൂര്യപ്രകാശം വഴി ചാർജ് ചെയ്യാൻ കഴിയുന്ന ഈ വിളക്കുകൾക്ക് സൂര്യപ്രകാശം ആഗിരണം ചെയ്യുന്നതിനുള്ള ഒരു സോളാർ പാനൽ അകത്തു ബാറ്ററി ഘടിപ്പിച്ചിരിക്കുന്ന വിളക്ക് (സി.എഫ്.എൽ, എൽ.ഇ.ഡി എന്നിവ ഉപയോഗിക്കുന്നു) എന്നിവയാണ് ഭാഗങ്ങൾ. 6 മുതൽ 7 മണിക്കൂർ സൂര്യപ്രകാശത്തിൽ ചാർജ് ചെയ്യുന്ന ഇത്തരം വിളക്കുകൾക്ക് 4 മുതൽ 5 മണിക്കൂർ വരെ പ്രകാശം നൽകുവാൻ കഴിയും. ഇത്തരം വിളക്കുകളുടെ ഉപയോഗത്തിലൂടെ നമുക്ക് വൈദ്യുതി ലാഭം നേടാം. തുടക്കത്തിലെ ചെലവു നോക്കുമ്പോൾ സാമ്പത്തിക ലാഭം കുറവാണെങ്കിലും വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങളിലും സാധാരണ സ്ഥലങ്ങളിൽ വൈദ്യുതി ഇല്ലാത്ത സമയങ്ങളിലും ഇത് ഏറെ പ്രയോജനകരമാണ്.

## ഫാനുകൾ

സാധാരണ റഗുലേറ്ററുകൾക്ക് പകരം നിലവാരമുള്ള ഇലക്ട്രോണിക് റെഗുലേറ്ററുകൾ ഉപയോഗിച്ച് ശരാശരി വേഗതയിൽ



# ഒരു എൽ.ഇ.ഡി വിജയഗാഥ

സാധാരണ ബൾബുകൾ ഇന്ന് പല രാജ്യങ്ങളും നിരോധിച്ചു തുടങ്ങിയിരിക്കുന്നു ഊർജ കാര്യക്ഷമതക്കുറവാണ് ഇതിനുള്ള കാരണം. ബൾബുകളുടെ കാര്യക്ഷമത രണ്ടോ മൂന്നോ ശതമാനം മാത്രം. പക്ഷെ ഇത്രയും നാൾ പ്രകാശം നൽകിയ (പ്രചാരത്തിലിരുന്ന) മറ്റൊരു വൈദ്യുത വിളക്ക് ഇല്ല. 1802-ൽ സർ ഹംഫ്രി ഡേവിയിൽ തുടങ്ങി 1880-ൽ തോമസ് ആൽവ എഡിസണിൽ പൂർത്തീകരിച്ച ഒരു പ്രകാശ വിപ്ലവം! മണ്ണെണ്ണ വിളക്കുകളിൽ നിന്നും മെഴുകുതിരിയിൽ നിന്നും കറുത്ത പുകയിൽ നിന്നുമുള്ള ഒരു മോചനം. പക്ഷെ, പിന്നീട് എത്തിയ ഫ്ളൂറസെന്റ് വിളക്കുകൾ സാധാരണ ബൾബുകളെക്കാൾ അഞ്ച് മടങ്ങ് ഊർജ കാര്യക്ഷമതയുള്ളതായി 10 മുതൽ 15 ശതമാനംവരെ. ഇത്തരം വിളക്കുകളുടെ പ്രവർത്തന കാലം 5000 മുതൽ 8000 വരെ മണിക്കൂറുകൾ മാത്രം. ഇന്ന് ലോകശ്രദ്ധ മുഴുവനും LED വിളക്കുകളിലേക്കാണ്. LED എന്നാൽ Light Emiting Diodes. 22 ശതമാനം കാര്യക്ഷമതയുള്ള LED വിളക്കുകൾ ഇന്ന് പരീക്ഷിച്ചു വരുന്നു. നിലവിൽ പ്രധാനമായും എൽ.ഇ.ഡി വിളക്കുകൾ കാണപ്പെടുന്നത് ട്രാഫിക് ലൈറ്റ്, ടോർച്ച് ലൈറ്റ്, പാനൽ ബോർഡുകൾ, ഗാർഡൻ ലൈറ്റ് എന്നിവയിലാണ്. പിന്നെ വീടുകളിലും ഓഫീസുകളിലും തെരുവു വിളക്കുകളിലും. LED യുടെ ഒരു ഗുണം അവയുടെ ദീർഘനാളത്തെ സേവനമാണ്. 50,000 മുതൽ 1,00,000 വരെ മണിക്കൂർ ആണ് ഇവയുടെ ആയുസ്. ദിവസവും 5 മണിക്കൂർ ഉപയോഗി ച്ചാൽ 27 വർഷം ഇവ പ്രവർത്തിപ്പിക്കാമെന്നതാണ് അദ്ഭുതകരമായ കാര്യം. പിന്നെ ഭൂമിക്ക് ദോഷകരമായ യാതൊരു പദാർഥങ്ങളും ഇതിൽ അടങ്ങിയിട്ടില്ല എന്നതാണ് ഈ മേഖലയിലെ ഗവേഷണങ്ങൾക്ക് ആക്കം കൂട്ടുന്നത്.

ഫാൻ പ്രവർത്തിപ്പിക്കുകയാണെങ്കിൽ ഊർജ ഉപയോഗം പകുതിയോളം കുറയ്ക്കാനാകും. കമ്പോളത്തിൽ 42 വാട്ട് മുതൽ 128 വാട്ട് വരെയുള്ള ഫാനുകൾ ലഭ്യമാണ്. ഫാൻ കൂടുതൽ സമയം ഉപയോഗിക്കേണ്ടി വരുന്നതിനാൽ വാട്ടേജ് കൂടിയ ഫാൻ അമിത ഊർജ ഉപഭോഗ ത്തിന് കാരണ മാവുന്നു. കൊതുക് ശല്യത്തിൽ നിന്നും രക്ഷനേടാനായി തണുപ്പുകാലത്തു പോലും ഫാൻ ഉപയോഗിക്കേണ്ടി വരുന്നതിനാൽ നാം വളരെയധികം വൈദ്യുതി പാഴാക്കുന്നു. ഒരു ഫാനിന് പ്രതിദിനം എട്ടു മണിക്കൂർ വച്ച് ഒരു മാസം 15 യൂണിറ്റോളം വൈദ്യുതി ഇതിനായി ചെലവാകുന്നു. ഇതിന്റെ വിലയോ ഒരു ഇടത്തരം ഗാർഹിക ഉപഭോ ക്താവിന് ഇപ്പോഴത്തെ നിരക്കനുസരിച്ച് പ്രതിവർഷം ഉദ്ദേശം 500 രൂപയും. ഫാനിന് ഭാരം കൂടുന്നതു മൂലം മോട്ടോറിന് അധികം



ലോഡ് വരികയും കാര്യക്ഷമത കുറയുകയും ചെയ്യുന്നു. ബെയറിങ്ങിൽ ശബ്ദം ഉണ്ടെങ്കിൽ ഊർജനഷ്ടം ഉണ്ടെന്ന് മനസ്സിലാക്കുക. സീലിങ് ഫാൻ ഉറപ്പിക്കുമ്പോൾ അവയുടെ ലീഫിന് സീലിങ്ങുമായി ഒരടിയെങ്കിലും അകലമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലീഫുകൾ ശരിയായ ചരിവിലാണ് ഘടിപ്പി ച്ചിരിക്കുന്നത് എന്നും നോക്കേണ്ടതാണ്. ഫാൻ ലീഫിന് തറനിരപ്പിൽ നിന്നും ഉണ്ടായിരിക്കേണ്ട സുരക്ഷിതമായ അകലം 2.4 മീറ്ററാണ്.

വിലകുറഞ്ഞതും വളരെ പഴക്കം ചെന്നതുമായ ഫാനുകൾ വളരെക്കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നതിനാൽ ഭീമമായ വൈദ്യുത ബിൽ നൽകേണ്ടി വരുമെന്ന് താഴത്തെ പട്ടികയിൽ നിന്നും മനസ്സിലാക്കാം.

വിലകുറഞ്ഞതും കാര്യക്ഷമത ഇല്ലാത്തതുമായ ഫാൻ ദിവസേന 10 മണിക്കൂർ പ്രവർത്തിപ്പിച്ചാൽ രണ്ടു വർഷം കൊണ്ട് പാഴാക്കിക്കളയുന്ന ഊർജത്തിന്റെ വില കൊണ്ട് കാര്യക്ഷമത കൂടിയ ഒരു പുതിയ ഫാൻ വാങ്ങാനാകുമെന്നു ചുരുക്കം.

| ഫാനിന്റെ ശേഷി | 60 W | 110 W |
|---|---|---|
| ഫാനിന്റെ വില | 1050 രൂപ | 500 രൂപ |
| ദിവസം 10 മണിക്കൂർ വച്ച് 365 ദിവസം ഉപയോഗിക്കുന്ന വൈദ്യുതി (യൂണിറ്റ്) | 219 | 401 |
| യൂണിറ്റിന് 3.00 രൂപ നിരക്കിൽ വൈദ്യുതിയുടെ ഒരു വർഷത്തെ വില | 657 രൂപ | 1203 രൂപ |
| ഒരു ഫാൻ അതിന്റെ പ്രവർത്തനകാലത്തിലെ 15 വർഷം പ്രവർത്തിപ്പിക്കുമ്പോൾ ചെലവാകുന്ന തുക | 9855 രൂപ | 18045 രൂപ |

## റഫ്രിജറേറ്റർ (ഫ്രിഡ്ജ്)

ആവശ്യത്തിനുമാത്രം വലിപ്പമുള്ള, നമുക്ക് അനുയോജ്യമായ റഫ്രിജറേറ്റർ തെരഞ്ഞെടുക്കുക.

ഫ്രോസ്റ്റ്ഫ്രീ റഫ്രിജറേറ്ററുകളുടെ വൈദ്യുതി ഉപഭോഗം താരതമ്യേന കൂടുതലാണ്. അതുകൊണ്ട് ആവശ്യമെങ്കിൽ മാത്രം അത്തരത്തിലുള്ളവ ഉപയോഗിക്കുക.

റഫ്രിജറേറ്ററിനകം തണുപ്പിക്കുമ്പോൾ ഉണ്ടാകുന്ന ചൂട് കണ്ടൻസർ കോയിലൂടെയാണ് പുറത്തേക്ക് വിടുന്നത്. അതിനാൽ റഫ്രിജറേറ്ററിന്റെ പുറകിലും വശങ്ങളിലും ആവശ്യത്തിനു വായു സമ്പർക്കം കിട്ടുന്നതിന് വേണ്ടി ഭിത്തിയുമായി 15സെ.മീ. എങ്കിലും അകലം കൊടുക്കുകയും കണ്ടൻസർ കോയിലിൽ പറ്റിയി രിക്കുന്ന പൊടി തുടച്ചു വൃത്തിയാക്കുകയും വേണം.

റഫ്രിജറേറ്ററിന്റെ വാതിൽ ഭദ്രമായി അടഞ്ഞിരിക്കണം. ഇതിനായി വശങ്ങളിലെ റബ്ബർ ബീഡിങ് കാലാകാലം പരിശോധിച്ച് പഴക്കം ചെന്നതാണെങ്കിൽ മാറ്റുക.

റഫ്രിജറേറ്ററിനകത്തുള്ള ആഹാരസാധനങ്ങൾ തണുപ്പിക്കേണ്ടതനുസരിച്ച് തെർമോസ്റ്റാറ്റ് ക്രമീകരി ക്കുകയും, തെർമോസ്റ്റാറ്റ് ശരിയാംവണ്ണം പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.

ആഹാരസാധനങ്ങൾ തരം തിരിച്ച് തണുപ്പിക്കേണ്ടതിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് തട്ടുകളിൽ വയ്ക്കുക.

റഫ്രിജറേറ്റർ ആവശ്യമുള്ളപ്പോൾ മാത്രം തുറന്ന് സാധനങ്ങൾ എടുക്കുകയോ വയ്ക്കുകയോ ചെയ്യുക. അടിക്കടി തുറക്കുന്നത് വൈദ്യുതി ഉപഭോഗം കൂടുന്ന തിന് കാരണ മാകും.

റഫ്രിജറേറ്ററിൽ നിന്ന് എടുക്കുന്ന ആഹാര സാധനങ്ങൾ തണുപ്പ് മാറിയതിനുശേഷം മാത്രം ചൂടാക്കുക.

ആഹാരസാധനങ്ങൾ അടച്ചു മാത്രം റഫ്രിജറേറ്ററിൽ സൂക്ഷിക്കുക. അല്ലെ ങ്കിൽ ഈർപ്പം റഫ്രിജറേ റ്ററിനകത്ത് വ്യാപിക്കുകയും തന്മൂലം വൈദ്യുതി ഉപഭോഗം കൂടുകയും ചെയ്യും.

ഭക്ഷണപദാർഥങ്ങൾ ചൂടാറിയതിനു ശേഷം മാത്രം റഫ്രിജറേറ്ററിനകത്ത് വെയ്ക്കുക.

ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ റഫ്രിജറേറ്ററിനകത്ത് കുത്തിനിറയ്ക്കാ തിരിക്കുക.

ഫ്രീസറിൽ ഐസ് കൂടുതൽ കട്ടപിടിക്കുന്നത് ഊർജ നഷ്ടം ഉണ്ടാക്കുന്നു.

ഫ്രീസർ ഇടയ്ക്കിടയ്ക്ക് ഡീഫ്രോസ്റ്റു ചെയ്യുക.

ഉപയോഗക്രമമനുസരിച്ച് 165 ലിറ്റർ റഫ്രിജറേറ്ററിന്റെ പ്രതിദിന വൈദ്യുത ഉപയോഗം ഒന്നര യൂണിറ്റുവരെയാണ്.

## ഇസ്തിരിപ്പെട്ടി

ഓട്ടോമാറ്റിക് നല്ലത്. തുണിക ളെല്ലാം ശരിയാക്കി വെച്ചതിനു ശേഷം ഇസ്തിരിപ്പെട്ടി ഓൺ ചെയ്യുക.

ഇസ്തിരി ഇടുമ്പോൾ മറ്റു ജോലികൾക്ക് പോകാതിരിക്കുക. കുറഞ്ഞ ചൂട് ആവശ്യമുള്ളവ ആദ്യമോ അവസാനമോ ഇസ്തിരിയിടുക. ആഴ്ചയിൽ ഒരിക്കൽ മാത്രം ഇസ്തിരി ഇടുക എന്നിവയൊക്കെ ഊർജലാഭത്തിനുള്ള വഴികളാണ്.

## മിക്സി

മിക്സിയിൽ ആവശ്യാനുസരണം മാത്രം സാധനങ്ങൾ നിറയ്ക്കുക. കൂടുതൽ സാധനങ്ങൾ കുത്തി നിറയ്ക്കുന്നതു മൂലം മോട്ടോറിന് അധ്വാനം, ചൂട് എന്നിവ കൂടുന്നു. തന്മൂലം മോട്ടോറിന്റെ പ്രവർത്തനകാലം കുറയുന്നു. ഓവർ ലോഡ് റിലേ ഉള്ളത് നല്ലത്.

## വാഷിങ്മെഷീൻ

വെള്ളം ചൂടാക്കി ഉപയോഗിക്കുന്ന തരം വാഷിങ് മെഷീനുകൾ വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നു. ഇവ കേരളത്തിലെ കാലാവസ്ഥയ്ക്ക് ആവശ്യമുള്ളതല്ല. മുമ്പിൽ നിന്നും നിറയ്ക്കുന്ന (front loading) തരമാണ് നല്ലത്. കുറച്ച് വെള്ളം മതി. ഊർജ ഉപഭോഗം കുറഞ്ഞിരിക്കും. നിർദേശിച്ചിരിക്കുന്ന പൂർണ ശേഷിയിൽ തന്നെ പ്രവർത്തിപ്പിക്കുക. എന്നുമുള്ള ഉപയോഗം കഴിവതും കുറയ്ക്കുക.

## വാട്ടർ പമ്പ്

പമ്പിന്റെ ശേഷി, ആവശ്യത്തിനു മാത്രമുള്ളതായിരിക്കണം. ശേഷി കൂടിയ പമ്പുകൾ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നു. കിണറിൽ പമ്പിന്റെ സ്ഥാനം, ജലനിരപ്പിൽ നിന്ന് ഏതാണ്ട് 3 മീറ്റർ പൊക്കത്തിൽ കൂടാതിരിക്കാൻ ശ്രദ്ധിക്കണം. പൈപ്പിൽ വളവും തിരിവും കഴിയാവുന്നത്ര കുറയ്ക്കുക.

ഫുട്വാൽവിന് ധാരാളം സുഷിരം ഉണ്ടായിരിക്കേണ്ടതാണ്. ISI മാർക്കുള്ള പമ്പുകൾ മാത്രം ഉപയോഗിക്കുക. പമ്പ് മോട്ടോർ സുരക്ഷിതമായ രീതിയിൽ എർത്തിങ് ചെയ്തിരിക്കണം ■

*എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറാണ് ലേഖകൻ*

■ ബീന ടി. എ.

**ഹോട്ടലുകൾ മാത്രമല്ല, വീടുകൾക്കും, ഓഫീസ് കെട്ടിടങ്ങൾക്കും ഇനി സ്റ്റാർ പദവികൾ ലഭിക്കും. ഊർജസംരക്ഷണ നിയമവും അതിന്റെ ഭാഗമായ ഊർജ സംരക്ഷണ ബിൽഡിങ് കോഡുകളും നിലവിൽ വന്നു കഴിയുമ്പോൾ ഹരിത ഭവനങ്ങളും അവയ്ക്കുള്ള പദവി നിർണയിക്കലും സർവ സാധാരണമായിത്തീരാം.**

# ഊർജസംരക്ഷണ ബിൽഡിങ് കോഡ്



വളർന്നുവരുന്ന കെട്ടിട നിർമാണ മേഖല, അവയുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ, കെട്ടിട നിർമാണ സാമഗ്രികളുടെ വർധിച്ച ഉപയോഗം, അവ നിർമിക്കുന്നതിനുള്ള വർധിച്ച ഊർജ ചെലവ്, അവയിലെ സുഖസൗകര്യങ്ങൾക്കായി നാം ചെലവിടുന്ന ഊർജം ഇവയെല്ലാം കെട്ടിടങ്ങളിൽ ഊർജ ക്ഷമത വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതുകൊണ്ടു തന്നെ 2002-ൽ നിലവിൽ വന്ന കേന്ദ്ര ഊർജ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി കണ്ടെത്തിയ അതീവ ശ്രദ്ധ പതിയേണ്ട മേഖലകളിൽ കെട്ടിട നിർമാണ മേഖലയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളിൽ എനർജി സർവീസ് കമ്പനികളുടെ സഹായത്താൽ എനർജി ഓഡിറ്റുകളും മറ്റും പ്രോത്സാഹിപ്പിക്കുമ്പോൾ പുതിയ കെട്ടിടങ്ങൾക്കായി ഊർജ സംരക്ഷണ ബിൽഡിങ് കോഡുകളും രൂപപ്പെടുത്തിയിട്ടുണ്ട്. 2007 മെയിൽ നിലവിൽ വന്ന കോഡ് പുതിയതായി നിർമിക്കുന്ന കെട്ടിടങ്ങളെ എങ്ങിനെ ഊർജ ക്ഷമമാക്കും എന്ന് കാണിക്കുന്നതോടൊപ്പം തന്നെ ഹരിത ഭവനങ്ങൾ എന്ന ആശയവും പ്രചരിപ്പിക്കുന്നു.

25 മുതൽ 40 ശതമാനം വരെ ഊർജലാഭം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന ഈ പരിപാടിയിൽ കെട്ടിടങ്ങൾക്ക് റേറ്റിങ് സംവിധാനത്തിലൂടെ മിനിമം എഫിഷ്യൻസി സ്റ്റാൻഡേർഡ്സ് ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. പല റേറ്റിങ് സംവിധാനങ്ങൾ ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. പല റേറ്റിങ് സംവിധാനങ്ങളും ചർച്ച ചെയ്യപ്പെടുന്നുണ്ട്. ബി.ഇ.ഇ ഓഫീസ് കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് സ്റ്റാർ റേറ്റിങ് പരിപാടി ആരംഭിക്കുകയും കേരളത്തിൽ ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷണൽ ഓഫീസ് കെട്ടിടം 3 സ്റ്റാർ പദവിക്ക് അർഹമാകുകയും ചെയ്തിട്ടുണ്ട്.

വീടുകൾക്കുള്ള സ്ഥലനിർണയം, വെള്ളത്തിന്റെ ഉപയോഗവും പുനരുപയോഗവും, നവീനവും അല്ലാത്തതുമായ ഊർജത്തിന്റെ ഉപയോഗം, മാലിന്യങ്ങളുടെ ശരിയായ രീതിയിലുള്ള കൈകാര്യം ചെയ്യൽ, അകത്തെ സുഖസൗകര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങൾക്ക് പോയിന്റ് കണക്കായി അവ പാലിക്കപ്പെടുന്നതിനനുസരിച്ചാണ് കെട്ടിടങ്ങൾക്ക് സ്റ്റാർ പദവികൾ നൽകുന്നത്. ഇതു കൂടാതെ മറ്റു രാജ്യങ്ങളിൽ കാണുന്നപോലെ കെട്ടിടങ്ങളെ പ്ലാറ്റിനം, ഗോൾഡ് എന്നിങ്ങനെ LEED (Leadership in Energy & Environmental Design) റേറ്റിങ്സമ്പ്രദായമനുസരിച്ച് തരം തിരിക്കുന്ന രീതിയും ചർച്ച ചെയ്യപ്പെടുന്നുണ്ട്.

ഇപ്പോൾ നിലവിൽ വന്ന ഊർജ സംരക്ഷണ ബിൽഡിങ് കോഡിൽ പ്രാദേശികമായ മാറ്റങ്ങൾ വരുത്താൻ നിയമം സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതിനാൽ കേരളത്തിലെ കാലാവസ്ഥയ്ക്കനുസൃതമായ കോഡ് രൂപപ്പെടുത്തേണ്ടതുണ്ട്.

> 2007 മേയിൽ നിലവിൽ വന്ന കോഡ് പുതിയതായി നിർമിക്കുന്ന കെട്ടിടങ്ങളെ എങ്ങനെ ഊർജ ക്ഷമമാക്കും എന്ന് കാണിക്കുന്നതോടൊപ്പം തന്നെ ഹരിത ഭവനങ്ങൾ എന്ന ആശയവും പ്രചരിപ്പിക്കുന്നു.

കേരളത്തിൽ ഊർജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന ഏജൻസിയായ എനർജി മാനേജ്മെന്റ് സെന്റർ ഈ രംഗത്ത് പ്രവർത്തിക്കുന്നവരുമായി ചർച്ചകൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യഘട്ടത്തിൽ കോൺട്രാക്ട് ഡിമാന്റ് 660 kVA യോ അതിൽ കൂടുതലോ; കണക്ടഡ് ലോഡ് 500kW യോ കൂടുതലോ $1000m^2$ വിസ്തൃതിയോ അതിൽ കൂടുതലോ ആയിട്ടുള്ള കെട്ടിടങ്ങളാണ് നിയമത്തിന്റെ പരിധിയിൽ പെടുന്നത്.

## ഊർജ ലേബൽ

വീട്ടുജോലി ലഘൂകരിക്കാനായി പുതിയ പുതിയ നിരവധി ഉപകരണങ്ങൾ ദിവസേന വിപണിയിൽ ഇറങ്ങുന്നുണ്ട്. ഒരേ സാധനം തന്നെ പല നിർമാതാക്കളും വിപണിയിലെത്തിക്കുന്നു. അതിൽ നിന്നും നല്ലതൊന്ന് തെരഞ്ഞെടുക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. വൈദ്യുത ഉപകരണങ്ങളുടെ തള്ളിക്കയറ്റത്തിൽ നിന്നും ഊർജ കാര്യക്ഷമതയുള്ളവ ഏതെന്ന് കണ്ടു പിടിക്കുകയാവട്ടെ അതിലും പ്രയാസകരവും. എങ്കിലും അല്പം മനസുവച്ചാൽ അത് ചെയ്യാവുന്നതേയുള്ളൂ. നാം വാങ്ങിക്കുന്ന ഉത്പന്നത്തിന്റെ ഊർജ ഉപയോഗം എന്ത്, നിശ്ചിത സമയത്തേക്കുള്ള അതിന്റെ ഊർജച്ചെലവ് എത്രയാണ് ഇതൊന്നും നമുക്കറിയാൻ സാധിക്കുകയില്ല. കടക്കാരന്റെയോ സുഹൃത്തുക്കളുടെയോ അഭിപ്രായത്തിനനുസരിച്ചാണ് പലരും സാധനങ്ങൾ തെരഞ്ഞെടുക്കുന്നത്. ഒരു വൈദ്യുതോപകരണം വാങ്ങുന്നയാളിന് അതിന്റെ വൈദ്യുതി ഉപയോഗത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ലഭിക്കുകയാണെങ്കിൽ തെരഞ്ഞെടുപ്പ് എളുപ്പമാകും. ഇന്ന് പല നിർമാതാക്കളും ഇത്തരം വിവരങ്ങളടങ്ങിയ ലേബൽ പ്രദർശിപ്പിക്കാറുണ്ടെങ്കിലും, പല പ്പോഴും പ്രവർത്തനത്തിൽ അത് കാണണ

മെന്നില്ല. ഊർജ ലാഭത്തിനായി സാധാരണ ബൽബുകൾക്കു പകരം സി.എഫ്.എൽ ഉപയോഗിക്കാൻ നിർദേശിക്കാറുണ്ട്. എന്നാൽ വിപണിയിൽ ലഭ്യമാവുന്ന ചില സി.എഫ്.എൽ വൈദ്യുതി വിതരണ ശൃംഖലകൾക്കു തന്നെ ദോഷം ചെയ്യുകയാണ്. പല വികസിത രാജ്യങ്ങളിലും മിനിമം എനർജി പെർഫോർമൻസ് സ്റ്റാൻഡേർഡ്സ് നിലവിൽ വന്നു കഴിഞ്ഞു. ഇന്ത്യയിൽ ഊർജ സംരക്ഷണ നിയമം 2001 നടപ്പാക്കിയതോടു കൂടി വൈദ്യുതോപകരണങ്ങൾക്ക് ഊർജകാര്യക്ഷമതാ ലേബലുകളും സ്റ്റാൻഡേർഡുകളും നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ ഉത്പന്നത്തിനും വേണ്ട നിലവാരം നിഷകർഷിച്ച് അത് ഉപഭോക്താവിന് മനസ്സിലാകുന്ന തരത്തിൽ ഉത്പന്നത്തിനുമുകളിൽ ലേബലുകളായി പ്രദർശിപ്പിക്കും. കാലക്രമത്തിൽ ഈ നിലവാരം ഇല്ലാത്ത ഉത്പന്നങ്ങൾ വിപണിയിൽ നിന്ന് ഇല്ലാതാവുകയും ചെയ്യും.

കേന്ദ്ര ഊർജ മന്ത്രാലയത്തിനു കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ആണ് ഇന്ത്യയിൽ ഊർജ സംരക്ഷണ നിയമം നടപ്പിലാക്കുന്നത്. ഓരോ സംസ്ഥാനങ്ങളിലും ഓരോ ഏജൻസികളാണ് നിയമം നടപ്പിലാക്കുന്നത്. കേരളത്തിൽ അതിന് ചുമതല എനർജി മാനേജ്മെന്റ് സെന്ററിനാണ്. വൈദ്യുതോപകരണങ്ങളുടെ കാര്യക്ഷമത നമുക്ക് കണ്ണുകൊണ്ട് നോക്കി മനസ്സിലാക്കുവാൻ കഴിയുകയില്ല. അല്ലെങ്കിൽ അവ ഒരു ലബോറട്ടറിയിൽ കൊണ്ടുപോയി ടെസ്റ്റ് ചെയ്ത് നോക്കണം. അത് സാധാരണക്കാരന് അപ്രാപ്യവുമാണ്.

കാര്യക്ഷമത കുറഞ്ഞ വൈദ്യുതോപകരണങ്ങൾക്ക് വില വളരെ കുറവായിരിക്കും. കാരണം അവ നിർമിക്കുന്നത് പല തരത്തിലും റീ സൈക്കിൾ ചെയ്ത ലോഹങ്ങൾ കൊണ്ടായിരിക്കും. ഇത്തരം വില കുറഞ്ഞ വൈദ്യുതോപകരണങ്ങളിൽ ഏറിയ പങ്ക് ആളുകളും ആകൃഷ്ടരാവും. വിലയും ഡിസ്കൗണ്ടും നോക്കിയാണ് നാം ഉപകരണങ്ങൾ വാങ്ങുന്നത്. ഓർക്കുക പലപ്പോഴും ഇങ്ങനെ വാങ്ങുന്ന ഉപകരണങ്ങൾ കാര്യക്ഷമത കുറഞ്ഞവയാവും. ഇവ നാല്, അഞ്ച് ഇരട്ടി വൈദ്യുതി കൂടുതലായി ഉപയോഗിക്കും.

ഊർജ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഇതിനായി ഒരു കർമ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഊർജോപയോഗം കൂടുതലുള്ളതും, കൂടുതൽ ആൾക്കാർ കൂടുതൽ സമയം ഉപയോഗിക്കുന്നതുമായ



മൂന്നാർ എൻജിനീയറിങ് കോളേജ് : ഒരു ഗ്രീൻ ബിൽഡിങ്

വൈദ്യുതോപകരണങ്ങൾ കണ്ടെത്തി അവയ്ക്ക് മുൻഗണനാ ക്രമത്തിൽ സ്റ്റാൻഡേർഡുകളും ലേബലിങ്ങും ഏർപ്പെടുത്തുന്നതാണ് ഇതിന്റെ ആദ്യപടി. അതിൻ പ്രകാരം ആദ്യമായി ഇന്ത്യയിൽ റഫ്രിജറേറ്ററുകൾക്ക് സ്റ്റാൻഡേർഡുകളും ലേബലിങ്ങും ഏർപ്പെടുത്തുകയും വോൾട്ടാസ്, സാംസങ് തുടങ്ങിയ പല കമ്പനികളും ലേബലുകളോടുകൂടി അവരുടെ ഉത്പന്നങ്ങൾ വിപണിയിലിറക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള ലേബലിങ് നിലവിൽ വന്ന സാധനങ്ങൾ

ഫ്രോസ്റ്റ് ഫ്രീ റഫ്രിജറേറ്റർ, റ്റ്യൂബുലർ ഫ്ളൂറസന്റ് ലാമ്പ് (40വാട്ട്, 36 വാട്ട്), എയർ കണ്ടീഷനർ (വിൻഡോ ആന്റ് സ്പിൽറ്റ് അപ്റ്റു 11 കി.വാട്ട്), ഡയറക്റ്റ് കൂൾ റഫ്രിജറേറ്റർ എന്നിവയാണ്.

പമ്പ് സെറ്റ്, കളർ ടി.വി, ഫാൻ, ഇലക്ട്രിക് ഗ്രൈന്ഡർ, എൽ.പി.ജി സ്റ്റൗ.

ഒരു റഫ്രിജറേറ്ററിന്റെ ലേബലിൽ ഉപകരണത്തിന്റെ പേര്, ഒരു കൊല്ലത്തേക്കുള്ള ഊർജോപയോഗം, മോഡലിന്റെ പേര്, നമ്പർ, നിർമിച്ച വർഷം, ബ്രാൻഡ്, ടൈപ്പ്, ആകെ വ്യാപ്തം, എന്നിവ നൽകിയിരിക്കും. പവർ സേവിങ് ഗൈഡ് എന്നാണ് ഈ ലേബലിന് പേര് കൊടുത്തിരിക്കുന്നത്. കൂടാതെ അതിന്റെ ഊർജ കാര്യക്ഷമത കാണിക്കുന്നതിനുള്ള എനർജി സ്റ്റാറുകളും ഉണ്ടാവും.

നിർമാതാക്കളുടെയും വ്യാപാരികളുടെയും സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ലേബലിങ് ഏർപ്പെടുത്താൻ ആഗ്രഹിക്കുന്ന നിർമാതാക്കൾക്ക് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയിൽ രജിസ്റ്റർ ചെയ്ത് നിർദിഷ്ട ഉത്പന്നപരിശോധനയിലും മറ്റു പരിശോധനാ ക്രമങ്ങളിലും പങ്കെടുത്ത് ഈ പരിപാടിയിൽ ചേരാവുന്നതാണ്.

ഊർജ കാര്യക്ഷമത വർധിപ്പിക്കുന്നത് ഊർജ ഉപയോഗത്തിൽ കുറവുവരുത്താനും, ഉപഭോക്താവിന് സാമ്പത്തിക ലാഭവും ഊർജാവശ്യങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള മുതൽമുടക്ക് കുറയ്ക്കുന്നതിനും സഹായകരമാവുന്നു. പൊതുജനങ്ങൾക്ക് ഊർജ കാര്യക്ഷമതയോടു കൂടിയ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഊർജ ലേബലിങ് ഒരു മാർഗ ദർശിയാവും. ഉല്പന്നങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഊർജ ലേബൽ ഉണ്ടോ എന്ന് പരിശോധിക്കുക ■

*എനർജി മാനേജ്മെന്റ് സെന്ററിൽ സയന്റിസ്റ്റ് ആണ് ലേഖിക.*

## വൈദ്യുത ഉപയോഗം എത്രയെന്ന് കണ്ടുപിടിക്കാം!

എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു എന്നു കണ്ടുപിടിക്കാൻ വൈദ്യുതി ഉപകരണങ്ങളുടെ യഥാർത്ഥ വാട്ടേജും അവ ഓരോന്നും എത്ര മണിക്കൂർ വീതം പ്രവർത്തിപ്പിക്കുന്നു എന്നും അറിയുകയേ വേണ്ടു. ഒരു ഉപകരണത്തിന്റെ വാട്ടേജിനെ പ്രവർത്തിച്ച മണിക്കൂർ കൊണ്ട് ഗുണിച്ച് ആയിരം കൊണ്ട് ഹരിച്ചാൽ ആ ഉപകരണം ഉപയോഗിച്ച വൈദ്യുതിയുടെ അളവ് യൂണിറ്റിൽ (kwh) കിട്ടും.

ഉദാഹരണത്തിനായി ഒരു വാട്ട് ഫാൻ 5 മണിക്കൂർ പ്രവർത്തിച്ചാൽ ഉപയോഗിക്കുന്ന വൈദ്യുതി = 60 × 5/1000=0.3 യൂണിറ്റ്.

ഇതുപോലെ വീടുകളിലെ ഓരോ വൈദ്യുതോപകരണവും ഉപയോഗിക്കുന്ന വൈദ്യുതി കണ്ടുപിടിച്ച് ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു എന്നു കണക്കാക്കാം. നിങ്ങളുടെ വൈദ്യുത മീറ്ററിലെ റീഡിങ്ങുമായി ഇതു താരതമ്യപ്പെടുത്തി നോക്കുകയും ആവാം.

■ പ്രൊഫ. സി. ജെ. ശിവശങ്കരൻ

# പാചകം : ഊർജ്ജലാഭം എങ്ങനെ?

വിറക് കത്തിയ്ക്കുമ്പോൾ ഉണ്ടാകുന്ന ചൂട് പരമാവധി ഭക്ഷണം പാകം ചെയ്യുന്നതിന് പ്രയോജനപ്പെടുത്തുക എന്നതാണ് ദക്ഷത കൂടിയ അടുപ്പുകൊണ്ട് അർത്ഥമാക്കുന്നത്. വിറക് കത്തുകയെന്നത് ഒരു ഓക്സീകരണ പ്രക്രിയയാണ്. അതായത് ഉയർന്ന ഊഷ്മാവിൽ നിയന്ത്രിതമായ വായുവിന്റെ സാന്നിദ്ധ്യത്തിലുള്ള വിറകിന്റെ ജ്വലനം. ഇങ്ങനെ ജ്വലിക്കുമ്പോൾ ഉണ്ടാകുന്ന താപോർജ്ജം വികിരണം വഴി അടുപ്പിൽ വെച്ചിട്ടുള്ള പാത്രത്തിന് ലഭിക്കും. മൂന്ന് കല്ലുവെച്ച തുറന്ന അടുപ്പാണെങ്കിൽ താപോർജ്ജത്തിന്റെ 10% മാത്രമേ പാത്രത്തിന് ലഭിക്കുന്നുള്ളൂ. ബാക്കി 90% അടുപ്പിന്റെ തുറന്നു കിടക്കുന്ന വശങ്ങളിലൂടെ നഷ്ടപ്പെടുന്നു. ഈ നഷ്ടം പരമാവധി ഒഴിവാക്കുന്നതിന്



പരിഷത്ത് അടുപ്പ്

വേണ്ടത് അടുപ്പിന്റെ തുറന്ന വശങ്ങൾ അടയ്ക്കുകയെന്നതാണ്. ഇങ്ങനെ വശങ്ങൾ അടയ്ക്കുമ്പോൾ വിറക് വയ്ക്കുന്നതിനും, വായു പ്രവഹിക്കുന്നതിനും, ഉണ്ടാകുന്ന പുകയും മറ്റും പുറത്തുപോകുന്നതിനും സംവിധാനങ്ങൾ വേണം. പരീക്ഷണനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഈ മൂന്ന് സംവിധാനങ്ങളും ശാസ്ത്രീയമായി ഒരുക്കിയിട്ടുള്ള മെച്ചപ്പെട്ട അടുപ്പുകൾ ഇന്ന് ലഭ്യമാണ്. കൂടുതൽ പ്രചാരത്തിലുള്ളത് പരിഷത്ത് അടുപ്പ് ആണ്. കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ശാസ്ത്രസാഹിത്യപരിഷത്ത് രൂപം നല്കിയ ഈ അടുപ്പ് ഉപയോഗിക്കുമ്പോൾ വിറക് കത്തിയുണ്ടാകുന്ന താപോർജ്ജത്തിന്റെ 25%-30% ഭക്ഷണം പാകം ചെയ്യുന്ന പാത്രത്തിന് ലഭിക്കും. പത്തു രൂപയുടെ വിറകാണ് ഉപയോഗിക്കുന്നതെങ്കിൽ രണ്ടര-മൂന്നു രൂപയുടെ ചൂട് പാത്രത്തിന് കിട്ടുമെന്നർത്ഥം. സാധാരണയടുപ്പിൽ ഇത് ഒരു രൂപയാണ്. അതായത് പരിഷത്ത് അടുപ്പ് സാധാരണയടുപ്പിനെക്കാൾ ദക്ഷത കൂടിയതാണ്, 25%-30% ദക്ഷത. അടുക്കളയിൽ പുകശല്യവും ഒഴിവാകും. പുക പുറത്തേക്ക് പൈപ്പുവഴിയാണ് പോകുന്നത്. ജ്വലനം നന്നായി നടക്കുന്നതിനാൽ പുകയുടെ അളവും കുറവാണ്.

സാധാരണ വീടുകളിൽ 2+1 മോഡലോ 1+1 മോഡലോ പരിഷത്ത് അടുപ്പാണ് ഉപയോഗിക്കുന്നത്. രണ്ടുവലിയ അടുപ്പും ഒരു കൊട്ടിയടുപ്പുമാണ് 2+1 മോഡൽ. ഒരു വലിയ അടുപ്പും ഒരു ചെറിയടുപ്പുമാണ് 1+1 മോഡൽ. സ്കൂളിലും ഹോട്ടലുകളിലും ആയുർവേദ മരുന്ന് നിർമ്മാണശാലകളിലും മറ്റും ഉപയോഗിക്കാവുന്ന ദക്ഷത കൂടിയ വലിയ കമ്മ്യൂണിറ്റി അടുപ്പുകളും പാത്രത്തിന്റെ വലിപ്പം അനുസരിച്ച് ഉണ്ടാക്കി ഉപയോഗിക്കുന്നുണ്ട്. 1000 രൂപ ചെലവിൽ പരിഷത്ത് അടുപ്പ് വീട്ടിൽ സ്ഥാപിക്കാം. പരിശീലനം ലഭിച്ച ഫിറ്റർമാരാണ് അടുപ്പു സ്ഥാപിക്കുന്നത്. സംസ്ഥാനത്ത് അനർട്ട് ഇതു പ്രചരിപ്പിക്കുന്നുണ്ട്.

## ചൂടാറാപ്പെട്ടി

കേരള സർക്കാരിന്റെ എനർജി മാനേജ്മെന്റ് സെന്ററും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഗവേഷണ സ്ഥാപനമായ പാലക്കാട് മുണ്ടൂരിലെ ഐ.ആർ.ടി.സി.യും പ്രചരിപ്പിക്കുന്ന ഉത്പന്നമാണ് ചൂടാറാപ്പെട്ടി (താപഭരണി). തെർമോക്കോളുകൊണ്ട് പഴയകാലത്തെ പറപോലെ സിലിൺട്രിക്കലായ രൂപത്തിൽ ഒരു അടപ്പോടെയുള്ള ഉപകരണമാണിത്.

ചൂടാറാപ്പെട്ടി ഒരു ഊർജ്ജ സംരക്ഷണ ഉപാധിയാണ്. സാധാരണ ഗതിയിൽ അരി തിളച്ചാലും വേവുന്നതുവരെ 30-40 മിനുട്ട് അടുപ്പ് കത്തിക്കും. വാസ്തവത്തിൽ വെള്ളം നൂറുഡിഗ്രി തിളച്ചാൽ പിന്നെ ചൂടാക്കുന്നതിൽ അർത്ഥമില്ല. ആ ചൂട് കുറയാതെ നോക്കിയാൽ മതി. ചൂടാറാപ്പെട്ടി ഉപയോഗിക്കുമ്പോൾ ഈ കത്തിക്കൽ ഒഴിവാകുന്നു. പാത്രത്തിലുള്ള അരി നന്നായി




ചൂടാറാപ്പെട്ടി

3-4 മിനിട്ട് വെട്ടിത്തിളച്ചശേഷം പാത്രം അടച്ച് ചൂടാറാപ്പെട്ടിയുടെ മൂടിയിൽ വെയ്ക്കുന്നു. അതിനുശേഷം ചൂടാറാപ്പെട്ടി കൊണ്ട് ഈ പാത്രം നന്നായി മൂടിവെയ്ക്കുന്നു. തെർമോക്കോളുകൊണ്ടുണ്ടാക്കിയ ചൂടാറാപ്പെട്ടിയിൽ നിന്നും താപനഷ്ടം വളരെ സാവധാനത്തിലാണ് നടക്കുക. ഇതിനിടയിൽ അരി വെന്തുകിട്ടും. അതായത് 30-40 മിനിട്ട് നേരം കത്തുന്ന വിറകോ, മണ്ണെണ്ണയോ എൽപിജി യോ ലാഭിക്കാം. ഇതുവഴിയുള്ള സാമ്പത്തിക ലാഭം വീട്ടുകാർക്കും നാടിനും ലഭിക്കും. കാർബൺ ഡയോക്സൈഡിന്റെ വിസർജ്ജനം കുറയ്ക്കുന്നതു കൊണ്ട് ആഗോളതാപനം കുറയ്ക്കാനും ഇതൊരു ചെറിയ പങ്ക് വഹിക്കുന്നു. വിറകടുപ്പ് ഉപയോഗിക്കുന്നവർ ദക്ഷത കൂടിയ അടുപ്പും ചൂടാറാപ്പെട്ടിയും ഉപയോഗിച്ചാലുള്ള നേട്ടം ഇരട്ടിയാണ്.

ശാസ്ത്രസാഹിത്യ പരിഷത്ത് വിപണനം ചെയ്യുന്ന ചൂടാറാപ്പെട്ടിയുടെ വില 200 രൂപയാണ്. മൂന്നു മാസത്തെ ഇന്ധന ലാഭം കൊണ്ട് മുടക്കു മുതൽ തിരികെ ലഭിക്കും. കൊല്ലങ്ങളോളം ഒരേ ചൂടാറാപ്പെട്ടി തന്നെ ഉപയോഗിക്കാം. അരി പാകം ചെയ്യുന്നതിനു മാത്രമല്ല ചൂടുള്ള പദാർത്ഥങ്ങൾ സൂക്ഷിച്ചു വെയ്ക്കുന്നതിനും ചൂടാറാപ്പെട്ടി ഉപകരിക്കും. ചൂടാറാപ്പെട്ടി, അടുപ്പ് എന്നിവയ്ക്ക് നമ്പരിലും താപഭരണിക്ക് ഐ.ആർ.റ്റി.സി., അനർട്ട്, ഇ.എം.സി. നമ്പരിലും ബന്ധപ്പെട്ടാൽ വിശദാംശങ്ങൾ ലഭിക്കും ■

*എനർജി മാനേജ്മെന്റ് സെന്റർ - 0471-2594922*
*അനർട്ട് - 0471-2449854*
*ഐ.ആർ.ടി.സി., പാലക്കാട് - 0491-2832663*

*ഐ.ആർ.ടി.സി. മുൻ രജിസ്ട്രാറാണ് ലേഖകൻ.*



■ ബി. മനോജ്

# 2009: ഈ പടവുകൂടി പിന്നിട്ട്...

ഭരണനിർവ്വഹണരംഗത്തെ സമസ്ത മേഖലകളിലും കർമധീരതയുടെ കയ്യൊപ്പുപതിഞ്ഞ വർഷമായിരുന്നു കേരളത്തിന് 2009. ഒട്ടേറെ വികസന പദ്ധതികൾക്കും ക്ഷേമനടപടികൾക്കും കേരളം 2009 ൽ സാക്ഷിയായി. അഴിമതി നിർമ്മാർജ്ജനം, സമാധാനാന്തരീക്ഷം, കരുതലോടെയുള്ള ധനവിനിമയം എന്നിങ്ങനെ എടുത്തുപറയത്തക്ക നേട്ടങ്ങൾ അനവധി.

2009-2010 സാമ്പത്തിക വർഷത്തിലേക്ക് 8650 കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ് സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയത്. മുൻ സാമ്പത്തിക വർഷത്തേക്കാൾ 12.3 ശതമാനം അധികമാണിത്. കൂടുതൽ പേർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാൻ തക്കവണ്ണം ഉത്പാദന-സേവന-പശ്ചാത്തലമേഖലകളിൽ കൂടുതൽ മുതൽമുടക്കാനാണ് സർക്കാർ 2009 ൽ മുൻതൂക്കം നൽകിയത്. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനായി തരിശുഭൂമി കൃഷി ചെയ്യാനും ഉത്പാദനതോത് വർദ്ധിപ്പിക്കാനുമായി സംസ്ഥാന സർക്കാരും പൊതുമേഖലാസ്ഥാപനങ്ങളും കൃഷിക്കാരും കൈക്കൊണ്ട നടപടികൾക്ക് ആശാവഹമായ ഫലംകണ്ടുവരുന്നത് 2009 ലെ എടുത്തുപറയത്തക്ക സംഗതിയാണ്.

'എല്ലാരും പാടത്തേക്ക് പദ്ധതി' കർഷകർക്ക് സമ്പൂർണ്ണ ഇൻഷുറൻസ്, കാർഷിക കടാശ്വാസ പദ്ധതി എന്നിവ പ്രത്യേകം ശ്രദ്ധേയം. വിലക്കയറ്റം പിടിച്ചു നിർത്തുവാൻ വിവിധ ഘട്ടങ്ങളിലായി അവസരോചിതമായി നടത്തിയ സർക്കാർ ഇടപെടലുകൾ 2009 ൽ പൊതുജനജീവിതത്തിന് ആശ്വാസമായി.

ഇ.എം.എസ്. ഭവനപദ്ധതിയും എം.എൻ. ലക്ഷംവീട് പദ്ധതിയും യാഥാർത്ഥ്യത്തിലേക്കെത്തിയതും ജനകീയാസൂത്രണത്തിലൂടെയുള്ള ജനപക്ഷവികസനം ഉൾനാടൻ ഗ്രാമങ്ങളിൽപോലും ഫലംകണ്ടതും സർക്കാർ വകുപ്പുകളിൽ അഴിമതിരഹിത പ്രവർത്തനം ഉറപ്പാക്കുന്നതിൽ വലിയതോതിൽ മുന്നേറാനായതും 2009 ലെ പ്രധാന നേട്ടം തന്നെയാണ്. ക്ഷേമപദ്ധതികൾക്ക് മുൻതൂക്കം നൽകിയതും കുടിശ്ശിക ഇല്ലാതെ ക്ഷേമപെൻഷനുകൾ നൽകിതീർത്തതും 26 ലക്ഷം കുടുംബങ്ങൾക്ക് അരിയും ഗോതമ്പും കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ നൽകിയതും പ്രവാസികൾക്ക് ക്ഷേമപദ്ധതിയും തിരിച്ചറിയൽ കാർഡും 'സാന്ത്വനം' പദ്ധതി ഏർപ്പെടുത്തിയതും, മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി കടാശ്വാസനിയമം കൊണ്ടുവന്നതും ആഗോളസാമ്പത്തിക മാന്ദ്യത്തെ നേരിടാൻ 10,000 കോടി രൂപയുടെ വിവിധ പദ്ധതികൾക്കു രൂപം നല്കിയതും ഒരുലക്ഷത്തോളം ഭൂരഹിതർക്ക് ഭൂമി നൽകിയതും ആയിരക്കണക്കിന് ആദിവാസി കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകിയതും സമഗ്രആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കിയതും 60 കഴിഞ്ഞ കർഷകർക്ക് 300 രൂപ പ്രതിമാസം ലഭിക്കുന്ന 'കിസാൻ അഭിമാൻ' പദ്ധതി ഇന്ത്യയിലാദ്യമായി നടപ്പാക്കിയതും 2009 ലെ തിളക്കമാർന്ന നേട്ടങ്ങളാണ്.



രണ്ടു രൂപയ്ക്ക് അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവ്വഹിക്കുന്നു. (ഫയൽ ചിത്രം)

ലോകത്തിന്റെ ഏതു കോണിൽ തൊഴിലെടുക്കുന്നവരായാലും എവിടെ ജീവിക്കുന്നവരായാലും സ്വന്തം ഭാഷയും സംസ്കാരവും നെഞ്ചേറ്റി ലാളിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നവരാണ് മലയാളികൾ. അവരുടെ അടുത്ത തലമുറയ്ക്ക് ഈ പ്രവണത നഷ്ടപ്പെടാതിരിക്കാൻവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിയ മലയാളം മിഷൻ 2009 ൽ പ്രവർത്തനമാരംഭിച്ചു.

സംസ്ഥാനത്ത് ഐ.ടി. അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ആശാവഹമായ പുരോഗതി 2009 ൽ കൈവന്നു. പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ വർദ്ധിച്ചു. ടെക്നോപാർക്കിന്റെ വികസനത്തിനു പുറമേ എല്ലാ ജില്ലകളിലും ഐ.ടി. പാർക്കുകൾ എന്ന ലക്ഷ്യവും 2009 ൽ സഫലമായിത്തുടങ്ങി. കടയ്ക്കലിൽ ആരംഭിച്ച ടെക്നോലോഡ്ജ് പദ്ധതി ഗ്രാമങ്ങളിലും മാനവവികസനത്തിന് ഐടിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്



ഉത്തമമാതൃകയായി.

24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ, ജനമൈത്രി സുരക്ഷാ പദ്ധതി, കോസ്റ്റൽ പോലീസ് സ്റ്റേഷൻ തുടങ്ങി ദേശീയ ശ്രദ്ധ നേടിയ നിരവധി പ്രവർത്തനങ്ങൾക്ക് സംസ്ഥാന ആഭ്യന്തരവകുപ്പ് തുടക്കമിട്ടു. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കാനുള്ള പ്രത്യേക സംവിധാനങ്ങൾക്കും കേരളത്തിൽ ഇന്നുവരെ നിലവിലില്ലായിരുന്ന ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരണത്തിനും 2009 ൽ തുടക്കമായി.

മെഡിക്കൽ കോളേജ് അധ്യാപകരുടെ സ്വകാര്യപ്രാക്ടീസ് നിരോധനവും റഫറൽ സമ്പ്രദായം എർപ്പെടുത്തിയതും 2009ലെ സുപ്രധാനമായ നടപടിയാണ്. നിരവധിസർക്കാരുകൾ നിയോഗിച്ച കമ്മീ



*എല്ലാരും പാടത്തേക്ക്* പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കുന്നു. (ഫയൽ ചിത്രം)

# കേരളം പോയ വർഷം

**ജനുവരി 1** – കേരള വനം -വന്യജീവി വകുപ്പിന്റെ കീഴിൽ എറണാകുളത്ത് മംഗളവനം പ്രകൃതി പഠന-പക്ഷി നിരീക്ഷണ കേന്ദ്രം വനം, ഭവനനിർമ്മാണവകുപ്പ് മന്ത്രി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു ◆ മണ്ണറിഞ്ഞ് വളം ചെയ്യാൻ ലക്ഷ്യമിട്ടുള്ള 'സോയിൽ ഹെൽത്ത് കാർഡ്' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്കിലുള്ള കുമ്മിളിൽ കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ നിർവ്വഹിച്ചു ◆ സംസ്ഥാനത്ത് വാറ്റ് റിട്ടേൺ എൻട്രിയുടെയും ഇ-ഫയലിന്റെയും അവതരണോദ്ഘാടനം ധനമന്ത്രി ഡോ. തോമസ് ഐസക്ക് നിർവ്വഹിച്ചു ◆ ജനകീയ ശാസ്ത്രപ്രസ്ഥാനങ്ങളുടെ അഖിലേന്ത്യാ ശൃംഖലയുടെ (എ.ഐ.പി.എസ്.എൻ) പ്രസിഡന്റായി സി.പി. നാരായണൻ (കെ.എസ്.എസ്.പി) തെരഞ്ഞെടുക്കപ്പെട്ടു.

**ജനുവരി 2** പൊതുമരാമത്ത് വകുപ്പിന്റെ 'വിഷൻ 2010' പദ്ധതിക്ക് തുടക്കം

**ജനുവരി 3** – സി-ഡിറ്റിന്റെ 20-ാം വാർഷികാഘോഷ പരിപാടികൾ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു ◆ ആദിവാസി പുനരധിവാസപദ്ധതിയുടെ ഭാഗമായുള്ള ആറളം മാതൃകാ പുനരധിവാസ വികസനപദ്ധതിയുടെ ഉദ്ഘാടനം മന്ത്രി എ.കെ. ബാലൻ നിർവ്വഹിച്ചു.

**ജനുവരി 4** – സംസ്ഥാന സർക്കാരിന്റെ 'ഗ്രാമം നിറയെ കോഴികൾ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മാരാരിക്കുളത്ത് മന്ത്രി സി. ദിവാകരൻ നിർവ്വഹിച്ചു.

**ജനുവരി 8** – കണ്ണൂർ ഏഴിമല നാവിക അക്കാദമി പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് രാഷ്ട്രത്തിന് സമർപ്പിച്ചു ◆ സംസ്ഥാന സഹകരണ മെഡിക്കൽ ലബോറട്ടറി ശൃംഖലയുടെ സംസ്ഥാനതല ഉദ്ഘാടനം സഹകരണ മന്ത്രി ജി. സുധാകരൻ കോഴിക്കോട് നിർവ്വഹിച്ചു.

**ജനുവരി 13** – സംസ്ഥാനത്ത് ക്ഷയരോഗം നിയന്ത്രിക്കുന്നതിനായുള്ള പുതിയ പദ്ധതി 'ഡോട്ട്സ് പ്ലസ്' ന് തുടക്കം.

**ജനുവരി 14** – സംസ്ഥാന സർക്കാരിന്റെ നെൽക്ക്യഷി വികസന പദ്ധതി – 'എല്ലാരും പാടത്തേക്ക്'– തിരുവനന്തപുരം വെള്ളായണിയിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഞാറുനട്ട് ഉദ്ഘാടനം ചെയ്തു ◆ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന കെ.ജെ. മാത്യുവിനെ ചീഫ് സെക്രട്ടറിയായി നിയമിക്കാൻ മന്ത്രി സഭായോഗം തീരുമാനിച്ചു.

**ജനുവരി 15** – മാറാട് കൂട്ടക്കൊല കേസിൽ 62 പ്രതികൾക്ക് മാറാട് പ്രത്യേക കോടതി ജീവപര്യന്തം തടവും 25000 രൂപ വീതം പിഴയും ശിക്ഷ വിധിച്ചു.

**ജനുവരി 17** – പി.സി. വിഷ്ണുനാഥ് എം.എൽ.എ.യെ യൂത്ത് കോൺഗ്രസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി നിയമിച്ചു.

**ജനുവരി 23** – കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനോദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു.

**ജനുവരി 28** – കർഷകർക്ക് പ്രതിമാസം 300 രൂപ വീതം പെൻഷൻ ലഭിക്കുന്ന കിസാൻ അഭിമാൻ പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം.

**ഫെബ്രുവരി 19** –വിദ്യാഭ്യാസ ആനുകൂല്യവിതരണം നേരിട്ട് ബാങ്കുകളിലൂടെ നടപ്പാക്കുന്ന ഇ-ഗ്രാന്റ്സ് -വെബ് അധിഷ്ഠിത സ്കോളർഷിപ്പ് വിതരണ പ്രോജക്ട് – സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴ പുന്നപ്രയിൽ നടന്നു.

**ഫെബ്രുവരി 22** – ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യൂക്കേഷൻ ആന്റ് റിസർച്ചിന്റെ (ഐസർ) ശിലാസ്ഥാപനം തിരുവനന്തപുരത്ത് വിതുരയിൽ കേന്ദ്രമന്ത്രി വയലാർ രവി നിർവ്വഹിച്ചു.

**ഫെബ്രുവരി 25** – പ്രശസ്ത സാമൂഹിക-സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. പി.കെ. മൈക്കിൾ തരകനെ കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി നിയമിച്ചു.

**ഫെബ്രുവരി 26** – പാലക്കാട് തൃത്താല പടക്കനിർമ്മാണസ്ഥലത്തുണ്ടായ സ്ഫോടനത്തിലും തീപിടുത്തത്തിലും ഏഴുപേർ മരിച്ചു.

**ഫെബ്രുവരി 27** –സംസ്ഥാന വനസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ശേഖരിക്കുന്ന മണൽ നിർമ്മിതി ന്യായവില വിപണനകേന്ദ്രം 'കലവറ' വഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം.

**ഫെബ്രുവരി 28** – പ്രവാസി കേരളീയ ക്ഷേമ ആക്ട് (2008) പ്രകാരം രൂപീകരിച്ച കേരള പ്രവാസി ക്ഷേമനിധിയുടെ ഉത്ഘാടനം തൃശൂരിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു ◆ കേരളത്തിന് അനുവദിച്ച കേന്ദ്ര സർവ്വകലാശാല വൈസ് ചാൻസലറായി ഡോ. ജാൻസി ജെയിംസിനെ നിയമിച്ചു.

**മാർച്ച് 2** – ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള അഞ്ചാമത് ദേശീയ നാടകോത്സവത്തിന് തുടക്കം.

**മാർച്ച് 4** – നിയമസഭാ രേഖകളുടെ ഡിജിറ്റൽ ആർക്കൈവ്സിന്റെ ഉദ്ഘാടനം സ്പീക്കർ കെ. രാധാകൃഷ്ണൻ നിർവഹിച്ചു.

**മാർച്ച് 5** – ജനനമരണ രജിസ്ട്രേഷനിൽ ദേശീയതലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

**മാർച്ച് 13** – മുൻ എം.എൽ.എ. പി. നീലകണ്ഠൻ അന്തരിച്ചു.

**മാർച്ച് 16** – സംസ്ഥാന ഗതാഗതമന്ത്രി മാത്യു ടി. തോമസ് മന്ത്രിസ്ഥാനം രാജിവെച്ചു.

**മാർച്ച് 18** – കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് എസ്.ആർ. ബെന്നൂർ മഠ് സത്യപ്രതിജ്ഞ ചെയ്തു.

ഷനുകളെല്ലാം ഏകകണ്ഠമായി സമർപ്പിച്ച ഈ ശുപാർശ നടപ്പാക്കാൻ കഴിഞ്ഞത് സർക്കാരിന്റെ തൊപ്പിയിൽ പൊൻതൂവലായി.

എല്ലാവർക്കും കുടിവെള്ളം എന്ന കേന്ദ്രീകൃത ലക്ഷ്യത്തോടെ ആവിഷ്കരിച്ച ജലനയം, അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനുള്ള റോഡുവികസന നയം, സാംസ്കാരികമേഖലയിലെ ജനകീയനയങ്ങൾ എന്നിവ പരക്കെ അംഗീകരിക്കപ്പെട്ടു. പാഠ്യപദ്ധതി പരിഷ്കരണവും ഹയർസെക്കൻഡറി പ്രവേശനത്തിന് ഏർപ്പെടുത്തിയ ഏകജാലക സംവിധാനവും ഇന്ത്യയിൽ ആദ്യമായി മുഴുവൻ ഹൈസ്കൂളുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള നടപടിയും 2009 ൽ വിജയംകണ്ടു.

പ്രതീക്ഷകൾ നിറവേറ്റുന്നതിനോടൊപ്പം അപ്രതീക്ഷിതമായ ആശങ്കകളും ഉത്കണ്ഠകളും 2009-ാമാണ്ട് കേരള ജനതയ്ക്ക് നൽകി. തേക്കടി ബോട്ടു ദുരന്തവും മഴക്കെടുതി മൂലമുള്ള ദുരന്തങ്ങളും, സ്കൂൾ വിദ്യാർത്ഥികൾ സഞ്ചരിച്ച തോണിമറിഞ്ഞുണ്ടായ അപകടവും കരുനാഗപ്പള്ളി ടാങ്കർലോറി അപകടവുമെല്ലാം 2009 ലെ ദുരന്ത സ്മൃതികളാണ്.

അന്തർദേശീയ തലത്തിലുള്ള തീവ്രവാദത്തിന്റെ വേരുകൾ കേരളത്തിലേക്കും നീളുന്നുവെന്നത് മറനീക്കി പുറത്തുവന്നത് 2009 ൽ ഞെട്ടലുളവാക്കുന്ന സംഭവങ്ങളി

ലൊന്നായി. മലയാളികൾ സുരക്ഷിത നിക്ഷേപമായി കാണുന്ന സ്വർണത്തിന്റെ വില റെക്കോഡിലെത്തിയത് 2009ലാണ്. വർഷാന്ത്യം സ്വർണ്ണവില കുറയുന്നു എന്ന സൂചന ആശ്വാസവും പകർന്നു.

പതിവുരാഷ്ട്രീയ മലക്കംമറിച്ചിലു കൾക്ക് 2009 ലും കേരളം സാക്ഷിയായി. മുന്നണിബന്ധങ്ങളിലുണ്ടായ വിള്ളലുകൾ, എൻ.സി.പി.യിലെയും ജനതാദളിലെയും പിളർപ്പ്, ഒരു വിഭാഗം ജനതാദൾ പ്രവർത്ത കർ വലതുമുന്നണിയിലിടം കണ്ടത്, തുട ങ്ങിയവ രാഷ്ട്രീയരംഗത്തെ പ്രധാന സംഭവങ്ങൾ.

എച്ച്1 എൻ 1 പോലുള്ള പകർച്ചവ്യാധി കൾ കേരളത്തിലും ഭീതി വിതച്ചു. സർക്കാ രിന്റെയും ആരോഗ്യമേഖലയിലെല്ലാവരു ടെയും അവസരോചിതമായ പ്രവർത്തനം ആശങ്കകൾക്ക് വിരാമമിട്ടു.

പ്രതീക്ഷയെക്കാളുപരി ആശങ്കകളോ ടെയാണ് 2009 ആഗസ്റ്റ് 13 ന് ഇന്ത്യ ഒപ്പുവെച്ച 'ആസിയാൻ സ്വാതന്ത്ര്യവ്യാപാര കരാറിനെ' കേരളം നോക്കിക്കാണുന്നത്.

അന്താരാഷ്ട്ര വ്യാപാരം വർധിപ്പിക്കു ന്നതിനും വിപണി വിപുലീകരിക്കുന്നതി നുമായാണ് ഇന്ത്യ ഈ കരാറിൽ ഒപ്പിട്ട തെന്നു പറയുമ്പോഴും മലയാളിയുടെ ഉത്കണ്ഠയ്ക്ക് അയവുവരുത്താൻ കേന്ദ്ര ത്തിനായിട്ടില്ല.

ഉപഭോക്തൃവിപണി കൂടുതൽ മത്സരാ ധിഷ്ഠിതമാവുകയും കേരളത്തിലെ കർഷ കരെയും കാർഷികമേഖലയെയും പ്രതിസ ന്ധിയിലാക്കുകയും ചെയ്യുവാൻ ഈ കരാർ വഴിമരുന്നിടുമെന്ന് പരക്കെ ചൂണ്ടിക്കാണി ക്കപ്പെടുന്നു.

കുരുമുളക്, കാപ്പി, ഇഞ്ചി, ഏലം തുട ങ്ങിയ കേരളത്തിലെ കാർഷിക ഉത്പന്ന ങ്ങളുടെ ഉത്പാദനക്ഷമത ആസിയാൻ രാജ്യങ്ങളുടെതിനേക്കാൾ കുറവാണ്. മാത്ര മല്ല ഈ കരാർ പ്രകാരം 177 ഇനം മത്സ്യ ങ്ങൾ ഇന്ത്യയിലെത്തുകയും അതോടെ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് ആസിയാൻ കരാർ ദോഷകര മാവുകയും ചെയ്യും. ഇവയാണ് കരാറിന്റെ പ്രധാന കോട്ടങ്ങൾ.

വിവാദങ്ങൾ ഇക്കുറിയും അരങ്ങു തകർത്തു. എസ്.എൻ.സി. ലാവ്‌ലിൻ കേസ്, അഭയ കേസ് അന്വേഷണം പുതിയ വഴിത്തിരിവിലെത്തിയത്, മുല്ലപ്പെരിയാർ പ്രശ്നം തുടങ്ങിയവയെല്ലാം - പഴയ വിഷ യമാണെങ്കിൽ കൂടിയും - മാധ്യമങ്ങൾ ചർച്ചകൾക്കു വിഷയമാക്കി. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങ ളിൽപോലും മാധ്യമങ്ങളുടെ അനാവശ്യഇ ടപെടലുകൾ ഉണ്ടായത് വിവാദങ്ങൾക്ക് ആക്കം കൂട്ടി.

2009 ന്റെ ഒടുക്കവും 2010 ന്റെ തുട ക്കവും കേരളത്തിന്റെ വികസനമുന്നേറ്റ മാണ് സൂചിപ്പിക്കുന്നത്. മലയാളിയുടെ സുവർണ്ണ പ്രതീക്ഷകളായ വിഴിഞ്ഞം തുറ മുഖവും ദേശീയ ജലപാത വികസനവും ലക്ഷ്യംനേടുമെന്ന് ഉറപ്പാക്കിക്കഴിഞ്ഞ സന്ദർഭമാണിത്. കേരളത്തിലെ ജന ക്ഷേമപദ്ധതികളിലെ മുന്നേറ്റമാണ് 2009 ൽ ഏറെ ശ്രദ്ധിക്കപ്പെട്ടത്.

സംസ്ഥാനം വികസനവഴിയിലെ ഒരു പടിയുംകൂടി പിന്നിടുകയാണ്. 2011 -ോടെ എല്ലാവർക്കും പാർപ്പിടം, എല്ലാ വീടുക ളിലും വൈദ്യുതി, സമഗ്രമായ അടിസ്ഥാന വികസനം തുടങ്ങി വമ്പൻ പദ്ധതികളുടെ സാക്ഷാത്കാരത്തിനാണ് സർക്കാർ ശ്രമി ക്കുന്നത് ■

**ഏപ്രിൽ 16** – കേരളത്തിലെ 20 ലോക്സഭാ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് നടന്നു.

**മേയ് 11** – വിമാനയാത്രാ വിവാദക്കേസിൽ പി.ജെ. ജോസഫിനെ ശ്രീപെരുംപതൂർ ജില്ലാ മജിസ്ട്രേറ്റ് കോടതി കുറ്റവിമുക്തനാക്കി.

**മേയ് 15** – മോഹൻലാലിനെ ടെറിട്ടോറിയൽ ആർമിയിൽ ലഫ്റ്റനന്റ് കേണലായി നിയ മിക്കുന്നതിന് രാഷ്ട്രപതിയുടെ ഉത്തരവ്

**മേയ് 16** – ലോക്സഭാ തെരഞ്ഞെടുപ്പു ഫല പ്രഖ്യാപനം വന്നു. കേരളത്തിലെ 20 സീറ്റു കളിൽ 16 എണ്ണം യു.ഡി.എഫും. നാലെണ്ണം എൽ.ഡി.എഫും നേടി.

**മേയ് 17** – തിരുവനന്തപുരത്ത് ബീമാപ ള്ളിക്കു സമീപം ചെറിയതുറയിൽ ഇരുവിഭാ ഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിനിടെ പോലീസ് നടത്തിയ വെടിവെയ്പിൽ 6 പേർ മരിച്ചു.

**മേയ് 22** – എല്ലാ ബി.പി.എൽ. കാർഡുടമ കൾക്കും കിലോഗ്രാമിന് 2 രൂപ നിരക്കിൽ അരിയും ഗോതമ്പും ലഭ്യമാക്കുന്ന പദ്ധതി യുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവ്വഹിച്ചു • കേര ളത്തിൽനിന്ന് എ.കെ. ആന്റണിയും വയലാർ രവിയും കേന്ദ്രമന്ത്രിമാരായി സത്യ പ്രതജ്ഞ ചെയ്തു.

**മേയ് 28** – കേരള എം.പി.മാരായ ശശി തരൂർ, കെ.വി. തോമസ്, ഇ. അഹമ്മദ്, മുല്ലപ്പള്ളി രാമ ചന്ദ്രൻ എന്നിവർ കേന്ദ്രമന്ത്രിസഭയിലേക്.

**മേയ് 30** – സംസ്ഥാന ചീഫ് സെക്ര ട്ടറിയായി നീലാ ഗംഗാധരൻ ചുമതലയേറ്റു.

**ജൂൺ 7** – എസ്.എൻ.സി. ലാവലിൻ കേസിൽ മുൻ വൈദ്യുതിമന്ത്രി പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നല്കേ ണ്ടെന്ന മന്ത്രിസഭാശുപാർശ തള്ളിക്കൊണ്ട് ഗവർണർ പ്രോസിക്യൂഷന് അനുമതി നൽകി.

**ജൂലായ് 5** – എം.പി. വീരേന്ദ്രകുമാർ അധ്യ ക്ഷനായുള്ള കേരളഘടക കമ്മിറ്റിയെ ജനതാദൾ (എസ്) സംസ്ഥാനസമിതി ദേശീയ അധ്യക്ഷൻ എച്ച്.സി. ദേവഗൗഡ പിരിച്ചു വിട്ടു.

**ജൂലായ് 10** – എറണാകുളം കളക്ടറേറ്റ് ഉൾപ്പെടെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കൊച്ചി, കാക്കനാട് സിവിൽ സ്റ്റേഷനിൽ സ്ഫോടനം നടന്നു. ആളപായമില്ല.

**ജൂലായ് 17** – സംസ്ഥാനത്ത് കാലവർഷം കന ത്തു. മണ്ണിടിച്ചിലിലും ഇടുക്കിയിലെ ഉരുൾപൊട്ടലിലും 15 പേർ മരിച്ചു • സിസ്റ്റർ അഭയയെ കൊലപ്പെടുത്തിയ കേസിൽ ഫാ. തോമസ് കോട്ടൂർ, ഫാ. ജോസ് പൂതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവരെ പ്രതികളാക്കി സി.ബി.ഐ. കുറ്റപത്രം സമർപ്പിച്ചു.

**ജൂലായ് 18** – ഗുരുവായൂർ ക്ഷേത്രത്തിലെ പ്രധാന തന്ത്രിയും ദേവസ്വം ഭരണസമിതി യിലെ സ്ഥിരാംഗവുമായിരുന്ന പുഴക്കര ചേന്നാസ് ഇല്ലത്ത് രാമൻ നമ്പൂതിരിപ്പാട് അന്തരിച്ചു • മുൻ ചീഫ് സെക്രട്ടറി (രണ്ടാം ഇ.എം.എസ്. മന്ത്രിസഭാകാലത്ത്) എം. ഗോപാലമേനോൻ അന്തരിച്ചു.

**ജൂലായ് 19** – സംസ്ഥാനത്ത് മഴക്കെടുതി

■ എസ്. രാധാകൃഷ്ണൻ

# പ്രതീക്ഷകൾ ബാക്കിയാക്കി കടന്നുപോയ വർഷം

സാമ്പത്തിക മാന്ദ്യത്തിന്റെയും സമാധാനഭംഗത്തിന്റെയും മടിത്തട്ടിൽ പിറന്നുവീണ ഒരു വർഷം കടന്നുപോയപ്പോൾ കേട്ടതെല്ലാം അതുമായി ബന്ധപ്പെട്ട സംഭവങ്ങളായിരുന്നു. ലോകം തിരിച്ചുവരവിന്റെ പാതയിലാണെന്ന് തുടക്കത്തിൽ കേട്ടെങ്കിലും സാവധാനമായിരുന്നു ആ വരവ്.

സ്വന്തം സമ്പദ്‌വ്യവസ്ഥയെ രക്ഷപ്പെടുത്താൻ രാഷ്ട്രങ്ങൾ പെടാപ്പാടുപെടുമ്പോഴായിരുന്നു മാറ്റത്തിന്റെ കാറ്റുമായി ഒരു ബരാക്ക് ഒബാമ അമേരിക്കയിൽ പ്രസിഡന്റായത്. അദ്ദേഹത്തിന് എന്തു ചെയ്യാൻ കഴിയുമെന്നത് ഇനിയും കാത്തിരുന്നു കാണേണ്ടതുതന്നെ. എന്തെങ്കിലും അത്ഭുതം സംഭവിക്കുമെന്നു കരുതിയവർ നിരാശരായെന്നത് പരമാർഥം.


ബറാക് ഒബാമ

ഒരു രാജ്യത്തുമാത്രമായാൽപോലും ചാവേറുകളും യുദ്ധക്കൊതിയന്മാരും ഏറ്റുമുട്ടുമ്പോൾ കണ്ടു നിൽക്കാൻ മറ്റു രാജ്യങ്ങൾക്കാവില്ല. കാരണം ലോകം അത്ര ചെറുതായിരിക്കുന്നു. ആഗോളീകരണവും ഉദാരവത്കരണവുമൊക്കെ ലോകത്തെ ഈ തരത്തിലെത്തിക്കുമെന്ന് ആരും ചിന്തിച്ചുകാണില്ല. കാണാനും കേൾക്കാനും അനുഭവിക്കാനും കൂടെ ആളുണ്ടെന്നതു മാത്രം ആശ്വാസം.

ഇസ്രയേലും ഹമാസും ജനുവരിയിൽ വെടിനിർത്തുമ്പോൾ ആശ്വാസം കൊണ്ട ലോകം പക്ഷേ അധിനിവേശത്തിന്റെ ബഹിർസ്ഫുരണങ്ങളിലൂടെയും സ്ഫോടനങ്ങളിലൂടെയും ആയിരങ്ങളുടെ ജീവനൊടുങ്ങുന്നതു കാണാനിരിക്കുന്നതേയുണ്ടായിരുന്നുള്ളു. സാമ്രാജ്യത്വത്തിന്റെ സൃഷ്ടിയായ താലിബാനുമായി പോരാടാൻ ആളും അർഥവുമിറക്കിയെങ്കിലും വർഷം തീരുമ്പോഴും പോരാട്ടത്തിന്റെ അതിർത്തികൾ നിശ്ചയിക്കപ്പെടാതെ അവശേഷിക്കുകയാണ്. പാക്കിസ്ഥാനിൽ തീവ്രവാദത്തിന്റെ വിത്തു വിതച്ച അമേരിക്ക ഇപ്പോൾ വിളവെടുപ്പ് താലിബാനു വിട്ടുകൊടുത്തിരിക്കുകയാണ്.

മരണം തീവ്രവാദത്തിന്റെ വേഷമിട്ടുമാത്രമല്ല മനുഷ്യനെ വേട്ടയാടിയത്. മെക്സിക്കോയിൽ നിന്നു പന്നിപ്പനി ലോകത്തെയാകമാനം ഗ്രസിച്ചപ്പോൾ തളർന്നുവീണത് അഞ്ചു ലക്ഷം പേരായിരുന്നു. മരിച്ചത് പതിനായിരത്തിലേറെ.

പ്രകൃതിക്ഷോഭം കൊടുങ്കാറ്റുകളായും ഭൂചലനങ്ങളായും അപകടങ്ങളായും താണ്ഡവമാടി പലയിടത്തായി വിതച്ച നാശത്തിനു കൈയും കണക്കുമില്ല. ഒരു മാസത്തിനിടെ രണ്ടു ഭൂചലനങ്ങളിലൂടെ ഇന്തൊനീഷ്യ ഞെട്ടിവിറച്ചപ്പോൾ 115 പേരുടെ മരണമോർത്തു കൂടെക്കരയാൻ അയൽപക്കത്ത് സമോവ ദ്വീപുമുണ്ടായിരുന്നു. ആയിരത്തിലേറെ പേരാണ് സെപ്റ്റംബറിലെ ഭൂചലനത്തിൽ ഇന്തൊനീഷ്യയിൽ മരിച്ചത്. ഇനിയും ഇത്തരം ചലനങ്ങളുണ്ടാകുമെന്ന പ്രവചനം പാവം നാട്ടുകാരുടെ ഉറക്കം കെടുത്തുന്നു. ഫിലിപ്പൈൻസിൽ കൊടുങ്കാറ്റിൽ നൂറോളം പേരുടെ ജീവൻ നഷ്ടപ്പെട്ടു. നാശനഷ്ടങ്ങളുടെ കണക്ക് പറയാനാവില്ല. ഫ്രഞ്ചുവിമാനം ലാറ്റിനമേരിക്കയിൽ ആരോരുമറിയാതെ അപ്രത്യക്ഷമായപ്പോൾ ലോകം അക്ഷരാർഥത്തിൽ ഞെട്ടി.

മാറ്റത്തിന്റെ പേരുപറഞ്ഞെത്തിയ ബരാക്ക് ഒബാമ കാലാവസ്ഥാ മാറ്റം ചർച്ച ചെയ്യാൻ ചേർന്ന കോപ്പൻ ഹേഗൻ ഉച്ചകോടിയിൽ മാറ്റത്തിന്റെ ശത്രുവായി മാറുന്നതു ലോകം കണ്ടു. 120 ലോകനേതാക്കൾ ഉച്ചകോടിയിൽ വന്നെങ്കിലും നിയമപ്രാബല്യമുള്ള ഒരു രേഖ അവിടെ പിറന്നുവീണില്ല. ഇറാനിൽ അഹമ്മദി നിജാദ് അധികാരത്തിലേറിയതിനെക്കുറിച്ചുള്ള സംശയങ്ങൾ തെരുവിലേയ്ക്ക് പ്രക്ഷോഭമായൊഴുകിയപ്പോഴും ലോകത്തിന് ഒന്നും ചെയ്യാനായില്ല. എങ്ങനെ കഴിയും? തൊട്ടടുത്ത് ഇറാക്കിൽ രാഷ്ട്രം സുരക്ഷിതമാണെന്ന് സാമ്രാജ്യത്വത്തിന്റെ പാവയായ പ്രധാനമന്ത്രി നൂറി കമാൽ അൽ മാലിക്കി അവകാശപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസം ഒരു സ്ഫോടനത്തിൽ മാത്രം ചിതറിവീണത് നൂറ്റമ്പതിൽപരം മനുഷ്യരായിരുന്നു.

സാമ്പത്തിക മാന്ദ്യം ഇങ്ങനെ നീളുന്നത് അപകടകരമാണെന്നു മനസിലാക്കിയ വൻശക്തികൾ പുത്തൻ സാമ്പത്തികശക്തികൾക്കുമുന്നിൽ തൊഴുകൈയ്യുമായി നിൽക്കുന്നത് ഈ വർഷം ലോകജനത കണ്ടു. ജി-എട്ട് അങ്ങനെ ജി-20ലേയ്ക്കു വളർന്നുവലുതായി. പക്ഷേ സാമ്പത്തികമാന്ദ്യത്തിൽ പിടിച്ചു നിൽക്കാൻ ശ്രമിച്ച ദുബായ് പെട്ടെന്ന്



സ്വന്തം ബലഹീനത പ്രഖ്യാപിച്ചത് ലോകത്തെ ഞെട്ടിച്ചു. രക്ഷിക്കാൻ അയൽ പ്രവിശ്യ യായ അബുദാബി എത്തിയത് ആശ്വാസമായി. പക്ഷേ ലോകത്തെങ്ങും രക്ഷിക്കപ്പെടാനാകാതെ നിരവധി സ്ഥാപനങ്ങൾ തകർന്നു. രക്ഷ തേടി ഇതാദ്യമായി ലോകം ഏഷ്യൻ രാഷ്ട്രങ്ങൾക്കു മുന്നിലെത്തി.

വർഷാർധത്തിൽ ലോകം ഏറ്റവും ശ്രദ്ധിച്ച വേർപാട് അമേരിക്കൻ പോപ് സ്റ്റാർ മൈക്കേൾ ജാക്സന്റേതായിരുന്നു. കൃഷിശാസ്ത്രജ്ഞൻ നോർമൻ ബൊർലോഗിന്റെയും. ചന്ദ്രനിൽ വെള്ളം കണ്ടെന്ന് അമേരിക്ക പ്രഖ്യാപിച്ചപ്പോൾ ലോകം ആശ്വസിച്ചു. ഈ ലോകമല്ലെങ്കിൽ മറ്റൊന്നിലേയ്ക്കു പോകാം. പ്രതീക്ഷകൾ ഇനിയും നിലനിൽക്കട്ടെ ■



# പുരസ്കാരലബ്ധിയുടെ നിറവിൽ

അർഹതയ്ക്കുള്ള അംഗീകാരം പുരസ്കാരങ്ങളായി പ്രതിഭകളെ തേടിയെത്തുക പതിവാണ്. പ്രഗത്ഭരും സർഗധനരുമായ നിരവധി പേർ 2009 ൽ ഇങ്ങനെ ആദരിക്കപ്പെട്ടു.

ഐ.എസ്.ആർ.ഒ. ചെയർമാനായിരുന്ന ഡോ. ജി. മാധവൻനായർക്ക് പത്മവിഭൂഷൺ പുരസ്കാരവും ചരിത്രകാരനായ എ. ശ്രീധരമേനോൻ, നാഷണൽ സെക്യൂരിറ്റി അഫയേഴ്സിലെ സതീഷ് നമ്പ്യാർ എന്നിവർക്ക് പത്മഭൂഷൺ പുരസ്കാരവും ലഭിച്ചു. വിഖ്യാത നടൻ തിലകൻ, പ്രശസ്ത പിന്നണി ഗായകൻ കെ.പി. ഉദയഭാനു, സംഗീതജ്ഞയായ ഡോ. ലീലാ ഓംചേരി, കഥകളി നടൻ കലാമണ്ഡലം ഗോപി, മട്ടന്നൂർ ശങ്കരൻകുട്ടി, പ്രശസ്ത കാർഡിയോളജിസ്റ്റ് ഡോ. ജി. വിജയരാഘവൻ, സാമൂഹ്യപ്രവർത്തകനായ മിത്രാനികേതൻ വിശ്വനാഥൻ, കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയിലെ കൃഷ്ണകുമാർ, പ്രമുഖ വിദേശ വ്യവസായികളായ സി.കെ. മേനോൻ, സണ്ണി വർക്കി എന്നീ മലയാളികൾക്ക് പത്മശ്രീ പുരസ്കാരം. കെ.എസ്.ആർ.ടി.സി.യുടെ എം.ഡിയും ഐ.ജി.യുമായ ടി.പി. സെൻകുമാറിന് രാഷ്ട്രപതിയുടെ വിശിഷ്ട സേവാ മെഡൽ. അന്തരിച്ച മേജർ സന്ദീപ് ഉണ്ണികൃഷ്ണനും കാശ്മീരിൽ കൊല്ലപ്പെട്ട മലയാളി കേണൽ ജോജൻ തോമസിനും ഉന്നത സൈനിക ബഹുമതിയായ അശോകചക്ര മരണാനന്തര ബഹുമതിയായി നല്കി.

മലയാളികളായ പി.എൻ.സി. മേനോൻ, സോമൻ ബേബി എന്നിവർക്ക് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം ലഭിച്ചു. പ്രശസ്ത വയലിൻ വിദ്വാൻ ബി. ശശികുമാർ, കഥകളി നടൻ കലാമണ്ഡലം കുട്ടൻ, മോഹിനിയാട്ടം കലാകാരി കലാമണ്ഡലം ലീലാമ്മ, ഭരതനാട്യം കലാകാരി സരോജ വൈദ്യനാഥൻ, മൃദംഗവിദ്വാൻ മണ്ണാർകുടി എ. ഈശ്വരൻ എന്നിവർക്ക് കേന്ദ്രസംഗീത നാടക അക്കാദമി പുരസ്കാരം. പ്രൊഫ. കെ.പി. അപ്പന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു. കേന്ദ്രസംഗീത നാടക അക്കാദമിയുടെ ഉസ്താദ് ബിസ്മില്ലാ ഖാൻ യുവപുരസ്കാരം കേരളത്തിൽനിന്ന് ബാലഭാസ്കർ (വയലിൻ), കലാമണ്ഡലം വിജയകുമാർ (കഥകളി), ജെ.എൽ. സരിത (നാടകാഭിനയം) എന്നിവർക്ക് ലഭിച്ചു. ആകാശവാണിയുടെ പബ്ലിക് സർവീസ് ബ്രോഡ്കാസ്റ്റിങ്ങ് ദേശീയ അവാർഡിന് തിരുവനന്തപുരം നിലയത്തിലെ കെ.എസ്. റാണാപ്രതാപൻ അർഹനായി.

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നൽകുന്ന സമഗ്രസംഭാവനയ്ക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ എഴുത്തച്ഛൻ പുരസ്കാരത്തിന് 2009 ൽ കവയത്രി സുഗതകുമാരി അർഹയായി. സംസ്ഥാന സർക്കാർ കഥകളി പുരസ്കാരം കഥകളിയിലെ തെക്കൻ ചിട്ടയുടെ ആചാര്യനായ മടവൂർ വാസുദേവൻ നായർക്ക്. സംസ്ഥാന സർക്കാരിന്റെ നൃത്യ നാട്യ പുരസ്കാരത്തിന് മോഹിനിയാട്ടം നർത്തകി കലാമണ്ഡലം ക്ഷേമാവതി അർഹയായി. മികച്ച ചിത്രകാരന് സംസ്ഥാന സർക്കാർ നൽകുന്ന രാജാരവിവർമ്മ പുരസ്കാരം ഗുലാം അഹമ്മദ് ഷേഖിന് ലഭിച്ചു. സ്വാതി സംഗീതപുരസ്കാരം പ്രശസ്ത കർണാടക സംഗീതാചാര്യൻ സംഗീത കലാനിധി ഡോ. ആർ. കെ. ശ്രീകണ്ഠന്. കോട്ടയ്ക്കൽ ശിവരാമന് സംസ്ഥാന സർക്കാരിന്റെ കഥകളി പുരസ്കാരം ലഭിച്ചു. സംസ്ഥാന സർക്കാരിന്റെ പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിനു പടുവിലായി അച്യുതമാരാർ, കൊമ്പത്ത് കുട്ടപ്പപ്പണിക്കർ എന്നിവർ അർഹരായി. നാടകരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ എസ്.എൽ.പുരം സദാനന്ദൻ പുരസ്കാരം പാപ്പുക്കുട്ടി ഭാഗവതർക്ക്. സംസ്ഥാന സർക്കാരിന്റെ നൃത്തനാട്യ പുരസ്കാരം ചാക്യാർക്കൂത്ത്, കൂടിയാട്ടം കലാരംഗത്തെ പ്രസിദ്ധ കലാകാരനായ പി.കെ. നാരായണൻ നമ്പ്യാർക്ക് ലഭിച്ചു. കലാമണ്ഡലം ഫെലോഷിപ്പിന് കലാമണ്ഡലം നാരായണൻ നമ്പീശൻ അർഹനായി. കലാരത്നം അവാർഡ് ചേമഞ്ചേരി



ജി.മാധവൻ നായർ



തിലകൻ

കുഞ്ഞിരാമൻ നായർക്ക് ലഭിച്ചു.

കേരള സാഹിത്യഅക്കാദമിയുടെ 2008 ലെ വിശിഷ്ടാഗത്വവും സമഗ്രസംഭാവന പുരസ്കാരവും ഡോ. പുതുശ്ശേരി രാമചന്ദ്രനും പ്രൊഫ. എം. അച്യുതനും ലഭിച്ചു. നോവലിനുള്ള ലളിതാംബിക അന്തർജനം സാഹിത്യ അവാർഡിന് പി.വത്സല അർഹയായി. കവിതയ്ക്കുള്ള അവാർഡ് വിഷ്ണുനാരായണൻ നമ്പൂതിരിക്കും ചെറുകഥയ്ക്കുള്ള അവാർഡ് എസ്.വി. വേണുഗോപൻ നായർക്കും ലഭിച്ചു.



കലാമണ്ഡലം ഗോപി



യു.എ.ഖാദർ

കേരള ലളിതകലാ അക്കാദമിയുടെ കെ.സി.എസ്. പണിക്കർ അവാർഡ് അക്കിത്തം നാരായണനും ടി.കെ. പത്മിനി അവാർഡ് അനില ജേക്കബിനും കേസരി പുരസ്കാരം സദാനന്ദൻ മേനോനും ലഭിച്ചു. ചിത്രകാരന്മാരായ സുരേന്ദ്രൻ നായർ, ബോസ് കൃഷ്ണനാചാരി എന്നിവർക്ക് അക്കാദമി ഫെലോഷിപ്പ്. കേരള സംഗീതനാടക അക്കാദമി ഫെലോഷിപ്പിന് കഥകളി ആചാര്യൻ കോട്ടയ്ക്കൽ ശിവരാമൻ, കഥാ









ജി.വിജയരാഘവൻ സുഗതകുമാരി പി.വത്സല അടൂർഗോപാലകൃഷ്ണൻ ലാൽ

പ്രസംഗ കലാകാരൻ കടയ്ക്കോട് വിശ്വംഭരൻ, സംഗീതസംവിധായകൻ എം.കെ. അർജുനൻ എന്നിവരെ തെരഞ്ഞെടുത്തു. വാദ്യകലാ മികവിനുള്ള സംസ്ഥാന സർക്കാരിന്റെ പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് അയാംകുടി കുട്ടപ്പ മാരാരും കരിമ്പുഴ ഗോപി പൊതുവാളും അർഹരായി.

2008 ലെ ഏറ്റവും മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡിന് അടൂർ ഗോപാലകൃഷ്ണന്റെ 'ഒരു പെണ്ണും രണ്ടാണും' അർഹമായി. മികച്ച സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, മികച്ച നടൻ ലാൽ (*തലപ്പാവ്*), മികച്ച നടി പ്രിയങ്ക (*വിലാപങ്ങൾക്കപ്പുറം*). സത്യൻ അന്തിക്കാടിന്റെ 'ഇന്നത്തെ ചിന്താവിഷയം' കലാമൂല്യവും ജനപ്രീതിയുമുള്ള ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടു. സിനിമയിലെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ ജെ.സി. ഡാനിയേൽ അവാർഡ് പ്രശസ്ത






പ്രിയങ്ക റസൂൽ പൂക്കുട്ടി പ്രിയദർശൻ ലീലാമേനോൻ

നിർമാതാവ് ജനറൽ പിക്ചേഴ്സ് രവി എന്ന കെ. രവീന്ദ്രനാഥൻ നായർക്ക്. ദേശീയ ചലച്ചിത്ര അവാർഡുകൾ: പ്രിയദർശൻ സംവിധാനം ചെയ്ത തമിഴ് ചിത്രം '*കാഞ്ചീവരം*' മികച്ച ചിത്രം. '*നാലു പെണ്ണുങ്ങൾ*' സംവിധാനം ചെയ്ത അടൂർ ഗോപാലകൃഷ്ണ്‍ മികച്ച സംവിധായകൻ. ലോക സിനിമയ്ക്കു നൽകിയ സമഗ്രസംഭാവനയ്ക്ക് കേരള രാജ്യാന്തര ചലച്ചിത്രമേളയോടനുബന്ധിച്ച് പുതുതായി ഏർപ്പെടുത്തിയ പുരസ്കാരത്തിന് പ്രശസ്ത സംവിധായകൻ മൃണാൾസെൻ അർഹനായി.

കേരള സംഗീത നാടക അക്കാദമിയുടെ മികച്ച പ്രൊഫഷണൽ നാടകത്തിനുള്ള സംസ്ഥാന അവാർഡ് കായംകുളം കെ.പി.എ.സി.യുടെ '*ഭീമസേനൻ*'. ഡോ. ഷിബു എസ്. കൊട്ടാരം മികച്ച സംവിധായകൻ. മികച്ച നടൻ നൗഷാദ് ഇബ്രാഹിം, മികച്ച നടി ബിന്ദു പള്ളിച്ചൽ. മലയാള നാടകവേദിയുടെ വളർച്ചയ്ക്കു സമഗ്രസംഭാവന നൽകിയ വ്യക്തിക്കുള്ള അവാർഡ് പി.കെ. വേണുക്കുട്ടൻ നായർക്കാണ്.

മികച്ച പാടശേഖര സമിതിക്കുള്ള നെൽക്കതിർ അവാർഡിന് പാലക്കാട് വടക്കഞ്ചേരി പാടശേഖര സമിതി അർഹമായി. മികച്ച സംയോജിത കർഷകനുള്ള കർഷകോത്തമ അവാർഡ് തിരൂർവെട്ടം മണ്ടയപ്പുറത്ത് ചുണ്ടൻവീട്ടിൽ സി.എം. മുഹമ്മദിനും മികച്ച കേരകർഷകനുള്ള കേരകേസരി അവാർഡ് പാലക്കാട് വണ്ടാഴി താമക്കാട് വീട്ടിൽ സി.ആർ. ഭാവദാസിനും ലഭിച്ചു.

സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി ആലപ്പുഴ ജില്ലയിലെ ചെറിയനാട് പഞ്ചായത്തും മികച്ച ബ്ലോക്ക് പഞ്ചായത്തായി തൃശൂർ ജില്ലയിലെ മുല്ലശ്ശേരിയും മികച്ച ജില്ലാ പഞ്ചായത്തായി പാലക്കാട് ജില്ലാ പഞ്ചായത്തും തെരഞ്ഞെടുക്കപ്പെട്ടു.

2009 ലെ വയലാർ സാഹിത്യ അവാർഡ് ഡോ. എം. തോമസ് മാത്യുവിന്. കുട്ടികൃഷ്ണ മാരാരുടെ സാഹിത്യലോകത്തെക്കുറിച്ചുള്ള 'മാരാർ : ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം' എന്ന കൃതിക്കാണ് അവാർഡ്. കെ.ജി. ശങ്കരപ്പിള്ളയ്ക്കാണ് ഗുരുവായൂരപ്പൻ ട്രസ്റ്റിന്റെ ഓടക്കുഴൽ അവാർഡ്. മലയാളനാടിന് അഭിമാനമായി പ്രശസ്ത ശബ്ദലേഖകൻ റസൂൽ പൂക്കുട്ടിക്ക് ഓസ്കാർ പുരസ്കാരം. മികച്ച സംഗീതത്തിന് എ.ആർ. റഹ്മാനും ഓസ്കാർ അവാർഡ് ലഭിച്ചു. പത്മപ്രഭാ സാഹിത്യപുരസ്കാരം കവി സച്ചിദാനന്ദന്. ഈ വർഷത്തെ ഗുരുവായൂരപ്പൻ പുരസ്കാരം കലാമണ്ഡലം ശിവൻ നമ്പൂതിരിക്ക്. 2009 ലെ മാതൃഭൂമി സാഹിത്യപുരസ്കാരത്തിന് പ്രമുഖ്യ സാഹിത്യകാരൻ കോവിലൻ അർഹനായി. സമഗ്രസാഹിത്യസംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. സംസ്ഥാന സർക്കാരിന്റെ നൃത്തനാട്യ പുരസ്കാരം ചാക്യാർക്കൂത്ത്, കൂടിയാട്ടം കലാരംഗത്തെ പ്രസിദ്ധ കലാകാരനായ പി.കെ. നാരായണൻ നമ്പ്യാർക്ക് ലഭിച്ചു.

2008 ലെ മനോരമ ന്യൂസ് 'ന്യൂസ് മേക്കർ' പുരസ്കാരം ഐ.എസ്.ആർ.ഒ. ചെയർമാനായിരുന്ന ജി. മാധവൻ നായർക്ക്. ചിറയിൻകീഴ് പൗരാവലിയുടെ പ്രേംനസീർ പുരസ്കാരം നടൻ ജയറാമിനും മലയാള ചലച്ചിത്രരംഗത്തെ സമഗ്ര

യിൽ 16 പേർകൂടി മരിച്ചു. ഇതോടെ മരണസംഖ്യ 38 ആയി.

**ആഗസ്റ്റ് 16** – മന്ത്രി മോൻസ് ജോസഫ് രാജിവെച്ചു

**ആഗസ്റ്റ് 17** – രാജ്യത്താദ്യമായി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതി 'കിസാൻ അഭിമാൻ' ന് തുടക്കമായി • സംസ്ഥാനത്ത് പൊതുമരാമത്ത് മന്ത്രിയായി പി.ജെ. ജോസഫും ഗതാഗതമന്ത്രിയായി ജോസ് തെറ്റയിലും ദേവസ്വംമന്ത്രിയായി കടന്നപ്പള്ളി രാമചന്ദ്രനും ചുമതലയേറ്റു • ഇന്ത്യയിലെ ആദ്യ ഉൾനാടൻ ചെറുതുറമുഖമായ നാട്ടകം തുറമുഖം വ്യവസായമന്ത്രി എളമരം കരീം രാജ്യത്തിനു സമർപ്പിച്ചു.

**ആഗസ്റ്റ് 22** – അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം സംസ്ഥാനതല ഉദ്ഘാടനം – അമ്പലപ്പുഴയിൽ നടന്നു.

**ആഗസ്റ്റ് 27**– പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം 50 ശതമാനമായി ഉയർത്താൻ ഭരണഘടന ഭേദഗതി ചെയ്യാൻ കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു.

**ആഗസ്റ്റ് 29** – ഇന്ത്യയുടെ പ്രഥമ ചാന്ദ്രപര്യവേക്ഷണ പേടകം ചന്ദ്രയാൻ ഒന്നിന്റെ പ്രവർത്തനം നിലച്ചു.

**ആഗസ്റ്റ് 31** – അന്താരാഷ്ട്ര ബഹിരാകാശ അക്കാദമിയുടെ പ്രസിഡന്റായി ജി. മാധവൻനായർ തിരഞ്ഞെടുക്കപ്പെട്ടു • നാവികസേനയുടെ മേധാവിയായി മലയാളിയായ വൈസ് അഡ്മിറൽ കെ.എൻ. സുശീൽ ചുമതലയേറ്റു.

**സെപ്റ്റംബർ 13** – ലോക്സഭയിലെ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധിയായി മലയാളിയായ ചാൾസ് ഡയസിനെ തിരഞ്ഞെടുത്തു. കേരളത്തിൽനിന്ന് ആദ്യമായാണ് ഒരാൾ ലോക്സഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നത്.

**സെപ്റ്റംബർ 16** – നാലാം സംസ്ഥാന ധനകാര്യകമ്മീഷൻ ചെയർമാനായി പ്രൊഫ. എം.എ. ഉമ്മനെ നിയമിച്ചു. എസ്.എം. വിജയാനന്ദ്, ഇഷിതാ റോയ് എന്നിവർ അംഗങ്ങളാണ് • മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് വനം സർവേ നടത്താൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തിന് അനുമതി നൽകി.

**സെപ്റ്റംബർ 18** – ഇന്ത്യൻ നാവികസേനയുടെ അത്യാധുനിക യുദ്ധക്കപ്പൽ 'ഐ.എൻ.എസ്. കൊച്ചി' നീറ്റിലിറക്കി.

**സെപ്ററംബർ 24** – ചന്ദ്രനിൽ ജലാംശമുള്ളതായി ഇന്ത്യയുടെ പ്രഥമ ചാന്ദ്ര ദൗത്യവാഹനമായ ചന്ദ്രയാൻ – 1 കണ്ടെത്തിയതായി അമേരിക്കൻ ബഹിരാകാശ ഗവേഷണ ഏജൻഡസി നാസ സ്ഥിരീകരിച്ചു.

**സെപ്റ്റംബർ 30** – തേക്കടി തടാകത്തിൽ വിനോദസഞ്ചാരികൾ കയറിയ ബോട്ട് മുങ്ങി 38 പേർ മരിച്ചു. മരണസംഖ്യ പിന്നീട് 46 ആയി.

**ഒക്ടോബർ 5** – 793 ദിവസം നീണ്ടുനിന്ന ചെങ്ങറ ഭൂസമരം ഒത്തുതീർപ്പായി.

**ഒക്ടോബർ 24** – ഐ.എസ്.ആർ.ഒ.യുടെ പുതിയ ചെയർമാനായി മലയാളിയായ

സംഭാവന പരിഗണിച്ച് ബാലചന്ദ്രമേനോന് തിക്കുറുശ്ശി ഫൗണ്ടേഷൻ അവാർഡും ലഭിച്ചു. പന്തളം കേരള വർമ കവിത പുരസ്കാരം ആറ്റൂർ രവിവർമ്മയ്ക്ക്. നിലമ്പൂർ ബാലൻ പുരസ്കാരത്തിന് നടൻ മാമുക്കോയ അർഹനായി. അങ്കണം സാംസ്കാരികവേദിയുടെ അങ്കണം സാഹിത്യ അവാർഡ് സഹീറ തങ്ങൾക്ക് ലഭിച്ചു. കൃതി : *ഞാനെന്ന ഒറ്റവര* (കവിതാ സമാഹാരം). എസ്. ഗുപ്തൻ നായർ പുരസ്കാരം ഡോ. സുകുമാർ അഴിക്കോടിന് ലഭിച്ചു. ശബ്ദലേഖന രംഗത്ത് മൗലിക സംഭാവനകളിലൂടെ ലോകപ്രശസ്തി നേടിയ റസൂൽ പൂക്കുട്ടിക്ക് പട്ടത്തുവിള കരുണാകരൻ സ്മാരക ട്രസ്റ്റ് അവാർഡ് ലഭിച്ചു. ബഹ്റൈൻ കേരളീയ സമാജം സാഹിത്യ പുരസ്കാരം സി. രാധാകൃഷ്ണന്. പ്രഥമ ഭരത്ഗോപി പുരസ്കാരത്തിന് നടൻ നെടുമുടി വേണുവിനെ തെരഞ്ഞെടുത്തു. ഗുരുവായൂർ ദേവസ്വത്തിന്റെ ജ്ഞാനപ്പാന പുരസ്കാരം ഉണ്ണികൃഷ്ണൻ പുതൂരിന്. പൂന്താനം കവിതാ അവാർഡിന് കെ.പി. ബേബിയുടെ *ജലരേഖകൾ* എന്ന കവിതാസമാഹാരം തിരഞ്ഞെടുക്കപ്പെട്ടു. രവീന്ദ്രൻ മ്യൂസിക് ഫൗണ്ടേഷൻ പുരസ്കാരം സംഗീതജ്ഞൻ മോഹൻ സിതാരയ്ക്ക്. വിദ്വാൻ എ.കെ. കൃഷ്ണപൊതുവാൾ സ്മാരക അവാർഡിന് പ്രശസ്ത കവി ഒ.എൻ.വി. കുറുപ്പിനെ തെരഞ്ഞെടുത്തു. എസ്.കെ. പൊറ്റക്കാട് സാഹിത്യ അവാർഡിന് എം.പി. അബ്ദു സമദ് സമദാനിയെ തിരഞ്ഞെടുത്തു. സുശീല ദേശീയ സംഗീത അവാർഡ് ഗാനഗന്ധർവൻ കെ.ജെ. യേശുദാസിന്. മികച്ച ഫ്രീലാൻസ് കാർട്ടൂണിസ്റ്റിനുള്ള കെ.എസ്. പിള്ള സ്മാരക പുരസ്കാരം പി.വി. കൃഷ്ണന്. എൻ.ടി.ആർ. വിജ്ഞാൻ ട്രസ്റ്റിന്റെ ഈ വർഷത്തെ എൻ.ടി.ആർ. സ്മാരക സാഹിത്യ പുരസ്കാരത്തിന് കവി സച്ചിദാനന്ദൻ അർഹനായി. ഏറ്റവും നല്ല വിജ്ഞാന സാഹിത്യ ഗ്രന്ഥത്തിനുള്ള എൻ.വി. സാഹിത്യ അവാർഡ് ഡോ. വിളക്കുടി രാജേന്ദ്രന് ലഭിച്ചു. മുട്ടത്തുവർക്കി ഫൗണ്ടേഷന്റെ മുട്ടത്തുവർക്കി സാഹിത്യ അവാർഡ് എൻ.എസ്. മാധവന്. കൊച്ചി ദേവസ്വം ഏർപ്പെടുത്തിയ നാരായണ പിഷാരടി പുരസ്കാരം കവി വിഷ്ണുനാരായണൻ നമ്പൂതിരിക്ക്. സ്ത്രീശക്തി ട്രസ്റ്റിന്റെ സ്ത്രീശക്തി പുരസ്കാരം ഒളിമ്പ്യൻ പി.ടി. ഉഷയ്ക്ക്. മികച്ച കാവ്യഗ്രന്ഥത്തിനുള്ള ഉള്ളൂർ അവാർഡ് കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിക്ക്. പി.കെ. കാളൻ പുരസ്കാരത്തിന് കണ്ണൂരിലെ പ്രശസ്ത തെയ്യം കലാകാരൻ അതിയടം പി.പി. കണ്ണപ്പെരുവണ്ണാൻ അർഹനായി. മഹാകവി പി. സ്മാരക കവിതാപുരസ്കാരം പ്രൊഫ. വിഷ്ണുനാരായണൻ

നമ്പൂതിരിക്ക് ലഭിച്ചു. കമുകറ ഫൗണ്ടേഷന്റെ കമുകറ പുരസ്കാരം ഗായിക ബി. വസന്തയ്ക്ക് ലഭിച്ചു. പത്രപ്രവർത്തനത്തിനു ൽകിയ സമഗ്രവും മൗലികവുമായ സംഭാവനയ്ക്ക് കേരള കൗമുദി ചീഫ് എഡിറ്റർ എം.എസ്. മണിക്ക് സ്വദേശാഭിമാനി പുരസ്കാരം. മൗലവി ഫൗണ്ടേഷന്റെ മാലവി പുരസ്കാരം ചിറക്കര മാധവൻകുട്ടിക്ക്. കെ.ആർ. നാരായണൻ പുരസ്കാരം *ദി ഹിന്ദു* എഡിറ്റർ ഇൻ ചീഫ് എൻ. റാമിന് ലഭിച്ചു. ഇതോടനുബന്ധിച്ചുള്ള പ്രവാസി രത്നപുരസ്കാരം എം.എ. യൂസഫലിക്ക് ലഭിച്ചു. സുരേന്ദ്രൻ നിലേശ്വരം മാധ്യമ അവാർഡ് ടി.എൻ. ഗോപകുമാറിന് ലഭിച്ചു. മലയാളി ശാസ്ത്രജ്ഞനായ താണു പത്മനാഭന് ശാസ്ത്ര ഗവേഷണരംഗത്തെ മികച്ച സംഭാവനയ്ക്കുള്ള ഇൻഫോസിസ് പ്രൈസ് ലഭിച്ചു.

14-ാമത് രാജ്യാന്തര ചലച്ചിത്രമേളയിലെ മികച്ച ചിത്രത്തിനുള്ള സുവർണ്ണ ചകോരം പുരസ്കാരം അസ്ഹർ ഫർഹാദിയുടെ ഇറാൻ ചിത്രം 'എബൗട്ട് എല്ലി', രവിഭർവാനിയുടെ ഇന്തോനേഷ്യൻ ചിത്രം 'ഫിഷ് പ്ലാറ്റ്ഫോം' എന്നിവ പങ്കിട്ടു. മികച്ച സംവിധായകനുള്ള രജത ചകോരം പുരസ്കാരം താജിക്കിസ്ഥാൻ ചിത്രമായ 'ട്രൂ നൂണി' ന്റെ സംവിധായകൻ നാസിർ സായ്ദോവിനു ലഭിച്ചു.

പ്രശസ്ത സാഹിത്യകാരൻ യു.എ. ഖാദറിന് കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

സംസ്ഥാന സർക്കാരിന്റെ പി.കെ. കാളൻ പുരസ്കാരം ഫോക് ലോർ പണ്ഡിതനും എഴുത്തുകാരനുമായ എം.വി. വിഷ്ണുനമ്പൂതിരിക്ക് ലഭിച്ചു. ■

ബി.എം.

ഡോ. കെ.രാധാകൃഷ്ണൻ നിയമിതനായി.

**നവംബർ 4** – ചാലിയാർ മൂർക്കനാട് സ്കൂൾ കടവിൽ കടവുതോണി മറിഞ്ഞ് 8 വിദ്യാർത്ഥികൾ മരിച്ചു.

**നവംബർ 7** – സംസ്ഥാനത്തെ കണ്ണൂർ, എറണാകുളം, ആലപ്പുഴ നിയോജക മണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പ് നടന്നു.

**നവംബർ 8** – കേരളത്തിൽ മൂന്നു സീറ്റിലും യു.ഡി.എഫ്. വിജയിച്ചു. എ.പി. അബ്ദുള്ളക്കുട്ടി (കണ്ണൂർ), ഡൊമിനിക് പ്രസന്റേഷൻ (എറണാകുളം), എ.എ. ഷുക്കൂർ (ആലപ്പുഴ) എന്നിവർ പുതിയ എം.എൽ.എ.മാരായി.

**നവംബർ 10** – മലയാളിയായ ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണനെ സുപ്രീംകോടതി ജഡ്ജിയായി രാഷ്ട്രപതി നിയമിച്ചു

**നവംബർ 11** – കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു • വിഴിഞ്ഞം, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ്, ശ്രീകാര്യം, കഴക്കൂട്ടം പഞ്ചായത്തുകൾ തിരുവനന്തപുരം കോർപ്പറേഷനിൽ കൂട്ടിച്ചേർക്കാനും മന്ത്രിസഭ തീരുമാനിച്ചു.

**നവംബർ 19** – തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സന്ദർശക സഹായകേന്ദ്രങ്ങൾ തുറന്നു.

**ഡിസംബർ 4** – തിരുവനന്തപുരത്ത് കവടിയാറിലെ ഗോൾഫ് ക്ലബ്ബ് നിയമപോരാട്ടത്തിലൂടെ സർക്കാർ വീണ്ടും ഏറ്റെടുത്തു • ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിയുടെ സംസ്ഥാനതല ഉദ്ഘാടനം തൃശൂരിൽ നടന്നു.

**ഡിസംബർ 7** – കുസാറ്റ് വൈസ് ചാൻസലറായി ഡോ. രാമചന്ദ്രൻ തെക്കേടത്തിനെ നിയമിച്ചു.

**ഡിസംബർ 11** – 14-ാമത് കേരള രാജ്യാന്തര ചലച്ചിത്രോത്സവത്തിന് തിരുവനന്തപുരത്ത് തുടക്കം.

**ഡിസംബർ 13** – സംസ്ഥാന സ്കൂൾ ഗെയിംസിൽ തൃശൂരിന് ഓവറാൾ ചാമ്പ്യൻഷിപ്പ്. രണ്ടാം സ്ഥാനം തിരുവനന്തപുരത്തിന്.

**ഡിസംബർ 15** – നിർദ്ദിഷ്ട മെഡിക്കൽ സർവകലാശാലയുടെ വൈസ് ചാൻസലറായി ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. കെ. മോഹൻദാസിനെ നിയമിച്ചു.

**ഡിസംബർ 22** – സംസ്ഥാന ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിൽ ഇലക്ട്രോണിക് മീഡിയ ഡിവിഷൻ ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദൻ നിർവ്വഹിച്ചു.

**ഡിസംബർ 30** – ഒന്നാംഘട്ട മത്സ്യതൊഴിലാളി കടാശ്വാസപ്രഖ്യാപനവും ഭവനവായ്പയുടെ ആധാരങ്ങൾ തിരിച്ചുനൽകലും – സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് വെട്ടുകാടിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു • ആദിവാസി ഭൂരേഖാ വിതരണമേള കുളത്തൂപ്പുഴയിൽ നടന്നു.

**ഡിസംബർ 31** – കരുനാഗപ്പള്ളിയിൽ പാചകവാതക ടാങ്കർ മറിഞ്ഞുണ്ടായ തീപ്പിടിത്തത്തിൽ 7 മരണം. ■

■ എസ്. രാധാകൃഷ്ണൻ

# വളർച്ചയുടെ ഭാരം പേറി ഒരു വർഷം

ഒരു ഭരണമാറ്റത്തിന്റെ സുഖ, ദുഃഖങ്ങളിലായിരുന്നു ഭാരതം. ഏതു ഭരണമാറ്റവും ഏതു രാജ്യത്തിലായാലും പലതരം പ്രതികരണങ്ങളാണു സൃഷ്ടിക്കുക. ഡോ. മൻമോഹൻ സിങ് തന്നെ പ്രധാനമന്ത്രിപദത്തിൽ തുടർന്നുവെന്നതായിരുന്നില്ല ഇത്തവണ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രത്യേകതയായത്. നൂറ്റി ഇരുപത്തഞ്ചാം വർഷത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിനു ഭരണം നിലനിർത്തത്തക്ക രീതിയിൽ ലോക്സഭയിൽ 206 സീറ്റ് ലഭിച്ചുവെന്നതായിരുന്നു.



മൻമോഹൻസിങ്: വീണ്ടും പ്രധാനമന്ത്രി പദത്തിലേക്ക്

മഹാരാഷ്ട്രയിൽ കോൺഗ്രസ്-എൻ.സി.പി.സഖ്യവും ആന്ധ്രയിലും അരുണാചൽപ്രദേശിലും കോൺഗ്രസും ഹരിയാനയിൽ കോൺഗ്രസ് മുന്നണിയും സിക്കിമിൽ ഡെമോക്രാറ്റിക് ഫ്രണ്ടുമാണ് നിയമസഭാ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയത്. ബംഗാളിലും കേരളത്തിലും ഭരണത്തിൽ ഇടതു പക്ഷത്തിനുണ്ടായ തിരിച്ചടികളും ഏറെ ചർച്ചചെയ്യപ്പെട്ട ഒന്നാണ്. ഭരണമാറ്റങ്ങളൊക്കെ ചൂടേറിയ ചർച്ചാവിഷയങ്ങളായെങ്കിലും തീവ്രവാദം സൃഷ്ടിച്ച ഭയം എന്ന വികാരമാണ് 2008-ലും ഇന്ത്യ മുഴുവൻ നിറഞ്ഞുനിന്നത്. ഭീകരാക്രമണം പലതരത്തിലുള്ള മാറ്റങ്ങൾക്കു വഴിതെളിച്ചു. ഭരണത്തിലും ജനങ്ങളുടെ ജീവിതരീതിയിലും വരെ അതിന്റെ പ്രതിഫലനമുണ്ടായി. മുംബൈ ഭീകരാക്രമണം സൃഷ്ടിച്ച ഭയം അകറ്റാൻ മഹാരാഷ്ട്ര പൊലീസിന് മുംബൈയിൽ ശക്തിപ്രകടനം നടത്തേണ്ടിവന്നു. ഇന്ന് മാധ്യമവാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന ദേശീയ അന്വേഷണ ഏജൻസിയും ദേശീയ സുരക്ഷാ ഗാർഡുകളുടെ വിപുലീകരണവുമൊക്കെ ഭീകരവാദത്തിന്റെ ബാക്കിപത്രങ്ങളാണ്.

അതിർത്തിതർക്കങ്ങൾ സൃഷ്ടിച്ച ആശങ്ക ഇപ്പോഴും മാഞ്ഞിട്ടില്ല. മാഞ്ഞും തെളിഞ്ഞുമായിരുന്നു ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം. മുംബൈ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽതന്നെയാണ് ഇപ്പോഴും ഇന്ത്യാ-പാക് ബന്ധത്തിന്റെ തീവ്രത അളക്കപ്പെടുന്നത്. കാശ്മീരിൽ സമാധാനത്തിന്റെ പ്രകാശം അല്പമെങ്കിലും തെളിഞ്ഞുവെന്നത് ആശ്വാസം. മുംബൈ ആക്രമണത്തിനിടെ പിടിക്കപ്പെട്ട അജ്മൽ കസബിന്റെ വിചാരണലോകം ഉറ്റുനോക്കിയ സംഭവമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് അമേരിക്കയിൽ പിടിയിലായ ഡേവിഡ് കോൾമാൻ ഹെഡ്ലിയും തഹാവൂർ ഹുസൈൻ റാണയും നിഗൂഢതയുടെ നിഴലുകളായി ഇന്നും തുടരുന്നു.

ബാബ്രി മസ്ജിദ് തകർക്കപ്പെട്ടതിനെക്കുറിച്ച് അന്വേഷിച്ച ലിബറാൻ കമ്മീഷൻ തുറന്നുവിട്ട ഭൂതത്തിന്റെ പിടിയിൽനിന്ന് ബി.ജെ.പി. ഇനിയും മുക്തമായിട്ടില്ല. ഇനിയും എത്രയോ നടപടികളും വാദപ്രതിവാദങ്ങളും കഴിഞ്ഞാലാണ് ഇതിൽ നെല്ലും പതിരും വേർതിരിയുക.

ആന്ധ്ര മുഖ്യമന്ത്രി ഡോ.വൈ. എസ്. രാജശേഖരറെഡ്ഡിയുടെ ദാരുണമായ അന്ത്യമാണ് 2009-ലെ ഞെട്ടിപ്പിച്ച ഒരു സംഭവം. അതിന്റെ ആഘാതത്തിൽ നിന്ന് മുക്തമാകും മുമ്പ് ആന്ധ്ര വിഭജനവാദത്തിന്റെ പിടിയിലമർന്നു. തെലുങ്കാനാ സംസ്ഥാനത്തിനുവേണ്ടിയുള്ള പ്രക്ഷോഭത്തിൽ ആന്ധ്ര കുലുങ്ങിവിറയ്ക്കുകയാണ്. തെലുങ്കാന സംസ്ഥാനം രൂപവത്കരിക്കുമെന്ന പ്രഖ്യാപനത്തിനു പിന്നാലെ കുറഞ്ഞത് അഞ്ചു സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള ആവശ്യങ്ങളാണ് ഉയർന്നുവന്നത്.

തീവ്രവാദവും പ്രക്ഷോഭവും കൊടുമ്പിരിക്കൊള്ളുമ്പോൾ അതാ വരുന്നു അഴിമതി വാർത്തകൾ.ഝാർഖണ്ഡ് പോലൊരു ദരിദ്ര സംസ്ഥാനത്ത് മുഖ്യമന്ത്രി മധു ഖോഡ 3000 കോടി രൂപയുടെ അഴിമതി നടത്തി എന്ന ആരോപണം തന്നെ സ്തോഭ ജനകമാണ്. അന്വേഷണം നടത്തിയാലും ഇല്ലെങ്കിലും ഫലം എന്തായാലും അങ്ങനെയൊന്ന് ഇനി ഉണ്ടാവാതിരിക്കട്ടെ എന്നായിരിക്കും ഏതൊരു ഇന്ത്യൻ പൗരനും പ്രാർഥിക്കുക. മെക്സിക്കോയിൽ പന്നിപ്പനി പിറന്നുവീണപ്പോൾ ഇന്ത്യ ആശ്വസിച്ചുകാണണം. അതങ്ങ് ഏഴാംകടലിനക്കരെയല്ലേ. പക്ഷേ ദിവസങ്ങൾക്കുള്ളിൽ പനി ഇവിടെയെത്തി. മരിച്ചത് 800 പേർ. കാൽ ലക്ഷത്തോളം പേർ എച്ച്. എൻ-1 വൈറസിനു കീഴടങ്ങി. തിയേറ്ററുകളും സ്കൂളുകളുമൊക്കെ ദിവസങ്ങളോളം അടഞ്ഞുകിടന്നു.

ആശങ്ക ജനിപ്പിക്കുന്ന വാർത്തകൾക്കിടയിൽ ആശ ജനിപ്പിച്ചുകൊണ്ടാണ് ഇന്ത്യയുടെ ചന്ദ്രയാൻ പദ്ധതി വിജയത്തിലെത്തിയത്. ലോകത്ത് ഇന്ത്യയുടെ അഭിമാനം വാനോളവും അതിനപ്പുറവും ഉയർത്തിപ്പിടിക്കാൻ ഐ.എസ്.ആർ.ഒയ്ക്ക് കഴിഞ്ഞു. ക്രിക്കറ്റിൽ നിറഞ്ഞുനിന്ന നേട്ടങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടത് ചരിത്രത്തിലാദ്യമായി ഇന്ത്യ ടെസ്റ്റ് ക്രിക്കറ്റിന്റെ ഒന്നാം റാങ്കിലെത്തി എന്നതായിരുന്നു.

ലോകത്തെ വിഴുങ്ങിയ സാമ്പത്തിക പ്രതിസന്ധി ഇന്ത്യയെ ഗുരുതരമായി ബാധിക്കാതിരുന്നത് ശക്തമായ പൊതുമേഖലയുടെ പിൻബലംകൊണ്ടായിരുന്നു. ലേമാൻ ബാങ്കുപോലെ നമ്മുടെ ധനകാര്യസ്ഥാപനങ്ങൾ തകർന്നടിയാത്തത് ഓഹരി വില്പനയും സ്വകാര്യവത്കരണവും തടഞ്ഞ കഴിഞ്ഞ യു.പി.എ സർക്കാരിലെ ഇടതുപക്ഷ നിലപാടുകളായിരുന്നുവെന്ന് ഇന്ന് വലതുപക്ഷ സാമ്പത്തിക ശാസ്ത്രജ്ഞർ പോലും സമ്മതിക്കുന്നുണ്ട്. എന്നാൽ പുതിയ മൻമോഹൻ സർക്കാർ ആ പാഠങ്ങൾ മറക്കുകയാണ്. ഉദാരവത്കരണത്തിന്റെയും ഓഹരി വില്പനയുടെയും വേഗം കൂടുന്നതിനും 2009 സാക്ഷ്യം വഹിച്ചു. ആസിയാൻ കരാർ പോലെ ദേശീയ താത്പര്യങ്ങൾ ബലികഴിച്ചുള്ള കരാറുകളും ഏറെ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തി. സർവീസ് സെക്ടറിൽ ഗുണം കിട്ടുന്ന കോർപ്പറേറ്റ് ലോബിയുടെ സമ്മർദങ്ങൾക്കു വഴങ്ങി കർഷകരുടെ താത്പര്യങ്ങൾ ബലി കഴിക്കുകയായിരുന്നു സർക്കാരെന്നായിരുന്നു മുഖ്യവിമർശനം. രാഷ്ട്രം കൂടുതൽ കൂടുതൽ കോർപ്പറേറ്റ് സ്വാധീനത്തിനു വിധേയമാകുന്നതും പണം ഒരു വിനിമയോപാധി എന്നതു വിട്ടു മൂല്യവ്യവസ്ഥയായി രൂപപ്പെടുന്ന പ്രവണത ശക്തമാകുന്നതുമൊക്കെ 2009-ലും തുടർന്നു. കഴിഞ്ഞ വർഷം ലോകത്തെ ഏറ്റവും സാമ്പത്തിക വളർച്ചയുള്ള രണ്ടാമത്തെ രാഷ്ട്രമായ ഇന്ത്യ എങ്ങനെയായിരിക്കാം ഈ പ്രവണതകൾക്കിടയിൽ അതിന്റെ ദരിദ്രജനകോടികളുടെ പ്രതീക്ഷകൾ സഫലീകരിക്കുക? അത് കാത്തിരുന്നു കാണേണ്ട കാര്യം ■



മുംബെ ഭീകരാക്രമണം : ഒരു ദൃശ്യം

ബി. മനോജ്



മേഘ്ന



ഗീതു അന്ന ജോസ്



പ്രജുഷ



ബിനീഷ് കെ.ഷാജി



ദീപിക പള്ളിക്കൽ



ടിന്റു ലൂക്ക

മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന് ആതിഥേയരാവുകയാണ് കേരളം. 2009 പടിയിറങ്ങുമ്പോൾ കേരളത്തിന്റെ കായികരംഗം 2010ൽ നടക്കുന്ന ഈ കായിക മാമാങ്കത്തിന് കളമൊരുക്കുന്ന തിരക്കിലാണ്. സംസ്ഥാനത്ത് കായിക വികസനത്തിനുള്ള അടിസ്ഥാന സൗകര്യം കൂടുതൽ വർദ്ധിപ്പിക്കാനാണ് ദേശീയ ഗെയിംസ്വഴി സർക്കാർ ലക്ഷ്യമിടുന്നത്. കായിക വിദ്യാഭ്യാസം സംസ്ഥാന സ്കൂൾ പാഠ്യപദ്ധതിയിൽ ഭാഗമാക്കുന്ന പദ്ധതിക്ക് തുടക്കമായതും 2009ലാണ്.

ദേശീയ അന്തർദേശീയ സ്പോർട്സ് ഗെയിംസ് രംഗത്ത് കേരളതാരങ്ങളുടെ പ്രകടനം ഏറെ ശ്രദ്ധിക്കപ്പെട്ട വർഷമായിരുന്നു 2009. ലഭിച്ചതൊക്കെയും പരിമിതിക്കുള്ളിൽനിന്നുള്ള പരമാവധി നേട്ടമായി വിലയിരുത്താം. പരിശീലനത്തിനും പ്രകടനത്തിനും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണെന്ന് 2009 ലെ നേട്ടങ്ങൾ ചൂണ്ടിക്കാണിക്കുന്നു. മെച്ചപ്പെട്ട സാഹചര്യമുണ്ടായാൽ കൂടുതൽ മികവാർന്ന നേട്ടങ്ങൾക്ക് കായിക കേരളം വരുംവർഷങ്ങളിൽ വഴിയൊരുക്കും. 2009 ൽ നടന്ന പല ദേശീയ അന്തർദ്ദേശീയ മേളകളിലും മലയാളി താരങ്ങൾ കാഴ്ചവച്ച ത്രസിപ്പിക്കുന്ന പ്രകടനങ്ങൾ നൽകുന്ന സൂചന അതാണ്. 2009ൽ കായികകേരളം നമുക്കു സമ്മാനിച്ച നേട്ടങ്ങളിൽ പ്രധാനപ്പെട്ടവ ഇനി പറയുന്നു:

- ലോക സ്കൂൾ മീറ്റിൽ കോതമംഗലം സെന്റ് ജോർജ് സ്കൂൾ വിദ്യാർത്ഥി ബിനീഷ് കെ. ഷാജി വെള്ളി മെഡൽ നേടി.
- പതിനാലാമത് ലോക റെയിൽവേ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മലയാളിതാരം എം.എ. പ്രജുഷ ലോങ്ജമ്പിൽ സ്വർണ്ണം കരസ്ഥമാക്കി.
- ജർമ്മനിയിൽ നടന്ന ലോക വനിതാ വഞ്ചിതുഴയൽ ചാമ്പ്യൻഷിപ്പിൽ ആലപ്പുഴ സായിയിൽ നിന്നുള്ള താരാ കുര്യൻ ഉൾപ്പെടുന്ന സംഘത്തിന് വെങ്കല മെഡൽ ലഭിച്ചു.
- ഈജിപ്തിൽ നടന്ന ലോക പഞ്ചഗുസ്തിയിൽ ഇന്ത്യൻ ജഴ്സിയണിഞ്ഞ മലയാളി താരങ്ങളായ പി.വി. സജീഷ്, കെ.എം. ഹരി എന്നിവർ സ്വർണ്ണ മെഡൽ നേടി.
- ചൈനയിൽ നടന്ന ഏഷ്യൻ അത്‌ലറ്റിക് ചാംപ്യൻഷിപ്പിൽ ജോസഫ് എബ്രഹാം 400 മീറ്റർ ഹർഡിൽസിൽ വെള്ളി നേടി.
- ചൈനയിൽ നടന്ന ഏഷ്യൻ ജൂനിയർ സ്ക്വാഷ് ചാംപ്യൻഷിപ്പിൽ ദീപിക പള്ളിക്കൽ രണ്ടാം സ്ഥാനം നേടി.
- ഫിഡെ (രാജ്യാന്തര ചെസ് സംഘടന) യുടെ വുമൺ കാൻഡിഡേറ്റ് മാസ്റ്റർ പദവി 10 വയസുകാരി മലയാളി താരം സി.എച്ച്. മേഘ്നയ്ക്ക് ലഭിച്ചു.
- വനിതാ ബാസ്ക്കറ്റ്ബോളിലെ ഏഷ്യൻ റാങ്കിങ്ങിൽ ഗീതു അന്ന ജോസ് ഒന്നാം സ്ഥാനത്തെത്തി.
- ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ കേരളം ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.
- ദേശീയ ജൂനിയർ മാസ്റ്റേഴ്സ് പവർ ലിഫ്റ്റിങ്ങ് മത്സരത്തിൽ കേരള ടീമിലെ വി.ജെ. ജോയി ജൂനിയർ സ്ട്രോങ്ങ് മാൻ ഓഫ് ഇന്ത്യയായി തെരഞ്ഞെടുക്കപ്പെട്ടു.
- അഖിലേന്ത്യാ അന്തർസർവകലാശാല വനിതാ ബോൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ എം.ജി. സർവകലാശാലക്ക് 3- ാം സ്ഥാനവും ബാസ്ക്കറ്റ്ബോളിൽ കേരള യൂണിവേഴ്സിറ്റി 2-ാം സ്ഥാനവും നേടി.
- ദേശീയ സൈക്ലിങ്ങിൽ കേരളം ഓവറോൾ കിരീടം നേടി.
- ദേശീയ സ്കൂൾ സൈക്കിൾ പോളോയിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കേരളത്തിന് ഹാട്രിക് കിരീടം.
- ദക്ഷിണമേഖല സീനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കേരള വനിതകൾ ജേതാക്കളായി. പുരുഷവിഭാഗത്തിൽ കേരളത്തിന് രണ്ടാം സ്ഥാനം.
- ഓൾ ഇന്ത്യ റോവിങ്ങ് ചാംപ്യൻഷിപ്പിൽ പുരുഷ വനിതാവിഭാഗങ്ങളിൽ കേരള സർവകലാശാല ജേതാക്കളായി.

# കായിക കേരളം : 2009



- ദേശീയ സീനിയർ ബോൾ ബാഡ്മിന്റൺ വനിതാകിരീടം കേരളം കരസ്ഥമാക്കി
- ദേശീയ പഞ്ചഗുസ്തിയിൽ പുരുഷ വിഭാഗം ഓവറോൾ കിരീടം കേരളം കരസ്ഥമാക്കി.
- ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്റിൽ തുടർച്ചയായി 13-ാം തവണയും കേരളം ജേതാക്കളായി.
- ദേശീയ സ്കൂൾ കായികമേളയിൽ കേരളം കിരീടം നേടി.
- അഖിലേന്ത്യാ അന്തർ സർവകലാശാലാ അത്‌ലറ്റിക് മീറ്റിൽ കലിക്കറ്റ് സർവകലാശാലയുടെ ടിന്റു ലൂക്ക 800 മീറ്ററിലും 400 മീറ്ററിലും റെക്കോഡോടെ സ്വർണ്ണം നേടി.
- മലയാളി താരം വി. ഡിജു ലോക സൂപ്പർ സീരീസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ മിക്സഡ് ഡബിൾസ് ഫൈനലിൽ എത്തി. ഈ നേട്ടം ഇന്ത്യക്ക് ആദ്യം.
- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കോഴിക്കോട് ജില്ല കിരീടം നേടി. രണ്ടാം സ്ഥാനം തൃശൂർ ജില്ലയ്ക്ക്.
- സംസ്ഥാന സീനിയർ ഫുട്ബോൾ കിരീടം തൃശൂർ ജില്ല കരസ്ഥമാക്കി.
- സംസ്ഥാന ബോഡി ബിൽഡിങ്ങ് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ കേരളയായി എറണാകുളം ജില്ലയിലെ മാടമ്പിൽ എം.ആർ. സതീഷിനെ തെരഞ്ഞെടുത്തു.
- സംസ്ഥാനത്തെ ഐ.ടി.ഐ. കായികമേളയിൽ മലമ്പുഴ ഐ.ടി.ഐ. ഓവറാൾ ചാമ്പ്യൻമാരായി.
- നെഹ്റു ട്രോഫി വള്ളംകളിയിൽ ചമ്പക്കുളം ചുണ്ടൻ ജേതാക്കളായി. പായിപ്പാട് ചുണ്ടന് രണ്ടാം സ്ഥാനം.
- ചെന്നൈയിൽ നടന്ന അഖിലേന്ത്യാ അന്തർസർവകലാശാല അത്‌ലറ്റിക്സിൽ കലിക്കറ്റ് സർവകലാശാല കിരീടംനേടി ■



# വിടചൊല്ലിപ്പിരിഞ്ഞവർ

കാലത്തിന്റെ അനിവാര്യതയാണ് മരണം. അതുകൊണ്ടുതന്നെ ഒപ്പം നിൽക്കുന്നവർ അപ്രതീക്ഷിതമായി അപ്രത്യക്ഷരാകുമ്പോൾ നമുക്കുണ്ടാകുന്ന ആഘാതവും കാലത്തിനുമാത്രമേ മായ്ക്കാനാവുകയുള്ളൂ. അകാലത്തിൽ വിടചൊല്ലിയ നിരവധി പ്രതിഭകൾ 2009 ൽ കേരളത്തിന് തീരാനഷ്ടമായി. വന്ദ്യവയോധികരായ പ്രശസ്തരുടെ വിടവാങ്ങലും തീരാദുഃഖമായി.


ഇ.ബാലാനന്ദൻ


മേഴ്സി രവി


ശിഹാബ് തങ്ങൾ

മികച്ച പാർലമെന്റേറിയനും തൊഴിലാളി നേതാവുമായിരുന്ന ഇ. ബാലാനന്ദൻ, സി.പി.ഐ യിലെ മുതിർന്ന നേതാവായിരുന്ന കുമരകം ശങ്കുണ്ണിമേനോൻ, മുൻ.എം.എൽ.എ. മാരായ പി. നീലകണ്ഠൻ, ബി. മാധവൻ നായർ, പി. നാരായണൻ തമ്പി, മുൻ മന്ത്രിയും പ്രമുഖ കമ്യൂണിസ്റ്റ് നേതാവുമായ കെ.പി. പ്രഭാകരൻ, കേന്ദ്രമന്ത്രി വയലാർ രവിയുടെ പത്നിയും മുൻ എം.എൽ.എ.യുമായ മേഴ്സി രവി, മുസ്ലീംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങൾ തുടങ്ങിയ പ്രമുഖരുടെ മരണം 2009 ൽ കേരള രാഷ്ട്രീയരംഗത്ത് നികത്താനാവാത്ത നഷ്ടമുണ്ടാക്കി.

കേരളത്തിലെ കലാ-സാഹിത്യ-സാംസ്കാരിക മേഖലകളിൽ നിന്നും 2009 ൽ കാലം കവർന്നെടുത്ത പ്രതിഭകളിൽ പലരും അകാലത്തിൽ പൊലിഞ്ഞവരാണ്. അഭിനയത്തിന്റെ കരുത്ത് മലയാളിക്ക് കാട്ടിത്തന്ന നടനും സംഗീത നാടക അക്കാദമി ചെയർമാനുമായിരുന്ന മുരളി, മലയാള സിനിമയിൽ ഇനിയും ഏറെ നേട്ടങ്ങൾക്കു കാരണമാകേണ്ടിയിരുന്ന ലോഹിതദാസ്, അരങ്ങിലും വെള്ളിത്തിരയിലും വേറിട്ടൊരു അഭിനയ പാടവം കാഴ്ചവെച്ച രാജൻ പി. ദേവ്, കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറിയും വിവർത്തകനുമായ പ്രൊഫ. ദാമോദരൻ കാളിയത്ത്, കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിയുടെ മകനും ചലച്ചിത്ര സംവിധായകനുമായ രാജകുമാർ തമ്പി, കഥകളി ആചാര്യൻ കോട്ടയ്ക്കൽ കൃഷ്ണൻ കുട്ടി നായർ, കൂത്ത്, കൂടിയാട്ടം ആചാര്യൻ പത്മശ്രീ മുഴിക്കുളം കൊച്ചുകുട്ടൻ ചാക്യാർ, കഥകളി, നാടക, സിനിമാ നടൻ കലാമണ്ഡലം കേശവൻ, മലയാള സിനിമാ നിർമ്മാതാവായിരുന്ന ശോഭനാപരമേശ്വരൻ നായർ, പ്രമുഖ ഗാന്ധിയനും ഖാദിപ്രസ്ഥാനത്തിന്റെ മുഖ്യശില്പികളിലൊരാളുമായ പെരിഞ്ചേരി അവിലിശേരി എ.എൻ.രാമകൃഷ്ണൻ, പ്രശസ്ത കാർട്ടൂണിസ്റ്റും മലയാളത്തിലെ നവസിനിമാ പ്രസ്ഥാനങ്ങൾക്ക് കരുത്തുപകർന്ന നിർമാതാവുമായ കെ.പി. തോമസ്, മൃദംഗാചാര്യൻ പാലക്കാട് ആർ. രഘു, കഥകളി സംഗീതജ്ഞനും ചിത്രകാരനുമായിരുന്ന കോട്ടയ്ക്കൽ പരമേശ്വരൻ നമ്പൂതിരി, മലയാളത്തിലെ രണ്ടാമത്തെ ചലച്ചിത്രമായ *ജ്ഞാനാംബിക*യിലെ ഉപനായിക സി.എ.സീതാലക്ഷ്മി, പ്രശസ്ത സ്പോർട്സ് ലേഖകൻ കെ. കോയ, ഗാന്ധിശിഷ്യരിൽ പ്രമുഖയായിരുന്ന കൗമുദി ടീച്ചർ, നാടക ചലച്ചിത്ര നടി അടൂർ ഭവാനി, പ്രമുഖ ജനകീയാരോഗ്യപ്രവർത്തകൻ ഡോ. സി. ആർ. സോമൻ എന്നിവർ 2009 ൽ നമ്മെ വേർപിരിഞ്ഞു.


മുരളി


ലോഹിതദാസ്


രാജൻ പി.ദേവ്


കോട്ടയ്ക്കൽ കൃഷ്ണൻകുട്ടി


ശോഭനാ പരമേശ്വരൻനായർ


കൗമുദി ടീച്ചർ


കമലാസുരയ്യ

വേറിട്ടൊരു സാഹിത്യാനുഭവം മലയാളിക്കു സമ്മാനിച്ച കേരളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി കമല സുരയ്യ (മാധവിക്കുട്ടി), പ്രശസ്ത കവി കിളിമാനൂർ രമാകാന്തൻ, ഭാഷാപണ്ഡിതനും നിരൂപകനുമായ ഡോ. അകവൂർ നാരായണൻ, റോസി തോമസ്, എഴുത്തുകാരനും ഭരണതന്ത്രജ്ഞനുമായിരുന്ന മുർക്കോത്തു രാമുണ്ണി പ്രമുഖ സാമൂഹ്യപ്രവർത്തകനും പത്രപ്രവർത്തകനും എഴുത്തുകാരനുമായ തെരുവത്ത് രാമൻ എന്നിവരുടെ വിയോഗം സാംസ്കാരിക കേരളത്തിന് തീരാവ്യഥയായി ■

ബി.എം.

■ എം. രാജ്കുമാർ



# രാജ്യഭരണം പഴമയുടെ മികവ്

**രാജഭരണത്തിന് തീർച്ചയായും കുറ്റങ്ങളും കുറവുകളുമുണ്ടായിരുന്നു. എന്നാലതിന്റെ നല്ല വശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഇന്നത്തെ വ്യവസ്ഥിതിയുടെ ഗുണപരമായ മാറ്റത്തിനുപകരിക്കുമെന്ന് ലേഖകൻ ചൂണ്ടിക്കാട്ടുന്നു.**

ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം തുടങ്ങുന്നതിനു മുൻപ് ഇവിടെ നിലനിന്നിരുന്ന നാട്ടുരാജ്യങ്ങളിൽ ഒന്നായ തിരുവിതാംകൂർ 1805ൽ ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കധീനമായ ഒരു നാട്ടുരാജ്യമായി. 1947ൽ ഇന്ത്യ സ്വതന്ത്രമായതിനുശേഷം ഒരു സ്വതന്ത്രസംസ്ഥാനമായ തിരുവിതാംകൂർ 1949ൽ കൊച്ചിയുമായി യോജിപ്പിക്കപ്പെട്ട് തിരു-കൊച്ചി സംസ്ഥാനമായി. 1956ൽ കേരളസംസ്ഥാനം രൂപവത്കരിച്ചതോടെ തിരു-കൊച്ചി അതിൽ ലയിച്ചുചേർന്നു. 18-ാം നൂറ്റാണ്ടിൽ മാർത്താണ്ഡവർമ്മയാണ് തിരുവിതാംകൂറിന്റെ വിസ്തൃതി വർദ്ധിപ്പിച്ച് അതിനെ രാഷ്ട്രീയവും സൈനികവുമായ ഒരു ശക്തിയാക്കിത്തീർത്തത്. അദ്ദേഹത്തിന്റെ പിൻഗാമികളായിവന്ന രാജാക്കന്മാർ താന്താങ്ങളുടെ ഭരണകാലത്ത് തിരുവിതാംകൂറിലെ ഭരണസംവിധാനം ക്രമേണ വ്യവസ്ഥാപിതവും ശക്തവുമാക്കി. ഇന്ത്യയിലെ വിവിധ നാട്ടുരാജ്യങ്ങളിൽ നിലവിലിരുന്ന ഭരണസംവിധാനങ്ങളിൽവച്ച് ഏറ്റവും മികച്ചവയിൽ ഒന്ന് തിരുവിതാംകൂറിലേതായിരുന്നു എന്നു നിസ്സംശയം പറയാം. കുറ്റമറ്റതല്ലെങ്കിലും തിരുവിതാംകൂറിലെ ഭരണം പൊതുജനക്ഷേമവും സാമൂഹികപരിഷ്കരണവും ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്നു എന്നത് കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകൾ ഉൾക്കൊള്ളുന്ന കാലഘട്ടത്തിൽ ഇവിടത്തെ ഭരണാധികാരികൾ പുറപ്പെടുവിച്ചിട്ടുള്ള ഔദ്യോഗികവിജ്ഞാപനങ്ങളും വിളംബരങ്ങളും തെളിയിക്കുന്നു. കേരള സംസ്ഥാനം രൂപപ്പെട്ട് 53 വർഷം കഴിഞ്ഞ് ആധുനിക മാനേജ്മെന്റ് സങ്കേതങ്ങളും വിവരസാങ്കേതികവിദ്യയും ധാരാളമായി ഉപയോഗിക്കുന്ന ഒരു ഭരണക്രമം നിലവിലുള്ളപ്പോൾ പ്രസ്തുത വിജ്ഞാപനങ്ങൾ വിശകലനംചെയ്ത് ഇന്നു നാം എവിടെയെത്തിനില്ക്കുന്നു എന്നു പരിശോധിക്കേണ്ടതാണ്. രാജ്യഭരണത്തിന്റെ വിവിധവശങ്ങളിൽ - പൊതുജനക്ഷേമം, സാമൂഹിക പരിഷ്കരണം, നീതിന്യായവ്യവസ്ഥ, ആഭ്യന്തരസുരക്ഷ, പൊതുജനാരോഗ്യം, ഗതാഗതം, ഈവന്റ് മാനേജ്മെന്റ് മുതലായവയിൽ - കാലാകാലങ്ങളിലുള്ള ഭരണകൂടങ്ങൾ എത്രമാത്രം ശ്രദ്ധിച്ചിരുന്നു എന്ന് ഇവ വ്യക്തമാക്കുന്നു. എണ്ണമറ്റ വിജ്ഞാപനങ്ങളിൽ പലതും കേരളസർക്കാരിന്റെ പുരാരേഖാവകുപ്പ് സമാഹരിച്ചുപ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു ചിലത് ചരിത്രഗവേഷകർ കണ്ടെത്തി തങ്ങളുടെ പുസ്തകങ്ങളിൽ ചേർത്തിട്ടുമുണ്ട്. ഇവയിൽ ഏറ്റവും ശ്രദ്ധേയമെന്നു കണ്ട ഏതാനും വിജ്ഞാപനങ്ങളും വിളംബരങ്ങളും ഈ ലേഖനത്തോടൊപ്പമുള്ള പട്ടികയിൽ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക.



മാർത്താണ്ഡവർമ്മ

മേൽപ്പറഞ്ഞ വിജ്ഞാപനങ്ങളിൽ നിന്നും അന്നത്തെ ഭരണശൈലി എങ്ങനെയായിരുന്നു എന്നതിന്റെ വ്യക്തമായ ഒരു ചിത്രം കിട്ടുന്നുണ്ട്. നിയമം ലംഘിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ തെറ്റായ പ്രവൃത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്ന വ്യക്തികൾ എത്ര ഉയർന്ന ഉദ്യോഗസ്ഥരാണെങ്കിലും ശിക്ഷിക്കപ്പെട്ടിരുന്നു. ബാലവേല (12 വയസ്സു പ്രായമുള്ള കുട്ടികളെക്കൊണ്ടു മണ്ണുചുമപ്പിച്ചതിന്) ചെയ്യിച്ച തിരുവനന്തപുരം കോടതിയിലെ മൂന്നു ജഡ്ജിമാരിൽനിന്ന് 108 പണം വീതവും, ഒരു കേസ്സിന്റെ വിചാരണയ്ക്കിടയിൽ ദേഹോപദ്രവം ഏൽപ്പിച്ചതുകാരണം കുറ്റം സംശയിക്കപ്പെട്ട വ്യക്തി മരണപ്പെട്ടതിന് ആലുവാ കോടതിയിലെ ഒരു ജഡ്ജിയിൽനിന്ന് 13000 പണവും പ്രായശ്ചിത്തമായി ഈടാക്കുവാൻ വിധിച്ചുകൊണ്ടുള്ള രണ്ടു വിജ്ഞാപനങ്ങൾ കൊ.വ 998-990 കാലത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. നീതിക്കും നിയമത്തിനും ന്യായാധിപന്മാരും അതീതരല്ല എന്ന വ്യക്തമായ സന്ദേശം നൽകുന്നവയാണ് ഇവ രണ്ടും. അതുപോലെ ഒരു ദിവാൻജിയുടെ പേരിലുള്ള അഴിമതിയാരോപണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള ഉത്തരവാണ് മറ്റൊന്ന്. വ്യാജമായ പരാതികൾ കൊടുക്കുന്നവർക്കുള്ള ശിക്ഷ, ക്രിമിനൽ കേസുകളും അപ്പീലുകളും വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ എന്നിവ നീതിന്യായവ്യവസ്ഥയുടെ പരിഷ്കരണം ഉദ്ദേശിച്ചുള്ളവയായിരുന്നു. തടവുകാർക്ക് ജയിലിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനുള്ള ഉത്ത



**ക്ഷേത്രപ്രവേശനവിളംബരസ്മാരകം**

രവും (994) ഇവിടെ ശ്രദ്ധേയമാണ്. പരാതികൾ, നിവേദനങ്ങൾ ഇവ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും (കൊ.വ 1016) അവ സമർപ്പിക്കുന്നതിനുള്ള സ്ഥാനക്രമവും (കൊ.വ. 1019, 1021) നിഷ്കർഷിച്ചിരുന്നത് എത്രയും വേഗത്തിൽ കാര്യങ്ങൾ തീരുമാനിച്ച് ഭരണവ്യവസ്ഥയുടെ മൊത്തം കാര്യശേഷി മെച്ചപ്പെടുത്തുക ലക്ഷ്യമാക്കിയായിരുന്നു.

എക്സൈസ്, വാണിജ്യം, നികുതി എന്നീ മേഖലകൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇന്നേയ്ക്ക് 150-190 വർഷം മുൻപുതന്നെ കള്ള്, ചാരായം, കറുപ്പ്, കഞ്ചാവ് എന്നിവയുടെ വില്പനയ്ക്ക് ലൈസൻസ് സമ്പ്രദായവും ബന്ധപ്പെട്ട നടപടിക്രമങ്ങളും ഏർപ്പെടുത്തിയിരുന്നു. ചന്തകളിൽ വിവിധ സാധനങ്ങൾ കൊണ്ടുവന്നുവിൽക്കുന്നതിനു ചില വിഭാഗക്കാർക്ക് മുൻപുണ്ടായിരുന്ന നിയന്ത്രണങ്ങൾ എടുത്തുകളയുകയുമുണ്ടായി. മലയാളപാഠപുസ്തകങ്ങളുടെ ആവിർഭാവം ഈ കാലഘട്ടത്തിലാണെന്നുള്ളതു കൗതുകകരമാണ്. നികുതി കുടിശ്ശികകൾ ഈടാക്കുവാനുള്ള നടപടികൾക്കു പുറമെ, നികുതിദായകരുടെ ക്ലേശങ്ങൾ പരിഗണിച്ച് നിശ്ചിതകാലയളവിലെ കുടിശ്ശികകൾ എഴുതിത്തള്ളുന്നതിനും അന്നത്തെ അധികാരികൾ താത്പര്യമെടുത്തിരുന്നു. ഈ വിഷയങ്ങൾ ഇന്നും ഗൗരവമായി പരിഗണിക്കപ്പെടുന്നു എന്നും സർക്കാർ തീരുമാനങ്ങൾ പലപ്പോഴും വിവാദമാകുന്നു എന്നും ഓർക്കേണ്ടതാണ്.

പൊതുജനാരോഗ്യരംഗത്ത് സവിശേഷമായ ശ്രദ്ധ ഉണ്ടായിരുന്നു. കോളറ നിയന്ത്രിക്കുന്നതിന് കൊ.വ. 994ലും വസൂരിക്ക് വാക്സിനേഷൻ നിർബന്ധമാക്കിക്കൊണ്ട് 1053ലും പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ ഇതിനു തെളിവാണ്. അടിയന്തിരഘട്ടങ്ങളിൽ ചെയ്യേണ്ട പ്രഥമശുശ്രൂഷകളെക്കുറിച്ചുള്ള ബോധവത്കരണവും (പാമ്പുകടിയേറ്റാൽ- കൊ.വ. 1048) ഇതിൽപ്പെടും.

ആഭ്യന്തരസുരക്ഷ വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്തിരുന്നു. സംശയകരമായ സാഹചര്യത്തിൽ കാണപ്പെടുന്നവരെ പിടികൂടി രാജ്യത്തിനു പുറത്താക്കുക, വ്യക്തികളുടെ കൈവശമുള്ള തോക്ക്, വാൾ, ഈട്ടി (കുന്തം) മുതലായ മാരകായുധങ്ങൾ പരിശോധിച്ച് മുദ്രകുത്തുക എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. അധികാരികൾ വളരെ ജാഗ്രതയോടെ പ്രവർത്തിച്ചിരുന്നു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം.



**ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ**

തിരുവിതാംകൂറിൽ ജനസംഖ്യക്കണക്കെടുപ്പ് (cenusകൊ.വ. 1050) ഏർപ്പെടുത്തിയത്, സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾ (സ്ത്രീകൾക്ക് പ്രത്യേക വർക്ഷോപ്പ് (കൊ.വ. 1039), നിയമനിർമ്മാണസഭയുടെ സ്ഥാപനം (കൊ.വ. 1063) എന്നിവ ദീർഘവീക്ഷണത്തോടുകൂടിയ നടപടികളാണ്.

വിപുലമായ ഒരു നിയമസംഹിതയുടെ അഭാവത്തിൽ, കുറ്റങ്ങൾക്കുള്ള പിഴയും ശിക്ഷയും അന്ന് 'ധർമ്മശാസ്ത്ര'പ്രകാരമായിരുന്നു. പ്രത്യേക നിയമാവലി ഇല്ലാതിരുന്നിട്ടുകൂടി ശിക്ഷാവിധികൾ ഔദ്യോഗികമായി പ്രഖ്യാപിച്ചതിൽ ദൃഢനിശ്ചയവും ധർമ്മബോധവും പ്രതിഫലിക്കുന്നുണ്ട്.

സാമൂഹികപരിഷ്കരണം, ഗതാഗതം, ഈവന്റ് മാനേജ്മെന്റ് എന്നീ രംഗങ്ങളിൽ എടുത്തുപറയേണ്ട പലതുമുണ്ട്. തിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ടതും ശ്രമകരവുമായ ചടങ്ങുകളിൽപ്പെട്ട മുറജപം, അതിന്റെ സമാപ്തി കുറിക്കുന്ന ലക്ഷദീപം (ആറുകൊല്ലത്തിലൊരിക്കൽ നടത്തുന്നത്) എന്നിവയുടെ നടപടിക്രമങ്ങൾ ഒന്നൊന്നായി പ്രതിപാദിക്കുന്ന സമഗ്രമായ ഒരു ശോധനപ്പട്ടിക (checklist) കൊ.വ. 1015ൽ സർക്കാർ തയ്യാറാക്കിയിരുന്നു. ഇന്നത്തെ മാനേജ്മെന്റ് വിദഗ്ദ്ധർ ഇതു വായിച്ചു നോക്കേണ്ടതാണ്. മുറജപം തുടങ്ങുന്നതിനു 18 മാസം മുൻപ് ആരംഭിക്കേണ്ട

**തിരുവിതാംകൂറിലെ ഭരണാധികാരികൾ പുറപ്പെടുവിച്ചിട്ടുള്ള ശ്രദ്ധേയമായ ഏതാനും ഔദ്യോഗിക വിജ്ഞാപനങ്ങളും വിളംബരങ്ങളും**

| വിഷയം | പുറപ്പെടുവിച്ചത് കൊ. വ. |
|---|---|
| മനുഷ്യരെ ക്രയവിക്രയം ചെയ്യുന്നതു നിരോധിച്ചുകൊണ്ട്[3] | 987 |
| ജഡ്ജിമാർക്കും പിഴശിക്ഷ[1] | 988, 990 |
| വ്യാജപരാതികൾ കൊടുക്കുന്നവർക്കുള്ള ശിക്ഷ[3] | 992 |
| ക്രിമിനൽ കേസുകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ[3] | 993 |
| മലയാളത്തിലുള്ള പാഠപുസ്തകങ്ങൾ ഏർപ്പെടുത്തിയത്[2] | 993 |
| കള്ളും ചാരായവും വിൽക്കുന്നതിനു ലൈസൻസും നടപടികളും[3] | 993 |
| ചന്തകളിൽ സാധനങ്ങൾ വിൽക്കുന്നതിനു ചില വിഭാഗക്കാർക്കുള്ള വിലക്ക് നീക്കിയത്[3] | 993 |
| ജയിലിൽ തടവുകാർക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം[1] | 994 |
| പകർച്ചവ്യാധി (കോളറ) നിയന്ത്രിക്കുന്നതിനുള്ള നടപടികൾ[1] | 994 |
| സ്ഥാവരവസ്തുക്കളുടെ ക്രയവിക്രയത്തിനുള്ള നടപടികൾ ക്രമീകരിച്ചത്[3] | 997 |
| ഒരു ദിവാൻജിയുടെ പേരിലുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണം[1] | 997 |
| നികുതിക്കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ[3] | 998 |
| ഒരു നിശ്ചിത കാലയളവിലേക്കുള്ള നികുതിക്കുടിശ്ശിക എഴുതിത്തള്ളിയത്[3] | 998 |
| വ്യക്തികളുടെ കൈവശമുള്ള മാരകായുധങ്ങൾ പരിശോധിച്ച് മുദ്രകുത്തുവാനുള്ള ഉത്തരവ്[3] | 998 |
| സംശയകരമായ പെരുമാറ്റമുള്ള പരദേശികളെ പുറത്താക്കുന്നതു സംബന്ധിച്ച്[3] | 999 |
| കേസുകൾ വേഗം തീർപ്പാക്കുന്നതിനും അപ്പീലിനുമുള്ള നടപടിക്രമങ്ങൾ[3] | 1007 |
| മുറജപം, ലക്ഷദീപം ഇവ നടത്തുന്നതിലേക്കുള്ള നടപടിക്രമങ്ങൾ[1] | 1015 |
| പരാതികളും നിവേദനങ്ങളും തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ[1] | 1016 |
| പരാതികൾ അധികാരികൾക്കു സമർപ്പിക്കുവാനുള്ള സ്ഥാനക്രമം[3] | 1019, 1021 |
| അടിമപ്പണി ചെയ്തിരുന്നവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ[3] | 1029, 1030 |
| കറുപ്പും കഞ്ചാവും വിൽക്കുന്നതിനു ലൈസൻസ് നിർബന്ധമാക്കിയ തീരുമാനം[3] | 1036 |
| സ്ത്രീകൾക്കായി ഒരു വർക്ക്ഷോപ്പ് (വേലക്കട) തുടങ്ങുന്നതിനു നിർദ്ദേശം[2] | 1039 |
| പാമ്പുകടിയേറ്റാൽ ചെയ്യേണ്ട പ്രഥമശുശ്രൂഷകൾ[2] | 1048 |
| തിരുവിതാംകൂറിൽ സെൻസസ് നടത്തുവാനുള്ള തീരുമാനം[3] | 1050 |
| തിരുവിതാംകൂറിൽ വസൂരിപ്രതിരോധ വാക്സിനേഷൻ ഏർപ്പെടുത്തിയത്[3] | 1053 |
| തിരുവിതാംകൂറിൽ നിയനിർമ്മാണസഭ സ്ഥാപിച്ചുകൊണ്ടുള്ള റെഗുലേഷൻ[2] | 1063 |
| ഭരണ (അഡ്മിനിസ്ട്രേഷൻ) റിപ്പോർട്ട് മലയാളത്തിൽ[2] | 1069 |
| ക്ഷേത്രപ്രവേശന വിളംബരം[3] | 1112 |
| ക്ഷേത്രപ്രവേശന ചട്ടങ്ങൾ[3] | 1112 |
| റോഡപകടങ്ങൾ ഒഴിവാക്കി ഗതാഗതം സുഗമമാക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ[2] | 1114 |

തയ്യാറെടുപ്പുകൾ തൊട്ട് ചടങ്ങുകൾ കഴിഞ്ഞ് മടങ്ങുന്ന പുരോഹിതന്മാർക്ക് പ്രതിഫലവും സമ്മാനങ്ങളും കൊടുത്ത് യാത്രയാക്കുന്നതുവരെയുള്ള ക്രമാനുഗതമായ നടപടികൾ ഇതിലുണ്ട്. അത്യദ്ഭുതകരം എന്നേ ഈ രേഖയെ വിശേഷിപ്പിക്കാനാകൂ.

റോഡപകടങ്ങൾ ഒഴിവാക്കി ഗതാഗതം സുഗമമാക്കുവാനുള്ള മുൻകരുതലുകളും നടപടികളും ഇന്നുള്ള പോലീസ് ഉദ്യോഗസ്ഥർ ശ്രദ്ധാപൂർവ്വം പഠിക്കണം. 71 വർഷങ്ങൾക്കു മുൻപ് കൊ.വ. 114ലെ ഒരു പഞ്ചാംഗത്തിൽ അച്ചടിച്ചുവന്ന, ഈ വിഷയത്തിലുള്ള ഒരു വിജ്ഞാപനത്തിന്റെ ഉറവിടം വ്യക്തമല്ല. ഇതിലെ ഓരോ വരിയും ഇന്നും പ്രസക്തമായിരിക്കുന്നതുകൊണ്ട് ഈ മാർഗ്ഗരേഖ പുനഃപ്രസിദ്ധീകരിക്കേണ്ടതാണ്.

എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശവും ക്ഷേത്രപരിസരങ്ങളിൽ സഞ്ചാരസ്വാതന്ത്ര്യവും അനുവദിച്ചുകൊണ്ടുള്ള കൊ.വ. 1112ലെ (1936) ക്ഷേത്രപ്രവേശനവിളംബരം തിരുവിതാംകൂറിലെ സാമൂഹികവ്യവസ്ഥിതിയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. മഹാത്മജി ഈ വിളംബരത്തെ ആധുനികകാലത്തെ അതിശയം (the miracle of modern times) എന്നാണു വിശേഷിപ്പിച്ചത്. ഈ വിളംബരവും അതു സംബന്ധിച്ചുള്ള ക്ഷേത്രപ്രവേശനചട്ടങ്ങളും സാമൂഹികപരിഷ്കരണം സംബന്ധിച്ചുള്ള ഏറ്റവും ധീരമായ നടപടികളാണ്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്നു വിളിച്ച കേരളത്തിൽത്തന്നെയായിരുന്നു ഇതും.

ജനായത്തഭരണം വരുന്നതിനു മുൻപുണ്ടായിരുന്ന രാജഭരണത്തിനു തീർച്ചയായും പല കുറ്റങ്ങളും കുറവുകളുമുണ്ടായിരുന്നു. പക്ഷേ കുറ്റങ്ങൾ മാത്രം ചൂണ്ടിക്കാണിക്കപ്പെടുകയും പല ചരിത്രസംഭവങ്ങളും അതിനോടു ബന്ധപ്പെട്ടിരിക്കുകയും ചെയ്തതോടെ ഭരണത്തിന്റെ നല്ല ഉദാഹരണങ്ങൾ പലതും അവഗണിക്കപ്പെട്ടു. വിപുലമായ ഒരു നിയമവ്യവസ്ഥയോ ആധുനിക മാനേജ്മെന്റ് സങ്കേതങ്ങളോ ഒന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ പുറപ്പെടുവിച്ചിട്ടുള്ള വിളംബരങ്ങൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ അന്നുണ്ടായിരുന്ന ഭരണാധികാരികളുടെയും സമൂഹത്തിന്റെയും ധർമ്മനിഷ്ഠയും ദിശാബോധവും വ്യക്തമാക്കുന്നു. തിരുവിതാംകൂറിലെ വിദ്യാഭ്യാസം മുന്നേറ്റവും ഇതിനു പ്രേരകമായിട്ടുണ്ട് ■

**ഗ്രന്ഥസൂചി**

1. ചരിത്രത്തിന്റെ ഏടുകൾ (998–1022), കിഴക്കേമഠത്തിൽ ഗോവിന്ദൻനായർ, ഡോ. ബി. പുഷ്പ, 1992
2. ചരിത്രരശ്മികൾ, കേരള സംസ്ഥാന ആർക്കൈവ്സ്, തിരുവനന്തപുരം, 1995
3. തിരഞ്ഞെടുത്ത രാജകീയ വിളംബരങ്ങൾ, കേരള സംസ്ഥാന പുരാരേഖാവകുപ്പ്, 2005.






ജി. പി. രാമചന്ദ്രൻ

# ചലച്ചിത്രമേളകളിലെ ലോകസഞ്ചാരം

## സമൂഹത്തിന്റെ ചലനഗതികളിൽ സ്വാധീനം ചെലുത്തുന്ന പൊതു സമൂഹം ചലച്ചിത്രമേളകളിൽ പങ്കെടുക്കുന്നതിലൂടെ ലോകപര്യടനം തന്നെയാണ് നടത്തുന്നത്.

ലോകത്തെ മറ്റ് മേളകളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ഓരോ വർഷവും പ്രതിനിധികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവരാണ് ഇത്തരത്തിൽ പങ്കെടുക്കുന്നത് എന്നതാണ് സുപ്രധാനമായ കാര്യം. ചലച്ചിത്രപ്രവർത്തകരും ഫിലിംസൊസൈറ്റിക്കാരും നിരൂപകരും മാത്രമല്ല, വിദ്യാർത്ഥികൾ, അധ്യാപകർ, പരിസ്ഥിതിപ്രവർത്തകർ, രാഷ്ട്രീയക്കാർ, സാമൂഹികരംഗത്തുള്ളവർ, കവികൾ, സാഹിത്യകാരന്മാർ, മാധ്യമപ്രവർത്തകർ എന്നിങ്ങനെ പലരും കേരള അന്താരാഷ്ട്ര മേളകളിൽ സമ്മേളിക്കാറുണ്ട്. ഇക്കൂട്ടരിൽ, മറ്റവസരങ്ങളിൽ സിനിമ കാണുന്നത് ശീലമാക്കിയവരും ശീലമാക്കാത്തവരുമുണ്ട്. സമൂഹത്തിന്റെ ചലനഗതികളിൽ സ്വാധീനം ചെലുത്തുന്ന ഈ പൊതു സമൂഹം ചലച്ചിത്രമേളകളിൽ പങ്കെടുക്കുന്നതിലൂടെ ലോകപര്യടനം തന്നെയാണ് നടത്തുന്നത്. മാത്രമല്ല, ഓരോ മേളയും കഴിഞ്ഞ് ഒരാൾ തിരിച്ചു പോകുന്നത്. പുതിയ അവബോധവും പുതിയ ചരിത്ര-വർത്തമാന ധാരണകളുമായി കൂടുതൽ സമാധാന വാഞ്ഛയുമായി, ജീവിതത്തെയും മാനവികതയെയും കൂടുതൽ സ്നേഹിച്ചുകൊണ്ടാണ്.

സിനിമ എന്നത് എല്ലാവർക്കുമറിയാവുന്നതു പോലെ ഇരുപതാംനൂറ്റാണ്ടിലെ മനുഷ്യർ ആഘോഷിച്ച ഏറ്റവും ജനപ്രിയമായ കലയും മാധ്യമവും വ്യവസായവുമാണ്. വാണിജ്യശക്തികൾ നിയന്ത്രിക്കുന്ന വിതരണശൃംഖലകളിലൂടെ വിപണനം ചെയ്യപ്പെടുന്ന സിനിമകളുടേതാണ് സാധാരണക്കാർക്ക് പരിചയമുള്ള സിനിമാലോകം. ഹോളിവുഡിലെയും ബോളിവുഡിലെയും മറ്റനേകം പ്രദേശങ്ങളിലെയും സിനിമാനിർമാണകേന്ദ്രങ്ങളിൽ നിന്ന് വൻ മുതൽമുടക്കോടെ നിർമ്മിക്കപ്പെടുന്നതും ഫോർമുലകൾക്കനുസരിച്ചുള്ളതും ജനപ്രീതി നേടിയെടുക്കുന്നതായി കരുതപ്പെടുന്നതുമായ സിനിമകൾ കച്ചവട സിനിമ, മുഖ്യധാരാ സിനിമ അല്ലെങ്കിൽ ജനപ്രിയ സിനിമ എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്.








പ്രേമം, യുദ്ധം, ലൈംഗികത, വർഗീയത, വംശീയത, സാങ്കേതിക വിസ്മയങ്ങൾ, സംഗീതം, അതിവൈകാരികത, നാടകീയത, നന്മ/തിന്മ സങ്കൽപങ്ങൾ, നായകന്റെ അന്തിമവിജയം, സ്ത്രീശരീരത്തിന്റെ ചരക്കുവത്കരണം, എന്നിങ്ങനെയുള്ള ഉപാധികളെ തിരിച്ചും മറിച്ചും ചേർത്തു വെച്ചുകൊണ്ട് ലാഭത്തിൽ മാത്രം പ്രതീക്ഷയർപ്പിച്ച് നിർമിച്ചു വിടുന്ന സിനിമകളാണ് സ്ഥിരമായി വിതരണ ശൃംഖലകളിലൂടെ പുറത്തുവന്ന് കൊട്ടകകളിൽ അതാതു കാലത്ത് പ്രദർശിപ്പിക്കുന്നത്. പൊതുജനത്തിന് സാമാന്യമായി പരിചയമുള്ളതും ഇത്തരം വ്യാവസായിക സിനിമയെത്തന്നെയാണ്. ഇവയെ ഒന്നടങ്കം തള്ളിപ്പറയാൻ എളുപ്പമാണെങ്കിലും അതിജീവന സ്വഭാവമുള്ള ഒരു സാമ്പത്തികവ്യവസ്ഥയായി സിനിമയെ കഴിഞ്ഞ നൂറു വർഷവും താങ്ങിനിർത്തിയത് ഈ മുഖംമൂടിയില്ലാത്ത കച്ചവടസമൂഹമായിരുന്നു എന്നത് നിഷേധിക്കാനാവില്ല.

എന്നാൽ അതു മാത്രമാണോ സിനിമ എന്ന സുപ്രധാനമായ ചോദ്യം എപ്പോഴും ഉയർത്തപ്പെടുന്നത് ചലച്ചിത്രമേളകളുടെ പശ്ചാത്തലത്തിലാണെന്ന് കാണാം. സിനിമയുടെ ചരിത്രം എഴുതപ്പെടുമ്പോൾ ജനപ്രിയ സിനിമകൾക്ക് താരതമ്യേന കുറഞ്ഞ പ്രാതിനിധ്യം ലഭിക്കുകയും ആർട് ഹൗസ് സിനിമകൾ എന്നു വിളിക്കപ്പെടുന്ന സൗന്ദര്യമൂല്യങ്ങൾക്ക് പ്രാധാന്യമുള്ള തരം കലാത്മകസിനിമകൾ കൂടുതലായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യപ്പെടുന്നതെന്തുകൊണ്ടാണ്? ലോകത്തെ വിവിധ ഭാഷകളിലും പ്രദേശങ്ങളിലും നിർമിക്കപ്പെടുന്ന എല്ലാ തരം സിനിമകളും പ്രദർശിപ്പിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്ന ഇടം ചലച്ചിത്രമേളകൾ മാത്രമാണ്. സിനിമ കേവലം ഒരു കച്ചവട ഉത്പന്നം മാത്രമല്ലെന്നും അത് ഒരു സൗന്ദര്യവ്യവസ്ഥയാണെന്നും പ്രാഥമികമായി അംഗീകരിച്ചാൽ തന്നെ ചലച്ചിത്രമേളകളുടെ അനിവാര്യത ബോധ്യപ്പെടും. ഒരേ സമയം സാങ്കേതികവ്യവസ്ഥയും സാമ്പത്തികവ്യവസ്ഥയും എല്ലാമായ സിനിമ ആവിഷ്കാരത്തിന്റെയും സംവേദനത്തിന്റെയും സവിശേഷമായ രൂപഘടനകൾ സ്വയം സൃഷ്ടിക്കുകയും മാറ്റിത്തീർക്കുകയും ചെയ്തിട്ടുണ്ട്. ഈ മാറ്റങ്ങൾ ചലച്ചിത്ര മേഖലയിലുള്ളവർക്കു തന്നെ മനസ്സിലാക്കണമെന്നുണ്ടെങ്കിൽ മേളകളിൽ പങ്കെടുക്കുകയല്ലാതെ നിവൃത്തിയില്ല.

പതിനാലാമത് ഐ എഫ് എഫ് കെയിൽ വിവിധ വിഭാഗങ്ങളിലായി ഇരുനൂറോളം സിനിമകളാണ് പ്രദർശിപ്പിച്ചത്. ഒമ്പതു വേദികളിലായിരുന്നു പ്രദർശനം. ഇതിനു പുറമെ വിവിധ സെമിനാറുകളും ഓപ്പൺ ഫോറവും ജനശ്രദ്ധ പിടിച്ചു പറ്റി. ലോക സിനിമാവിഭാഗത്തിൽ മാസ്റ്റർമാരുടെ പുതിയ സിനിമകളായിരുന്നു ഏറ്റവും ആകർഷകം.

ടോക്ക് ടു ഹെർ, ബാഡ് എഡ്യൂക്കേഷൻ, വോൾവർ തുടങ്ങി വൈകാരികാഘാതങ്ങൾക്ക് മുൻതൂക്കം കൊടുത്ത സിനിമകൾക്കു ശേഷം സ്പാനിഷ് ചലച്ചിത്രകാരനായ പെദ്രോ അൽമൊദോവാർ ചലച്ചിത്രാഖ്യാനത്തെയും പ്രതികാരത്തെയും സംബന്ധിച്ച ആത്മപരിശോധനയ്ക്കു മുതിരുകയാണ് ബ്രോക്കൺ എംബ്രെയ്സസ് എന്ന പുതിയ സിനിമയിലൂടെ. കോമഡിയും ട്രാജഡിയും ഇടകലർത്തുന്ന ഈ സിനിമാഖ്യാനത്തിൽ ഫിലിം നോയറിന്റെ സ്വാധീനവും പ്രകടമാണ്. തന്റെ തന്നെ മുൻ സിനിമകളെക്കുറിച്ചും മൊത്തം സിനിമാചരിത്രത്തെക്കുറിച്ചും അൽമൊദോവാറിന്റെ അബോധം പ്രവർത്തനക്ഷമമാകുകയാണീ ചിത്രത്തിലെന്നും നിരീക്ഷിക്കാം. ഒരു ഫീച്ചർ സിനിമയും ഒരു ഡോക്കുമെന്ററിയും എടുക്കുന്നതിനുള്ള ശ്രമങ്ങൾ സിനിമയുടെ ഇതിവൃത്തത്തിലുണ്ടെങ്കിലും ബ്രോക്കൺ എംബ്രെയ്സസ് സിനിമയെക്കുറിച്ചെടുക്കുന്ന മറ്റൊരു സിനിമയായി പരിമിതപ്പെടുന്നുമില്ല. ദൃശ്യങ്ങൾ, ശബ്ദം, എഡിറ്റിംഗ് എന്നിങ്ങനെയുള്ള സിനിമയുടെ അടിസ്ഥാനഘടകങ്ങളെ അൽമൊദോവാർ ശിഥിലീകരിക്കുകയാണ് ചെയ്യുന്നത്. യാഥാർത്ഥ്യവും മിഥ്യയും തമ്മിലുള്ള വടംവലിയെക്കുറിച്ചുള്ള ഒരു ആധുനികാനന്തര ഉപന്യാസവും സിനിമയോടുള്ള ആസക്തി മൂത്ത് എഴുതുന്ന ഒരു പ്രേമലേഖനവുമായി ഈ ചിത്രത്തെ കണ്ടെടുക്കാം.




സമാന്തരമായി സഞ്ചരിക്കുന്ന രണ്ട് ഇതിവൃത്തങ്ങൾ ചിത്രത്തിലുള്ളതായി കാണാം. വർത്തമാനകാലത്ത് നടക്കുന്ന കഥയിൽ, തിരക്കഥാകൃത്തും സംവിധായകനുമായ ഹാരി കെയിൻ ആണ് മുഖ്യ പുരുഷ കഥാപാത്രം. മത്തെയോ ബ്ലാങ്കോ എന്ന യഥാർത്ഥ നാമമുപേക്ഷിച്ചാണ് തൂലികാനാമമായ ഹാരി കെയിനിലേക്ക് അദ്ദേഹം ഒതുങ്ങുന്നത്. അന്ധനായി മാറിയ അയാളുടെ ഓർമകൾ, തിരക്കഥാരചനകൾ, പുനരധിവാസങ്ങൾ എന്നിങ്ങനെ പുരോഗമിക്കുന്ന സിനിമയിൽ ദൃശ്യ രേഖീകരണപ്രക്രിയയുടെ നൈതികത തന്നെ ചോദ്യം ചെയ്യപ്പെടുന്നു. ഏർണെസ്റ്റോ മാർട്ടൽ എന്ന ധനികനായ നിർമാതാവും അയാളും തമ്മിലുണ്ടായ ചലച്ചിത്ര നിർമാണ ഉടമ്പടിയും കാലുഷ്യങ്ങളും സവിശേഷമാണ്.

അഭിനയവും ലൈംഗികത്തൊഴിലും നിർവഹിക്കുന്ന ലെനയാണ് ചിത്രത്തിലെ നായികയെ അവതരിപ്പിച്ചത്. കാൾഗേൾ ഏജൻസിയിൽ നിന്ന് അവളുടെ ലൈംഗിക സേവനം മാർട്ടൽ നേടിയെടുക്കുകയും അവളെ ഒരു വെപ്പാട്ടിയായി അനുഭവിച്ചു പോരുകയും ചെയ്യുന്നതിനിടയിൽ തന്നെയാണ് അവൾ ഹാരി കെയിനിന്റെ സിനിമയിൽ അഭിനയിക്കുന്നത്. അഭിനയത്തിനിടയിൽ അവർ തമ്മിൽ പ്രണയത്തിലാവുന്നു. മനസ്സ്, ശരീരം, നടനം എന്നിങ്ങനെ മൂന്നായി പിളർന്നു പോകുന്ന വ്യക്തിത്വമായി ലെനയെ അവതരിപ്പിച്ചിരിക്കുന്നത് പ്രസിദ്ധ നടിയായ പെനിലോപ് ക്രൂസ് ആണ്.

സാമ്പ്രദായികമായ രീതിയിൽ വ്യാഖ്യാനിച്ചാൽ, പലതരത്തിലുള്ള ഉടമ്പടി ലംഘനങ്ങളും നിയമരാഹിത്യങ്ങളും സദാചാര ഭ്രംശങ്ങളുമാണ് മറ്റേതൊരു അൽമൊദോവാർ സിനിമയിലുമെന്നതു പോലെ മുറിഞ്ഞുപോയ ആശ്ലേഷണങ്ങളിലുമുള്ളത്.

യൂറോപ്പിൽ സജീവമായ ഡോഗ്മ പ്രസ്ഥാനത്തിന്റെ വക്താവും പ്രയോക്താവുമായ ലാർസ് വോൺ ട്രയറിന്റെ അന്തിക്രിസ്തു(ഡെന്മാർക്ക്-ജർമനി-ഫ്രാൻസ്-സ്വീഡൻ-ഇറ്റലി) ഞെട്ടിക്കുന്ന ഒരനുഭവമായിരുന്നു. ഭാര്യയും ഭർത്താവും ലൈംഗികബന്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കെ അവരറിയാതെ അവരുടെ ഏകപുത്രൻ അപ്പാർടുമെന്റിന്റെ ജനൽ വഴി പുറത്തേക്ക് തെറിച്ചുപോയി താഴെ വീണ് ചിതറി മരിക്കുകയാണ്. ഈ സംഭവം കുട്ടിയുടെ അച്ഛനിലും അമ്മയിലുമുണ്ടാക്കുന്ന ആഘാതത്തിന്റെ ആത്മീയ-നൈതിക-ധാർമ്മിക-ലൈംഗിക-സദാചാര ഘടകങ്ങളാണ് തികച്ചും വ്യത്യസ്തമായ രീതിയിൽ ആന്റിക്രൈസ്റ്റിൽ ആലേഖനം ചെയ്യപ്പെടുന്നത്. അക്കി കോരിസ്മാക്കിയുടെ സ്ഥിരം ലളിത ശൈലിയിൽ പൂർത്തീകരിച്ചിട്ടുള്ള ലൈറ്റ്സ് ഇൻ ദ ഡസ്ക്ക്(ഫിൻലന്റ്- ജർമനി-ഫ്രാൻസ്) സമൂഹത്തിന്റെ നിരാശാഭരിതമായ മുഖങ്ങളെ വ്യക്തമായി വെളിപ്പെടുത്തുന്നു. റോൾ റൂയിസ് സംവിധാനം ചെയ്ത നൂസിജെൻ ഹൗസ്(ഫ്രാൻസ്-റുമാനിയ-ചിലി) ഫ്രോയിഡിയൻ സ്വപ്നവ്യാഖ്യാനങ്ങളുടെ ചലച്ചിത്രാവിഷ്ക്കാരം എന്ന നിലയിൽ ശ്രദ്ധേയമായിരുന്നു. ജോർജ് ഒവാഷ്വില്ലി സംവിധാനം ചെയ്ത മറുതീരം(ദ അദർ ബാങ്ക്/ജോർജിയ-ഖസാഖ്സ്താൻ) ടീഡോ എന്ന പന്ത്രണ്ടുകാരന്റെ പലായനത്തിലൂടെ അതിർത്തികളും ഭാഷകളും ദേശീയതകളും കൂടിക്കുഴയുന്ന പുതിയ ലോകയാഥാർത്ഥ്യത്തെ ഹൃദയസ്പൃക്കായി വിചാരണ ചെയ്യുന്നു. മാർഗരറ്റ് വോൺ ട്രോറ്റയുടെ വിഷൻ(ജർമനി) പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ഹിൽദെഗാർഡ് വോൺ ബിൻജെൻ എന്ന കന്യാസ്ത്രീയുടെ ദാർശനികവും മനശ്ശാസ്ത്രപരവുമായ അന്വേഷണങ്ങളുടെ ജീവചരിത്രമാണ്. വിഖ്യാത ഇറാനിയൻ ചലച്ചിത്രകാരനായ അബ്ബാസ് കൈരസ്തമിയുടെ ഷിറിൻ അപൂർവ്വമായ ഒരനുഭവമായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ ഒരു പേർസ്യൻ പുരാണ നാടകം സ്റ്റേജിൽ അവതരിപ്പിക്കുന്നു. നിരവധി സ്ത്രീ പ്രേക്ഷകരാണ് നാടകം കാണാനിരിക്കുന്നത്. നാടകത്തിന്റെ ശബ്ദതലം വ്യക്തമായി നമുക്ക് കേൾക്കാനാവും വിധം രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ നാടകത്തിന്റെ ദൃശ്യപ്രതലം കാണിക്കുന്നതേ ഇല്ല. എന്നാൽ നാടകം എപ്രകാരമാണ് ആവിഷ്ക്കരിക്കപ്പെടുന്നതെന്നും അത് പുതിയ കാലത്ത് എങ്ങനെയാണ് വിനിമയം ചെയ്യപ്പെടുന്നതെന്നുമുള്ളത് കാണികളുടെ മുഖഭാവങ്ങളിലൂടെയും വികാരപ്രകടനങ്ങളിലൂടെയും സംവേദനം ചെയ്യപ്പെടുന്നു. അത്യത്ഭുതകരമായ ഒരു പരീക്ഷണചിത്രമാണ് ഷിറിൻ. പീറ്റർ സ്ട്രീക്ക് ലാന്റ് സംവിധാനം ചെയ്ത കാതലിൻ വർഗ(റുമാനിയ-യുകെ-ഹങ്കറി) മാനഭംഗത്തിനിരയായ ഒരു യുവതിയുടെ പ്രതികാരയാത്രയുടെ വഴിമാറലാണ് ചിത്രീകരിക്കുന്നത്. സോക്കർ ആരാധനയുടെ ഭ്രാന്തമായ തലങ്ങളെ അനാവരണം ചെയ്യുന്ന കെൻ ലോച്ചിന്റെ ലുക്കിങ് ഫോർ എറിക്(യുകെ-ഫ്രാൻസ്-ഇറ്റലി-ബെൽജിയം-സ്പെയിൻ) വ്യത്യസ്തമായ അനുഭവമായിരുന്നു. ഏലിയ സുലൈമാന്റെ ദ ടൈം ദാറ്റ് റിമെയിൻസ്(യുകെ-ഇറ്റലി-ബെൽജിയം-ഫ്രാൻസ്) ഇസ്രായേലിലെ അറബ് ന്യൂനപക്ഷത്തിന്റെ നിത്യജീവിതസംഘർഷങ്ങൾ ദൈന്യത കലർന്ന നർമരസത്തോടെ അവതരിപ്പിക്കുന്നത് ഗംഭീരമായിട്ടുണ്ട്. എക്സ് എക്സ് വൈ എന്ന മുൻചിത്രത്തിലൂടെ ഐ എഫ് എഫ് കെ സ്ഥിരക്കാരുടെ ഇഷ്ടസംവിധായികയായി തീർന്ന ലൂസിയ പ്യുയെൻസോയുടെ ദ ഫിഷ് ചൈൽഡ്(അർജന്റീന-ഫ്രാൻസ്-സ്പെയിൻ), സ്വവർഗാനുരാഗം, സൗഹൃദം, നിയമം എന്നീ ലളിതമായിരിക്കെ തന്നെ സങ്കീർണമായ വിഷയങ്ങളെ ഹൃദയസ്പൃക്കായി അവതരിപ്പിക്കുന്നു.



ന്യൂസിജൻ ഹൗസ്

മൃണാൾസെൻ, ഴാക് താതി, മിക്കിയോ നരൂസെ, ആർതുറോ റിപ്സ്റ്റീൻ, ലോഹിതദാസ് എന്നിവരുടെ റെട്രോസ്പക്ടീവുകളുണ്ടായിരുന്നു. റാവുൾ പെക്ക്, പെൻ എക് രതനാരുവാങ് എന്നീ പുതിയ ചലച്ചിത്രകാരന്മാരെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി അവരുടെ കുറെയധികം സിനിമകൾ കാണിക്കുകയുണ്ടായി.

ക്യൂബയായിരുന്നു ഫോക്കസ് ചെയ്യപ്പെട്ട രാജ്യം. ക്യൂബൻ വിപ്ലവത്തിനു ശേഷം ഫിദൽ കാസ്ട്രോയുടെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് സർക്കാർ സിനിമയുടെ വളർച്ചയ്ക്ക് ഏറെ സഹായങ്ങൾ നൽകുകയുണ്ടായി. തോമസ് ഏലിയയെപ്പോലുള്ള ലോക പ്രശസ്ത സംവിധായകർ ക്യൂബൻ സിനിമയുടെ മഹത്വത്തെ ഉയർത്തിപ്പിടിച്ചു.

കറുപ്പിലും വെളുപ്പിലുമായി വേർതിരിച്ചുകാണുന്നതിനേക്കാൾ ഗഹനവും സങ്കീർണവുമാണ് യാഥാർത്ഥ്യം എന്നതിന്റെ തെളിവാണ് തന്റെ നോവലായ വികസനപൂർവാവസ്ഥയെക്കുറിച്ചുള്ള ഓർമകൾ (മെമ്മറീസ് ഓഫ് അണ്ടർ ഡെവലപ്മെന്റ്), പുതിയകാലത്തെ യുവാക്കൾ പോലും താത്പര്യത്തോടെ വായിച്ചാസ്വദിക്കുന്നതെന്ന് നോവലിസ്റ്റ് എഡ്മണ്ടോ ഡെസ്നോസ് പറയുന്നു. ഈ നോവലിനെ ആസ്പദമാക്കിയാണ് ക്യൂബൻ സംവിധായകനായ തോമസ് ജി ഏലിയ അതേ പേരിലുള്ള സിനിമ (1968-സ്പാനിഷ്) പൂർത്തീകരിച്ചത്.

ക്യൂബൻ വിപ്ലവത്തെത്തുടർന്ന് ധനികരെല്ലാം രാജ്യം വിട്ട് യു എസ് എയിലേക്കും മറ്റും നാടുവിടുകയാണ്. ബൂർഷ്വയും എഴുത്തുകാരനും ആയ സെർജിയോവിന്റെ ഭാര്യയും കുടുംബാംഗങ്ങളും സുഹൃത്തുക്കളുമെല്ലാം അക്കൂട്ടത്തിൽ മിയാമിയിൽ അഭയാർത്ഥിത്വം തേടി യാത്രയാകുമ്പോൾ അയാൾ മാത്രം നാടുവിടാതെ ക്യൂബയിൽ തന്നെ തങ്ങാൻ തീരുമാനിക്കുന്നു. ഒരു ചെറിയ ടെലസ്കോപ്പിലൂടെ അയാൾ അപ്പാർട്മെന്റിന്റെ ജനാലയിലൂടെ പുറത്തേക്ക് നോക്കുന്നു. പെട്ടെന്ന് എല്ലാം മാറിയിരിക്കുന്നു; കട്ടിക്കടലാസുകൊണ്ടുള്ള ഒരു പട്ടണമാണോ അവശേഷിച്ചിരിക്കുന്നത്! അങ്ങിനെയാണെങ്കിൽ പോലും യാഥാർത്ഥ്യം ഇത്തരത്തിൽ മാറിമറിഞ്ഞിരിക്കുന്നു എന്നും തന്റെ പഴയ മട്ടിലുള്ള ജീവിതം അസാധ്യമായിത്തീർന്നിരിക്കുന്നുവെന്നും സ്വയം സമ്മതിക്കാൻ അയാൾ വിസമ്മതിക്കുകയാണ്. തന്റെ ലൈംഗിക പരാക്രമങ്ങളും യൂറോ കേന്ദ്രിതമായ ബൗദ്ധികന്യായങ്ങളും തുടരാനാകുമെന്നു തന്നെയാണയാൾ വിചാരിക്കുന്നത്. വാടകയും പാട്ടവും പിരിച്ച് ഉദാസീനമായി നേരം പോക്കുക എന്നതാണല്ലോ ബൂർഷ്വയുടെ ജീവിതചര്യ. ഒരു പ്രതിനായകനായിരിക്കെത്തന്നെ രാഷ്ട്രീയത്തിൽ ഇടപെടാനോ തത്പരനാവാനോ വിസമ്മതിക്കുന്ന അയാളുടെ ചേതന മുഴുവൻ വറ്റിപ്പോകുന്നതായും മുപ്പതുകളിൽ തന്നെ താൻ വൃദ്ധനായിത്തീരുന്നതായും ഉള്ള സ്വത്വപ്രതിസന്ധിയിലാണയാൾ അകപ്പെടുന്നത്. വിപ്ലവത്തിൽ തോൽപിക്കപ്പെടുന്ന ഇത്തരമൊരു വ്യക്തിയെ വിദ്വേഷത്തോടെയല്ലാതെ അനുകമ്പയോടു കൂടി പരിഗണിക്കുന്നു എന്നതാണ് ഈ സിനിമയുടെ സവിശേഷത.

നടിയാകാൻ ഇഷ്ടപ്പെടുന്ന എലീന എന്ന പതിനാറുകാരിയെ കണ്ടുമുട്ടുമ്പോൾ തന്റെ ജീവിതം കൊണ്ടും പരിചയങ്ങൾ കൊണ്ടും പുതിയ കാലത്തും അർത്ഥങ്ങളുണ്ടാകുമെന്നയാൾ വ്യാമോഹിക്കുന്നു. നാടകരംഗത്തുള്ള പ്രമുഖരെ അവൾക്കയാൾ പരിചയപ്പെടുത്തുന്നു. അയാളുടെ അപ്പാർട്ടുമെന്റിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന അവളെ ക്യൂബൻ ബൂർഷ്വാസ്ത്രീയുടെ മാതൃകയാക്കി മാറ്റാമെന്നയാൾ വീമ്പു പറയുന്നു. തന്നെ വിട്ടുപോയ ഭാര്യയുടെ വസ്ത്രങ്ങളവൾക്കണിയാൻ കൊടുക്കുന്ന അയാളവളെ പ്രാപിക്കുകയും ചെയ്യുന്നു. ആധുനിക ആർട് ഗ്യാലറികളിലേക്കും ഏണസ്റ്റ് ഹെമിങ്‌വേയുടെ സ്മരണാഗൃഹത്തിലേക്കും കൂട്ടിക്കൊണ്ടുപോയി അവളെ കലയിലേക്കടുപ്പിക്കുവാനുള്ള അയാളുടെ ശ്രമങ്ങൾ പരാജയപ്പെടുന്നു. അവൾക്ക് കാര്യങ്ങൾ പിടികിട്ടുന്നില്ല, അത് വികസനപൂർവാവസ്ഥയുടെ ലക്ഷണമാണ് എന്നയാളിലെ തത്വജ്ഞാനി സ്വയം സമാശ്വസിക്കുന്നു. മറ്റു ക്യൂബൻ സ്ത്രീകളെപ്പോലെ അനുഭവങ്ങളെ കൂട്ടിയോജിപ്പിക്കാനും വികസിക്കാനുമുള്ള കഴിവുകുറവാണവൾക്കുമുള്ളതെന്ന് അയാൾ വ്യാഖ്യാനിക്കുന്നു. പക്ഷെ പരീക്ഷണം

തിരിച്ചടിക്കുന്നു. അവളുടെ മാതാപിതാക്കൾ ബലാത്സംഗക്കുറ്റത്തിന് അയാളുടെ പേരിൽ കേസു കൊടുക്കുന്നു. കേസിൽ നിന്നയാൾ രക്ഷപ്പെടുന്നുണ്ടെങ്കിലും തോക്കും മുദ്രാവാക്യങ്ങളും പ്രകടനങ്ങളും നിറഞ്ഞ പുറം ലോകം അയാളിലേക്ക് പ്രവേശിക്കുകയും കുടുങ്ങിക്കഴിഞ്ഞതായി അയാൾക്ക് സ്വയം തോന്നുകയുമാണ്.

ഓർമകൾ മനസ്സിൽ കടന്നുവരുന്നതു പോലെ ക്രമം തെറ്റിയും നില തെറ്റിയും ഉള്ള ഒരു ഘടനയാണ് സിനിമയ്ക്കുള്ളത്. സാമൂഹ്യമാറ്റങ്ങളുടെ കാലത്ത് ഒന്നും തന്നെ ബാധിക്കില്ല എന്നു കരുതി നിൽക്കുന്ന വ്യക്തികളുടെ അന്യവത്കരണം ശക്തിയോടെ അവതരിപ്പിക്കുന്ന ശൈലി ലോകത്തെമ്പാടുമുള്ള ചലച്ചിത്ര പ്രേക്ഷകർ ആകാംക്ഷയോടെ നോക്കിക്കണ്ടു. മിയാമിയിലേക്ക് യാത്രയായ തന്റെ ഭാര്യയെ സെർജിയോ ഓർത്തടുക്കുന്നതിനിടെ അവളോട് പറയുന്നു: നീ ആഢ്യത്വത്തിനും അശ്ലീലതയ്ക്കും ഇടയിൽ കിടന്ന് പടവെട്ടുകയാണ്. എലീന അയാളുടെ അപ്പാർട്ടുമെന്റിലാദ്യമായെത്തുമ്പോൾ, അയാളോട് പറയുന്നു: താങ്കൾ ഒരു വിപ്ലവകാരിയാണെന്നും തോന്നുന്നില്ല; ഒരു പ്രതിവിപ്ലവകാരിയാണെന്നും തോന്നുന്നില്ല.

1959ലെ ക്യൂബൻ വിപ്ലവത്തെ തുടർന്ന് മൂന്നാം മാസത്തിൽ തന്നെ ക്യൂബൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിനിമാട്ടോഗ്രാഫിക് ആർട് ആന്റ് ഇന്റസ്ട്രി രൂപീകൃതമായി. ഈ സ്കൂളിലെ പഠനത്തിന്റെ ഭാഗമായി ഇറ്റാലിയൻ നിയോറിയലിസ്റ്റ് സിനിമയുമായി ഗാഢബന്ധം പുലർത്തിയ തോമസ് ഏലിയ മൂന്നാംലോക സിനിമകൾക്ക് നിയതമായുണ്ടായിരുന്ന ശൈലിയിൽ നിന്ന് വിഭിന്നമായി സവിശേഷമായ ക്യൂബൻ സിനിമാശൈലി രൂപീകരിക്കുന്നതിൽ നിർണായക പങ്കു വഹിച്ചു. വിനോദമൂല്യങ്ങളും പ്രബോധനാത്മകതയും ഒരേ പോലെ പങ്കിടുന്ന ക്യൂബൻ സിനിമ, യാഥാർത്ഥ്യത്തെ പ്രാദേശിക സംസ്കാര സവിശേഷതകളുടെ പശ്ചാത്തലത്തിൽ പരിഗണിക്കുന്ന ഒന്നാണ്. ഉദാസീനനായ ഒരു ഉപഭോക്താവിനേക്കാൾ ഈ സിനിമ ആവശ്യപ്പെടുന്നത് ഉത്സാഹശാലിയായ ഒരു പങ്കാളിയെയാണ്.

കഥയും യാഥാർത്ഥ്യവും കാവ്യാത്മകമായ ബിംബങ്ങളും സാഹിത്യസമ്പന്നമായ ആഖ്യാനവും ഫ്ളാഷ്ബാക്കുകളും ന്യൂസ് റീലുകളും എല്ലാം ചേർന്ന മെമ്മറീസ് ഓഫ് അണ്ടർ ഡെവലപ്മെന്റ് അപൂർവമായ ഒരനുഭവമാണ്.

ഫ്രഞ്ച് ന്യൂവേവിന്റെ അമ്പതു വർഷങ്ങൾ എന്ന വിഭാഗവും അത്യന്തം ശ്രദ്ധേയമായിരുന്നു. ചലച്ചിത്രാഖ്യാനത്തെ സംബന്ധിച്ച് നിലനിന്നു പോന്ന സൈദ്ധാന്തികവും പ്രായോഗികവുമായ ധാരണകളെയും നിർബന്ധങ്ങളെയും അട്ടിമറിച്ചുകൊണ്ടാണ് ഫ്രഞ്ച് നവതരംഗ പ്രസ്ഥാനം 1950കളിലാരംഭിച്ചത്. അവർ നടത്തിയ നിയമലംഘനങ്ങൾ പിന്നീട് നിയമങ്ങളായി തീർന്നു എന്നതാണേറ്റവും ശ്രദ്ധേയമായ വിപരിണാമം. ഒരെഴുത്തുകാരൻ തന്റെ പേന ഉപയോഗിച്ച് എഴുതുന്നതുപോലെ, തന്റെ ക്യാമറ ഉപയോഗിച്ച് സിനിമ എഴുതുന്നതായിരുന്നു (ക്യാമറ സ്റ്റൈലോ) നവതരംഗ സിനിമ എന്നും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്.

കഥാപാത്രങ്ങൾക്കു മേൽ രചയിതാവിന്റെ അധികാരം പ്രയോഗിക്കപ്പെടാത്ത ജനാധിപത്യ സിനിമയുമായിരുന്നു അത്. സിനിമാഖ്യാനത്തിലും ആസ്വാദനത്തിലും നിലനിന്നു പോരുന്ന ജഡാവസ്ഥ, രണ്ടാം ലോകമഹായുദ്ധാനന്തര യൂറോപ്പിന്റെ പരിവർത്തനപരവും അതിജീവനാത്മകവുമായ സാമൂഹ്യാവസ്ഥയിലൂടെ കടന്നു പോകുന്ന ജനതയുടെ ഭാവുകത്വത്തിനു യോജിച്ചതല്ല എന്ന് തിരിച്ചറിഞ്ഞ ഒരു കൂട്ടം ചെറുപ്പക്കാർ ആരംഭിച്ച കഹേ ദു സിനിമ എന്ന ചലച്ചിത്രവിമർശനമാസികയിലൂടെയാണ് ഫ്രഞ്ച് നവതരംഗ സിനിമയുടെ ദൃശ്യ-ശബ്ദ-ആഖ്യാന സങ്കൽപനങ്ങൾ വിഭാവനം ചെയ്യപ്പെട്ടത്. ജംപ് കട്ട്, കൈയിൽ കൊണ്ടു




നടക്കുന്ന ക്യാമറ കൊണ്ടുള്ള ചിത്രീകരണം, സ്വാഭാവികമെന്നു തോന്നിപ്പിക്കാത്ത എഡിറ്റിംങ്, തുടർച്ച നഷ്ടപ്പെടുത്തുന്ന തരത്തിലും അയുക്തികമെന്നു തോന്നിപ്പിക്കുന്ന തരത്തിലും സീനുകളെ മാറ്റിമറിക്കൽ, ലൊക്കേഷനിൽ തന്നെയുള്ള ചിത്രീകരണം, അകൃത്രിമ ലൈറ്റിംഗ്, തൽക്ഷണം സൃഷ്ടിക്കുന്നതെന്നു കരുതാവുന്ന വിധത്തിലുള്ള സംഭാഷണങ്ങളും ഇതിവൃത്തങ്ങളും, നീണ്ട ടേക്കുകൾ, പ്രത്യക്ഷത്തിൽ ദൃശ്യാഖ്യാനവുമായി വേറിട്ടു നിൽക്കുന്നത് എന്നു തോന്നിപ്പിക്കുന്ന ശബ്ദ പഥവും പശ്ചാത്തല സംഗീതവും എന്നിങ്ങനെ അതിനു മുമ്പ് സിനിമാക്കാർ സ്വീകരിക്കാൻ ഭയപ്പെട്ടിരുന്ന പല രീതികളും പ്രയോഗത്തിൽ വരുത്തിക്കൊണ്ടുള്ള സാഹസികമായ സിനിമകൾ വിമർശനങ്ങൾക്കു പിന്നാലെ പൂർത്തീകരിക്കാൻ കഴിഞ്ഞതിലൂടെയാണ് ഫ്രഞ്ച് നവതരംഗ പ്രസ്ഥാനം ചരിത്രത്തിൽ ചലനാത്മകമായ ഇടം നേടിയെടുത്തത്. സിനിമയുടെ ആഖ്യാന ഭാഷയും പരിചരണരീതിയും ഇതിനെ തുടർന്ന് മാറി മറിഞ്ഞു. പിൽക്കാലത്ത് ലോകമെമ്പാടുമുള്ള മുഖ്യധാരാ സിനിമകളിലും പരസ്യ സിനിമകളിലും സംഗീത വീഡിയോകളിലും ഈ രീതികൾ ആയിരം തവണ ആവർത്തിക്കപ്പെട്ടതോടെ അവയുടെ നൂതനത്വം നഷ്ടമായെങ്കിലും അക്കാലത്ത് അവയുണ്ടാക്കിയ ഞെട്ടൽ അവിസ്മരണീയമായിരുന്നു. ഛായാഗ്രഹണവും താരങ്ങളും ചേർന്ന് മോടിയോടെ പുറത്തിറക്കപ്പെടുന്ന വാണിജ്യ ചലച്ചിത്രങ്ങളുടെ ആർഭാടങ്ങളെയും അധീശത്വങ്ങളെയും, പാവപ്പെട്ടവരും ഇടത്തരക്കാരും താമസിക്കുന്ന അപ്പാർട്ടുമെന്റുകളിലും തെരുവുകളിലും വെച്ച് ചിത്രീകരിച്ച ഇന്നിന്റെയും അതുകൊണ്ടുതന്നെ നാളെയുടെയും സിനിമയുടെ പ്രതിരോധാത്മകത കൊണ്ട് ന്യൂവേവുകാർ വെല്ലുവിളിച്ചു.

ഇപ്രകാരം വ്യാഖ്യാനിക്കാനും വിസ്തരിക്കാനും ഒരു പാടുണ്ടെങ്കിലും, ചലച്ചിത്രമേളകളുടെ പ്രസക്തിയെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും സാമാന്യജനതയ്ക്ക് എത്ര കണ്ട് ബോധ്യമുണ്ട് എന്ന കാര്യവും നാം ഗൗരവത്തോടെ പരിശോധിക്കേണ്ടതുണ്ട്. വിശേഷിച്ചും കോടിക്കണക്കിന് രൂപ പൊതുഖജനാവിൽ നിന്ന് ചെലവഴിച്ചാണ് ഇന്ത്യയിലെ പ്രധാന മേളകളായ ഗോവ ഐ എഫ് എഫ് ഐ, തിരുവനന്തപുരം ഐ എഫ് എഫ് കെ എന്നിവ നടത്തുന്നതെന്നിരിക്കെ.

അടിസ്ഥാനപ്രശ്നങ്ങൾക്ക് ഇപ്പോഴും പണം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള ഒരു രാജ്യവും സാമ്പത്തിക വ്യവസ്ഥിതിയുമായ ഇന്ത്യയെപ്പോലുള്ള ഒരു മൂന്നാം ലോക രാജ്യത്ത് ഇതു സംബന്ധിച്ചുള്ള ജനാധിപത്യപരമായ പ്രതികരണങ്ങളും സംവാദങ്ങളും ഉയർന്നു വരുന്നതിൽ അപാകതയൊന്നുമില്ല. ഭക്ഷണം, വസ്ത്രം, പാർപ്പിടം പോലുള്ളതുമാത്രമാണ് അടിസ്ഥാനപ്രശ്നങ്ങൾ എന്നും മറ്റുള്ളവയൊക്കെ അവ പരിഹരിച്ചതിനു ശേഷം പരിഗണിച്ചാൽ മതി എന്നുമുള്ള വാദം പെട്ടെന്ന് കേട്ടാൽ ശരിയാണെന്നു തോന്നുമെങ്കിലും, മാനവികതയുടെ ചരിത്രം സാമാന്യമായി മനസ്സിലാക്കിയാൽ പോലും അതു ശരിയല്ല എന്നു ബോധ്യപ്പെടും. മനുഷ്യജീവിതത്തിന്റെ ചലനാത്മകതയ്ക്കും തുടർച്ചയ്ക്കും നിദാനമായതും, മാറ്റത്തെക്കുറിച്ചും കൂടുതൽ നല്ല ജീവിതത്തെക്കുറിച്ചുള്ള ആലോചനകൾക്കും എക്കാലത്തും വഴി വെച്ചതും കലയാണെന്നതാണ് വസ്തുത. ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസപ്രക്രിയയുടെ അഭേദ്യഭാഗമായി കലാപ്രവർത്തനവും പഠനവും പരിഗണിക്കപ്പെടുന്നുമുണ്ട്. കലയും സാഹിത്യവും വിനോദവും ആഹ്ളാദവുമില്ലെങ്കിൽ മനുഷ്യരായി ജീവിക്കുന്നതിലെന്തർത്ഥമാണുള്ളത്? ഇരുപതാം നൂറ്റാണ്ടിന്റെ മഹത്തായ കലയും മാധ്യമവുമായ സിനിമയ്ക്കുള്ള പ്രാധാന്യവും ഈ പൊതു പശ്ചാത്തലത്തിൽ തന്നെയാണ് സാധൂകരിക്കപ്പെടുന്നത് ■

പി. കെ. ലാൽ

# ദേശീയ വ്യാപാരമേള-2009
# കേരളത്തിന് വീണ്ടും പൊൻതിളക്കം

രാജ്യ തലസ്ഥാനത്ത് കേരളം ഒരിക്കൽ കൂടി പൊന്നിൽ കുളിച്ചു. മലയാളത്തനിമ നിറഞ്ഞ ദൃശ്യചാരുതയോടെ സംസ്ഥാനം അണിയിച്ചൊരുക്കിയ പവലിയന് ഇക്കുറിയും സ്വർണപ്പതകം. നവംബർ 27-ന് പ്രഗതി മൈതാനിയിൽ അവസാനിച്ച 29-ാമത് രാജ്യാന്തര വ്യാപാരമേളയിലാണ് സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനം നേടിയത്. വർണങ്ങൾ കൊണ്ട് വിസ്മയം തീർക്കുന്ന ഈ മത്സരത്തിൽ സ്വർണവും വെള്ളിയുമണിയുന്നത് കേരളത്തിന് ഒരു പുതുമയല്ലാതാകുന്നു. കേരള സർക്കാരിനുവേണ്ടി ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പാണ് കേരള പവലിയൻ ഒരുക്കുന്നതും പ്രദർശന സംഘാടനത്തിന് നേതൃത്വം നൽകുന്നതും. ഇതിനകം നടന്ന ഇരുപത്തെട്ട് മേളയിൽ ഏഴ് സ്വർണവും അഞ്ച് വെള്ളിയും കേരളം സ്വന്തമാക്കുകയുണ്ടായി. ഇരുപത്താറ് സംസ്ഥാനങ്ങളെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളെയും പിന്തള്ളിയാണ് കൊച്ചു കേരളം ആ ബഹുമതി നേടിയത് എന്നത് ഓരോ മലയാളിയുടെയും അഭിമാനം ഇരട്ടിപ്പിക്കുന്നു. ഡൽഹിയിലെ ഓരോ മലയാളിയും ഈ അഭിമാനത്തിൽ ഭാഗഭാക്കാകുന്നുവെന്നത് അതിലേറെ ആഹ്ലാദം നൽകുന്നു.

ഓരോ വർഷവും പ്രഖ്യാപിക്കപ്പെടുന്ന ഒരു തീമിന്റെ അടിസ്ഥാനത്തിലാണ് പവലിയനുകൾ രൂപകല്പന ചെയ്ത് അവതരിപ്പിക്കുന്നത്. “Export & Service-Healthy Growth Progress”എന്നതായിരുന്നു ഈ വർഷത്തെ വിഷയം. ഈ വിഷയത്തിൽ അധിഷ്ഠിതമായ ഒരു മുഖപ്പും അകത്തളവും കലാപരമായ മേന്മയോടെ അവതരിപ്പിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും പൊതുമേഖല/അർദ്ധസർക്കാർ വകുപ്പുകളുടെയും സ്റ്റാളുകളും സ്വകാര്യ സംരംഭകരുടെ പ്രദർശന വില്പന സാമഗ്രികളും തനത് ഗ്രാമീണ കരകൗശല ഉത്പന്നങ്ങളും ഇതോടൊപ്പം ഒരുക്കണം. വിഷയത്തോട് താദാത്മ്യം പ്രാപിക്കുന്ന തരത്തിൽ ഇവ ഒരുക്കുന്നതിലാണ് കലാകാരന്റെ/ ആർക്കിടെക്റ്റിന്റെ വിരുത് പ്രകടമാകേണ്ടത്. തനത് ആശയത്തിന്റെ ശക്തി ഒട്ടും ചോർന്നു പോകാതെ എന്നാൽ രൂപഭംഗിയിൽ അനിതരസാധാരണമായ കലാവൈഭവം പ്രകടിപ്പിച്ചു കൊണ്ടുള്ള ആവിഷ്കാരമാണ് ഈ വർഷവും കേരളത്തെ സ്വർണമെഡലിന് അർഹമാക്കിയത്.

Export & Service എന്ന താരതമ്യേന വാണിജ്യപരമായ ഒരു വിഷയത്തെ എങ്ങനെ താള-ലയ-ലാസ്യഭംഗിയോടെ അവതരിപ്പിക്കാമെന്നതിന് ഉത്തമ ഉദാഹരണമായിരുന്നു കേരള പവലിയന്റെ മുഖപ്പും അകത്തളവും. ഏതൊരിന്ത്യാക്കാരനും ഒരു പക്ഷേ സാമാന്യവിജ്ഞാനമുള്ള ഏതൊരു മനുഷ്യനും പെട്ടെന്ന് കേരളമെന്താണെന്ന് ബോദ്ധ്യമാകുന്ന ദൃശ്യങ്ങളാണ് മുഖപ്പിനെ ആകർഷകമാക്കുന്നത്. കൂത്തമ്പലത്തിന്റെ പശ്ചാത്തലത്തിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്ന കഥകളി രൂപങ്ങളും കൊച്ചിയിലെ ഐ.റ്റി പാർക്കുകളെ ദൃശ്യമാക്കുന്ന ത്രിമാനരൂപങ്ങളും, സ്പേസ് ടെക്നോളജിയുടെയും ഗ്രാമീണ ടൂറിസത്തിന്റെയും മുഖമുദ്രകളും തീമിന്റെയും കേരളത്തിന്റെയും പാരമ്പര്യം വെളിപ്പെടുത്തുന്നു. ഇവയുടെ പുറമെ ശില്പ ഭംഗിയാർന്ന ഒട്ടകങ്ങളും ത്രിമാന രൂപങ്ങളും മണലാരണ്യവും പ്രതീകാത്മകമായി അവതരിപ്പിച്ചിട്ടുള്ളത് ചിലരിലെങ്കിലും സംശയം ജനിപ്പിക്കും. കേരളത്തിൽ മരുഭൂമിയോ? എന്നാൽ ഗൾഫ് നാടുകളിൽ വിയർപ്പൊഴുക്കുന്ന മലയാളികളുടെ സേവനത്തെ ഓർമിപ്പിക്കുന്നതാണ് ഈ ചിത്രീകരണം എന്ന വിശദീകരണം അവരിൽ കൂടുതൽ മതിപ്പുളവാക്കുകയാണുണ്ടാവുക.



കേരളപവലിയൻ സന്ദർശിക്കാൻ മുഖ്യമന്ത്രി എത്തുന്നു.

കേരള പവലിയന് സുവർണ കിരീടം ചൂടാൻ സഹായിച്ച മറ്റൊരു പ്രധാനഘടകം അകത്തളത്തിൽ എല്ലാവരെയും വിസ്മയിപ്പിച്ച മാലാഖയായ നേഴ്സാണ്. ഫ്ളോറൻസ് നൈറ്റിംഗേലിനെ അനുസ്മരിപ്പിക്കുന്ന വിശുദ്ധിയാർന്ന രൂപഭാവങ്ങളോടെ ആതുരസേവനത്തിന്റെ ലോകപ്രതീകമായ മലയാളി നേഴ്സിന്റെ ഭൂഗോളത്തിൽ പ്രതിഷ്ഠിച്ച വെണ്മയാർന്ന ശില്പം ആഹ്ലാദവും വിസ്മയവും സൗന്ദര്യവും സേവനവും എല്ലാം ഉൾക്കൊള്ളുന്ന അവാച്യമായ അനുഭൂതി നൽകുന്നു. സേവനത്തിന് ഇതിനേക്കാളേറെ



മറ്റൊരു പ്രതീകമില്ലെന്ന് ആരും സമ്മതിച്ചുപോകുന്ന ഈ മലയാളി വൈഭവം തന്നെയാണ് നമ്മെ ഒന്നാം സ്ഥാനത്തെത്തിച്ച പ്രധാന ഘടകം. നവംബർ 27-ന്റെ മഞ്ഞിൽ നിറഞ്ഞ പ്രഭാതത്തിൽ അവാർഡുദാന ചടങ്ങിനുശേഷം പവലിയനിലെത്തിയ മുഖ്യാതിഥി കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ഈ ശില്പം കണ്ടിട്ട് പറഞ്ഞതിങ്ങനെയാണ്- ‘കേരളം നേഴ്സിനെയല്ല നഴ്സിങ്ങിലൂടെ മനുഷ്യവിഭവശേഷിയെയാണ് എക്സ്പോർട്ട് ചെയ്യുന്നത്’.



മികച്ച പവലിയനുള്ള സ്വർണ്ണമെഡൽ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യയിൽ നിന്ന് ഐ-പി.ആർ.ഡി ഡയറക്ടർ എം.നന്ദകുമാർ സ്വീകരിക്കുന്നു.

പവലിയനിൽ ഇക്കുറിയും സംസ്ഥാനത്തെ പ്രധാന വകുപ്പുകളും സ്ഥാപനങ്ങളും തങ്ങളുടെ പ്രവർത്തന മേഖലകൾ വിശദമാക്കുന്ന സ്റ്റാളുകൾ ഒരുക്കിയിരുന്നു. ടൂറിസം, വനം, മൃഗസംരക്ഷണം, ക്ഷീരവികസനം, സാമൂഹികക്ഷേമം, പട്ടികജാതി പട്ടികവർഗവികസനം, കിർത്താഡ്, വ്യവസായം കയർ വകുപ്പുകൾ ഖാദി ബോർഡ്, മാർക്കറ്റ് ഫെഡ്, ഹോർട്ടിമിഷൻ, എഫ്.ഐ.ബി., കിൻഫ്ര, ഔഷധി, ഫോം മാറ്റിങ്സ്, ഹിന്ദുസ്ഥാൻ ലാറ്റക്സ്, ഹോർട്ടികോർപ്പ്, ഹാൻവീവ്, ഹാന്റക്സ്, കൈരളി, കയർഫെഡ്, കുടുംബശ്രീ എന്നീ സർക്കാർ സ്ഥാപനങ്ങളും തങ്ങളുടെ സേവന മേഖലകളും ഉത്പന്നങ്ങളും മലയാളിക്ക് ഇതര ഭാഷക്കാർക്കും ബോദ്ധ്യപ്പെടുന്ന തരത്തിൽ പ്രദർശിപ്പിച്ച് കേരളത്തെയും കേരളീയ വിഭവങ്ങളെയും വിലപ്പെട്ടതാക്കിത്തീർത്തു. ഇതിനുപുറമെ 36 സ്വകാര്യവ്യാപാര സ്ഥാപനങ്ങളും മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ പത്രസ്ഥാപനങ്ങളും സ്റ്റാളുകൾ ഒരുക്കി പ്രദർശനം ഒരു വൻമേളയാക്കി മാറ്റുകയും അവരുടെ ഉത്പന്നങ്ങൾക്ക് ലക്ഷ്യത്തിൽ കവിഞ്ഞ മാർക്കറ്റ് നേടുകയും ചെയ്തു. അന്തർദേശീയ വ്യാപാരമേളയുടെ ഒരു പ്രധാന ലക്ഷ്യം വിവിധ ദേശക്കാരുടെ തനത് ഉത്പന്നങ്ങളുടെ പ്രദർശനവും അവയുടെ മാർക്കറ്റിങ്ങുമാണ്. അതോടൊപ്പം ശാസ്ത്ര സാങ്കേതിക മേഖലകളിൽ പ്രത്യേകിച്ചും ഐ.ടി., കമ്യൂണിക്കേഷൻ, സ്പേസ് ടെക്നോളജി രംഗങ്ങളിൽ രാജ്യവും ലോകവും നേടിക്കൊണ്ടിരിക്കുന്ന പുരോഗതി മനുഷ്യസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള ശ്രമവും ഈ മേളയുടെ ലക്ഷ്യമാണ്. മാറിവരുന്ന ജീവിത സാഹചര്യങ്ങൾക്ക് ഉപയുക്തമാകാവുന്ന ഇടത്തരം കാർഷിക യന്ത്രവത്കൃത ഉത്പന്നങ്ങൾക്കും തികച്ചും നാടൻ കരകൗശല ഉത്പന്നങ്ങൾക്കും ലോകവിപണിയുടെ ശ്രദ്ധ പിടിച്ചു പറ്റുന്നതിനും ഈ മേള സഹായകരമാകുന്നു. എൻജിനീയറിങ്, ആട്ടോമൊബൈൽസ്, ഇലക്ട്രോണിക്സ്, കെമിക്കൽസ്, ഡ്രഗ്സ്, ഫാർമസ്യൂട്ടിക്കൽസ്, ലെതർ, ടെക്സ്റ്റൈൽസ്, ടെലികമ്മ്യൂണിക്കേഷൻ, ജൂവലറി, റബ്ബർ, ചണം, കരകൗശലം തുടങ്ങി നിത്യോപയോഗ സാധനങ്ങൾ വരെ വിവിധ പവലിയനുകളിലൂടെയും സ്റ്റാളുകളിലൂടെയും കാണികൾക്ക് മുന്നിൽ എത്തുന്നുവെന്നതും വ്യാപാരമേളയുടെ സവിശേഷതയാണ്. ഏഴായിരത്തിഅഞ്ഞൂറോളം പ്രദർശകർ പങ്കെടുക്കുന്ന മേളയിൽ വിവിധ രാജ്യക്കാരായ 20 ലക്ഷം ആളുകൾ സന്ദർശകരായെത്തുന്നുവെന്നാണ് സംഘാടകരായ ഇന്ത്യൻ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) കണക്ക്. ഇതിൽതന്നെ ഒട്ടേറെപ്പേർ വിവിധ രാജ്യങ്ങളിൽ, സംസ്ഥാനങ്ങളിൽ ഉത്തരവാദപ്പെട്ട സ്ഥാനം വഹിക്കുന്ന പ്രമുഖ വ്യക്തികളാണ്. ഇവരുടെ സന്ദർശനം വിവിധ ദേശങ്ങളുടെ ഉത്പന്ന വിപണനത്തിന് കൂടുതൽ സാദ്ധ്യത തുറക്കുന്നതായാണ് ITPO കാണുന്നത്.

കേരളപവലിയൻ സന്ദർശിച്ചവരിൽ സംസ്ഥാനമുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ, കേന്ദ്രസഹമന്ത്രി ശശി തരൂർ, ജാർഖണ്ഡ് ഗവർണർ ശങ്കരനാരായണൻ, ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി സി.ദിവാകരൻ, വ്യവസായ മന്ത്രി എളമരം കരീം, വനം മന്ത്രി ബിനോയ് വിശ്വം, വൈദ്യുതി മന്ത്രി എ.കെ.ബാലൻ, കയർ-സഹകരണ മന്ത്രി ജി.സുധാകരൻ എന്നിവരും എം.പി.മാർ, എം.എൽ.എമാർ, ചീഫ് സെക്രട്ടറി നീലാ ഗംഗാധരൻ, മുഖ്യമന്ത്രിയുടെ സെക്രട്ടറി ഷീലാ തോമസ്, വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ, ഡയറക്ടർമാർ, കവികളാ. ഒ.എൻ.വി.കുറുപ്പ്, വി.മധുസൂദനൻ നായർ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾ, മുൻ മന്ത്രിമാർ, വിദേശ രാജ്യങ്ങളിലെയും മറ്റ് സംസ്ഥാനങ്ങളിലെയും നേതാക്കൾ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ളവരും ഉൾപ്പെടുന്നു.

നവംബർ 19-ന് ലാൽ ചൗക്ക് തിയേറ്ററിൽ നടന്ന കേരള ആഘോഷ ചടങ്ങുകളിൽ തിരുവനന്തപുരം സ്വരാഞ്ജലി അവതരിപ്പിച്ച തനത് കേരളീയ നൃത്ത കലാരൂപങ്ങളും ജാസിഗിഫ്റ്റും സംഘവും ഈണമിട്ട ഗാനങ്ങളും ഡൽഹിയിലെ മലയാളി കുടുംബങ്ങളെയും ഇതര ഉത്തരേന്ത്യൻ ഭാഷക്കാരെയും ഒരുപോലെ ആഹ്ലാദിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളുടേതായി ഒരുക്കിയ ഫുഡ് കോർട്ടിൽ കേരളീയ വിഭവങ്ങളുടെ രുചിയും മണവും ആസ്വദിക്കാനെത്തിയവരിൽ വിവിധ ഭാഷക്കാരും വിവിധ രാജ്യക്കാരുമുണ്ടായിരുന്നു. ഭീകരാക്രമണ ഭീഷണിയുടെ പശ്ചാത്തലത്തിൽ അതിശക്തമായ സുരക്ഷാസന്നാഹങ്ങൾക്കിടയിൽ, എന്നാൽ ഇതൊന്നും ഏശാത്തതുപോലെ ആഹ്ലാദത്തിമിർപ്പിൽ ആയിരങ്ങൾ ഉല്ലസിച്ചുനടന്ന പ്രഗതി മൈതാനിയിലെ 14 ദിവസത്തെ ഈ ലോക വ്യാപാരമേള യാതൊരു അലോസരവുമില്ലാതെ അവസാനിക്കുമ്പോൾ കേരളത്തിന് വീണ്ടും അഭിമാനിക്കാം. സ്വർണ മെഡലിൽ വീണ്ടും വീണ്ടും മുത്തമിടാനെത്തുന്നത് സുഗന്ധവ്യഞ്ജനങ്ങളുടെ നാടായ നമ്മുടെ കൊച്ചു കേരളം തന്നെയാവും! ■

*ഐ&പി.ആർ.ഡി. അഡീഷണൽ ഡയറക്ടറാണ് ലേഖകൻ*



# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2010

പുസ്തകം. 42 ലക്കം 1

e-mail : janapatham@prd.kerala.gov.in

Website : www.prd.kerala.gov.in



എഡിറ്റർ-ഇൻ-ചീഫ്
**എം.നന്ദകുമാർ**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

അഡീഷണൽ ചീഫ് എഡിറ്റർ
**പി. കെ. ലാൽ**
*അഡീഷണൽ ഡയറക്ടർ*

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**പി. എസ്. സുരേഷ്**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**പി. എസ്. രാജശേഖരൻ**

അസി. എഡിറ്റർ
**എസ്. ആർ. പ്രവീൺ**
**കെ. എസ്. ശൈലേന്ദ്രൻ**

ഡിസൈനർ
**കെ. ബിജു**

ആർട്ടിസ്റ്റ്
**പ്രകാശ്. വി. എസ്**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**വി. സലിൻ**
ഫോൺ : 0471-2518866

**പ്രതിനിധികൾ:**
•**ടി.എ. ഷൈൻ,** തിരുവനന്തപുരം •**എസ്. നാസർ,** കൊല്ലം •**എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട •**സി.ഉണ്ണിക്കൃഷ്ണൻ,** ഇടുക്കി •**എൻ. സുനിൽ കുമാർ,**ആലപ്പുഴ •**പി. വിനോദ്,**എറണാകുളം • **എ.എ.ഹക്കീം,** കോട്ടയം •**വി.കെ. ഷറഫുദ്ദീൻ,** തൃശൂർ • **ടി.സി. ജോസഫ്,** പാലക്കാട് •**എം.എ.വിൻസെന്റ്** , മലപ്പുറം • **പി.കുഞ്ഞബ്ദുള്ള,** കോഴിക്കോട് •**കെ.പി.സരിത,** വയനാട് • **പി.പി. ചന്ദ്രൻ,** കണ്ണൂർ • **കെ. അബ്ദുൾ റഹ്മാൻ,** കാസർഗോഡ്, • **എ. സജീവ്,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**


## മുഖക്കുറിപ്പ്

# വളർച്ചയുടെ പരിമിതികളും നമ്മുടെ ജീവിതവും

ആഗോളതലത്തിൽ ആദ്യമായി ഒരു യു.എൻ പരിസ്ഥിതി സമ്മേളനം നടന്നത് 1972ൽ സ്റ്റോക്ക് ഹോമിലാണ്. ആ സമ്മേളനത്തിനു മുന്നോടിയായി ലോകത്ത് ലഭ്യമായ വിഭവങ്ങളെയും അവയുടെ ഉപഭോഗത്തെയും പറ്റി ഏതാനും പഠനങ്ങൾ നടന്നിരുന്നു. അതിൽ പ്രധാനമായ ഒന്നായിരുന്നു *ക്ലബ് ഓഫ് റോം പഠനങ്ങൾ*. ക്ലബ് ഓഫ് റോം എന്ന സംഘടനയുടെ ആവശ്യപ്രകാരം അമേരിക്കയിലെ പ്രശസ്ത സ്ഥാപനമായ എം.ഐ.ടിയിലെ വിദഗ്ധരാണ് ആ പഠനങ്ങൾക്കു നേതൃത്വം നൽകിയത്. കംപ്യൂട്ടർ മോഡലിങ് ഉപയോഗിച്ചു നടത്തിയ അതിബൃഹത്തായ ആ പഠനങ്ങൾ ഭൂമിയിലെ പലതരം വിഭവങ്ങളും അവ മാനവരാശി ഉപയോഗിക്കുമ്പോഴുള്ള ഭവിഷ്യത്തുകളും സംബന്ധിച്ച് ഒട്ടേറെ പ്രസക്തമായ വിവരങ്ങൾ വെളിച്ചത്തു കൊണ്ടുവന്നു. ലഭ്യമായ പല വിഭവങ്ങൾക്കും അന്നത്തെ ഉപഭോഗനിലവാരം അതേ നിലയിൽ തുടർന്നാൽ ഒന്നൊന്നര നൂറ്റാണ്ടിനുള്ളിൽ എന്തു സംഭവിക്കും? ഉപഭോഗം നിശ്ചിതതോതിൽ കുറച്ചാൽ എന്താണുണ്ടാവുക? അല്ലെങ്കിൽ സാങ്കേതികവിദ്യകൾ മെച്ചപ്പെടുത്തുകയോ വിഭവലഭ്യത കൂട്ടുകയോ ചെയ്താൽ എന്തൊക്കെ സംഭവിക്കും എന്നൊക്കെയായിരുന്നു പഠനങ്ങൾ. ഭക്ഷണം, ഉപഭോഗച്ചരക്കുകൾ, സേവനങ്ങൾ, പ്രതീക്ഷിത ആയുസ്സ് തുടങ്ങിയ മേഖലകളായിരുന്നു പഠനത്തിനായി തെരഞ്ഞെടുത്തത്. 2100 വരെയുള്ള കാലത്ത് ഭക്ഷ്യലഭ്യത, സേവനലഭ്യത, വിഭവലഭ്യത, പ്രതീക്ഷിത ആയുസ്സ് എന്നിവ എങ്ങനെ മുന്നേറും എന്നായിരുന്നു അന്വേഷണം. ആ പഠനഫലങ്ങൾ 1992ലും 2002ലും ലഭ്യമായ അധികവിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുകയും ചെയ്തു. എല്ലാ മേഖലകളിലും നിഗമനങ്ങൾ സമാനമായിരുന്നു. വളർച്ച-ദുരന്തം-തളർച്ച. കാലം ചെല്ലുംതോറും വിഭവങ്ങൾ കൂടുതലായി ചൂഷണം ചെയ്യപ്പെടും. അത് വിഭവങ്ങൾ വേഗം തീർന്നുപോകുന്ന അവസ്ഥയിലെത്തിക്കും. മുന്നോട്ടു പോക്ക് അസാധ്യമാകും.

ക്ലബ് ഓഫ് റോം പഠനങ്ങൾ മാത്രമല്ല, തുടർന്നു നടന്ന പല പഠനങ്ങളും ഇത്തരം അവസ്ഥ പ്രവചിച്ചിട്ടുണ്ട്.

പല കാര്യങ്ങളിലും അത്തരം പഠനഫലങ്ങൾ ശരിയാണെന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു, നമ്മുടെ കേരളത്തിൽപോലും. പെട്രോളിയം ഉത്പന്നങ്ങൾ ഇനി പത്തോ മുപ്പതോ വർഷത്തേക്ക് മാത്രമേ തികയൂ. മണൽപോലുള്ള നിർമാണ വസ്തുക്കൾക്ക് ദൗർലഭ്യം നേരിട്ടുതുടങ്ങിയിരിക്കുന്നു. പല വ്യാവസായിക ഉത്പന്നങ്ങൾക്കുമുള്ള അസംസ്കൃത വസ്തുക്കളുടെ കാര്യവും അങ്ങനെ തന്നെ.

എന്താണ് പരിഹാരം? സാങ്കേതികവിദ്യകൾ മെച്ചപ്പെടുത്തുക. പുതിയ വിഭവസാധ്യതകൾ പരിശോധിക്കുക എന്നിവയൊക്കെ ചെയ്യാം, പക്ഷേ, ലഭ്യമായ വിഭവങ്ങൾ വിവേചനപൂർവം ഉപയോഗിക്കുക എന്നതുതന്നെ ഏറ്റവും പ്രധാനം. ഇവയിലെല്ലാം സമൂഹം കൂട്ടായി ചെയ്യേണ്ടതും വ്യക്തികളും കുടുംബങ്ങളും അതതു തലത്തിൽ ചെയ്യേണ്ടതുമായ ഘടകങ്ങളുണ്ട്.

ലോകത്തെ വലിയൊരു പരിസ്ഥിതിത്തകർച്ചയിലെത്തിക്കുന്ന ആഗോളതാപനത്തിനെതിരെയുള്ള നടപടികൾക്കായി കോപ്പൻഹേഗനിൽ ചേർന്ന രാഷ്ട്രനേതാക്കളുടെ യോഗം വേണ്ടത്ര വിജയിച്ചിട്ടില്ല. അതിനുകാരണം, മാനവരാശിയുടെ വിശാലതാത്പര്യങ്ങൾക്കപ്പുറം പല രാജ്യങ്ങളും, പ്രത്യേകിച്ച് വികസിതരാജ്യങ്ങൾ, തങ്ങളുടെ നിക്ഷിപ്ത താത്പര്യങ്ങൾ മുറുകെ പിടിക്കുന്നതാണ്. വ്യക്തികളുടെയും കുടുംബങ്ങളുടെയും തലത്തിലും ഈ പ്രശ്നം ബാധകമാണ്. സമൂഹത്തിന്റെ വിശാലതാത്പര്യങ്ങൾക്ക് ഹാനി വരാത്ത തരത്തിൽ തങ്ങളുടെ സുഖസൗകര്യങ്ങൾ എങ്ങനെ ഉറപ്പാക്കാമെന്ന് ഒരോ വ്യക്തിയും കുടുംബവും ചിന്തിച്ചാലേ പുരോഗതി ഉറപ്പാകൂ. അതിന് എത്രപേർ സന്നദ്ധരാകും എന്നതാകും ലോകത്തിന്റെ ഭാവി തീരുമാനിക്കുക; കേരളത്തിന്റെയും. സൗകര്യങ്ങൾ കുറയ്ക്കാതെ തന്നെ പണവും വിഭവങ്ങളും ലാഭിക്കാവുന്ന സുസ്ഥിര ജീവിതത്തിന് നിരവധി മാതൃകകൾ ലോകത്ത് രൂപം കൊള്ളുന്നുണ്ട്. വ്യക്തികൾക്കും കുടുംബത്തിനും നമ്മുടെ വീടുകളിൽ അനുവർത്തിക്കാവുന്ന അത്തരം കുറേ മാതൃകകളെ പരിചയപ്പെടുത്തുകയാണ് *ജനപഥ*ത്തിലെ ഈ ലക്കത്തിൽ. സംതൃപ്തമായ ജീവിതത്തിന് ആ മാതൃകകൾ വായനക്കാർക്ക് ഉപകാരപ്പെടുമെന്ന പ്രതീക്ഷയോടെ.

ഏവർക്കും ഞങ്ങളുടെ പുതുവത്സരാശംസകൾ!

വാർത്തയിൽ

# പി.ആർ.ഡിക്ക് ദൃശ്യമാധ്യമ വിഭാഗം

**വാ**ർത്തകൾക്കു മാത്രമായും അല്ലാതെയും നിരവധി ചാനലുകൾ മലയാളത്തിൽ നമുക്കുണ്ട്. എന്നാൽ മുൻഗണനകളുടെയും താത്പര്യങ്ങളുടെയും നടുവിൽ അറിയപ്പെടാതെ പോകുന്ന വികസന വാർത്തകളും അറിയേണ്ട വിവരങ്ങളും ഏറെയാണ്. പൗരസമൂഹത്തിന്റെ പൊതു താത്പര്യങ്ങൾ മുൻനിർത്തുന്ന വാർത്തകളുടെയും സംഭവങ്ങളുടെയും വിതരണ ശേഖരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ പുതിയ ദൃശ്യമാധ്യമവിഭാഗം ആരംഭിച്ചു. നിലവാരമുള്ള വാർത്താധിഷ്ഠിത പരിപാടികൾ, ഡോക്യുമെന്ററികൾ എന്നിവയുടെ നിർമ്മാണം, സർക്കാർ വെബ്സൈറ്റുകളുടെ പരിപാലനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ പുതിയ ഡിവിഷന്റെ കീഴിൽ നടക്കും. വീഡിയോ ന്യൂസ് ക്ലിപ്പുകൾ ഓൺലൈനായി നൽകുന്ന സംവിധാനമാണ് ഇലക്ട്രോണിക് മീഡിയ ഡിവിഷന്റെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്ന്. പുതിയ ഡിവിഷന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി. എസ്.അച്യുതാനന്ദൻ നിർവ്വഹിച്ചു.




**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ പുതുതായാരംഭിച്ച ഇലക്ട്രോണിക് മീഡിയ വിഭാഗത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവ്വഹിക്കുന്നു.**

# പാട്ടിന്റെ പാലാഴി

**മ**ലയാളികളുടെ പ്രിയപ്പെട്ട സംഗീതജ്ഞൻ ദക്ഷിണാമൂർത്തിക്ക് നവതി. ചലച്ചിത്രമെന്ന ദൃശ്യവിസ്മയം കറുപ്പിലും വെളുപ്പിലും നിറഞ്ഞാടിയ നാളിൽ സന്ധ്യകൾ ചാലിച്ചു ചാർത്തിയ അരുണിമയും സമുദ്രഹൃദന്തങ്ങളുടെ നീലിമയും നമ്മെ അനുഭവിപ്പിച്ച സംഗീതസംവിധായകനായിരുന്നു വെങ്കിടേശ്വരൻ ദക്ഷിണാമൂർത്തി. ചലച്ചിത്രലോകം സ്നേഹബഹുമാനങ്ങളോടെ സ്വാമിയെന്നു വിളിക്കുന്ന ദക്ഷിണാമൂർത്തി കരളിലെ കളിത്തട്ടിൽ കൊളുത്തിവച്ച കളിവിളക്കുകൾ ഇന്നും എരിഞ്ഞുകത്തുന്നു. *നല്ലതങ്ക*യിൽ തുടങ്ങിയ സപര്യയിൽ വിടർന്നത് അനുപമ സൗഭഗമാർന്ന പാട്ടുപൂക്കൾ. മലയാളമുള്ളേടത്തോളം മറക്കാനാവാത്ത *ഉത്തരാസ്വയംവര*വും *പുലയനാർമണിയമ്മ*യും *ചന്ദ്രികയിലലിഞ്ഞ ചന്ദ്രകാന്ത*വുമൊക്കെ. തലമുറകളുടെ ഹൃദയസരസ്സിൽ സ്വാമി തീർത്തത് പാട്ടിന്റെ പാലാഴി. ഒരുപാട് താമരപ്പൂം പൈതങ്ങൾ കേട്ടു കേട്ടുറങ്ങിയതും സ്വാമിയുടെ താരാട്ട് പാട്ട്. മലയാള സിനിമാ സംഗീതത്തിന്റെ സ്വകാര്യ അഹങ്കാരമായിരുന്ന വയലാർ ദേവരാജൻ കൂട്ടുകെട്ട് അരങ്ങുവാഴുമ്പോഴും ശ്രീകുമാരൻ തമ്പിയോടൊപ്പം ചേർന്ന് ദക്ഷിണാമൂർത്തി സൃഷ്ടിച്ച ലളിതസുന്ദര ഗാനങ്ങൾ നമ്മൾ നെഞ്ചോടു ചേർത്തു . മലയാളം, തമിഴ്, ഹിന്ദി ഭാഷകളിലായി നൂറിലേറെ സിനിമകൾ, ആയിരത്തിലേറെ ഗാനങ്ങൾ. വാതിൽപ്പഴുതിലൂടെ കുങ്കുമം വാരി വിതറിയ ത്രിസന്ധ്യയിൽ സംഗീതത്തിന്റെ സജീവ രംഗത്തു നിന്നും സ്വാമി പിൻവാങ്ങി. ഏറെ നാളുകൾക്കുശേഷം *മിഴികൾ സാക്ഷി*യിൽ ഒ.എൻ.വി.യുടെ വരികൾക്ക് മൂർത്തിസ്വാമി ഈണമിട്ടു. ഇതിനിടയിൽ *ചന്ദ്രോത്സവ*ത്തിൽ മോഹൻലാലിന്റെ ഗുരുവായും വേഷമിട്ടു. സിനിമാസംഗീതത്തിൽ സജീവമല്ലെങ്കിലും ശുദ്ധസംഗീതത്തിന്റെ നിത്യോപാസകനാണ് സ്വാമിയിന്നും.



# തൊഴിലുറപ്പ് പദ്ധതി:
# കേരളം അംഗീകരിക്കപ്പെടുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ നടത്തിപ്പിൽ കേരളം നേടിയ മികവ് അംഗീകരിക്കപ്പെടുന്നു. കേന്ദ്ര ഗ്രാമവികസന വകുപ്പിനുവേണ്ടി ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനമാണ് പദ്ധതി നടത്തിപ്പിൽ കേരളത്തിന്റെ പ്രകടനം മികച്ചതാണെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയത്. കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി കുഴപ്പത്തിലാണെന്ന പ്രചരണങ്ങളുടെ മുനയൊടിക്കുന്നതാണ് ഗാന്ധിഗ്രാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട്. കേരളത്തിൽ പദ്ധതിയുടെ മൊത്തം പ്രകടനം മികച്ചതാണെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു. രജിസ്ട്രേഷൻ, തൊഴിൽ കാർഡ് നൽകൽ, ജോലിസ്ഥലം കണ്ടെത്തൽ, സർക്കാരിന്റെ പിന്തുണ തുടങ്ങിയ നിർണായക മേഖലകളിൽ കേരളത്തിന്റെ പ്രവർത്തനം മികച്ചതാണെന്നാണ് പഠനം സൂചിപ്പിക്കുന്നത്. വയനാട്, പാലക്കാട്, ഇടുക്കി, ആലപ്പുഴ ജില്ലകളും എട്ടു ബ്ലോക്കുകളും 31 പഞ്ചായത്തുകളും 620 ഗുണഭോക്തൃകുടുംബങ്ങളെയുമാണ് പഠനത്തിന് തിരഞ്ഞെടുത്തത്. ഗുണഭോക്തൃകുടുംബങ്ങളിൽ മൂന്നിൽ രണ്ടിനും പദ്ധതി രണ്ടാമത്തെ തൊഴിൽ മേഖലയായി മാറിയെന്നാണ് കണ്ടെത്തൽ. തൊഴിൽ ചെയ്യാനുള്ള പൊതുഭൂമി കേരളത്തിൽ കുറവാണ്. ജലസേചനം, പൊതുമരാമത്ത്, കൃഷി, മത്സ്യബന്ധനം തുടങ്ങിയ വകുപ്പുകളുമായി സംയോജിപ്പിച്ച് ഈ പരിമിതി മറികടക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.



# കൃഷ്ണവനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്

സുഗതകുമാരി ടീച്ചർ മലയാളികൾക്ക് വെറുമൊരു കവയിത്രി മാത്രമല്ല. മണ്ണിനെയും മരങ്ങളെയും മനുഷ്യനെയും സ്നേഹിക്കാൻ പഠിപ്പിച്ച മാർഗദർശി കൂടിയാണ്. മലയാളം എഴുത്തച്ഛൻ പുരസ്കാരം നൽകി ആദരിക്കുമ്പോൾ അംഗീകരിക്കപ്പെടുന്നത് നാലു പതിറ്റാണ്ടിലേറെയായി കാവ്യകൽപനകളിലൂടെ അവർ മുറുകെപ്പിടിച്ച നിലപാടുകൾ കൂടിയാണ്. നീർച്ചാലുകൾ മണ്ണിട്ടുമൂടിയും മരങ്ങൾ വെട്ടിമാറ്റിയും വരുത്തിയ വികസനം കണ്ടുശീലിച്ച മലയാളിക്ക് അട്ടപ്പാടിയിലെ മൊട്ടക്കുന്നുകൾ ആനയും കരടിയുമുള്ള കൃഷ്ണവനമാക്കി കാട്ടിക്കൊടുത്തത് ടീച്ചറാണ്. *രാത്രിമഴയും* *പാതിരാപ്പൂക്കളും* *അമ്പലമണികളും* പങ്കുവച്ച വേദനകൾ, കൃഷ്ണകവിതകളും കുറിഞ്ഞിപ്പൂക്കളും തുലാവർഷപ്പച്ചയും കാട്ടിത്തന്ന പുതുസ്വപ്നങ്ങൾ. കൽപനകളിലും കവിതയിലും മാത്രമായൊതുങ്ങാതെ ടീച്ചർ. അഗതികളായ സ്ത്രീകൾക്കുവേണ്ടി അത്താണി, അഭയഗ്രാമം, പരിചരണാലയം എന്നിങ്ങനെ നിരവധി സംരംഭങ്ങളുമായി ഇന്നും കർമ്മരംഗത്താണ്. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ഭാരത സർക്കാർ വൃക്ഷമിത്ര പുരസ്കാരം, കേന്ദ്ര-സംസ്ഥാന സാഹിത്യ അക്കാദമി അവാർഡുകൾ, പത്മശ്രീ എന്നിവയ്ക്കൊടുവിൽ സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്ക് എഴുത്തച്ഛൻ പുരസ്കാരവും ടീച്ചറെത്തേടിയെത്തിയിരിക്കുന്നു.



എഴുത്തച്ഛൻ പുരസ്കാരം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ സുഗതകുമാരിക്ക് കൈമാറുന്നു. മന്ത്രി എം.എ. ബേബി, കവി ഒ.എൻ.വി. കുറുപ്പ്, സാഹിത്യ അക്കാദമി അദ്ധ്യക്ഷൻ എം മുകുന്ദൻ എന്നിവർ സമീപം

# മൊഴിച്ചെപ്പ്

സൈലന്റ്‌വാലി സമരവുമായി ബന്ധപ്പെട്ടുമാത്രം 400 കവിയരങ്ങുകളെങ്കിലും അന്ന് സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്, 'കാടെവിടെ മക്കളെ'യെന്ന് അയ്യപ്പപ്പണിക്കരും 'കുഞ്ഞേ മുലപ്പാൽ കുടിക്കരുതെ'ന്ന് കടമ്മനിട്ടയും പാടിയത് പതിനായിരങ്ങൾ ഏറ്റുപാടി.

സുഗതകുമാരി

പൊതുമേഖലയെ സംരക്ഷിച്ചതിൽ ഇത്രയേറെ നേട്ടങ്ങളുണ്ടാക്കിയ സംസ്ഥാനം ഇന്ത്യയിൽ വേറെയില്ല. ഡൽഹിയിൽ നടന്ന ദേശീയ സെമിനാറിൽ എല്ലാവരും പരസ്യമായി അംഗീകരിച്ച കാര്യമാണത്. ഇങ്ങനെയൊരു ദേശീയാംഗീകാരം ആദ്യമായാണ്.

വ്യവസായമന്ത്രി എളമരംകരീം

തമിഴൻ സിനിമകാണും. അവന് ഇഷ്ടപ്പെട്ടാൽ അഭിനയിച്ചതാരാണെന്ന് നോക്കാതെ കൊണ്ടാടും. മലയാളി അവൻ ആരാധിക്കുന്ന താരമാണെങ്കിൽ മാത്രം ആദ്യദിവസം തീയേറ്ററിൽ പോകും.

സംവിധായകൻ രഞ്ജിത്

ഭൂമി ക്ഷീണിതയാണ്. മരിച്ചുകൊണ്ടിരിക്കുന്ന അമ്മയുടെ മാറിൽ നിന്ന് മുല കുടിക്കുന്ന കുഞ്ഞിനെപ്പോലെയാണിന്ന് മനുഷ്യൻ. പ്രകൃതി വിഭവങ്ങൾ മനുഷ്യനുവേണ്ടി മാത്രമുള്ളതല്ല. അത് പൂക്കൾക്കും മരങ്ങൾക്കും ചെടികൾക്കും പൂമ്പാറ്റകൾക്കും എല്ലാം വേണ്ടിയുള്ളതാണ്. അവിടെനിന്ന് നമ്മൾ നമുക്കാവശ്യമായത് മാത്രം, വളരെ കുറച്ച് മാത്രം എടുക്കുക.

സുന്ദർലാൽ ബഹുഗുണ

സിനിമാഖ്യാനത്തിലും ആസ്വാദനത്തിലും നിലനിന്നു പോരുന്ന ജഡാവസ്ഥ. രണ്ടാം ലോകമഹായുദ്ധാനന്തര യൂറോപ്പിന്റെ പരിവർത്തനപരവും അതിജീവനാത്മകവുമായ സാമൂഹ്യാവസ്ഥയിലൂടെ കടന്നുപോകുന്ന ജനതയുടെ ഭാവുകത്വത്തിനു യോജിച്ചതല്ല എന്ന് തിരിച്ചറിഞ്ഞ ഒരു കൂട്ടം ചെറുപ്പക്കാർ ആരംഭിച്ച കഹേദു സിനിമ എന്ന ചലച്ചിത്ര വിമർശന മാസികയിലൂടെയാണ് ഫ്രഞ്ച് നവതരംഗ സിനിമയുടെ ദൃശ്യ-ശബ്ദ ആഖ്യാന സങ്കൽപ്പങ്ങൾ വിഭാവനം ചെയ്യപ്പെട്ടത്.

ജി.പി. രാമചന്ദ്രൻ





സയൻസ് സഫാരി



■ ജി.എസ്.ഉണ്ണികൃഷ്ണൻ

# ആകാശത്തെ അസുരപ്പട

കൂട്ടുകാരേ,

അങ്ങകലെ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് ഒരു വെള്ളിരേഖപോലെ പതിക്കുന്ന കൊള്ളിമീൻ മനുഷ്യരെ എക്കാലത്തും അതിശയിപ്പിച്ചിട്ടുണ്ട്. ഇവ സ്വർഗത്തിൽനിന്ന് ദേവന്മാർ ഭൂമിയിലേക്കു വർഷിക്കുന്നതാണെന്നായിരുന്നു പണ്ടത്തെ വിശ്വാസം. ശാസ്ത്രം വളർന്നപ്പോൾ കഥ മാറി. സൂര്യനെ ചുറ്റുന്ന ക്ഷുദ്രഗ്രഹങ്ങളെയും (Asteroids) അവയിൽ നിന്നടർന്ന് ഭൗമാന്തരീക്ഷത്തിലെത്തുന്ന ഉൽക്കകളെയും (Meteoroids) ശാസ്ത്രജ്ഞർ കണ്ടെത്തി.

ക്ഷുദ്രഗ്രഹങ്ങളും ഉൽക്കകളും ചിലപ്പോൾ ഭൂമിയിൽ പതിക്കാറുണ്ട്. എന്നാൽ വലിപ്പം കൂടിയവ പതിച്ചാലേ അപകടമുണ്ടാവുകയുള്ളൂ. ഉദാഹരണമായി നമ്മൾ ഒരു കാറിൽ സഞ്ചരിക്കുമ്പോൾ അതിന്റെ കണ്ണാടിയിൽ എത്രയോ വണ്ടുകളും ചെറുഷഡ്പദങ്ങളും വന്നു തട്ടാറുണ്ട്. ആരും അത് ശ്രദ്ധിക്കാറില്ല. മറിച്ച് തട്ടുന്നത് ഒരു വലിയ പാറക്കഷ്ണമോ ക്രിക്കറ്റ് ബോളോ ആയാൽ കഥ മാറും. ഇതുതന്നെയാണ് ക്ഷുദ്രഗ്രഹങ്ങളുടെയും ഉൽക്കകളുടെയും കാര്യവും. ഇത്തരത്തിലുള്ള ചില വമ്പൻമാർ ഭൂമിയെ പ്രഹരിച്ചസംഭവങ്ങളുണ്ട്.

ഇതിൽ ഏറ്റവും മാരകമായത് ആറരക്കോടി വർഷങ്ങൾക്കുമുമ്പ് മെക്സിക്കോ

# വരുന്നൂ, സൗരോത്സവം



സമ്പൂർണ്ണ സൂര്യഗ്രഹണം ഈയിടെ കഴിഞ്ഞുവല്ലോ. ഇതാ മറ്റൊരു സൂര്യഗ്രഹണം. ഇത്തവണ അത് *വലയ* ഗ്രഹണമാണ്. സൂര്യനും ചന്ദ്രനും തമ്മിലുള്ള അകലം കൂടി വരുന്ന വേളയിലാണ് വലയ സൂര്യഗ്രഹണം ഉണ്ടാകുന്നത്. ഈ സമയം ഭൂമിയിൽ നിന്ന് നോക്കുന്നവർക്ക് സൂര്യന്റെ പ്രഭാവലയങ്ങൾ ദൃശ്യമാകും എന്നതാണതിന്റെ സവിശേഷത.

ജനുവരി 15ന് നടക്കുന്ന ഈ വലയ സൂര്യഗ്രഹണം ഇന്ത്യയിൽ ഏറ്റവും നന്നായി കാണാൻ കഴിയുന്നത് കേരളത്തിലാണ്. കേരളത്തിന്റെ ശാസ്ത്രലോകം ഇതൊരു വലിയ ഉത്സവമായി മാറ്റാനുള്ള തയ്യാറെടുപ്പിലാണ്. വിദ്യാഭ്യാസ വകുപ്പ് ഇതിന്റെ ഭാഗമായി സൗരോത്സവം സംഘടിപ്പിക്കുന്നു. ഉച്ചയ്ക്ക് 1.10നും 1.20നും ഇടയ്ക്ക് ഏഴ് മിനിട്ടോളം ദൃശ്യമാകുന്ന ഈ പ്രതിഭാസം വീക്ഷിക്കാൻ മൂന്ന് ദിവസത്തെ ക്യാമ്പാണ് കൂട്ടുകാർക്കായി വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിട്ടുള്ളത്. ജനുവരി 13, 14, 15 തീയതികളിൽ 13 ഒബ്സർവേറ്ററി



യിലെ യുക്കാട്ടാൻ പ്രദേശത്തു പതിച്ച ക്ഷുദ്രഗ്രഹമാണെന്നു കരുതപ്പെടുന്നു. ഇതാണ് ദിനോസറുകളെയും മറ്റും നാമാവശേഷമാക്കിയതെന്ന് ശാസ്ത്രജ്ഞർക്ക് അഭിപ്രായമുണ്ട്. അരിസോണയിൽ അര ലക്ഷം വർഷങ്ങൾക്കുമുമ്പ് പതിച്ച ക്ഷുദ്രഗ്രഹമുണ്ടാക്കിയ വമ്പൻ ഗർത്തം ഇന്ന് ടൂറിസ്റ്റു കേന്ദ്രമാണ്. 1908-ൽ സൈബീരിയയിൽ പതിച്ച ഒരു ഉൽക്ക (ക്ഷുദ്രഗ്രഹത്തിന്റെ കഷ്ണം) 2 ലക്ഷം ഹെക്ടറിലെ പൈൻകാടുകളെ നാമാവശേഷമാക്കി. സമീപകാലത്ത് ഏറ്റവും ശ്രദ്ധ നേടിയ ഉൽക്കാപതനം 2008, ഒക്ടോബർ 7-നു സംഭവിച്ചതാണ്. "2008 TC3" എന്നാണ് ഗവേഷകർ ഈ ഉൽക്കയ്ക്ക് പേരിട്ടത്. ഭൂമിയിൽ പതിക്കുന്നതിനു മുമ്പുതന്നെ ഈ ഉൽക്കയെ ശാസ്ത്രജ്ഞർക്കു നിരീക്ഷിക്കാനായി എന്നതാണു ശ്രദ്ധേയമായ വസ്തുത. കാലിഫോർണിയയിലെ ഗവേഷകർ ടെലസ്കോപ്പിലൂടെ ആകാശനിരീക്ഷണം നടത്തുന്നതിനിടെയാണ് ഉൽക്കയുടെ വരവ് യാദൃശ്ചികമായി കണ്ടെത്തിയത്. സൂര്യപ്രകാശത്തെ ഈ ഉൽക്ക എങ്ങനെ പ്രതിഫലിപ്പിച്ചുവെന്നതു പഠിച്ചതിലൂടെ അതിന്റെ രാസഘടന ഗവേഷകർ തിട്ടപ്പെടുത്തി. കാർബണായിരുന്നു ആ ഉൽക്കയിലെ പ്രധാന ഘടകം. ഉൽക്ക ഭൂമിയിൽ പതിക്കുമെന്നും ഉപകരണസഹായത്താൽ അവർക്കു മനസ്സിലാക്കാനായി. ശാസ്ത്രജ്ഞർ പ്രതീക്ഷിച്ചതുപോലെ ഒക്ടോബർ 7-ന് സുഡാനിലെ നൂബിയൻ മരുഭൂമിയിൽ ആ ഉൽക്ക പതിച്ചു. ഭൗമാന്തരീക്ഷത്തിൽ പ്രവേശിച്ച ഉൽക്ക കത്തിയപ്പോൾ, ഒരു അഗ്നിഗോളം തങ്ങളുടെ നേർക്ക് പാഞ്ഞുവരുന്നതുപോലെ ജനങ്ങൾക്കു തോന്നി. പതനകേന്ദ്രത്തിൽനിന്ന് ഉൽക്കയുടെ ചെറുകഷണങ്ങൾ ശേഖരിച്ചു പഠനവിധേയമാക്കാൻ ഗവേഷകർക്കു കഴിഞ്ഞു. അങ്ങനെ ഭൂമിയിലും ആകാശത്തു വച്ചു മനുഷ്യരാൽ നിരീക്ഷിക്കപ്പെട്ട പ്രഥമ ഉൽക്കയെന്ന ഖ്യാതി 2008-TC3- നു സ്വന്തമായി.

2008-TC3- മനുഷ്യരാശിക്ക് ഒരു ഗുണം കൂടി ചെയ്തു. അതിന്റെ വരവും രാസഘടനയുമൊക്കെ നിരീക്ഷിച്ചതിലൂടെ ശാസ്ത്രലോകം ഉൽക്കകളുടെ വരവ് മുൻകൂട്ടി പ്രവചിക്കാനുള്ള വിജ്ഞാനം സ്വായത്തമാക്കി. കോടാനുകോടി വർഷങ്ങൾക്കുമുമ്പ് ഭൂമിയിൽ പതിച്ച ഉൽക്കകളാണ് ഇവിടെ ജീവന്റെ ആദ്യ തുടിപ്പുകൾക്കു തുടക്കം കുറിച്ചതെന്നാണ് ഒരുകൂട്ടം ഗവേഷകരുടെ അഭിപ്രായം. 2880-ാമാണ്ടിൽ ഒരു വമ്പൻ ക്ഷുദ്രഗ്രഹം ഭൂമിയിൽ പതിക്കുമെന്നാണു NASA പ്രവചിക്കുന്നത്. ഈ അസുരൻ ഭൂമിയിലെ ജീവവർഗങ്ങളുടെയെല്ലാം കുലം മുടിക്കാനാവുമോ, അതോ പുതിയ ജീവികളുമായിരിക്കുമോ അതിന്റെ വരവ്?

*ക്ഷുദ്രഗ്രഹങ്ങളുടെ നാമകരണത്തിന് "ഇന്റർനാഷണൽ അസ്ട്രോണമിക്കൽ യൂണിയന്റെ" നിബന്ധനകളുണ്ട്. മതനേതാക്കൾ, രാഷ്ട്രീയ നേതാക്കൾ, കുപ്രസിദ്ധർ, വളർത്തുമൃഗങ്ങൾ എന്നിവയുടെ പേര് ഇവയ്ക്ക് ഇടാറില്ല. അപ്പോളോ, ഏതൻ, ഒഡീസസ്, ജൂണോ തുടങ്ങിയ പുരാണകഥാപാത്രങ്ങളുടെ പേരിലുള്ള ക്ഷുദ്രഗ്രഹങ്ങളുണ്ട്. ഡാർവിൻ, ഐൻസ്റ്റീൻ, ഷേക്സ്പിയർ, ഷൂമാക്കർ തുടങ്ങിയ പ്രസിദ്ധ വ്യക്തികളുടെ പേരിലുള്ള ക്ഷുദ്രഗ്രഹങ്ങളും അങ്ങകലെ ശൂന്യാകാശത്തു ഓട്ടപ്രദക്ഷിണം നടത്തുന്നു.*

കൾ കേന്ദ്രീകരിച്ച് നടത്തുന്ന പരിശീലന ക്യാമ്പിൽ ഒരു പാട് രസകരവും വിജ്ഞാനപ്രദവുമായ കാര്യങ്ങൾ കുട്ടികൾക്കായി ഒരുക്കുന്നുണ്ട്.

കുട്ടികളിൽ വളർന്നു വരുന്ന ശാസ്ത്രാവബോധം പരിപോഷിപ്പിക്കാൻ ഒബ്സർവേറ്ററി ക്ളബുകൾ രൂപീകരിക്കാനും ആസ്ട്രോകിറ്റുകൾ വിതരണം ചെയ്യാനും ഇതോടൊപ്പം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദേശീയ സാക്ഷരതാ മിഷൻ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ യുവാക്കൾക്കും, രക്ഷാകർത്താക്കൾക്കും ഈ മേഖലയിൽ ക്ളാസുകൾ സംഘടിപ്പിക്കാനും പദ്ധതിയുണ്ട്.

# വലവാർക്കും ശില്പി

*കോതേത്ത് രവി*



*എട്ടുകാലി കെട്ടിവച്ച-*
*പട്ടുനൂൽ വല...*
*എത്ര നല്ല ചിത്രവേല!*
*എന്തിതിൻ വില...?*

*വില്പനയ്ക്കു വച്ചതല്ല മക്കളെയിതീ*
*കല്പനപോൽ വന്നുവീണ ഷഡ്പദങ്ങളെ,*
*തൽക്ഷണംപിടിച്ചെടുത്ത്;*
*ഭക്ഷണത്തിനായൊരുക്കാൻ*
*ശിക്ഷണം ലഭിച്ച കൈകൾ-*
*കോർത്തെടുത്തതാ...!*

*നേർത്ത നൂലുകൊണ്ട് ശില്പി*
*വാർത്തെടുത്തതാ...!!*



സിയാലിന്റെ പുതിയ ഡിപ്പാർച്ചർ ടെർമിനൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ എസ്.ശർമ്മ, കെ.പി.രാജേന്ദ്രൻ എന്നിവർ സമീപം.

# മുഖ്യ കാർഗോ ഹബ്ബാകാൻ സിയാൽ തയാറെടുക്കുന്നു

**ദക്ഷിണേന്ത്യയിലെ** മുഖ്യ കാർഗോ ഹബ്ബായി കൊച്ചി രാജ്യാന്തര വിമാനത്താവളത്തെ വികസിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പറഞ്ഞു. കൊച്ചിയിൽ നടന്ന സിയാലിന്റെ 15 -ാം വാർഷിക പൊതുയോഗത്തിൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി കമ്പനിയുടെ വികസന കാഴ്ചപ്പാട് വിവരിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം സിയാലിന്റെ വരുമാനത്തിൽ 25 ശതമാനം വർധനയുണ്ടായി. വ്യോമയാന വരുമാനം 82.62 കോടിയും, ഇതര വരുമാനം 80 കോടിയുമായി. വ്യോമയാന വരുമാനം വർധിപ്പിക്കാൻ കൂടുതൽ ചാർട്ടേഡ് വിമാനങ്ങളെ ആകർഷിക്കും. ഭൂവിനിയോഗ പരിപാടിയുടെ ഭാഗമായി വ്യവസായ പാർക്ക് വികസിപ്പിക്കാൻ തീരുമാനിച്ചു. വിമാനഘടകങ്ങൾ, ഏവിയോണിക് ഉപകരണങ്ങൾ ഗ്രൗണ്ട് ഹാന്റിലിങ് സംവിധാനങ്ങൾ തുടങ്ങിയവയുടെ നിർമാതാക്കൾക്കു വേണ്ടിയാണ് പാർക്ക് സ്ഥാപിക്കുന്നത്. ഡ്യൂട്ടി ഫ്രീ വിൽപ്പനയിൽ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 52 ശതമാനമാണ് വർധന. കമ്പനി വികസിപ്പിക്കുന്ന ഗോൾഫ് കോഴ്സിന്റെ ആദ്യ ഘട്ടം പ്രവർത്തന സജ്ജമായി. സിവിൽ ഏവിയേഷൻ അക്കാദമി, സിയാലിന്റെ വളർച്ചയുടെ നാഴികക്കല്ലാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കഴിഞ്ഞ സാമ്പത്തിക വർഷം 10 ശതമാനമാണ് കമ്പനി ലാഭവിഹിതം നൽകിയത്. യൂസേഴ്സ് ഫീ സംബന്ധിച്ച തീരുമാനം പിന്നീട് കൈക്കൊള്ളും. കൊച്ചി ഫൈൻ ആർട്സ് ഹാളിൽ നടന്ന യോഗത്തിൽ മന്ത്രി എസ്.ശർമയെക്കൂടാതെ ഡയറക്ടർമാരായ എം.എ.യൂസഫലി, പി.മുഹമ്മദലി, സി.വി.ജേക്കബ് മാനേജിംഗ് ഡയറക്ടർ സി.ജി.കൃഷ്ണദാസ് നായർ കമ്പനി സെക്രട്ടറി ആർ.വെങ്കിടേശ്വരൻ തുടങ്ങിയവർ പങ്കെടുത്തു.

***പി.വിനോദ്***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*എറണാകുളം*

# പെൺകൂട്ടായ്മയുടെ നിറപൊലിമ

**നെൽക്കൃഷിയുടെ** പുനർജനി പ്രഖ്യാപിച്ച് 33 അയൽക്കൂട്ടങ്ങൾ ചേർന്ന് ഉദുമയിൽ ആരംഭിച്ച സംഘക്കൃഷി വിളവെടുപ്പിലേക്ക്. പൊൻകതിരേന്തി തലകുനിച്ചു നിന്ന നെൻമണികൾ കൊയ്ത്തുപാട്ടിന്റെ ഈണത്തിലാണ് കറ്റകളായി മാറിയത്. 33 അയൽക്കൂട്ടങ്ങളിൽ നിന്നുള്ള 285 കുടുംബങ്ങളാണ് ഉദുമയിലെ പാടശേഖരങ്ങളിൽ സംഘക്കൃഷിയിലേർപ്പെട്ടിരിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് 102 ഏക്കറിലാണ് നെല്ലുത്പാദിപ്പിക്കുന്നത്. ഇതിൽ ഏർപ്പെട്ട വനിതകൾക്ക് വിത്തും വളവും സൗജന്യമായി നൽകിക്കൊണ്ടാണ് തദ്ദേശ സ്ഥാപനങ്ങൾ ഈ മേഖലയിൽ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ രംഗത്തെത്തിയത്. ഏഴു വർഷത്തോളം ഈ പ്രദേശം തരിശായി കിടക്കുകയായിരുന്നു. ഇതോടെ ഈ പഞ്ചായത്തിലെ ഏതാണ്ട് മുഴുവൻ പ്രദേശങ്ങളും പച്ചവിരിച്ചു കഴിഞ്ഞു.

ഉദുമ പാടശേഖര സമിതിയും കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നുണ്ട്. പവർ ട്രില്ലറും കൊയ്ത്തു യന്ത്രവും മറ്റും നൽകി പഞ്ചായത്ത് സഹായിക്കുന്നു.




ഉദുമ പാടശേഖരങ്ങളിൽ സംഘകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന പെൺകൂട്ടായ്മ.

# ക്ഷേമപെൻഷനുകൾ വർധിപ്പിക്കുന്നു

**സംസ്ഥാനത്ത്** നിലവിലുള്ള ക്ഷേമ പെൻഷനുകളുടെയെല്ലാം തുക അടുത്ത സാമ്പത്തികവർഷം വർധിപ്പിക്കുമെന്ന് തൊഴിൽ മന്ത്രി. പി.കെ. ഗുരുദാസൻ പറഞ്ഞു. കർഷക തൊഴിലാളി പെൻഷൻ സർക്കാർ വിഹിതം തൊഴിലാളികളുടെ അംശദായത്തിന് തുല്യമായി ഉയർത്താനാവശ്യമായ നിയമ ഭേദഗതി വരുത്താനും സർക്കാർ ആലോചിച്ച് വരികയാണെന്നും മന്ത്രി തുടർന്ന് അറിയിച്ചു.

കൊല്ലം ജില്ലാ പഞ്ചായത്ത് ഹാളിൽ കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യത്തിന്റെ ജില്ലാതല വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യങ്ങളുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്ത് നൽകുകയാണ് ലക്ഷ്യം. ഇതിന് സഹായകമായ വിധത്തിലായിരിക്കും നിയമഭേദഗതി. സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള വിഭാഗങ്ങളിൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ള 12 ലക്ഷം കുടുംബാംഗങ്ങൾക്കുള്ള സമഗ്രആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രീമിയം മുഴുവൻ സർക്കാർ നൽകി. ചികിത്സാ സഹായത്തിനുള്ള സമഗ്ര



കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യത്തിന്റെ ജില്ലാതല വിതരണോദ്ഘാടനം തൊഴിൽമന്ത്രി നിർവ്വഹിക്കുന്നു.

ആരോഗ്യ പദ്ധതി അടുത്ത സാമ്പത്തിക വർഷം വിപുലീകരിക്കും. ഭൂരഹിതരായ 6 1/2 ലക്ഷം കുടുംബങ്ങൾക്കായി വിപുലമായ പുതിയ ക്ഷേമപദ്ധതിയും നടപ്പാക്കും-മന്ത്രി പറഞ്ഞു.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: കെ.സോമപ്രസാദ് അധ്യക്ഷത വഹിച്ചു. എം.എൽ.എ മാരായ ബി.രാഘവൻ , കെ.രാജു, ക്ഷേമനിധി ബോർഡ് ചെയർമാൻ വി.ശശി അംഗങ്ങളായ കെ.ജി.വിജയദേവൻപിള്ള, സി.രാജപ്പൻ നായർ, ചിറ്റയം ഗോപകുമാർ, കെ.ചന്ദ്രശേഖരൻ, രാജലക്ഷ്മി, ശിവജി, ക്ഷേമനിധി ജില്ലാ ആഫീസർ കെ. സതീശൻ എന്നിവർ പ്രസംഗിച്ചു.

**എസ്.നാസർ**
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം*

# ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ *ജനശക്തി* പദ്ധതി



ജനശക്തി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം റവന്യൂമന്ത്രി കെ.പി.രാജേന്ദ്രൻ നിർവ്വഹിക്കുന്നു.

**റവന്യൂ** ഭരണം ജനപങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന സർക്കാർ രൂപം നൽകിയ വില്ലേജ്തല ജനകീയ സമിതി , പങ്കാളിത്ത ഭരണ വ്യവസ്ഥ സുദൃഢമാക്കാൻ സഹായിക്കുന്ന ഘടകങ്ങളോടെ *ജനശക്തി* എന്ന പേരിൽ തൃശൂർ ജില്ലയിൽ നടപ്പാക്കി. വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് തുറക്കൽ, പൗരാവകാശരേഖ പ്രദർശിപ്പിക്കൽ , ജനകീയ റിപ്പോർട്ടിങ് തുടങ്ങിയ സവിശേഷതകളോടെയാണ് ജില്ലയിൽ പദ്ധതി നടപ്പാക്കുന്നത്. ജില്ലാ കളക്ടർ ഡോ. വി. കെ. ബേബി രൂപം നൽകിയ ജനശക്തി തൃശൂർ മാതൃക ഇതര ജില്ലകളിലും നടപ്പാക്കുമെന്ന് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നിർവ്വഹിച്ചു റവന്യൂ മന്ത്രി കെ. പി. രാജേന്ദ്രൻ പറഞ്ഞു.

ജനകീയ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണമായും സാക്ഷാത്കരിക്കുന്നതിനാണ് ജനശക്തിക്ക് രൂപം നൽകിയതെന്ന് കളക്ടർ ഡോ. വി. കെ. ബേബി വിശദീകരിച്ചു. ഫ്രണ്ട് ഓഫീസ് സൗകര്യം പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഏറെ സഹായകരമാണ്. വ്യക്തിപരമായ ആവശ്യങ്ങളും പരാതികളും ഉന്നയിക്കുന്ന സാധാരണ രീതിയിൽ നിന്നു വ്യത്യസ്തമായി , പൊതുവിഷയങ്ങൾ ഏഴുപേരുള്ള ഏത് ഗ്രൂപ്പിനും അന്വേഷണം നടത്തി തെളിവു സഹിതം ജനകീയ സമിതിയിൽ അവതരിപ്പിക്കാൻ ജനകീയ റിപ്പോർട്ടിങ് അവസരമൊരുക്കുന്നു. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ലാ ഭരണകൂടം റവന്യൂ ഭരണത്തിൽ പൊതുജനങ്ങൾക്ക് പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്. ജനകീയ സമിതിയുടെ അധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കൺവീനർ വില്ലേജ് ഓഫീസറുമാണെന്നതുതന്നെ , വില്ലേജിലെ മിക്കവാറും എല്ലാ പ്രശ്നങ്ങളും താമസംവിനാ പരിഹരിക്കുന്നതിന് വഴിയൊരുക്കും. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ചയാണ് വില്ലേജ് ഓഫീസുകളിൽ ജനശക്തി ജനകീയ സമിതി യോഗം ചേരുക. ജില്ലയിലെ 250 വില്ലേജ് ഓഫീസുകളിലും തയ്യാറെടുപ്പുകൾ പൂർത്തിയായിക്കഴിഞ്ഞു.

***വി.കെ. ഷറഫുദ്ദീൻ,***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,, തൃശൂർ.*

## ദുർബല വിഭാഗങ്ങളുടെ ഭവന വായ്പാ കടബാധ്യത എഴുതിത്തള്ളാൻ അനുമതി

നിർത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾ വഴി ദുർബല വിഭാഗങ്ങൾക്ക് 1996ന് മുമ്പ് അനുവദിച്ച ഭവനനിർമാണ വായ്പാകുടിശ്ശിക മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ കടബാധ്യത എഴുതിത്തള്ളി പണയാധാരങ്ങൾ തിരികെ നൽകാൻ അനുമതി നൽകി ഉത്തരവായി. (സ.ഉ. (എം.എസ്) 222/2009/ത.സ്വ.ഭ.വ).

ഓരോ ഗുണഭോക്താവിന്റെയും പേരിൽ എഴുതിത്തള്ളിയ തുകയുടെ വിശദമായ കണക്ക് ഗുണഭോക്താക്കളുടെ വിലാസം സഹിതം ബന്ധപ്പെട്ട സ്ഥാപനം സർക്കാരിന് സമർപ്പിക്കണം. ഇത് സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും മൂന്ന് മാസത്തിനകം പൂർത്തിയാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

## വീടുകളുടെ പുനർനിർമാണം: വ്യവസ്ഥയിൽ ഇളവ്

നിലവിലുള്ള വാസഗൃഹങ്ങളുടെ പുനർനിർമ്മാണം സംബന്ധിച്ച് നേരത്തെ പുറത്തിറക്കിയ ഉത്തരവിലെ വ്യവസ്ഥ ഒഴിവാക്കി സർക്കുലർ പുറപ്പെടുവിച്ചു.

നിർദ്ദിഷ്ട നിർമാണ സ്ഥാനത്തോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളെല്ലാം നിലവിൽ കരഭൂമിയായിരിക്കണമെന്ന് മുമ്പ് പുറത്തിറക്കിയ സർക്കുലറിൽ നിർദേശിച്ചിരുന്നു. നിലവിൽ നമ്പരുള്ളതും. കാലപ്പഴക്കമുള്ളതുമായ വാസഗൃഹങ്ങൾ സ്ഥിതിചെയ്യുന്ന പ്ലോട്ടിന് ചുറ്റുമുള്ള ഭൂമി നിലമായി തുടർന്നാൽ അത്തരം ഗൃഹങ്ങൾ പുനർനിർമിക്കാൻ അനുമതി നൽകുന്നതിന് ഈ നിബന്ധന തടസ്സമാണെന്ന് ശ്രദ്ധയിൽപെട്ടതിനാലാണ് പുതിയ സർക്കുലർ

## വ്യാജ യൂണിവേഴ്സിറ്റികൾ

സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റി എന്ന വാക്ക് ദുരുപയോഗം ചെയ്യുന്നത് യു.ജി.സി. ആക്ടനുസരിച്ച് ശിക്ഷാർഹമാണെന്നും ഇതിനെതിരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും സർക്കാർ വ്യക്തമാക്കി. യൂണിവേഴ്സിറ്റി എന്ന് പേരിനൊപ്പം ചേർത്ത് വ്യാജ യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നതായി പരാതികൾ ഉണ്ടായതിനെത്തുടർന്നാണീ നിർദേശം.

## ദേശീയ ചിഹ്നം: സത്യമേവ ജയതേ രേഖപ്പെടുത്തണം

ദേശീയ ചിഹ്നം വിവിധ ഔദ്യോഗിക അവശ്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ സിംഹരൂപത്തിനു താഴെ ദേവനാഗരി ലിപിയിൽ സത്യമേവ ജയതേ എന്ന് കൃത്യമായി രേഖപ്പെടുത്തിയിരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചു. ഇതു കൂടി രേഖപ്പെടുത്തുമ്പോൾ മാത്രമെ ദേശീയ ചിഹ്നം പൂർണമാവുകയുള്ളൂ. ദേശീയ ചിഹ്നം അപൂർണമായി ഉപയോഗിക്കുന്നത് കുറ്റകരമാണ്.

## വിമുക്തഭടന്മാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു

വിമുക്ത ഭടൻമാരുടേയും ആശ്രിതരുടേയും വിവിധ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ അദ്ധ്യക്ഷതയിൽ ചേർന്ന രാജ്യ സൈനിക ബോർഡിന്റേയും സായുധ സേനാ പതാക നിധിയുടേയും സംയുക്ത യോഗമാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്.

സ്റ്റേറ്റ് ബനവലന്റ്/ജില്ലാ ബനവലന്റ് ഫണ്ടിൽ നിന്നും നൽകി വരുന്ന വിവിധ സാമ്പത്തിക സഹായത്തിന്റെ വരുമാന പരിധി 75000 രൂപ ആയി ഉയർത്തിയിട്ടുണ്ട്. പഠനത്തിൽ മിടുക്കരായ വിമുക്തഭടന്മാരുടെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന മെരിറ്റ് സ്കോളർഷിപ്പിന്റെ വാർഷിക കുടുംബവരുമാനം 1,00,000 രൂപ ആയി ഉയർത്താൻ സർക്കാരിനോട് ശുപാർശ ചെയ്തു. അന്ധരായ വിമുക്ത ഭടന്മാർക്കും, വിധവകൾക്കും നൽകി വരുന്ന സാമ്പത്തിക സഹായം വിമുക്തഭടന്മാരുടെ അന്ധരായ മക്കൾക്കുകൂടി നിബന്ധനകൾക്കു വിധേയമായി നൽകാൻ തീരുമാനിച്ചു.

## ബൗദ്ധിക സ്വത്തവകാശ സേവനകേന്ദ്രം ആരംഭിച്ചു

ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഗുണകരമാകുന്ന തരത്തിൽ ബൗദ്ധിക സ്വത്തവകാശങ്ങൾ നേടിയെടുക്കുന്നതിനും ആവശ്യമായ നിയമ, സാങ്കേതിക, സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള സേവനകേന്ദ്രം സംസ്ഥാനത്ത് ആരംഭിച്ചു. പേറ്റന്റിന്റെ ഗുണഫലങ്ങൾ വൻകിട കമ്പനികൾ റാഞ്ചികൊണ്ടുപോകുന്ന ഈ കാലഘട്ടത്തിൽ സേവനകേന്ദ്രത്തിന്റെ പ്രാധാന്യം വലുതാണെന്ന് സേവനകേന്ദ്രം ഉദ്ഘാടനം ചെയ്ത ജലവിഭവമന്ത്രി എൻ.കെ. പ്രേമചന്ദ്രൻ പറഞ്ഞു.

ചെറുകിട, പരമ്പരാഗത വ്യവസായ സംരംഭങ്ങൾ സാമൂഹിക പുരോഗതിയെ ത്വരിതപ്പെടുത്തുമെന്നും, തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമൂഹിക പ്രശ്നങ്ങളെ ലഘൂകരിക്കുമെന്നും ജലവിഭവമന്ത്രി പറഞ്ഞു. .

## വായ്പാ-നിക്ഷേപ പിരിവുകാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചു

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന വായ്പാ/നിക്ഷേപ പിരിവുകാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചു.

നിക്ഷേപ പിരിവുകാർക്ക് ലഭിക്കുന്ന കമ്മീഷൻ തുകയുടെ 2/3 ഭാഗം പ്രതിമാസ വേതനമായി നൽകണം. ഇതു പരമാവധി 3000/- രൂപയിൽ കൂടരുത്. കമ്മീഷൻ ഏജന്റുമാരുടെ വിരമിക്കൽ പ്രായം 70 വയസ്സാണ്. ഏറ്റവും കുറഞ്ഞ ബോണസ്/ഫെസ്റ്റിവൽ അലവൻസ് 1000/- രൂപയായിരിക്കും. ബോണസ് കണക്കാക്കുന്നതിനുള്ള ശമ്പള പരിധി 3000/- രൂപയായി നിജപ്പെടുത്തി. കമ്മീഷൻ ഏജന്റുമാർക്ക് ഏറ്റവും കുറഞ്ഞത് രണ്ടു ശതമാനവും പരമാവധി മൂന്നു ശതമാനവും കമ്മീഷൻ നൽകാം. കമ്മീഷൻ ഏജന്റുമാർക്ക് ഡിസംബർ 31 നകം

തിരിച്ചറിയൽ കാർഡുകൾ നൽകണം. കമ്മീഷൻ ഏജന്റുമാരായി നിയമനം ലഭിക്കുന്നവരിൽ നിന്നും 10000/- രൂപയുടെ സെക്യൂരിറ്റി നിക്ഷേപവും, ഇൻഡംമ്നിറ്റി ബോണ്ടും അതത് സംഘം വാങ്ങണം. വെൽഫയർ ഫണ്ട് ബോർഡിൽ യഥാസമയം ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഘം സെക്രട്ടറിമാരിൽ നിന്നും കുടിശ്ശിക തുകയ്ക്ക് 12% പലിശ ഈടാക്കും. നിക്ഷേപ സമാഹരണ കാലയളവിൽ ഏറ്റവും കൂടുതൽ തുക നിക്ഷേപമായി സമാഹരിക്കുന്ന ഏജന്റുമാർക്ക് സംഘം തലത്തിലും, ജില്ലാ തലത്തിലും 2000/- രൂപ വീതവും, സംസ്ഥാന തലത്തിൽ 10000/- രൂപയും കാഷ് അവാർഡ് നൽകും. കമ്മീഷൻ ഏജന്റുമാരുടെ ആശ്രിതർക്ക് 5000/- രൂപ ചികിത്സാ ധനസഹായമായി അനുവദിക്കും. ചികിത്സാ ധനസഹായം 10000/- രൂപയിൽ നിന്ന് 20,000/- രൂപയായി വർദ്ധിപ്പിച്ചു. സർവീസിലിരിക്കെ മരണമടയുന്ന കമ്മീഷൻ ഏജന്റുമാരുടെ ആശ്രിതർക്ക് നൽകിവരുന്ന മരണാനന്തര ധനസഹായം 40,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ഭവന നിർമാണത്തിന് തടി സൗജന്യം

ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ കുടുംബങ്ങൾക്ക് ഭവന നിർമാണത്തിനായി തടി സൗജന്യമായി നൽകും.ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ.ലക്ഷം വീട് പുനർനിർമാണ പദ്ധതി, വനാവകാശനിയമം-2006 എന്നിവയുടെ പരിധിയിൽ വരുന്നവർക്കാണ് ആനുകൂല്യം.

കോൺക്രീറ്റ് വീടുകൾക്ക് ഒരു ക്യുബിക് മീറ്ററും, ഓടിട്ട വീടുകൾക്ക് രണ്ട് ക്യുബിക് മീറ്ററും അളവിൽ തടി അനുവദിക്കും. പ്ലാവ്, ആഞ്ഞിലി, മരുത്, ഇരുൾ, ചടച്ചി ഇനങ്ങളിൽപ്പെട്ടവ ലഭ്യതയനുസരിച്ച് ലഭിക്കും.അപേക്ഷയോടൊപ്പം മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻകാർഡ്, വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിങ് പെർമിറ്റ് എന്നിവ നൽകണം. റേഷൻ കാർഡ് ലഭിക്കാത്തവർ ഗുണഭോക്താവാണെന്ന് തെളിയിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റും നൽകണം.







*ജനപഥം* മാസികയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിച്ച എറണാകുളം ജില്ലാ കളക്ടർ ഡോ.എം.ബീന, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.വിനോദ് എന്നിവർക്ക് മുഖ്യമന്ത്രി പ്രശസ്തിപത്രവും ഉപഹാരവും സമ്മാനിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഇലക്ട്രോണിക് മാധ്യമ വിഭാഗത്തിന്റെ ഉദ്ഘാടനച്ചടങ്ങിലാണ് മുഖ്യമന്ത്രി ഉപഹാരങ്ങൾ കൈമാറിയത്.

# പരസ്പരം

*ദിവസക്കൂലി വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം? ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഡ്രൈവർമാരെ നിയമിക്കുന്നതാരാണ്?*

*കെ.ആർ.ബിജു, ആലങ്ങാട്, എറണാകുളം*

ദിവസക്കൂലി വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ദിവസ വേതനത്തിനു പുറമെ യാത്രാബത്തയ്ക്കും ഓണത്തിന് ഉത്സവബത്തയ്ക്കും അർഹതയുണ്ട്. ഓണം ഉത്സവബത്ത ലഭിക്കുന്നതിന് ഒന്നാം ഓണത്തിന് മുമ്പ് ജോലിയിലുണ്ടായിരിക്കണം. നാലാം ഓണത്തിന് മുമ്പ് ജോലിയിൽ നിന്നും പിരിച്ചുവിട്ടവർക്ക് ഉത്സവബത്ത ലഭിക്കുന്നതല്ല. നിലവിൽ 475 രൂപയാണ് ഉത്സവബത്ത. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരുടെ ദിവസവേതനം 2009 ജൂലൈ 28 ലെ സർക്കാർ ഉത്തരവ് G.O.(P) No. 307/2009/Fin അനുസരിച്ച് 170 ൽ നിന്നും 200 രൂപയായി ഉയർത്തിയിട്ടുണ്ട്. 01.08.2009 മുതൽ ഇതിന് പ്രാബല്യമുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്നത് പഞ്ചായത്ത് കമ്മറ്റിയാണ്. പഞ്ചായത്ത് പ്രസിഡണ്ടും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുമടങ്ങുന്നതാണ് പഞ്ചായത്ത് കമ്മറ്റി.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് പരസ്പരം. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, ജനപഥം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക.*

# അലാവുദ്ദീന്റെ കഥ




മലയാളത്തിലെ പ്രമുഖ കഥാകൃത്തുക്കളിലൊരാളായ മാധവിക്കുട്ടിയുടെ ബാലസാഹിത്യ കഥാസമാഹാരമാണ് *അലാവുദ്ദീന്റെ കഥ.* *'അടുക്കള തീപിടിച്ച രാത്രി', 'ദൃക്സാക്ഷി', 'അലാവുദ്ദീന്റെ കഥ', 'ഗോസായിത്തന്ത', 'പ്രഭാതം'* തുടങ്ങി ബാല്യത്തിന്റെ നിഷ്കളങ്കത ചിത്രീകരിക്കുന്ന അഞ്ചുകഥകളാണ് ഇതിലുള്ളത്. ഓരോ കഥകളും അനുഭവത്തിന്റെ വെളിച്ചത്തിൽ തീർത്തതാണെന്ന തോന്നൽ വായനക്കാരിലുണർത്തുന്നതാണ്. സംസാരശൈലിപോലുള്ള ലളിതമായ ഭാഷാ പ്രയോഗം ഇതിന്റെ മുതൽക്കൂട്ടാണ്. സാങ്കല്പികതയേക്കാൾ പ്രായോഗികത ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് ഏറെ പ്രയോജനകരമാണ് ഈ പുസ്തകം.

*പ്രസിദ്ധീകരണം- ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*

*വില- 50 രൂപ*

# സ്വർഗത്തിലെ കിളി




പ്രമുഖ കഥാകൃത്ത് എൻ.പി.മുഹമ്മദ് രചിച്ച *'സ്വർഗത്തിലെ കിളി'* കുട്ടികൾക്കായി വായനയുടെ ഒരു വസന്തം തന്നെ തീർക്കുന്നു. കുട്ടികളുടെ മാനസികവളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ രചിച്ച ഏഴു കഥകളാണ് ഇതിലുള്ളത്. വർണങ്ങളുടേയും സങ്കല്പങ്ങളുടെയും ലോകത്ത് സഞ്ചരിക്കുന്ന ബാലമനസ്സുകൾക്ക് ഏറെ ഇഷ്ടപ്പെടുന്നവയാണ് ഇതിലെ ഓരോ കഥക ളും. ഉന്നത നിലവാരം പുലർത്തുന്ന 'സ്വർഗത്തിലെ കിളി' പ്രശസ്ത ബാലസാഹിത്കൃതികളുടെ ഇടയിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

*പ്രസിദ്ധീകരണം- ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*

*വില- 50 രൂപ*

# ആനമഴ




യുവകവികളിൽ ഏറെ ശ്രദ്ധേയനായ മോഹനകൃഷ്ണൻ കാലടി രചിച്ച ബാലകവിതാ സമാഹാരമാണ് *ആനമഴ*. ബാല്യത്തിന്റെ നൈസർഗിക സ്വപ്നങ്ങളിലേക്കുള്ള പ്രതീക്ഷാ നിർഭരമായ യാത്രകളാണ് ഓരോ കുട്ടിക്കവിതകളും. ബാലമനസ്സിനെ ഏറെ സ്പർശിക്കുന്നവയാണ് *'ആനമഴ'*യിലെ 29 കവിതകളും തികച്ചും ലളിതവും രസകരവുമായ ആശയങ്ങളും അതിനുയോജിച്ച ചിത്രങ്ങളും കുട്ടികൾക്ക് ഏറെ ആസ്വാദ്യകരമാകുന്നതാണ്. വായനാ ലോകത്തേക്ക് കാലെടുത്തു വയ്ക്കുന്ന പിഞ്ചു മനസ്സുകൾക്ക് ഏറെ പ്രയോജനകരമാണ് ഈ കവിതാ സമാഹാരം.

*പ്രസിദ്ധീകരണം- ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*

*വില- 30 രൂപ*



■ ബി. ഹരികുമാർ



# പുരാതന നഗരത്തിന് കേരളം മാതൃക

ഉത്തർ പ്രദേശ് സർക്കാരാണ് ക്ലീൻ-കേരള മിഷൻ പകർത്താനിറങ്ങിയിരിക്കുന്നത്. ലോകത്തെ ഏറ്റവും പുരാതന നഗരങ്ങളിലൊന്നായ വാരണാസിയെയും തലസ്ഥാനമായ ലക്നൗ, ആഗ്ര എന്നീ നഗരങ്ങളെയും കേരളത്തെപ്പോലെ ശുചിത്വമുള്ളതാക്കണമെന്നാണ് ആഗ്രഹം.

ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ നടപ്പിലാക്കുന്നതിനു പുറമേയാണിത്. മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ പരിതാപകരമായ നിലയിലാണ് വാരണാസിയിലിപ്പോൾ. 30 ശതമാനം ഭാഗത്തു മാത്രമേ ഏതെങ്കിലും തരത്തിലുള്ള ശുചിത്വ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ. മൂന്നിൽ രണ്ട് ഭാഗം മലിനജലവും നേരിട്ട് ഗംഗ, വരുണ നദികളിൽ തള്ളുകയാണിവിടെ.

നൂറു വർഷത്തിലേറെ പഴക്കമുണ്ട് വാരണാസിയിലെ അഴുക്കുചാലുകൾക്ക്. പലതും പൊട്ടിപ്പൊളിഞ്ഞും അടഞ്ഞും കിടക്കുന്നു. നഗരം പുറന്തള്ളുന്ന 600 മെട്രിക് ടൺ മാലിന്യത്തിൽ സിംഹഭാഗവും തെരുവുകളിൽ തള്ളപ്പെട്ടിരിക്കുകയാണ്. ക്ലീൻ കേരളയെ നഗരം ഉറ്റുനോക്കുന്നതും അതിനാൽ തന്നെ.

# പഞ്ചായത്തിനും ഇനി മാനവ വികസന റിപ്പോർട്ട്




ശരിയായ ആസൂത്രണത്തിനും വികസന പദ്ധതികൾ നടപ്പാക്കുന്നതിനും മാനവ വികസന റിപ്പോർട്ടുകൾ അത്യന്താപേക്ഷിതമത്രെ. എന്നാൽ അത് രാജ്യത്തെ മൊത്തമായി കണ്ടും പരമാവധി സംസ്ഥാനാടിസ്ഥാനത്തിലുമാണ് ഇത്രയും കാലം തയ്യാറാക്കിയിരുന്നത്.

കേരളം അക്കാര്യത്തിലും ഒരുപടി, അല്ല രണ്ടുപടി, മുന്നിലെത്തിയിരിക്കുകയാണ്. ചരിത്രത്തിലാദ്യമായി ജില്ലാതലത്തിലും പഞ്ചായത്തു തലത്തിലും മാനവ വികസന റിപ്പോർട്ടുകൾ തയ്യാറാക്കി കേരളം മാതൃകയായിരിക്കുകയാണ്. ആദ്യപടിയായി വയനാട്, കോട്ടയം ജില്ലകളും അവയിലെ ഓരോ പഞ്ചായത്തുകളുമാണ് റിപ്പോർട്ട് തയ്യാറാക്കാൻ തിരഞ്ഞെടുക്കപ്പെട്ടത്. വയനാടിന്റെയും അവിടത്തെ പഞ്ചായത്തായ കോട്ടത്തറയുടെയും സമഗ്ര മാനവ വികസന റിപ്പോർട്ടാണ് പൂർത്തിയായിരിക്കുന്നത്.

പദ്ധതി നടത്തിപ്പിന് പഞ്ചായത്തു തലത്തിൽ കൂടുതൽ ഉയർന്ന ചുമതലകൾ, കൂടുതൽ മികവോടെ നടപ്പാക്കാൻ ഇത് സഹായകമാകുമെന്നാണ് പ്രതീക്ഷ.

## ഉരുകിത്തീരുന്ന ദ്വീപ്

കോപ്പൻഹേഗനിലെ കാലാവസ്ഥാ ഉച്ചകോടി എങ്ങുമെത്താതെ പിരിഞ്ഞുവെങ്കിലും ലോകത്തിലെ ഏറ്റവും വലിയ ദ്വീപായ ഗ്രീൻലാൻഡ് ഉരുകിത്തീരുന്ന തോത് കൂടിയിട്ടേയുള്ളൂ. നെതർലാൻഡിലെ യുട്രെക്ട് സർവകലാശാലയിലെ ഗവേഷകർ നടത്തിയ പഠനത്തിലാണ് ഇത് വ്യക്തമായത്. ആഗോളതാപനം മൂലം 2000-നും 2008-നും ഇടയിൽ 1500 ക്യുബിക് കിലോമീറ്റർ മഞ്ഞുപാളികൾ ഉരുകിയിട്ടുള്ളതായും ഇതുകാരണം ലോക വ്യാപകമായി സമുദ്രനിരപ്പ് പതിവിലും അധികം ഉയർന്നതായും പഠനം വെളിപ്പെടുത്തുന്നുണ്ട്. ആഗോളതാപനം പ്രവചിച്ചതിൽ നിന്നും വേഗം സംഭവിച്ചു കൊണ്ടിരിക്കുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായാണ് ശാസ്ത്രലോകം ഈ സംഭവത്തെ കാണുന്നത്.





## അമിത 'വിവരം' ആപത്ത്

ഓർമക്കുറവിനും ശ്രദ്ധക്കുറവിനും ഒരു കാരണം വിവരങ്ങളുടെ ആധിക്യമാണെന്ന് കണ്ടെത്തൽ. പ്രതിദിനം ഒരു ലക്ഷത്തിലേറെ വാക്കുകളുമായി മല്ലടിക്കുന്ന മനുഷ്യമസ്തിഷ്കം ശേഷിയിലേറെ ഡേറ്റ ശേഖരിച്ചുവച്ച കംപ്യൂട്ടർ പോലെ പ്രവർത്തനത്തകരാർ കാണിക്കുന്നതാണ് ഓർമക്കുറവിനും, ശ്രദ്ധക്കുറവിനും കാരണമെന്ന് കാലിഫോർണിയയിലെ സാന്റിയാഗോ സർവകലാ ശാലയിൽ നടത്തിയ പഠനം വ്യക്തമാക്കി. ഒരു ദിവസം ഒരാൾ കേൾക്കുന്ന വാക്കുകൾക്ക് 34 ജിഗാബൈറ്റ്സ് വിവരശേഖരത്തിന്റെ വലുപ്പം വരുമത്രെ. ആധുനികലോകത്തെ ശ്രവ്യ-ദൃശ്യ മാധ്യമങ്ങളുടെ കുത്തൊഴുക്കു കൂടിയാകുമ്പോൾ തലച്ചോർ അമിതഭാരം മൂലം തളരുന്നു. ഇതിന്റെ ലക്ഷണങ്ങളാണത്രെ മറവിയും ശ്രദ്ധക്കുറവും.

## ദേശാടനക്കാരുടെ വഴികാട്ടി

ദേശാടനപ്പക്ഷികൾ എങ്ങനെ വഴി തെറ്റാതെ അവയുടെ സങ്കേതങ്ങളിലെത്തുന്നു എന്നത് ശാസ്ത്രലോകത്തിനെ എക്കാലത്തും അത്ഭുതപ്പെടുത്തിയിരുന്നു. രാപകലുകളോ, കാലാവസ്ഥാ വ്യതിയാനങ്ങളോ ഒന്നും വഴിതെറ്റിക്കാതിരിക്കാൻ ഈ ദേശാടനക്കാരുടെ മസ്തിഷ്കത്തിലെ "ക്ളസ്റ്റർ എൻ" എന്ന ഭാഗം സഹായിക്കുന്നതായാണ് ജർമനിയിലെ ഓൾഡൻബർഗ് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞർ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. "ക്ളസ്റ്റർ എൻ" ഭാഗത്തിന്റെ സഹായത്താൽ ഈ പക്ഷികൾക്ക് ഭൂമിയുടെ കാന്തിക മണ്ഡലങ്ങൾ കാണാനും അവ ഒരു സൂചകമായി ഉപയോഗിച്ച് തങ്ങളുടെ വഴി കൃത്യമായി കണ്ടെത്താനും കഴിയുമെന്ന് പഠനം പറയുന്നു.



# ചലച്ചിത്ര പുരസ്കാരങ്ങൾ

തിരുവനന്തപുരം രാജ്യാന്തര ചലച്ചിത്രമേളയിലെ മികച്ച ചിത്രത്തിനുള്ള സുവർണചകോരം അസ്ഗർ ഫർഹാദിയുടെ ഇറാൻ






ചിത്രം *എബൗട്ട് എല്ലിയും* രവിഭർവാനിയുടെ ഇന്തൊനേഷ്യൻ ചിത്രം *ജർമലും* (*ഫിഷിങ് പ്ലാറ്റ്ഫോം*) പങ്കിട്ടു. മികച്ച സംവിധായകനുള്ള രജതചകോരം താജികിസ്ഥാൻ ചിത്രമായ *ട്രൂ നൂണിന്റെ* സംവിധായകൻ നാസിർ സായിദോവിന് ലഭിച്ചു. പ്രേക്ഷകർ തിരഞ്ഞെടുത്ത മികച്ച ചിത്രവും *ട്രൂനൂൺ* ആണ്. മികച്ച ചിത്രത്തിനുള്ള ഫിപ്രസി അവാർഡ് അർജന്റീനിയൻ ചിത്രമായ *എ ഫ്ളൈ ഇൻ ദ ആഷസും* മലയാള ചിത്രത്തിനുള്ള ഫിപ്രസി അവാർഡ് ജോഷി മാത്യുവിന്റെ *പത്താം നിലയിലെ തീവണ്ടിയും* നേടി.

തയ്‌വാനിൽ നിന്നുള്ള *ഐ കാന്റ് ലിവ് വിത്തൗട്ട് യു* (സംവിധാനം ലിയോൺഡായ്) ഗോവയിൽ നടന്ന ഇന്ത്യൻ രാജ്യാന്തര ചലച്ചിത്രമേളയിൽ ഏറ്റവും മികച്ച ചലച്ചിത്രത്തിനുള്ള സുവർണമയൂരം നേടി.





ഏറ്റവും നല്ല സംവിധായ കനുള്ള പുരസ്കാരം "എ ബ്രാൻഡ് ന്യൂ ലൈഫ്" എന്ന ചിത്രത്തിന്റെ സംവിധായിക ഊനിലെക്കോംതെക്ക് ലഭിച്ചു.

## മെഡിക്കൽ സർവകലാശാല വി.സി.



തൃശൂർ ആസ്ഥാനമായുള്ള നിർദിഷ്ട മെഡിക്കൽ സർവകലാ ശാലയുടെ വൈസ് ചാൻസലറായി ഡോ.കെ. മോഹൻദാസ് നിയമിതനായി. തിരുവനന്തപുരത്തെ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടറായി ഏറെക്കാലം പ്രവർത്തിച്ചിരുന്ന മോഹൻദാസ് സുപ്രധാന ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. റിസർച്ച് സൊസൈറ്റി ഓഫ് അനസ്തീസിയോളജി ആൻഡ് ഫാർമക്കോളജി പ്രസിഡന്റ്, കോമൺവെൽത്ത് യൂണിവേഴ്സിറ്റി ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

## അംജദ് അലിഖാനും ഗീത ചന്ദ്രനും പുരസ്കാരം



സാംസ്കാരിക രംഗത്തെ അതുല്യ സംഭാവനകളെ മാനിച്ചു നൽകുന്ന സരസ്വതി പുരസ്കാരം സരോദ് വിദ്വാൻ ഉസ്താദ് അംജദ് അലിഖാനും ഭരതനാട്യം നർത്തകി ഗീത ചന്ദ്രനും ലഭിച്ചു. നാസിക് ആസ്ഥാനമായി പ്രവർത്തിക്കുന്ന കൈലാസ് മഠ് ട്രസ്റ്റ് ആണ് പുരസ്കാരം നൽകുന്നത്. പുരസ്കാരം ജനുവരി 18-ന് സമാനിക്കും.

## കയേൻ അൽഡോരിനോ ലോകസുന്ദരി



ജിബ്രാൾട്ടറിന്റെ കയേൻ അൽഡോരിനോയെ 2009-ലെ ലോകസുന്ദരിയായി തെരഞ്ഞെടുത്തു. നൂറ്റിപ്പതിനൊന്ന് രാജ്യങ്ങളിലെ മൽസരാർഥികളെ പിന്തള്ളിയാണ് കയേൻ ആദ്യമായി ജിബ്രാൾട്ടറിന് കിരീടം നേടിക്കൊടുത്തത്. മിസ് മെക്സിക്കോ പെർളബെൽട്രാൻ രണ്ടാം സ്ഥാനവും ദക്ഷിണാഫ്രിക്കയുടെ താതും കേശ്വർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## ഇറോം ശർമിളയ്ക്ക് പ്രഥമ മയിലമ്മ പുരസ്കാരം



സമരചരിത്രത്തിൽ പുതിയ അധ്യായം സൃഷ്ടിച്ച ഇറോം ശർമിള ചാനു മയിലമ്മ ഫൗണ്ടേഷന്റെ പ്രഥമ പുരസ്കാരത്തിന് അർഹയായി. സായുധസേനാ വിഭാഗങ്ങൾക്കുള്ള സവിശേഷ അധികാരങ്ങൾക്കെതിരെ പത്തുവർഷമായി മണിപ്പൂരിൽ നിരാഹാരസമരം നടത്തുകയാണ് ശർമിള ചാനു. ഇംഫാലിന്റെ പ്രാന്തപ്രദേശമായ കോൺപാൽകോൺവാം ഗ്രാമത്തിലാണ് ഇറോം ശർമിളയുടെ ജനനം. ഗ്രാമീണർക്ക് നേരേ സുരക്ഷാഭടന്മാർ നടത്തിയ ആക്രമണങ്ങളിൽ പ്രതിഷേധിച്ച് 2000 നവംബർ നാലിന് അവർ ഉപവാസം ആരംഭിച്ചു. ഫെബ്രുവരിയിൽ മണിപ്പൂരിലെ ഇംഫാലിൽ പുരസ്കാരം (10,001 രൂപ) സമ്മാനിക്കും.

## റോസി തോമസ് അന്തരിച്ചു



സത്യസന്ധവും സ്നേഹസമ്പന്നവുമായ എഴുത്തിലൂടെ മലയാളസാഹിത്യത്തിൽ ഇടംനേടിയ റോസി തോമസ് അന്തരിച്ചു. നിരൂപകനും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ നായകനുമായിരുന്ന എം.പി.പോളിന്റെ പുത്രിയും നാടകകൃത്തായ സി.ജെ.തോമസിന്റെ ജീവിതസഖിയുമായിരുന്നു അവർ. *ഇവൻ എന്റെ പ്രിയ സി.ജെ*, പിതാവിനെക്കുറിച്ച് എഴുതിയ *ഉറങ്ങുന്ന സിംഹം, ആനി, മലവെള്ളം, ജാലകക്കാഴ്ച* എന്നിവയാണ് റോസി തോമസിന്റെ പ്രധാന കൃതികൾ.

## സമാധാന പുരസ്കാരം ശൈഖ് ഹസീനയ്ക്ക്



രണ്ടായിരത്തി ഒമ്പതിലെ ഇന്ദിരാഗാന്ധി സമാധാന പുരസ്കാരം (25 ലക്ഷം രൂപ) ബംഗ്ലാദേശ് പ്രധാനമന്ത്രി ശൈഖ് ഹസീനയ്ക്ക്. ജനാധിപത്യത്തിനും മതേതരത്വത്തിനും നൽകിയ സംഭാവനകൾ മുൻനിർത്തിയാണ് ശൈഖ് ഹസീനയെ അവാർഡിനായി തിരഞ്ഞെടുത്തത്. പ്രധാനമന്ത്രിപദം ഏറ്റെടുത്ത ശേഷം ശൈഖ് ഹസീന നടപ്പിലാക്കിയ *വിഷൻ 2021* പദ്ധതി ബംഗ്ലാദേശിലെ ദാരിദ്ര്യം ഇല്ലാതാക്കുന്നതിന് നിസ്തുലമായ പങ്കുവഹിച്ചുവെന്ന് പുരസ്കാരസമിതി വിലയിരുത്തി.